سورة ص

38. സൂറത് സ്വാദ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 88 - വിഭാഗം (റുകൂഉ്) 5

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

صٓۚ

(1) 'സ്വാദ്'

وَٱلۡقُرۡءَانِ ذِي ٱلذِّكۡرِ ۝١

ഉൽബോധനത്തിന്റെതായ ക്വുർആൻ തന്നെയാണ് (സത്യം)! [അത് യഥാർത്ഥം തന്നെയാണ്]

بَلِ ٱلَّذِينَ كَفَرُواْ فِي عِزَّةٖ وَشِقَاقٖ ۝٢

(2) പക്ഷേ, അവിശ്വസിച്ചിട്ടുള്ളവർ ഊറ്റത്തിലും ചേരിപിരിവിലുമാകുന്നു.

كَمۡ أَهۡلَكۡنَا مِن قَبۡلِهِم مِّن قَرۡنٖ فَنَادَواْ وَّلَاتَ حِينَ مَنَاصٖ ۝٣

(3) അവർക്കുമുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നു! അപ്പോൾ അവർ വിളിച്ചു (രക്ഷക്കപേക്ഷിച്ചു). അത് (ഓടി) രക്ഷപ്രാപിക്കുന്ന അവസരമല്ലതാനും.

وَعَجِبُوٓاْ أَن جَآءَهُم مُّنذِرٞ مِّنۡهُمۡۖ وَقَالَ ٱلۡكَٰفِرُونَ هَٰذَا سَٰحِرٞ كَذَّابٌ ۝٤

(4) അവർക്ക് തങ്ങളിൽനിന്നും ഒരു മുന്നറിയിപ്പുകാരൻ വന്നതിനാൽ അവർ ആശ്ചര്യപ്പെടുന്നു. (ആ) അവിശ്വാസികൾ പറയുകയും ചെയ്യുന്നു: 'ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാണ്'എന്ന്!

﴾1﴿ ص 'സ്വാദ്' وَٱلْقُرْآنِ ഖുർആൻതന്നെയാണ് ذِي ٱلذِّكْرِ ഉൽബോധനം (ഉപദേശം, സ്മരണ, കീർത്തി) ഉള്ളതായ ﴾2﴿ بَلِ പക്ഷേ, എങ്കിലും ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ فِي عِزَّةٍ ഊറ്റ (വീര്യ - അഹങ്കാര - ദുരഭിമാന)ത്തിലാണ് وَشِقَاقٍ ചേരി (കക്ഷി) പിരിവിലും, കക്ഷിത്തത്തിലും ﴾3﴿ كَمْ എത്ര, എത്രയോ أَهْلَكْنَا നാം നശിപ്പിച്ചു مِن قَبْلِهِم അവർക്കുമുമ്പ് مِّن قَرْنٍ തലമുറയിൽ നിന്നും فَنَادَوا۟ അപ്പോഴവർ വിളിച്ചു (രക്ഷക്കപേക്ഷിച്ചു) وَلَاتَ അതല്ലതാനും حِينَ مَنَاصٍ ഓടി രക്ഷപ്പെടുന്ന അവസരം (ഒഴിവാക്കുന്ന നേരം) ﴾4﴿ وَعَجِبُوٓا۟ അവർ ആശ്ചര്യപ്പെടുകയും ചെയ്യുന്നു أَن جَآءَهُم അവർക്ക് വന്നതിനാൽ مُّنذِرٌ മുന്നറിയിപ്പു നൽകുന്ന ഒരാൾ مِّنْهُمْ അവരിൽനിന്ന് وَقَالَ ٱلْكَٰفِرُونَ അവിശ്വാസികൾ പറയുകയും ചെയ്യുന്നു هَٰذَا ഇത്, ഇവൻ سَٰحِرٌ ജാലവിദ്യക്കാരനാണ്, ആഭിചാരിയാണ്,മായക്കാരനാണ് كَذَّابٌ വ്യാജ (കള്ള) വാദിയായ

ഇതുപോലെ ചില സൂറത്തുകളുടെ ആരംഭത്തിലുള്ള കേവലാക്ഷരങ്ങളെ സംബന്ധിച്ചു ഇതിനുമുമ്പ് പല തവണ നാം സംസാരിച്ചിട്ടുണ്ട്. ذِكْر (ദിക്ർ)എന്ന വാക്കിന് കീർത്തി എന്നും, ഉപദേശം എന്നും അർത്ഥമുള്ളതുകൊണ്ട് ചിലർ ആ അർത്ഥങ്ങളാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഖുർആൻ ജനങ്ങൾക്ക് ഉൽബോധനവും, ഉപദേശവും നൽകുന്നത് പോലെ, അതിന്റെ അനുയായികൾക്ക് അത് കീർത്തിയും, പ്രശസ്തിയും നേടിക്കൊടുക്കുന്നു. ഉൽബോധനം അഥവാ ഉപദേശം എന്ന അർത്ഥമാണ് ഇവിടെ കൂടുതൽ അനുയോജ്യമെന്ന് 8-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് ഖത്താദഃ (റ) ഇബ്നുജരീർ, ഇബ്നു കഥീർ (റ) മുതലായവർ ആ അർത്ഥത്തിന് മുൻഗണന നൽകിയിരിക്കുന്നതും. ഒരു മുന്നറിയിപ്പ് നൽകുന്നവർ (مُنْذِر) എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചാണ്, തങ്ങളുടെ പരമ്പരാഗതമായ വിശ്വാസാചാരങ്ങളെ ചോദ്യം ചെയ്തുകൊണ്ട് തങ്ങളിൽപ്പെട്ട ഒരാൾ ദൈവദൂതനായി നിയോഗിക്കപ്പെട്ടത് ബഹുദൈവവിശ്വാസികളായ അവർക്ക് സഹിക്കുവാൻ കഴിയാത്തതാണ് അവരുടെ ആശ്ചര്യത്തിന് കാരണം. നബിﷺയാകട്ടെ, വേണ്ടത്ര തെളിവുകളും, ദൃഷ്ടാന്തങ്ങളും നിരത്തിവെച്ചുകൊണ്ടാണ് അവരെ സമീപിക്കുന്നതും. അവയെ നേരിടുവാൻ സാദ്ധ്യമല്ലെന്ന് കണ്ടപ്പോൾ അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ അവർ കണ്ടുപിടിച്ച ഒരു സൂത്രമാണ് ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാണ് (هَٰذَا سَٰحِرٌ كَذَّابٌ) എന്ന വാദം. ഈ വാദത്തിന് അവർ കൊണ്ടുവരുന്ന ചില ന്യായീകരണങ്ങളാണ് അടുത്ത വചനങ്ങളിൽ കാണുന്നത്. അവർ പറയുന്നു:

أَجَعَلَ ٱلْـَٔالِهَةَ إِلَٰهًا وَٰحِدًا ۖ إِنَّ هَٰذَا لَشَىْءٌ عُجَابٌ ﴿٥﴾

﴾5﴿ 'പല ദൈവങ്ങളെ ഇവൻ ഒരേ ദൈവമാക്കിയിരിക്കുകയോ?! നിശ്ചയമായും, ഇത് അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെയാണ്'.

وَٱنطَلَقَ ٱلْمَلَأُ مِنْهُمْ أَنِ ٱمْشُوا۟ وَٱصْبِرُوا۟ عَلَىٰٓ ءَالِهَتِكُمْ ۖ إِنَّ هَـٰذَا لَشَىْءٌ يُرَادُ ﴿٦﴾

﴾6﴿ അവരിൽനിന്നുള്ള പ്രധാനികൾ (ഇങ്ങിനെപറഞ്ഞു) സ്ഥലം വിടുകയും ചെയ്തു: 'നടക്കുവിൻ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളിൽ (ഉറച്ചുനിന്ന്) ക്ഷമ കൈക്കൊള്ളുകയും ചെയ്യുവിൻ! നിശ്ചയമായും, ഇത് ഉദ്ദേശ്യപൂർവ്വം ചെയ്യപ്പെടുന്ന ഒരു കാര്യം തന്നെയാണ്'.

مَا سَمِعْنَا بِهَـٰذَا فِى ٱلْمِلَّةِ ٱلْـَٔاخِرَةِ إِنْ هَـٰذَآ إِلَّا ٱخْتِلَـٰقٌ ﴿٧﴾

﴾7﴿ അവസാനത്തെ മതനടപടിയിൽ ഇതിനെപ്പറ്റി നാം കേൾക്കുകയുണ്ടായിട്ടില്ല. ഇതൊരു കൃത്രിമ സൃഷ്ടിയല്ലാതെ (മറ്റൊന്നും) അല്ല.

أَءُنزِلَ عَلَيْهِ ٱلذِّكْرُ مِنۢ بَيْنِنَا ۚ بَلْ هُمْ فِى شَكٍّ مِّن ذِكْرِى ۖ بَل لَّمَّا يَذُوقُوا۟ عَذَابِ ﴿٨﴾

﴾8﴿ 'നമ്മുടെ ഇടയിൽനിന്ന് (മറ്റാർക്കുമില്ലാത്ത) ഇവന്റെ മേൽ തന്നെ (ഈ) ഉൽബോധനം അവതരിപ്പിക്കപ്പെട്ടിരിക്കുകയാണോ?!'

പക്ഷേ,(അത്രയുമല്ല) അവർ എന്റെ ഉൽബോധനത്തെ സംബന്ധിച്ച് (തന്നെ) സംശയത്തിലാണ്. എന്നാൽ, എന്റെ ശിക്ഷയെ (ഇതുവരേക്കും) അവർ രുചി നോക്കുകയുണ്ടായിട്ടില്ല. [അതുകൊണ്ടാണ് ഇതിനൊക്കെ അവർക്ക് ധൈര്യം തോന്നുന്നത്].

﴾5﴿ أَجَعَلَ ഇവൻ (അവൻ) ആക്കിയിരിക്കയോ الْآلِهَةَ (പല) ദൈവങ്ങളെ إِلَٰهًا وَاحِدًا ഒരു ദൈവം (ആരാധ്യൻ) إِنَّ هَٰذَا നിശ്ചയമായും ഇത് لَشَيْءٌ ഒരു വസ്തു(കാര്യം) തന്നെ عُجَابٌ അത്യാശ്ചര്യമായ ﴾6﴿ وَانطَلَقَ വിട്ടുപോയി الْمَلَأُ مِنْهُمْ അവരിൽനിന്നുള്ള പ്രധാനികൾ, പ്രമുഖസംഘം أَنِ امْشُوا നിങ്ങൾ നടന്നു(പോയിക്കൊള്ളു)വിൻ എന്ന് وَاصْبِرُوا ക്ഷമി(സഹി)ക്കുകയും ചെയ്യുവിൻ عَلَىٰ آلِهَتِكُمْ നിങ്ങളുടെ ദൈവങ്ങളിൽ, ആരാധ്യവസ്തുക്കളിൽ إِنَّ هَٰذَا നിശ്ചയമായും ഇത് لَشَيْءٌ ഒരു കാര്യംതന്നെ يُرَادُ ഉദ്ദേശിക്കപ്പെടുന്ന (താൽപര്യപ്പെടുന്ന)﴾7﴿ مَا سَمِعْنَا بِهَٰذَا ഇതിനെപറ്റി നാം കേട്ടിട്ടില്ല فِي الْمِلَّةِ മതനടപടിയിൽ, മാർഗത്തിൽ الْآخِرَةِ ഒടുവിലത്തെ, അവസാനത്തെ إِنْ هَٰذَا ഇതല്ല إِلَّا اخْتِلَاقٌ ഒരു കൃത്രിമസൃഷ്ടി (കെട്ടിയുണ്ടാക്കൽ) അല്ലാതെ﴾8﴿ أَأُنزِلَ عَلَيْهِ അവന്റെമേൽ അവതരിപ്പിക്കപ്പെട്ടുവോ الذِّكْرُ ഉൽബോധനം, പ്രമാണം, സ്മരണ مِن بَيْنِنَا നമ്മുടെ ഇടയിൽനിന്ന് بَلْ هُمْ പക്ഷേ അവർ فِي شَكٍّ സംശയത്തിലാണ് مِّن ذِكْرِي എന്റെ ഉൽബോധന (പ്രമാണ)ത്തെപ്പറ്റി بَل പക്ഷേ, എന്നാൽ لَمَّا يَذُوقُوا അവർ രുചി നോക്കിയിട്ടില്ല, ആസ്വദിച്ചിട്ടില്ല عَذَابِ എന്റെ ശിക്ഷ

പല ഹദീഥ് പണ്ഡിതന്മാരും ഉദ്ധരിച്ചിട്ടുള്ള ഒരു സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: നബി ﷺ യുടെ പിതൃവ്യൻ അബൂത്വാലിബ് രോഗശയ്യയിലായിരുന്നപ്പോൾ അബൂജഹൽ മുതലായ ക്വുറൈശീ തലവന്മാർ അദ്ദേഹത്തെ സമീപിക്കുകയുണ്ടായി. മുഹമ്മദ് തങ്ങളുടെ ദൈവങ്ങളെ ആക്ഷേപിക്കുക മുതലായ പലതും ചെയ്തുവരുന്നുണ്ട്, അത് നിറുത്തലാക്കിത്തരണം എന്നും മറ്റും അവർ ആവശ്യപ്പെട്ടു. അദ്ദേഹം നബി ﷺയെ വിളിപ്പിച്ച് വിവരമറിയിച്ചു തിരുമേനി പറഞ്ഞു: അവരിൽനിന്ന് ഒരു വാക്കേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. അതവർ പറഞ്ഞാൽ അറബികൾ അവർക്ക് കീഴൊതുങ്ങുകയും, അറബികളല്ലാത്തവർ അവർക്ക് വിധേയരാവുകയും ചെയ്യും. ഇത് കേട്ടപ്പോൾ ഒന്നല്ല, പത്തുവേണമെങ്കിലും പറയാമെന്നായിരുന്നു അവരുടെ പ്രതികരണം. പക്ഷേ, അല്ലാഹു അല്ലാതെ ആരാധ്യനില്ല(لَا اِلَهَ اِلاَّاللهُ) എന്ന ആ വാക്ക് കേട്ടപ്പോൾ, അവർ ക്ഷുഭിതരായി. പലദൈവങ്ങളെ ഒരേ ദൈവമാക്കുകയാണോ?! നിശ്ചയമായും ഇത് അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെയാണ്. (أَجَعَلَ الْآلِهَةَ إِلَٰهًا وَاحِدًا) എന്നും മറ്റും പറഞ്ഞുകൊണ്ട് അവർ സ്ഥലംവിട്ടു. (احمد والنسائى وغيرهما)

ഇങ്ങിനെയുള്ള സംഭവങ്ങളെയും, പ്രസ്താവനകളെയും ചൂണ്ടിക്കാട്ടുന്നതാണ് ഈ ആയത്തുകൾ. മുഹമ്മദിന്റെ വാക്കുകൾക്ക് ചെവികൊടുക്കരുതെന്നും, ചെവികൊടുത്താൽ നാം നമ്മുടെ ദൈവങ്ങളെ പുറംതള്ളേണ്ടിവരുമെന്നും, ആകയാൽ എന്തു സഹിച്ചും നമ്മുടെ ദൈവങ്ങളിൽ നാം ഉറച്ചുനിൽക്കണമെന്നും നേതാക്കൾ സ്വയം തീരുമാനിക്കുകയും, ജനങ്ങളെ ഉപദേശിക്കുകയും ചെയ്തു. ബഹുദൈവാരാധന പണ്ടുകാലം മുതൽക്കേ നമ്മുടെ പൂർവ്വികന്മാർ അനുഷ്ഠിച്ചുവന്നതാണ്. മാത്രമല്ല, ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ അത് എല്ലാ മതസ്ഥരിലും കാണാം; ഏറ്റവും ഒടുവിലത്തെ മതാനുയായികളാണ് ക്രിസ്ത്യാനികൾ. അവരിലുമുണ്ട് ത്രിദൈവ വിശ്വാസം; അപ്പോൾ, എന്തോ ചില സ്വാർത്ഥങ്ങളെ മുൻനിർത്തി താൽപര്യപൂർവ്വം മുഹമ്മദ് കെട്ടിച്ചമച്ചുണ്ടാക്കിയതാണ് ഈ ഏകത്വസിദ്ധാന്തം. എന്നൊക്കെയാണവർ സമർത്ഥിക്കുന്നത്. പ്രധാനികളും നേതാക്കളുമായ തങ്ങളെപ്പോലുള്ള എത്രയോ ആളുകൾ ഉണ്ടായിരിക്കെ, കേവലം ദരിദ്രനും സാധുവുമായ മുഹമ്മദിന് ദിവ്യദൗത്യവും, വേദഗ്രന്ഥവും നൽകപ്പെടുകയോ?! ഞങ്ങളിൽ ആർക്കെങ്കിലുമല്ലേ – അങ്ങിനെയുണ്ടെങ്കിൽ – അത് ലഭിക്കേണ്ടത്?! ഇതാണ് അവരുടെ മറ്റൊരു വാദം.

ഇവരുടെ ഈ പ്രസ്താവനകൾ കേട്ടാൽ, ഇവർക്ക് നബി ﷺയിൽ മാത്രമാണ് വിശ്വാസമില്ലാത്തതെന്നും, അല്ലാഹുവിങ്കൽനിന്ന് പ്രവാചകന്മാർ ജനങ്ങൾക്ക് സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്നതിനെ ഇവർ പാടെ നിഷേധിക്കുന്നില്ലെന്നും തോന്നുമല്ലോ. വാസ്തവം മറിച്ചാണുള്ളത് بَلْ هُمْ فِي شَكٍّ مِّن ذِكْرِي (പക്ഷേ– അത്രയുമല്ല– അവർ എന്റെ ഉൽബോധനത്തെ സംബന്ധിച്ചും സംശയത്തിലാണ്.) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. ഇങ്ങിനെയുള്ള അപവാദങ്ങളും, ആരോപണങ്ങളും അടിസ്ഥാനമാക്കി സത്യനിഷേധത്തിന് ഇവർ ഒരുമ്പെടുവാനുള്ള സാക്ഷാൽ കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു: അവർ– ഇതേവരെ– എന്റെ ശിക്ഷ രുചിനോക്കിയിട്ടില്ല. (بَل لَّمَّا يَذُوقُوا عَذَابِ) അല്ലാഹുവിന്റെ ശിക്ഷയുടെ കാഠിന്യത്തെക്കുറിച്ച് അൽപമെങ്കിലും അവർക്കറിയാമായിരുന്നെങ്കിൽ ഇത്തരം വാദങ്ങളൊന്നും പുറപ്പെടുവിക്കാൻ അവർക്ക് ധൈര്യം

أَمْ عِندَهُمْ خَزَائِنُ رَحْمَةِ رَبِّكَ الْعَزِيزِ الْوَهَّابِ ﴿٩﴾

﴾9﴿ അഥവാ പ്രതാപശാലിയായ, മഹാ ദാനശീലനായ, നിന്റെ രക്ഷിതാവിന്റെ കാരുണ്യഭണ്ഡാരങ്ങൾ അവരുടെ പക്കലുണ്ടോ?!

أَمْ لَهُم مُّلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ فَلْيَرْتَقُوا۟ فِى ٱلْأَسْبَٰبِ ﴿١٠﴾

《10》 അഥവാ (അതല്ലെങ്കിൽ) ആകാശങ്ങളുടെയും, ഭൂമിയുടെയും അവയുടെ ഇടയിലുള്ളതിന്റെയും ഭരണാധിപത്യം അവർക്കുണ്ടോ?! എന്നാലവർ (അതിന്റെ) മാർഗങ്ങളിൽ കയറിനോക്കട്ടെ!

جُندٌ مَّا هُنَالِكَ مَهْزُومٌ مِّنَ ٱلْأَحْزَابِ ﴿١١﴾

《11》 മിത്രകക്ഷികളിൽപെട്ട പരാജയപ്പെട്ടുപോകുന്ന എന്തോ (തുച്ഛമായ) ഒരു സൈന്യമത്രെ അവിടെയുള്ളത്.

《9》 أَمْ അഥവാ, അതല്ല, അല്ലെങ്കിൽ, അതോ عِندَهُمْ അവരുടെ പക്കൽ (ആണോ, ഉണ്ടോ) خَزَائِنُ ഭണ്ഡാരങ്ങൾ, നിക്ഷേപങ്ങൾ رَحْمَةِ رَبِّكَ നിന്റെ റബ്ബിന്റെ കാരുണ്യത്തിന്റെ الْعَزِيزِ പ്രതാപശാലിയായ الْوَهَّابِ വളരെ (മഹാ)ദാനശീലനായ 《10》 أَمْ لَهُمْ അഥവാ (അതോ) അവർക്കുണ്ടോ, അവർക്കാണോ مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ ഭരണാധിപത്യം, രാജത്വം وَالْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവയുടെ ഇടക്കുള്ളതിന്റെയും فَلْيَرْتَقُوا എന്നാൽ അവർ കയറിച്ചെല്ലട്ടെ (നോക്കട്ടെ) فِي الْأَسْبَابِ കാരണ (സംഗതി, മാർഗ)ങ്ങളിൽ. 《11》 جُندٌ مَا എന്തോ ഒരു സൈന്യം (പട്ടാളം) ആകുന്നു هُنَالِكَ അവിടെ (ഉള്ളത്) مَهْزُومٌ പരാജയപ്പെടുത്തപ്പെടുന്ന مِنَ الْأَحْزَابِ (മിത്ര) കക്ഷികളിൽപെട്ട

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ സൂക്ഷിപ്പ് അവരുടെ പക്കലാണെങ്കിൽ, പ്രവാചകത്വം, വഹ്‌യ് മുതലായ അനുഗ്രഹങ്ങളെല്ലാം അവർ ഇഷ്ടപ്പെടുന്നവർക്ക് വീതിച്ചു കൊടുക്കുവാനും, അവരുടെ യുക്തംപോലെ ഉപയോഗപ്പെടുത്തുവാനും അവർക്ക് സാധിക്കുമായിരുന്നു. ആകാശഭൂമികളുടെ ഭരണാധിപത്യം അവരുടെ പക്കലാണെങ്കിൽ അവരുടെ ഹിതമനുസരിച്ച് ലോകകാര്യങ്ങൾ കൈകാര്യം ചെയ്യുവാനും, നടപ്പിൽ വരുത്തുവാനും അവർക്ക് കഴിയുമായിരുന്നു. അതൊന്നും അവർക്കില്ലല്ലോ. അതുകൊണ്ട് അല്ലാഹുവിന്റെ നിയമനടപടികളെ ചോദ്യം ചെയ്യുവാനും യാതൊരു അർഹതയും അവകാശവും അവർക്കില്ല. എനി, അങ്ങനെ വല്ലതുമുണ്ടെന്ന് അവർക്ക് വാദമുണ്ടെങ്കിൽ, ആകാശങ്ങളിൽ കയറിച്ചെന്നോ, മറ്റു മാർഗങ്ങളിൽ പ്രവേശിച്ചോ അവരുടെ ഇഷ്ട പ്രകാരം കാര്യങ്ങൾ നടത്തുവാൻ അവരൊന്ന് ശ്രമിക്കട്ടെ, അതൊന്നു കാണാമല്ലോ. വാസ്തവത്തിൽ, മുൻപ്രവാചകന്മാർക്കെതിരിൽ സംഘടിക്കുകയും, അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായി നശിക്കുകയും ചെയ്ത പല ജനങ്ങളുടെ കൂട്ടത്തിൽപെട്ട ഒരു സംഘമാണ് ഇവരും – മക്കാപരിസരത്തിലുള്ള മുശ്‌രിക്കുകളും. അതെ, വളരെ തുച്ഛവും നിന്ദ്യവുമായ ഒരു സംഘം മാത്രം. അടുത്തകാലത്തുതന്നെ അവർ പറ്റെ പരാജയപ്പെട്ടുപോകുന്നതുമാണ്. അവർക്ക് വളർച്ചയില്ല, നിലനിൽപുമില്ല എന്ന് സാരം.

ബദർ യുദ്ധത്തോടുകൂടി ആ ജനതയുടെ നട്ടെല്ലൊടിയുകയും, മക്കാവിജയത്തോടു കൂടി അവർ നാമാവശേഷമാകുയും ചെയ്തുവല്ലോ.

എന്ത്, ഏത് എന്നൊക്കെ വാക്കർത്ഥം വരുന്ന ഒരു അവ്യയമാണ് ما(മാ). ആധിക്യ ത്തെയും, മഹത്വത്തെയും ഉദ്ദേശിച്ചുകൊണ്ടും, നേരെമറിച്ച് അൽപത്വത്തെയും, നിന്ദ്യ തയെയും ഉദ്ദേശിച്ചുകൊണ്ടും അതിനെ മറ്റു വാക്കുകളോട് ചേർത്തു ഉപയോഗിക്കാറു ണ്ട്. രണ്ടിൽ ഏതാണ് ഉദ്ദേശ്യമെന്ന് സന്ദർഭംകൊണ്ട് മനസ്സിലാക്കേണ്ടിയിരിക്കുന്നു. جندما എന്ന വാക്കിന് ഇവിടെ രണ്ടാമത്തെ ഉദ്ദേശ്യമായിരിക്കാനാണ് കൂടുതൽ സാധ്യത കാണുന്നത്. അതുകൊണ്ടാണ് അതിന് മേൽകണ്ട വ്യാഖ്യാനം സ്വീകരിക്കപ്പെട്ടിരിക്കു ന്നത്. ഒരു പക്ഷേ, എന്തോ വമ്പിച്ച ഒരു സൈന്യം എന്ന് പരിഹാസരൂപത്തിൽ മുശ്‌രിക്കുകളെക്കുറിച്ച് പറഞ്ഞതുമായിരിക്കാം. الله اعلم. ശിർക്കിന്റെ സൈന്യമാകുന്ന ഇവരുടെ സഹകക്ഷികൾ ഏതാണെന്ന് അടുത്ത വചനങ്ങളിൽ കാണാം:

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَعَادٌ وَفِرْعَوْنُ ذُو ٱلْأَوْتَادِ ﴿١٢﴾

﴾12﴿ നൂഹിന്റെ ജനതയും, ആദ് ഗോത്രവും കുറ്റി [ആണി]ക ളുടെ ആളായ ഫിർഔനും ഇവരുടെ മുമ്പ് വ്യാജമാക്കുകയുണ്ടായി;-

وَثَمُودُ وَقَوْمُ لُوطٍ وَأَصْحَٰبُ لْـَٔيْكَةِ ۚ أُو۟لَٰٓئِكَ ٱلْأَحْزَابُ ﴿١٣﴾

﴾13﴿ ഥമൂദ് ഗോത്രവും, ലൂത്വിന്റെ ജനതയും, ഐക്കത്ത് [മരക്കാവു]കാരും (വ്യാജമാക്കി). അക്കൂട്ടരത്രെ മിത്രകക്ഷികൾ.

﴾12﴿ كَذَّبَتْ വ്യജമാക്കി قَبْلَهُمْ ഇവരുടെമുമ്പ് قَوْمُ نُوحٍ നൂഹിന്റെ ജനത وَعَادٌ ആദും وَفِرْعَوْنُ ഫിർഔനും ذُو الْأَوْتَادِ കുറ്റി (ആണി) കളുടെ ആളായ ﴾13﴿ وَثَمُودُ ഥമൂദും وَقَوْمُ لُوطٍ ലൂത്വിന്റെ ജനതയും وَأَصْحَابُ الْأَيْكَةِ ഐക്കത്തു (മരക്കാവു)കാരും أُولَٰئِكَ അക്കൂട്ടരത്രെ الْأَحْزَابُ മിത്ര (സഖ്യ)കക്ഷികൾ

തമ്പും, കൂടാരവും കെട്ടുമ്പോൾ അവയെ നാല് വശത്തേക്കും വലിച്ചുകെട്ടി ഉറപ്പി ക്കുവാൻ ഉപയോഗിക്കുന്ന കുറ്റികൾ (ആണികൾ) എന്നാണ് أَوْتَاد എന്ന വാക്കിന്റെ അർത്ഥം. ഫിർഔനിനെക്കുറിച്ച് ഇവിടെയും, മറ്റു ചില സ്ഥലത്തും ذُو الْأَوْتَاد (കുറ്റിക ളുടെ ആൾ അഥവാ കുറ്റികൾ ഉപയോഗപ്പെടുത്തിയിരുന്നവൻ) എന്ന് ക്വുർആനിൽ വിശേഷിപ്പിച്ചിരിക്കുന്നു. രണ്ടുമൂന്ന് പ്രകാരത്തിൽ ഇത് വ്യാഖ്യാനിക്കപ്പെടാറുണ്ട്:

1) കാറ്റിലും മറ്റും ഇളക്കം പറ്റാതെ തമ്പുകളെ കുറ്റി തറച്ച് ഉറപ്പിക്കുന്നതുപോലെ തന്റെ ഭരണത്തെയും സുശക്തമായി ഉറപ്പിച്ചവൻ.

2) പട്ടാള ശക്തിയാകുന്ന കുറ്റികൾ ധാരാളമുള്ളവൻ.

3) ജനങ്ങളെ ശിക്ഷിക്കുമ്പോൾ ശരീരത്തിൽ കുറ്റി തറച്ചു നിർദ്ദയമായി ശിക്ഷിച്ചി രുന്നവൻ. ഇവയിൽ ആദ്യത്തേതിനാണ് കൂടുതൽ മുൻഗണന നൽകപ്പെട്ടിട്ടുള്ളത്. ശുഐബ് നബി (അ)യുടെ ജനതയായിരുന്ന ഐക്കത്തുകാരെ കുറിച്ച് സൂ: ശുഅറാ ഉ് 176- ന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചത് ഓർക്കുക.

إِن كُلٌّ إِلَّا كَذَّبَ ٱلرُّسُلَ فَحَقَّ عِقَابِ ﴿١٤﴾

﴾14﴿ (ഇവർ) എല്ലാവരും തന്നെ ദൈവദൂതന്മാരെ വ്യാജമാക്കുകയല്ലാതെ ചെയ്തില്ല. അങ്ങനെ, എന്റെ പ്രതികാര ശിക്ഷ (അവരിൽ) യഥാർത്ഥമായി.

വിഭാഗം - 2

وَمَا يَنظُرُ هَٰٓؤُلَآءِ إِلَّا صَيْحَةً وَٰحِدَةً مَّا لَهَا مِن فَوَاقٍ ﴿١٥﴾

﴾15﴿ ഒരേ ഒരു ഘോരശബ്ദത്തെയല്ലാതെ ഇക്കൂട്ടർ നോക്കി(ക്കാത്തു) കൊണ്ടിരിക്കുന്നില്ല; രണ്ട് കറവുകൾക്കിടയിലുള്ള (തുച്ഛമായ) കാലതാമസം (പോലും) അതിനുണ്ടായിരിക്കയില്ല.

﴾14﴿ إِنْ كُلٌّ എല്ലാവരുമില്ല إِلا كَذَّبَ വ്യാജമാക്കുകയല്ലാതെ الرُّسُلَ ദൈവദൂതന്മാരെ فَحَقَّ അങ്ങനെ, യഥാർത്ഥ (ന്യായ, അർഹ)മായി عِقَابِ എന്റെ പ്രതികാരശിക്ഷ ﴾15﴿ وَمَا يَنْظُرُ നോക്കി (കാത്തു) ഇരിക്കുന്നില്ല هَؤُلاءِ ഇക്കൂട്ടർ إِلا صَيْحَةً وَاحِدَةً ഒരു അട്ടഹാസം (ഘോരശബ്ദം) അല്ലാതെ مَا لَهَا അതിന്നില്ല مِنْ فَوَاقٍ രണ്ട് കറവുകൾക്കിടയിലുള്ള (തുച്ഛ) സമയവും.

فَوَاقِ എന്ന വാക്ക് ആദ്യത്തെ അക്ഷരത്തിന് അകാരം (فتح) ചേർത്തും, ഉകാരം (ضم) ചേർത്തും വായിക്കപ്പെട്ടിട്ടുണ്ട്. കൈകൊണ്ട് പാൽ കറക്കുമ്പോൾ ഒന്നുകറന്ന് വീണ്ടും കറക്കുവാൻ കൈപൊക്കുന്ന കാലതാമസത്തിന്നാണ് فَوَاق എന്ന് പറയുന്നത്. ലോകാവസാനത്തിങ്കൽ എല്ലാവരും നശിച്ചുപോകുന്നതിന്നുള്ള കാഹളം ഊതുന്നതു വരെ മാത്രമേ ഇവരുടെ ഈ നിഷേധവും, ധിക്കാരവും തുടരുകയുള്ളൂ. ആ സമയം വന്നാൽ അവർക്ക് ബോധംവരും; അതിന് ഒട്ടും കാലതാമസം വേണ്ടിവരികയില്ല; പെട്ടെന്നായിരിക്കും അത് സംഭവിക്കുക. എന്ന് സാരം.

وَقَالُوا۟ رَبَّنَا عَجِّل لَّنَا قِطَّنَا قَبْلَ يَوْمِ ٱلْحِسَابِ ﴿١٦﴾

﴾16﴿ അവർ പറയുന്നു: 'ഞങ്ങളുടെ രക്ഷിതാവേ, ന്യായവിസ്താരത്തിന്റെ ദിവസത്തിന്നു മുമ്പ് ഞങ്ങളുടെ വിഹിതം [ശിക്ഷ] ഞങ്ങൾക്ക് വേഗമാക്കിത്തന്നേക്കണേ!'

﴾16﴿ وَقَالُوا അവർ പറയുന്നു رَبَّنَا ഞങ്ങളുടെ റബ്ബേ عَجِّلْ لَنَا ഞങ്ങൾക്ക് വേഗമാക്കണം قِطَّنَا ഞങ്ങളുടെ വിഹിതം, ഓഹരി قَبْلَ يَوْمِ الْحِسَابِ ന്യായവിസ്താരത്തിന്റെ (വിചാരണയുടെ) ദിവസത്തിന് മുമ്പ്.

اَصْبِرْ عَلَىٰ مَا يَقُولُونَ وَاذْكُرْ عَبْدَنَا دَاوُدَ ذَا الْأَيْدِ ۖ إِنَّهُۥٓ أَوَّابٌ ﴿١٧﴾

﴾17﴿ (നബിയെ) അവർ പറയുന്നതിനെപറ്റി ക്ഷമിച്ച് കൊള്ളുക! നമ്മുടെ അടിയാനെ, അതായത് കരബലം [പ്രാബല്യം] ഉള്ളവനായ ദാവൂദിനെ ഓർക്കുകയും ചെയ്യുക. നിശ്ചയമായും അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) വളരെ മടക്കമുള്ള ആളാകുന്നു.

﴾17﴿ اَصْبِرْ ക്ഷമിക്കുക عَلَىٰ مَا يَقُولُونَ അവർ പറയുന്നതിനെപറ്റി وَاذْكُرْ ഓർക്കുകയും ചെയ്യുക عَبْدَنَا നമ്മുടെ അടിയാനെ دَاوُدَ ദാവൂദിനെ ذَا الْأَيْدِ കൈകൾ (ശക്തി, കരബലം, പ്രാബല്യം) ഉള്ള إِنَّهُ നിശ്ചയമായും അദ്ദേഹം أَوَّابٌ വളരെമടക്കം (വിനയം) ഉള്ളവനാണ്.

അവിശ്വാസികൾക്ക് അല്ലാഹു വമ്പിച്ച ശിക്ഷ നൽകുമെന്ന് നബി ﷺ താക്കീത് ചെയ്യാറുണ്ടല്ലോ. ഇതിനെ പരിഹസിച്ചുകൊണ്ട് പ്രാർത്ഥനാരൂപത്തിൽ മുശ്രിക്കുകൾ പറയുന്ന വാക്കാണ് അല്ലാഹു ഉദ്ധരിച്ചത്. അവരുടെ ധിക്കാര മനഃസ്ഥിതി ഇതിൽനിന്ന് നല്ലപോലെ ഗ്രഹിക്കാമല്ലോ. അവരുടെ ഇത്തരം പ്രസ്താവനകളിൽ ക്ഷമ കൈകൊള്ളുവാൻ അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു. ഈ ഉപദേശം നബിﷺക്ക് മനസ്സമാധാനം നൽകുന്നതോടൊപ്പം ആ ധിക്കാരികൾക്ക് കനത്ത താക്കീതുമാകുന്നു.

സത്യനിഷേധികളെക്കുറിച്ചും, അവരുടെ ചെയ്തികളെക്കുറിച്ചും പലതും പ്രസ്താവിക്കുകയും നബി ﷺയോട് ക്ഷമിക്കുവാൻ ഉപദേശിക്കുകയും ചെയ്തതിനെ തുടർന്ന് ദാവൂദ് നബി (അ)നെ ഓർക്കുവാൻ കൽപിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്ന് മനസ്സിരുത്തേണ്ടുന്ന ചില വശങ്ങൾ പ്രത്യേകം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. തുടർന്നുള്ള വചനങ്ങളിൽ അദ്ദേഹത്തിന്റെ ചില സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അതിന് മുമ്പായി അദ്ദേഹത്തിന്റെ ചരിത്ര സംക്ഷേപം ഉൾക്കൊള്ളുന്ന രണ്ടുമൂന്ന് വാക്കുകൾകൊണ്ട് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധാർഹമാകുന്നു. ഒന്നാമത്തേത്, നമ്മുടെ അടിയാൻ(عَبْدَنَا) എന്നാണ്. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുകയും, അതുവഴി അല്ലാഹുവിന്റെ പ്രീതിക്കും സ്നേഹത്തിനും പാത്രമാകുകയും ചെയ്ത ആളാണ് അദ്ദേഹമെന്നത്രെ ഈ വാക്ക് സൂചിപ്പിക്കുന്നുത്. രണ്ടാമതായി അദ്ദേഹത്തെ കരബലമുള്ളവൻഅഥവാ കയ്യൂക്കുള്ളവൻ (ذَا الْأَيْدِ) എന്ന് വിശേഷിപ്പിച്ചു. പല കൈകൾ ഉള്ളവൻ എന്നത്രെ ഈ വാക്കിന് ഭാഷാർത്ഥം. വളരെ ശക്തിയും, കഴിവും ഉണ്ടായിരുന്ന ആൾ എന്നാണ് അതിന്റെ വിവക്ഷ. കായികശക്തി, ആയുധപ്പയറ്റ്, ഭരണനൈപുണ്യം, സൈനികശക്തി, സാധന സാമഗ്രികൾ, ലോക പ്രശസ്തി ആദിയായ വിഷയങ്ങളിലെല്ലാം തന്നെ അദ്ദേഹം അദ്വിതീയനായിരുന്നു. അദ്ദേഹം ജാലൂത്തിനെ കൊലപ്പെടുത്തിയ പ്രസിദ്ധ സംഭവം സൂറത്തുൽ ബകറഃ 246 – 251 ൽ അല്ലാഹു വിവരിച്ചിരിക്കുന്നു. പക്ഷേ, അതൊന്നും തന്നെ, അല്ലാഹുവിനോട് കൂറും, ഭക്തിയും കാണിക്കുന്നതിന് അദ്ദേഹത്തിന് തടസ്സമായിരുന്നില്ല. അത്രയുമല്ല,

അദ്ദേഹം വളരെ മനസ്സുമടക്കമുള്ള ആളുമായിരുന്നു (إِنَّهُۥٓ أَوَّابٌ) ഇതാണ് മൂന്നാമത്തെ വിശേഷത.

നബി ﷺ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: നമസ്കാരത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് ദാവൂദ് നബിയുടെ നമസ്കാരമാകുന്നു. നോമ്പുകളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് ദാവൂദ് നബിയുടെ നോമ്പുമാണ്. അദ്ദേഹം രാത്രി പകുതിസമയം ഉറങ്ങും. മൂന്നിലൊരു ഭാഗം എഴുന്നേറ്റു നമസ്കരിക്കും. (വീണ്ടും) ആറിലൊരു ഭാഗം ഉറങ്ങും. ഒരു ദിവസം നോമ്പ് പിടിക്കും. ഒരു മാസം നോമ്പ് വിടുകയും ചെയ്യും ശത്രുക്കളുമായി ഏറ്റുമുട്ടിയാൽ അദ്ദേഹം പിൻമാറി പോകുകയില്ലായിരുന്നു. വളരെ മടക്കമുള്ള ഒരാളായിരുന്നു.(ബു. മു) ചില യുവസ്വഹാബികൾ, ഐഹിക സുഖങ്ങളെ ത്യജിച്ച് കൊണ്ട് ഐച്ഛികമായ ആരാധനാകർമങ്ങളിൽ മുഴുകുവാൻ തയ്യാറെടുത്തതായി നബി ﷺക്ക് വിവരം കിട്ടുകയുണ്ടായി അതിനെ തുടർന്നാണ് മേൽകണ്ട വചനങ്ങൾ അവിടുന്ന് പ്രസ്താവിച്ചത്. ദാവൂദ് നബി (അ) തന്റെ സ്വന്തം കൈകൊണ്ടുള്ള അദ്ധ്വാനത്തിൽനിന്നല്ലാതെ ഭക്ഷണം കഴിച്ചിരുന്നില്ല. എന്നും ഒരു ഹദീഥിൽ തിരുമേനി പ്രസ്താവിച്ചിട്ടുണ്ട്. (ബു.) ഒരിക്കൽ അദ്ദേഹത്തെപറ്റി അദ്ദേഹം മനുഷ്യരിൽവെച്ച് വലിയ ഇബാദത്തുകാരനായിരുന്നുഎന്നും തിരുമേനി പറയുകയുണ്ടായി. (كان اعبد البشر - البخاري في تاريخه)

ദാവൂദ് നബി (അ) നെ ഓർക്കുവാൻ നബി തിരുമേനിﷺയോട് കൽപിച്ചതിലടങ്ങിയ രഹസ്യങ്ങൾ ഇതിൽനിന്നെല്ലാം ഗ്രഹിക്കാമല്ലോ. അടുത്ത വചനങ്ങളിൽ അദ്ദേഹത്തിന് സിദ്ധിച്ച ചില അനുഗ്രഹങ്ങളും, അദ്ദേഹത്തിന് നേരിട്ട ചില പരീക്ഷണങ്ങളും അല്ലാഹു വിവരിക്കുന്നു:-

إِنَّا سَخَّرْنَا ٱلْجِبَالَ مَعَهُۥ يُسَبِّحْنَ بِٱلْعَشِيِّ وَٱلْإِشْرَاقِ ﴿١٨﴾

﴾18﴿ സന്ധ്യാസമയത്തും, പ്രകാശ സമയത്തും തസ്ബീഹ് [സ്തോത്ര കീർത്തനം] ചെയ്തു കൊണ്ട് അദ്ദേഹത്തോടൊപ്പം പർവ്വതങ്ങളെ നാം കീഴ്പ്പെടുത്തുകയുണ്ടായി.

وَٱلطَّيْرَ مَحْشُورَةً ۖ كُلٌّ لَّهُۥٓ أَوَّابٌ ﴿١٩﴾

﴾19﴿ ഒരുമിച്ച് കൂട്ടപ്പെട്ട നിലയിൽ പക്ഷികളെയും (കീഴ്പെടുത്തി). എല്ലാംതന്നെ, അദ്ദേഹത്തോട് മടക്കം [വിനയം] ഉള്ളവയായിരുന്നു.

وَشَدَدْنَا مُلْكَهُۥ وَءَاتَيْنَٰهُ ٱلْحِكْمَةَ وَفَصْلَ ٱلْخِطَابِ ﴿٢٠﴾

﴾20﴿ അദ്ദേഹത്തിന്റെ ഭരണാധിപത്യത്തെ നാം ശക്തമാക്കുകയും. അദ്ദേഹത്തിന് വിജ്ഞാനവും നിർണായക ഭാഷണവും നൽകുകയും ചെയ്തു.

﴾18﴿ إِنَّا سَخَّرْنَا നാം കീഴ്പെടുത്തി الْجِبَالَ പർവ്വതങ്ങളെ, മലകളെ مَعَهُ അദ്ദേഹ ത്തോടൊപ്പം يُسَبِّحْنَ അവ തസ്ബീഹു ചെയ്തുകൊണ്ട് بِالْعَشِيِّ സന്ധ്യാസമയത്ത്, വൈകീട്ട് وَالْإِشْرَاقِ പ്രകാശവേളയിലും (രാവിലെ)﴾19﴿ وَالطَّيْرَ പക്ഷികളെയും مَحْشُورَةً ഒരുമിച്ചു കൂട്ടപ്പെട്ട നിലയിൽ كُلٌّ لَّهُ എല്ലാം (തന്നെ) അദ്ദേഹത്തിലേക്ക് أَوَّابٌ മടക്കം (വിനയം) ഉള്ളതാണ്﴾20﴿ وَشَدَدْنَا നാം ശക്തമാക്കുകയും (ബലപ്പെടുത്തുകയും) ചെയ്തു مُلْكَهُ തന്റെ ആധിപത്യം, രാജത്വം وَآتَيْنَاهُ അദ്ദേഹത്തിന് നാം നൽകു കയും ചെയ്തു الْحِكْمَةَ വിജ്ഞാനം, തത്വജ്ഞാനം, യുക്തി وَفَصْلَ الْخِطَابِ അഭിമുഖ സംസാരത്തിൽ തീരുമാനവൈഭവം, (നിർണായക ഭാഷണം)

ദാവൂദ് നബി (അ)ന് സിദ്ധിച്ച പ്രത്യേകാനുഗ്രഹങ്ങളിൽ ഒന്നാണ്, അദ്ദേഹമൊന്നിച്ച് രാവിലെയും വൈകുന്നേരവും തസ്ബീഹ് നടത്തുമാറ് മലകളെയും, പക്ഷികളെയും അല്ലാഹു കീഴ്പെടുത്തിക്കൊടുത്തിരുന്നത്. ഇതിനെപ്പറ്റി ഖുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചു കാണാം. സൂ: അൻബിയാഉ് 79-ാം വചനത്തിന്റെ വ്യാഖ്യാന ത്തിൽ ഇതിനുമുമ്പ് നാം ആവശ്യമായ വിവരണം നൽകിയിട്ടുള്ളത് നോക്കുക. ഈ അനുഗ്രഹത്തെ മറ്റുതരത്തിൽ ചിലർ ദുർവ്യാഖ്യാനം ചെയ്യാറുള്ളതിനെ സംബന്ധിച്ചും അവിടെ നാം സംസാരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഭരണത്തെക്കുറിച്ചും മറ്റും സൂ: നംലിലും, സൂ: അൻബിയാഇലും വിവരിച്ചുകാണാം. അതുകൊണ്ട് ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല. പക്ഷികളും, പർവ്വതങ്ങളും അദ്ദേഹത്തോട് വിനയവും അനുസര ണവും കാണിച്ചിരുന്നുവെന്നാണ് كُلٌّ لَّهُ أَوَّابٌ (എല്ലാം തന്നെ അദ്ദേഹത്തോട് മടക്കം- അഥവാ വിനയം-ഉള്ളവരായിരുന്നു) എന്ന വാക്യം കാണിക്കുന്നത്. ഇതെങ്ങിനെയാ യിരുന്നുവെന്ന് നമുക്ക് തിട്ടപ്പെടുത്തുവാൻ സാധ്യമല്ല. അല്ലാഹു അവയിൽ നിന്ന് എന്ത് ഉദ്ദേശിച്ചിരുന്നുവോ അത് ദാവൂദ് നബി (അ)ന്റെ ഇംഗിതം അനുസരിച്ച് അവ നിർവ്വഹി ച്ചിരുന്നു എന്നുമാത്രം പറയാം. فَصْلَ الْخِطَابِ (നിർണായക ഭാഷണം) നൽകി എന്നു പറഞ്ഞതിന്റെ താൽപര്യം ഇതാണ്: സാധാരണസംഭാഷണങ്ങളിലും, കക്ഷിവഴക്കുക ളിൽ തീരുമാനം കൽപിക്കുന്നതിലും, സത്യവും നീതിയും അനുസരിച്ച് വസ്തുനിഷ്ഠ വും, നിർണായകവുമായ രൂപത്തിൽ സംസാരിക്കുവാനുള്ള വൈഭവം അല്ലാഹു അദ്ദേ ഹത്തിന്ന് നൽകിയിരുന്നു. അദ്ദേഹത്തിന് നേരിട്ട ഒരു പരീക്ഷണസംഭവമാണ് അടുത്ത വചനത്തിൽ കാണുന്നത്:

۞ وَهَلْ أَتَىٰكَ نَبَؤُا۟ ٱلْخَصْمِ إِذْ تَسَوَّرُوا۟ ٱلْمِحْرَابَ ﴿٢١﴾

﴾21﴿(നബിയേ) വ്യവഹാര കക്ഷി കൾ ആരാധനാമണ്ഡപത്തിൽ മതിലു കയറി വന്നപ്പോഴത്തെ വർത്തമാനം നിനക്ക് ലഭിച്ചിട്ടുണ്ടോ?—

﴾21﴿ وَهَلۡ أَتَاكَ നിനക്ക് വന്നിട്ട് (ലഭിച്ചിട്ടുണ്ടോ نَبَؤُا۟ ٱلۡخَصۡمِ വ്യവഹാരകക്ഷികളുടെ (എതിർവാദികളുടെ) വർത്തമാനം إِذۡ تَسَوَّرُوا۟ അവർ മതിൽ (ചുമർ) കയറിവന്നപ്പോൾ ٱلۡمِحۡرَابَ പ്രാർത്ഥനാമണ്ഡപത്തിൽ

إِذۡ دَخَلُواْ عَلَىٰ دَاوُۥدَ فَفَزِعَ مِنۡهُمۡۖ
قَالُواْ لَا تَخَفۡۖ خَصۡمَانِ بَغَىٰ
بَعۡضُنَا عَلَىٰ بَعۡضٖ فَٱحۡكُم بَيۡنَنَا
بِٱلۡحَقِّ وَلَا تُشۡطِطۡ وَٱهۡدِنَآ إِلَىٰ
سَوَآءِ ٱلصِّرَٰطِ ٢٢

﴾22﴿ അതായത്, അവർ ദാവൂദിന്റെ മേൽ പ്രവേശിച്ച സന്ദർഭം. എന്നിട്ട് അദ്ദേഹം അവരെ സംബന്ധിച്ച് (ഭയന്ന്) നടുങ്ങി. അവർ പറഞ്ഞു: പേടിക്കേണ്ടാ! (ഞങ്ങൾ) രണ്ട് വ്യവഹാര കക്ഷികളാണ്;- ഞങ്ങളിൽ ചിലരുടെ മേൽ അതിക്രമം ചെയ്തിരിക്കുന്നു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്കിടയിൽ ന്യായപ്രകാരം വിധിച്ചുതരണം; നീതികേട് ചെയ്യരുത്; ഞങ്ങളെ നേരായ പാതയിലേക്ക് മാർഗദർശനം നൽകുകയും ചെയ്യണം.

إِنَّ هَٰذَآ أَخِي لَهُۥ تِسۡعٞ وَتِسۡعُونَ
نَعۡجَةٗ وَلِيَ نَعۡجَةٞ وَٰحِدَةٞ فَقَالَ
أَكۡفِلۡنِيهَا وَعَزَّنِي فِي ٱلۡخِطَابِ ٢٣

﴾23﴿ (ഇതാ) ഇത് എന്റെ സഹോദരനാണ്; അവന്ന് തൊണ്ണൂറ്റൊമ്പത് പിടയാടുകളുണ്ട്: എനിക്ക് ഒരേ പിടയാടുമുണ്ട്; എന്നിട്ട് അവൻ പറഞ്ഞു: നീ അതിനെ എനിക്ക് ഏൽപിച്ചു (വിട്ടു) തരണമെന്ന്. അഭിമുഖ സംസാരത്തിൽ അവൻ എന്നെ (തോൽപിച്ച്) വെല്ലുകയും ചെയ്തിരിക്കുന്നു .

قَالَ لَقَدۡ ظَلَمَكَ بِسُؤَالِ نَعۡجَتِكَ
إِلَىٰ نِعَاجِهِۦۖ وَإِنَّ كَثِيرٗا مِّنَ ٱلۡخُلَطَآءِ
لَيَبۡغِي بَعۡضُهُمۡ عَلَىٰ بَعۡضٍ إِلَّا ٱلَّذِينَ
ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَقَلِيلٞ
مَّا هُمۡۗ

﴾24﴿ അദ്ദേഹം [ദാവൂദ്] പറഞ്ഞു: അവന്റെ പിടയാടുകളിൽ കൂടി നിന്റെ പിടയാടിനെ ചോദിച്ചതുനിമിത്തം, തീർച്ചയായും അവൻ നിന്നോട് അനീതി പ്രവർത്തിച്ചിരിക്കയാണ്. നിശ്ചയമായും , കൂട്ടുകാരിൽപെട്ട പലരും - ചിലർ ചിലരുടെ മേൽ - അതിക്രമം പ്രവർത്തിക്കാറുണ്ട്; വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരൊഴികെ; വളരെക്കുറച്ചുമായിരിക്കും അവർ.

سجود ۩

وَظَنَّ دَاوُۥدُ أَنَّمَا فَتَنَّٰهُ فَٱسْتَغْفَرَ رَبَّهُۥ وَخَرَّ رَاكِعًا وَأَنَابَ ۩ ﴿٢٤﴾

നാം അദ്ദേഹത്തെ പരീക്ഷണം നടത്തിയിരിക്കുക തന്നെയാണെന്ന് ദാവൂദ് ധരിക്കുകയും ചെയ്തു. അതിനാൽ, അദ്ദേഹം തന്റെ റബ്ബിനോട് പാപമോചനം തേടുകയും, റുകൂഉ് ചെയ്ത് (കുമ്പിട്ട്) കൊണ്ട് നിലംപതിക്കുകയും, അല്ലാഹുവിങ്കലേക്ക്) ഖേദിച്ചുമടങ്ങുകയും ചെയ്തു.

﴾22﴿ إِذْ دَخَلُوا അതായത് അവർ പ്രവേശിച്ചപ്പോൾ عَلَىٰ دَاوُودَ ദാവൂദിന്റെ മേൽ فَفَزِعَ
എന്നിട്ട് അദ്ദേഹം നടുങ്ങി (ഭയന്നു) مِنْهُمْ അവരെ സംബന്ധിച്ച്, അവരാൽ قَالُوا അവർ
പറഞ്ഞു لَا تَخَفْ താങ്കൾ പേടിക്കേണ്ട خَصْمَانِ രണ്ട് വ്യവഹാര കക്ഷികളാണ് بَغَىٰ
അതിക്രമം ചെയ്തു بَعْضُنَا ഞങ്ങളിൽ ചിലർ عَلَىٰ بَعْضٍ ചിലരുടെ മേൽ فَاحْكُمْ അതി
നാൽ വിധിക്കണം بَيْنَنَا ഞങ്ങൾക്കിടയിൽ بِالْحَقِّ ന്യായ (യഥാർത്ഥ) പ്രകാരം وَلَا تُشْطِطْ
നീതികേട് ചെയ്യരുത്, വീഴ്ച വരുത്തരുത് وَاهْدِنَا ഞങ്ങൾക്ക് മാർഗദർശനം നൽക
ണം, നയിക്കണം إِلَىٰ سَوَاءِ الصِّرَاطِ നേരായ (ശരിയായ) പാതയിലേക്ക്. ﴾23﴿ إِنَّ هَٰذَا
നിശ്ചയമായും ഇത് (ഇവൻ) أَخِي എന്റെ സഹോദരനാണ് لَهُ അവനുണ്ട് تِسْعٌ وَتِسْعُونَ
തൊണ്ണൂറ്റൊമ്പത് نَعْجَةً പിടയാട്, പെണ്ണാട് وَلِيَ എനിക്കുണ്ട് نَعْجَةٌ وَاحِدَةٌ ഒരേ പിടയാട്
فَقَالَ എന്നിട്ടവൻ പറഞ്ഞു أَكْفِلْنِيهَا നീ അതിനെ എനിക്ക് ഏൽപിച്ചു (വിട്ടു)തരണം
وَعَزَّنِي അവൻ എന്നെ വെല്ലുക (ജയിക്കുക)യും ചെയ്തിരിക്കുന്നു فِي الْخِطَابِ അഭി
മുഖ സംസാരത്തിൽ. ﴾24﴿ قَالَ അദ്ദേഹം പറഞ്ഞു لَقَدْ ظَلَمَكَ തീർച്ചയായും അവൻ
നിന്നോട് അക്രമം ചെയ്ത് بِسُؤَالِ نَعْجَتِكَ നിന്റെ പിടയാടിനെ ചോദിച്ചതുകൊണ്ട്
إِلَىٰ نِعَاجِهِ അവന്റെ പിടയാടുകളിലേക്ക് (പിടയാടുകളിൽകൂടി) وَإِنَّ كَثِيرًا പലരും, വളരെ
ആളുകൾ مِنَ الْخُلَطَاءِ കൂട്ടുകാരിൽപെട്ട لَيَبْغِي നിശ്ചയമായും അതിക്രമം ചെയ്യാറുണ്ട്
بَعْضُهُمْ അവരിൽ ചിലർ عَلَىٰ بَعْضٍ ചിലരുടെ മേൽ إِلَّا الَّذِينَ آمَنُوا വിശ്വസിച്ചവരൊഴികെ
وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത وَقَلِيلٌ مَا നന്നേ (വ
ളരെ) കുറവാണ് هُمْ അവർ وَظَنَّ دَاوُودُ ദാവൂദ് ധരിക്കുക (വിചാരിക്കുകയും) ചെയ്തു
أَنَّمَا فَتَنَّاهُ നാം അദ്ദേഹത്തെ പരീക്ഷിച്ചിരിക്കുക തന്നെയാണെന്ന് فَاسْتَغْفَرَ അങ്ങനെ
അദ്ദേഹം പാപമോചനം (പൊറുക്കൽ) തേടി رَبَّهُ തന്റെ റബ്ബിനോട് وَخَرَّ നിലംപതിക്കു
കയും ചെയ്തു رَاكِعًا റുകൂഉ് ചെയ്തു (കുമ്പിട്ടു)കൊണ്ട് وَأَنَابَ ഖേദിച്ച് മടങ്ങുക (വി
നയപ്പെടുക)യും ചെയ്തു.

ഈ ആയത്തിനുശേഷം അല്ലാഹുവിന് നന്ദിയായി ഒരു സുജൂദ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരം താഴെ വരുന്നുണ്ട്.

فَغَفَرْنَا لَهُۥ ذَٰلِكَ ۖ وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ ﴿٢٥﴾

﴿25﴾ അപ്പോൾ, അദ്ദേഹത്തിന് അത് നാം പൊറുത്ത് കൊടുത്തു. നിശ്ചയമായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യ(സ്ഥാന)വും, നല്ല മടക്കസ്ഥലവും ഉണ്ട്.

﴿25﴾ فَغَفَرْنَا لَهُ അപ്പോൾ നാം അദ്ദേഹത്തിന് പൊറുത്തുകൊടുത്ത് ذَٰلِكَ അത് وَإِنَّ لَهُ നിശ്ചയമായും അദ്ദേഹത്തിനുണ്ട്താനും عِندَنَا നമ്മുടെ അടുക്കൽ لَزُلْفَىٰ സാമീപ്യം, അടുപ്പം وَحُسْنَ مَآبٍ നല്ല മടക്ക (പ്രാപ്യ)സ്ഥാനവും

ഈ വചനങ്ങളിൽ പ്രസ്താവിച്ച സംഭവത്തിന് വിശദരൂപം നൽകുന്ന ചില കഥകൾ കഥാകാരന്മാർ ഉദ്ധരിച്ചുകാണാം. ചില ക്വുർആൻ വ്യാഖ്യാതാക്കൾ അവ പകർത്തിക്കാട്ടുകയും ചെയ്തിരിക്കുന്നു. അവയിൽ ചിലത് ദാവൂദ് നബി (അ)യുടെ സ്ഥിതിക്ക് മാത്രമല്ല, സാധാരണക്കാരനായ ഒരു സത്യവിശ്വാസിയുടെ സ്ഥിതിക്ക് പോലും യോജിക്കാത്തതാണ്. ഇതുസംബന്ധിച്ച് ഇമാം ഇബ്നു കഥീർ (റ) ചെയ്തിട്ടുള്ള പ്രസ്താവന വളരെ ശ്രദ്ധേയമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്:'ക്വുർആൻ വ്യാഖ്യാതാക്കൾ ഇവിടെ ചില കഥകൾ പറയാറുണ്ട്. അവയിലധികവും ഇസ്റാഈൽ ഐതിഹ്യങ്ങളിൽനിന്ന് ലഭിച്ചതാകുന്നു. സ്വീകാര്യമായ ഒരു വർത്തമാനവും നബി ﷺ യിൽനിന്ന് ഈ വിഷയത്തിൽ ലഭിച്ചിട്ടില്ല. ആകയാൽ, ഈ കഥ (ക്വുർആനിൽ വന്നതുപോലെ) പാരായണം ചെയ്യുകയും അതിനെസംബന്ധിച്ച വിവരം അല്ലാഹുവിനറിയാമെന്ന് വെക്കുകയുമാണ് കൂടുതൽ നല്ലത്. ക്വുർആനും, അത് ഉൾക്കൊള്ളുന്നതും യഥാർത്ഥംതന്നെ'. അലി (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെടുന്നു: ദാവൂദ് നബി (അ)നെപ്പറ്റി കഥാകാരന്മാർ പറയാറുള്ളത് ആരെങ്കിലും പറഞ്ഞാൽ ഞാൻ അവരെ നൂറ്റി അറുപതടി അടിക്കും! അപ്പോൾ, വളരെ പഴക്കംചെന്ന ഇസ്റാഈലീ കഥകളാണവ എന്ന് വ്യക്തമാകുന്നു. ചുരുക്കത്തിൽ, ക്വുർആന്റെ പ്രസ്താവനയിൽനിന്ന് മനസ്സിലാകുന്നത് എന്തോ അതുകൊണ്ട് നാം ഇവിടെ തൃപ്തിപ്പെടുക.

ദാവൂദ് നബി (അ)ന്റെ പ്രാർത്ഥനാമുറിയിൽ ചിലർ ചുവരുകയറി അകത്ത് കടന്നു. മറ്റാർക്കും പ്രവേശനമില്ലാതെ അദ്ദേഹം സ്വസ്ഥമായിരിക്കുന്ന ഒരു പ്രത്യേക മുറിയായിരിക്കാം അത്. ആകസ്മികമായി ഒരു കൂട്ടർ അതിക്രമിച്ച് അകത്ത് കടന്നത് കണ്ടപ്പോൾ അദ്ദേഹം ഭയപ്പെട്ടു. വല്ല ചതിപ്രയോഗമോ, കയ്യേറ്റമോ ഉന്നംവെച്ചു കൊണ്ടായിരിക്കും ആ പ്രവേശനമെന്ന് അദ്ദേഹത്തിന് തോന്നുക സ്വാഭാവികമാണല്ലോ. ഇസ്റാഈല്യർക്കിടയിൽ നബിമാരെ കൊലപ്പെടുത്തുവാനുള്ള സംരംഭങ്ങൾ നടക്കുന്നതും സംഭവ്യമാണ്. وَيَقْتُلُونَ النَّبِيِّينَ بِغَيْرِ الْحَقِّ - البقرة : ٦١ (അവർ ന്യായമില്ലാതെ നബിമാരെ കൊലപ്പെടുത്തുകയും ചെയ്തിരുന്നു) എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

അദ്ദേഹത്തിന്റെ പെട്ടെന്നുള്ള ഭയവും, പരിഭ്രമവും കണ്ടപ്പോൾ ആഗതർ അദ്ദേഹത്തെ സമാധാനിപ്പിക്കുകയായി. ഒരു പക്ഷേ, ദാവൂദ് നബി (അ)ന്റെ ആൾക്കാർ അപ്പോഴേക്കും അവിടെ എത്തിച്ചേരുകയോ മറ്റോ സംഭവിച്ചിരിക്കുവാനും സാദ്ധ്യതയുണ്ട്. ഏതായാലും, തങ്ങളുടെ അനാശാസ്യമായ ഈ പ്രവേശനത്തിന്റെ ഉദ്ദേശ്യം അവർ പറഞ്ഞു കേൾപ്പിച്ചു. കേവലം സഹോദരങ്ങളും കൂട്ടുകാരുമായ തങ്ങൾക്കിടയിലുണ്ടായ ഒരു വഴക്കിൽ ന്യായമായ വിധി സമ്പാദിക്കലും, ഉപദേശം തേടലുമാണുദ്ദേശ്യമെന്ന് അവർ

സമർത്ഥിച്ചു. കേസിന്റെ രൂപം ഒരാൾ ഇങ്ങിനെ വിവരിച്ചു: എന്റെ ഈ സഹോദരന് തൊണ്ണൂറ്റൊമ്പത് പിടയാടുകളുണ്ട്. എനിക്ക് ഒന്നുമാത്രവും! ഈ ഒന്നിനെയും തനിക്ക് വിട്ടുകൊടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ഞങ്ങൾ തമ്മിൽ ഇതിനെപ്പറ്റി അന്യോന്യം സംസാരിച്ചുവെങ്കിലും ന്യായത്തിൽ അദ്ദേഹം എന്നെ തോൽപിക്കുകയാണുണ്ടായത്. അതുകൊണ്ട് ഞങ്ങൾക്കിടയിൽ ശരിയായ വിധി കൽപിച്ചുതന്ന് ഞങ്ങളെ നേർവഴിക്കാക്കണം.

അന്യായക്കാരനായ കക്ഷിയുടെ മൊഴികളാണിത് എന്ന് വ്യക്തമാണ്. എന്നാൽ പ്രതിയുടെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും ചോദ്യമോ പ്രതിവിസ്താരമോ ആകട്ടെ, ഒന്നുംതന്നെ അല്ലാഹു ഇവിടെ ഉദ്ധരിച്ചിട്ടില്ല. അന്യായം കേട്ടമാത്രയിൽതന്നെ ദാവൂദ് നബി (അ) വിധി പ്രസ്താവിച്ചതായിട്ടാണ് പ്രത്യക്ഷത്തിൽ കാണുന്നത്. അദ്ദേഹം അന്യായക്കാരനാണ് വിധി കൊടുത്തത്; അവൻ തന്റെ ആടുകളിൽകൂടി നിന്റെ ആടിനെയും കിട്ടണമെന്നാവശ്യപ്പെട്ടത് അക്രമമാണ്. അന്യോന്യം ഇടകലർന്ന് കൂട്ടായി വർത്തിക്കുന്ന പലരും ഇങ്ങിനെ പരസ്പരം പ്രവർത്തിക്കാറുണ്ടെന്നും സത്യവിശ്വാസവും സൽക്കർമവും സ്വീകരിച്ചവർ മാത്രമേ ഇതിൽനിന്ന് ഒഴിവാകുകയുള്ളൂവെന്നും, അങ്ങിനെയുള്ള സജ്ജനങ്ങൾ വളരെ കുറവാണെന്നും അദ്ദേഹം തുടർന്ന് പ്രസ്താവിക്കയും ചെയ്തു.

ഈ സംഭവം മുഖേന അല്ലാഹു തന്നെ പരീക്ഷിച്ചതാണെന്ന് ദാവൂദ് നബി (അ) കരുതിയെന്നും, അങ്ങിനെ അദ്ദേഹം പാപമോചനം തേടുകയും റുകൂഉം സുജൂദും ചെയ്ത് നിലം പതിച്ച് ഖേദിച്ച് മടങ്ങുകയും ചെയ്തുവെന്നും, അല്ലാഹു അദ്ദേഹത്തിന് പൊറുത്ത്കൊടുത്തുവെന്നും അല്ലാഹു തുടർന്നു പറഞ്ഞിരിക്കുന്നു. പരീക്ഷണം എന്തായിരുന്നു? അദ്ദേഹം ചെയ്ത തെറ്റ് എന്തായിരുന്നു? ഒന്നും ഖണ്ഡിതമായി പറയുവാൻ സാധ്യമല്ല. ഒരുപക്ഷേ, കേസിനെപ്പറ്റി കൂടുതൽ അന്വേഷണം നടത്താതെയും, പ്രതിയുടെ വാമൊഴികൾ ആരായാതെയും കേസ്സിൽ വിധിപറഞ്ഞതായിരിക്കാം. അല്ലെങ്കിൽ, പെട്ടെന്ന് അതിക്രമിച്ച് കടന്ന അവരുടെമേൽ എന്തെങ്കിലും ശക്തിയായ നടപടി എടുക്കുവാൻ പ്രഥമ വീക്ഷണത്തിൽ അദ്ദേഹം ഉദ്ദേശിച്ചിരിക്കുകയും, പിന്നീട് മാപ്പ് കൊടുക്കുകയും ചെയ്തതായിരിക്കാം. അതല്ലെങ്കിൽ ആഗതരെപ്പറ്റി ആക്ഷേപിച്ചതുമായിരിക്കാം. അവർ അകത്ത് പ്രവേശിച്ച സന്ദർഭവും, സ്വഭാവവും, ആ പ്രവേശനത്തിന് അവർ പറഞ്ഞ കാരണവും നോക്കുമ്പോൾ ഇങ്ങിനെ പലതുമായിരിക്കുവാൻ വഴിയുണ്ട്. വളരെ കെട്ടിപ്പിണവുള്ള ഒരു കേസല്ല അവർ പറഞ്ഞത്. ആ കേസ് അദ്ദേഹത്തിന്റെ ദർബാറിൽ സാധാരണമട്ടിൽ സമർപ്പിക്കാവുന്നതേ ഉള്ളൂ. ഈ കേസിന്റെ വിവരണത്തിൽ നിന്ന് തന്നെ, അവരുടെ പ്രവേശനത്തിൽ ഇതല്ലാതെ മറ്റൊന്തോ ഒരു ഉദ്ദേശ്യം ഒളിഞ്ഞു കിടപ്പുണ്ടെന്ന് വിചാരിക്കാൻ തികച്ചും ന്യായമുണ്ട്. ഇതിനെല്ലാം പുറമെ, സാധാരണക്കാരായ ആളുകളെ അപേക്ഷിച്ചോ, നീതിന്യായത്തിന്റെ അടിസ്ഥാനത്തിലോ നോക്കുമ്പോൾ, ഒരു തെറ്റായി വ്യാഖ്യാനിക്കപ്പെടാത്ത ചില നിസ്സാരകാര്യങ്ങൾ പോലും, ദാവൂദ് നബി (അ)നെ പോലുള്ള മഹാന്മാരുടെ സ്ഥാനമാനങ്ങൾക്ക് നിരക്കാത്തതാണെന്നും വരാമല്ലോ. അവരെ സംബന്ധിച്ചിടത്തോളം അത് തെറ്റുകുറ്റങ്ങളായി പരിഗണിക്കപ്പെടുകയും ചെയ്തേക്കാവുന്നതാണ്. ഏതായാലും, ധാരണയിലോ, പ്രവൃത്തിയിലോ വന്ന ആ നിസ്സാര തെറ്റിനുപോലും അദ്ദേഹം അങ്ങേ അറ്റം ഖേദിച്ചു പശ്ചാത്താപിച്ചു. അല്ലാഹു അത് പൊറുത്തുകൊടുക്കുകയും ചെയ്തു. വാസ്തവം അല്ലാഹുവിന്നറിയാം.

ഈ ആഗതന്മാർ മലക്കുകളായിരുന്നുവെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞ് കാണുന്നു. ഇത് വാസ്തവമാണെങ്കിലും അല്ലെങ്കിലും ശരി, ന്യായാധിപസ്ഥാനം

കൈകാര്യം ചെയ്യുന്നതിൽ ആവശ്യമായ മര്യാദകളും, കാര്യക്ഷമതയും ദാവൂദ് നബി (അ) കൂടുതൽ മനസ്സിലാക്കുവാൻ കാരണമായിത്തീർന്ന ഒരു സംഭവമായിരുന്നു ഇതെന്നും, ഈ സംഭവം മുഖേന ആ തുറയിൽ അദ്ദേഹത്തിന് ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, അല്ലാഹുവിങ്കൽ അദ്ദേഹത്തിന് കൂടുതൽ സ്ഥാനപദവി സിദ്ധിച്ചുവെന്നും തീർച്ചയാണ്. പൊറുത്തുകൊടുത്ത് എന്ന് പറഞ്ഞ് അല്ലാഹുമതിയാക്കിയില്ല. وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ (നിശ്ചയമായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യവും നല്ല മടക്കസ്ഥാനവും ഉണ്ട്.) എന്നുകൂടി പറഞ്ഞിരിക്കുന്നുവല്ലോ. മാത്രമല്ല, ഈ സംഭവം വിവരിച്ചതിനെത്തുടർന്ന് അടുത്ത വചനത്തിൽ അദ്ദേഹത്തെ അഭിമുഖീകരിച്ചു പറയുന്നതും നോക്കുക. അദ്ദേഹത്തെ ഭൂമിയിലെ പ്രതിനിധിയാക്കിയിട്ടുണ്ടെന്നും, അതുകൊണ്ട് ഇച്ഛനോക്കാതെ മുറപ്രകാരം ന്യായാധിപത്യം നടത്തേണമെന്നുമാണല്ലോ അതിൽ പറയുന്നത്. അപ്പോൾ, ആ സംഭവവും ഈ പ്രസ്താവനയും തമ്മിൽ എന്തോ പ്രത്യേക ബന്ധമുണ്ടെന്ന് സ്പഷ്ടമാണ്.

24-ാം വചനം ഓതുമ്പോൾ സുജൂദ് ചെയ്യേണ്ടതുണ്ടെന്ന് പറഞ്ഞുവല്ലോ. ഇത് സാധാരണ ഓത്തിന്റെ സുജൂദുകളുടെ ഇനത്തിൽപെട്ടതല്ല. ദാവൂദ് നബി (അ)ന്റെ പശ്ചാത്താപം സ്വീകരിച്ചതിൽ അല്ലാഹുവിന് നന്ദിയായി ചെയ്യുന്ന ഒരു സുജൂദ് (سجدة الشكر) ആകുന്നു. ഇമാം നസാഇൗ (റ) ഇബ്നു അബ്ബാസ് (റ)ൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: സ്വാദ് സൂറത്തിൽവെച്ച് നബിﷺ സുജൂദ് ചെയ്യുകയും ഇങ്ങിനെ പറയുകയും ചെയ്തു: ദാവൂദ് നബി (അ) പശ്ചാത്താപമെന്ന നിലക്ക് സുജൂദ് ചെയ്തു. നാമത് നന്ദിയെന്ന നിലക്ക് ചെയ്യുന്നു. ഇത് സംബന്ധിച്ച് ഹദീഥുകൾ വേറെയും കാണാം. ദാവൂദ് നബി (അ)നെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

يَـٰدَاوُۥدُ إِنَّا جَعَلْنَـٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ ٱللَّهِ ۚ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ ﴿٢٦﴾

﴿26﴾ ഹേ, ദാവൂദ്! നിശ്ചയമായും നിന്നെ നാം ഭൂമിയിൽ ഒരു പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ, നീ മനുഷ്യർക്കിടയിൽ ന്യായപ്രകാരം വിധി നടത്തുക. ഇച്ഛയെ പിൻപറ്റുകയും ചെയ്യരുത്. കാരണം, അത് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് നിന്നെ വ്യതിചലിപ്പിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിക്കുന്നവർ, അവർ ന്യായവിചാരണ ദിവസത്തെ വിസ്മരിക്കുന്നത് നിമിത്തം, അവർക്ക് കഠിനശിക്ഷയുണ്ടായിരിക്കും.

﴿26﴾ يَادَاوُدُ ഹേ ദാവൂദ് إِنَّا جَعَلْنَاكَ നിശ്ചയമായും നാം നിന്നെ ആക്കിയിരിക്കുന്നു خَلِيفَةً ഒരു പ്രതിനിധി فِي الأَرْضِ ഭൂമിയിൽ فَاحْكُمْ അതിനാൽ നീ വിധി നടത്തുക بَيْنَ النَّاسِ മനുഷ്യർക്കിടയിൽ بِالْحَقِّ ന്യായ (മുറ, യഥാർത്ഥ) പ്രകാരം وَلا تَتَّبِعِ നീ പിൻപ

റ്ററുത് الْهَوَىٰ ഇച്ഛയെ (സ്വന്തം ഇഷ്ടത്തെ) فَيُضِلَّكَ കാരണം അത് നിന്നെ വ്യതിചലിപ്പി ക്കും, എന്നാലത് നിന്നെ പിഴപ്പിക്കും عَنْ سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് إِنَّ നിശ്ചയമായും الَّذِينَ يَضِلُّونَ പിഴച്ചുപോകുന്നവർ, വ്യതിചലിക്കുന്നവർ عَنْ سَبِيلِ اللَّهِ അല്ലാ ഹുവിന്റെ മാർഗത്തിൽനിന്ന് لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിനമായ ശിക്ഷ بِمَا نَسُوا അവർ മറന്നത് (വിസ്മരിച്ചത്) നിമിത്തം يَوْمَ الْحِسَابِ വിചാരണയുടെ ദിവസത്തെ

ദാവൂദ് നബി (അ) പ്രവാചകനും ദൈവദൂതനുമാണ്. അതോടൊപ്പം അദ്ദേഹത്തിന് രാജത്വവും, ഭരണാധിപത്യവും കാര്യങ്ങൾ അദ്ദേഹത്തിന് പഠിപ്പിക്കുകയും, അതിനെതിരായി അധികാരം ദുരുപയോഗപ്പെടുത്തുന്നപക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി ശക്തിയായി താക്കീത് ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ ദാവൂദ് നബി (അ) യെ മാത്രം ബാധിക്കുന്നതല്ല ഈ വചനത്തിലെ ശാസനയും താക്കീതും. എല്ലാ നേതാക്കന്മാരെയും, അധികാരസ്ഥന്മാരെയും ഒരുപോലെ ബാധിക്കുന്നതാണ് അവ. ഇമാം അഹ്മദും, തിർമദിയും (റ) ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: കിയാമത്ത് നാളിൽ മനുഷ്യരിൽവെച്ച് അല്ലാഹുവിങ്കലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനും ഏറ്റവും സാമീപ്യമുള്ളവനും, നീതിമാനായ നേതാവായിരിക്കും. കിയാമത്തുനാളിൽ മനുഷ്യരിൽവെച്ച് അല്ലാഹുവിങ്കലേക്ക് ഏറ്റവും വെറുക്കപ്പെട്ടവനും, ഏറ്റവും കഠിന ശിക്ഷയുള്ളവനും നീതികെട്ട നേതാവുമായിരിക്കും.

വിഭാഗം - 3

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا بَٰطِلًا ۚ ذَٰلِكَ ظَنُّ ٱلَّذِينَ كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ ٱلنَّارِ ﴿٢٧﴾

(27) ആകാശവും, ഭൂമിയും, അവയുടെ ഇടയിലുള്ളതും നാം നിരർത്ഥമായി (വൃഥാ) സൃഷ്ടിച്ചിട്ടില്ല. അവിശ്വസിച്ചിട്ടുള്ളവരുടെ ധാരണയത്രെ അത്. ആകയാൽ, അവിശ്വസിച്ചവർക്ക് നരകമാകുന്ന നാശം!

أَمْ نَجْعَلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ كَٱلْمُفْسِدِينَ فِى ٱلْأَرْضِ أَمْ نَجْعَلُ ٱلْمُتَّقِينَ كَٱلْفُجَّارِ ﴿٢٨﴾

(28) അതല്ല - വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുകയോ?! അതല്ലെങ്കിൽ (സൂക്ഷ്മതയുള്ള) ഭയക്തന്മാരെ നാം ദുഷ്ടന്മാരെപ്പോലെ ആക്കുകയോ?!

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٩﴾

﴿29﴾ (ഇതാ) നാം നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഒരു വേദഗ്രന്ഥം! അനുഗ്രഹീതമാണ് (അത്). അതിന്റെ സൂക്തങ്ങളെ (അഥവാ ദൃഷ്ടാന്തങ്ങളെ) അവര്‍ ഉറ്റാലോചിക്കുവാനും, ബുദ്ധിമാന്മാര്‍ ഓര്‍മിക്കുവാനും വേണ്ടിയത്രെ (അവതരിപ്പിച്ചിരിക്കുന്നത്).

﴿27﴾ وَمَاخَلَقْنَا നാം സൃഷ്ടിച്ചിട്ടില്ല السَّمَاءَ ആകാശം وَالأَرْضَ ഭൂമിയും وَمَابَيْنَهُمَا അവയുടെ ഇടയിലുള്ളതും بَاطِلًا നിരര്‍ത്ഥമായി, വൃഥാ ذَٰلِكَ അത് ظَنُّ ധാരണയാണ് الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ فَوَيْلٌ അതിനാല്‍ നാശം لِلَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ക്ക് مِنَ النَّارِ നരകം നിമിത്തം. ﴿28﴾ أَمْ نَجْعَلُ അതല്ലാ (അല്ലെങ്കില്‍, അഥവാ) നാം ആക്കുമോ الَّذِينَ آمَنُوا വിശ്വസിച്ചവരെ وَعَمِلُوا الصَّالِحَاتِ സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കയും ചെയ്ത كَالْمُفْسِدِينَ കുഴപ്പമുണ്ടാക്കുന്നവരെപോലെ فِي الأَرْضِ ഭൂമിയില്‍ أَمْ نَجْعَلُ അതല്ലെങ്കില്‍ നാം ആക്കുമോ الْمُتَّقِينَ ഭയഭക്തന്മാരെ, സൂക്ഷ്മതയുള്ളവരെ كَالْفُجَّارِ ദുഷ്ടന്മാരെ, (തോന്നിവാസികളെ)പ്പോലെ ﴿29﴾ كِتَابٌ ഒരു (വേദ)ഗ്രന്ഥം أَنزَلْنَاهُ നാമതിനെ ഇറക്കിയിരിക്കുന്നു إِلَيْكَ നിനക്ക്, നിങ്ങളിലേക്ക് مُبَارَكٌ അനുഗൃഹീതമായത്, ആശീര്‍വദിക്കപ്പെട്ടത് لِيَدَّبَّرُوا അവര്‍ ഉറ്റാലോചിക്കാന്‍, ചിന്തിക്കാന്‍ آيَاتِهِ അതിന്റെ ആയത്തു (ദൃഷ്ടാന്തം, സൂക്തം)കളെ وَلِيَتَذَكَّرَ ഓര്‍മിക്കുവാനും, സ്മരിക്കുവാനും أُولُو الأَلْبَابِ ബുദ്ധിമാന്മാര്‍.

വളരെ അനുഗൃഹീതമായ (ബര്‍ക്കത്തുള്ള) ഒരു പുണ്യഗ്രന്ഥമത്രെ ക്വുര്‍ആന്‍. എന്നാല്‍, കേവലം പുണ്യത്തിനുവേണ്ടിമാത്രം പാരായണം ചെയ്യുവാന്‍ വേണ്ടിയല്ല അത് അവതരിപ്പിച്ചിട്ടുള്ളതെന്നും, അതിന്റെ സന്ദേശങ്ങള്‍ മനസ്സിലാക്കുകയും, അവയെപ്പറ്റി ചിന്തിക്കുകയും ചെയ്യുവാന്‍വേണ്ടിയാണ് അവതരിപ്പിച്ചിട്ടുള്ളതെന്നും ഈ വചനം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ബര്‍ക്കത്തിനുവേണ്ടി മാത്രം ക്വുര്‍ആന്‍ പഠിക്കുകയും, പാരായണം ചെയ്യുകയും ചെയ്യുവാന്‍ പ്രത്യേകം ഓര്‍മിക്കേണ്ടതുള്ള ഒരു ആയത്താണിത്. ഹസ്സന്‍ ബസ്വരി (റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ക്വുര്‍ആന്റെ അര്‍ത്ഥസാരങ്ങള്‍ അറിയാത്ത കുട്ടികളും, അടിമകളുമെല്ലാം അതുവായിക്കുന്നു. അവരതിന്റെ അക്ഷരങ്ങള്‍ പാഠമാക്കുകയും അതിന്റെ നിയമങ്ങള്‍ പാഴാക്കുകയും ചെയ്യുന്നു. ഒരാള്‍ പറഞ്ഞേക്കും: ഞാന്‍ ക്വുര്‍ആന്റെ ഒരക്ഷരവും ബാക്കിയില്ലാതെ പഠിച്ചിരിക്കുന്നുവെന്ന്. എന്നാല്‍ അല്ലാഹു തന്നെയാണ സത്യം! അവന്‍ ഒന്നും പഠിക്കാതെ സകലവും വിട്ടുകളഞ്ഞിരിക്കുകയാണ്. അവന്റെ സ്വഭാവത്തിലോ പ്രവൃത്തിയിലോ അതിന്റെ (അത് പഠിച്ചതിന്റെ) ഒരടയാളവും കാണപ്പെടുകയില്ല. ഇങ്ങിനെയുള്ളവര്‍ വിജ്ഞാനികളുമല്ല, (മതത്തിന്റെ) സംരക്ഷകന്മാരുമല്ല. ഇത്തരക്കാരെ അല്ലാഹു വര്‍ദ്ധിപ്പിക്കാതിരിക്കട്ടെ!.അടുത്ത വചനങ്ങളില്‍ സുലൈമാന്‍ നബി (അ)ന്റെ ചില രംഗങ്ങളെ വിവരിക്കുന്നു:

وَوَهَبْنَا لِدَاوُۥدَ سُلَيْمَـٰنَ ۚ نِعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ ﴿٣٠﴾

﴾30﴿ ദാവൂദിന് നാം സുലൈമാനെ പ്രദാനം ചെയ്തു അദ്ദേഹം വളരെ നല്ല അടിയാൻ! നിശ്ചയമായും, അദ്ദേഹം വളരെ മടക്കമുള്ള ആളാകുന്നു.

إِذْ عُرِضَ عَلَيْهِ بِٱلْعَشِىِّ ٱلصَّـٰفِنَـٰتُ ٱلْجِيَادُ ﴿٣١﴾

﴾31﴿ (അതിവേഗതയുള്ള) മുന്തിയവയും, കാലുപൊക്കി നിൽക്കുന്നവയുമായ കുതിരകൾ അദ്ദേഹത്തിന് വൈകുന്നേരം പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം;-

فَقَالَ إِنِّىٓ أَحْبَبْتُ حُبَّ ٱلْخَيْرِ عَن ذِكْرِ رَبِّى حَتَّىٰ تَوَارَتْ بِٱلْحِجَابِ ﴿٣٢﴾

﴾32﴿ അപ്പോൾ അദ്ദേഹം പറയുകയായി: ഞാൻ എന്റെ രക്ഷിതാവിന്റെ സ്മരണ നിമിത്തം (ഈ) നന്മയോടുള്ള സ്നേഹം സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെ, അവ മറവിൽ തിരോധാനം ചെയ്തു (കാഴ്ചയിൽനിന്ന് മറഞ്ഞു).

رُدُّوهَا عَلَىَّ ۖ فَطَفِقَ مَسْحًۢا بِٱلسُّوقِ وَٱلْأَعْنَاقِ ﴿٣٣﴾

﴾33﴿ (അദ്ദേഹം പറഞ്ഞു:) നിങ്ങൾ അവയെ എന്റെ അടുക്കൽ തിരിച്ചു കൊണ്ടുവരുവിൻ . എന്നിട്ട് അദ്ദേഹം (അവയുടെ) തണ്ടങ്കാലുകളെയും, പിരടികളെയും തടവാൻ തുടങ്ങി.

﴾30﴿ وَوَهَبْنَا നാം പ്രദാനം ചെയ്തു لِدَاوُدَ ദാവൂദിന് سُلَيْمَانَ സുലൈമാനെ نِعْمَ വളരെ നല്ലവനാണ് الْعَبْدُ (ആ) അടിയാൻ إِنَّهُ നിശ്ചയമായും അദ്ദേഹം أَوَّابٌ വളരെ മടക്കം, പശ്ചാത്താപം ഉള്ളവനാകുന്നു. ﴾31﴿ إِذْعُرِضَ പ്രദർശിപ്പിക്ക(കാണിക്ക)പ്പെട്ട സന്ദർഭം عَلَيْهِ അദ്ദേഹത്തിന് بِالْعَشِيِّ വൈകുന്നേരം, സന്ധ്യാസമയം الصَّافِنَاتُ കാലുപൊക്കി നിൽക്കുന്ന കുതിരകൾ الْجِيَادُ (നല്ല) മുന്തിയ.﴾32﴿ فَقَالَ അപ്പോൾ അദ്ദേഹം പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ أَحْبَبْتُ ഞാൻ സ്നേഹംവെച്ചു حُبَّ الْخَيْرِ നന്മയുടെ (നന്മയോടുള്ള സ്നേഹം) عَنْ ذِكْرِ സ്മരണയാൽ رَبِّي എന്റെ രക്ഷിതാവിന്റെ حَتَّى تَوَارَتْ അത് മറയുന്നത്വരെ, അങ്ങിനെ അത് തിരോധനം ചെയ്തു بِالْحِجَابِ മറയിൽ, മറയാൽ.﴾33﴿ رُدُّوهَا അവയെ തിരിച്ചുകൊണ്ടുവരിൻ, മടക്കുവിൻ عَلَيَّ എന്റെ അടുക്കൽ, എനിക്ക് فَطَفِقَ എന്നിട്ടദ്ദേഹം തുടങ്ങി, ആയി مَسْحًا തടവാൻ بِالسُّوقِ തണ്ടങ്കാലിന് وَالْأَعْنَاقِ പിരടികൾക്കും, കഴുത്തിനും.

ദാവൂദ് നബി (അ) ഒരു പ്രവാചകവര്യനും, മഹാരാജാവുമായിരുന്നുവല്ലോ. അദ്ദേഹത്തിന് ശേഷം പ്രവാചകത്വത്തിലും, രാജത്വത്തിലും സുലൈമാൻ നബി (അ) അദ്ദേഹത്തിന്റെ പിൻഗാമിയും അനന്തരാവകാശിയുമായിത്തീർന്നു. അതുകൊണ്ടാണ് ദാവൂദിന് നാം സുലൈമാനെ പ്രദാനം ചെയ്തു(وَوَهَبْنَا لِدَاوُودَ سُلَيْمَانَ) എന്ന് ഇവിടെയും സുലൈമാൻ ദാവൂദിനെ അനന്തരമെടുത്തു(وَوَرِثَ سُلَيْمَانُ دَاوُودَ) എന്ന് സൂ: നംലിലും പറഞ്ഞിരിക്കുന്നത്. സുലൈമാൻ നബി (അ) യുടെ ഭരണം കൂടുതൽ ശക്തവും, അനിതരസാധാരണവുമായിരുന്നു. ഒരു ഭരണത്തിന്റെ പ്രതിരോധശക്തിയായിരിക്കും അതിന്റെ നട്ടെല്ല്. അതിൽ അക്കാലത്ത് പ്രഥമ സ്ഥാനമാണ് കുതിരപ്പട്ടാളത്തിനുണ്ടായിരുന്നത്. ഏറ്റവും മികച്ചതും, ഉത്തമ ലക്ഷണങ്ങളോടു കൂടിയതുമായ കുതിരപ്പട്ടാളം കഴിവതും സജ്ജമാക്കുകയെന്നത് അടുത്ത കാലംവരെ ഭരണാധികാരികളുടെ പതിവായിരുന്നു. യുദ്ധായുധങ്ങൾ യന്ത്രവൽകരിക്കപ്പെട്ടതോടു കൂടിയാണ് കുതിരപ്പട്ടാളത്തിന് സ്ഥാനം കുറഞ്ഞുവന്നത്. സുലൈമാൻ നബി (അ) യുടെ പട്ടാളത്തിലുണ്ടായിരുന്ന മേത്തരം കുതിരപ്പട്ടാളത്തിന്റെ ഒരു പ്രദർശനത്തെക്കുറിച്ചാണ് ഇവിടെ അല്ലാഹു പ്രസ്താവിക്കുന്നത്.

അതിവേഗത്തിൽ കുതിച്ചോടുന്ന മുന്തിയതരം കുതിരകൾക്കാണ് الْجِيَادُ എന്ന് പറയുന്നത്. ഒരു കാൽ അൽപമൊന്നു പൊക്കിക്കൊണ്ട് മൂന്ന് കാലിൽ ഊന്നിനിൽക്കുക മേത്തരം കുതിരകളുടെ ലക്ഷണമാകുന്നു. അത് കൊണ്ടാണ് അവയെ الصَّافِنَاتُ എന്ന് പ്രത്യേകം വിശേഷിപ്പിച്ചിരിക്കുന്നത്. സൂറത്തുൽ ആദിയാത്തി (الْعَادِيَاتِ)ൽ നല്ല തരം കുതിരപ്പട്ടാളത്തെക്കുറിച്ച് അല്ലാഹു ഇങ്ങിനെ വർണിച്ചിരിക്കുന്നു:“കിതച്ചുകൊണ്ട് കുതിച്ചോടുന്നവ, അങ്ങിനെ തീപ്പൊരി പറപ്പിക്കുന്നവ, അങ്ങിനെ പ്രഭാതത്തിൽ ചെന്നു ആക്രമണം നടത്തുന്നവ, എന്നിട്ട് അവ പൊടി പടലം ഇളക്കിവിടുന്നു, അങ്ങിനെ (ശത്രു) സംഘത്തിന് മദ്ധ്യത്തിൽ പ്രവേശിക്കുന്നു''. സത്യത്തിന്റെ എതിരാളികളിൽ നിന്നുണ്ടാകുന്ന അക്രമങ്ങളെ നേരിടുവാനും, അവരെ നിലക്ക് നിറുത്തുവാനുംവേണ്ടി സത്യത്തിന്റെ അനുയായികൾ ശക്തി സജ്ജീകരിക്കേണ്ടതിന്റെ ആവശ്യകത ഉണർത്തുകയും, അതിലേക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകുകയുമാണ് ഇത്തരം ക്വുർആൻ വചനങ്ങൾ ചെയ്യുന്നത്.

ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്ന സംഭവം ക്വുർആൻ വ്യാഖ്യാതാക്കൾ വ്യാഖ്യാനിച്ചു കാണാം. അവയിൽ കൂടുതൽ ന്യായമായതും, ക്വുർആന്റെ വാക്കുകളോട് കൂടുതൽ യോജിപ്പുള്ളതുമായി കാണുന്ന വ്യാഖ്യാനം ഇതാണ്: ഒരു ദിവസം വൈകുന്നേരം സുലൈമാൻ നബി (അ)യുടെ മേത്തരം കുതിരപ്പട്ടാളത്തിന്റെ ഒരു പ്രദർശനം നടത്തപ്പെടുകയുണ്ടായി. അതിവേഗം അവ കുതിച്ച് മുന്നോട്ടുനീങ്ങി. വളരെ ദൂരം പോയതുകൊണ്ടോ, രാത്രി ഇരുട്ട് മൂടിയതുകൊണ്ടോ - അതുമല്ലെങ്കിൽ അവയുടെ ശീഘ്രഗതിയാൽ പൊടിപടലം മൂടിയതുകൊണ്ടോ - അവ ദൃഷ്ടിയിൽനിന്ന് മറഞ്ഞുപോയി. കുതിരകളുടെ നന്മയും മേന്മയും അദ്ദേഹത്തെ സന്തുഷ്ടനാക്കി. പക്ഷേ, കേവലം ഭൗതികനേട്ടമെന്ന നിലക്കായിരുന്നില്ല അത്. അല്ലാഹു തനിക്ക് ചെയ്തുതന്ന അനുഗ്രഹവും, സത്യവിശ്വാസത്തിന്റെ ശത്രുക്കൾക്കെതിരിൽ പ്രയോഗിക്കുവാനുള്ള ശക്തിയും എന്ന നിലക്കായിരുന്നു അദ്ദേഹം അവയെ സ്നേഹിച്ചത്. എന്റെ രക്ഷിതാവിന്റെ സ്മരണനിമിത്തം (ഈ) നന്മയോട്- കുതിരപ്പട്ടാള

സമ്പത്തിനോടുള്ള സ്നേഹം ഞാൻ വെച്ച് പുലർത്തുകയാണ് (إِنِّي أَحْبَبْتُ حُبَّ الْخَيْرِ عَن ذِكْرِ رَبِّي)എന്ന് അദ്ദേഹം പറഞ്ഞിരുന്നത് അത് കൊണ്ടായിരുന്നു. പിന്നീട് കുതിരകളെ തിരിച്ചുകൊണ്ടുവരുവാൻ അദ്ദേഹം കൽപന കൊടുത്തു. തിരിച്ചെത്തിയശേഷം സന്തോഷത്തോടും, സ്നേഹത്തോടും കൂടി അവയുടെ കാലിലും, കഴുത്തിലും തൊട്ടുതടവിക്കൊണ്ടിരിക്കുകയും ചെയ്തു.

സത്യത്തിന്റെ ശത്രുക്കൾക്കെതിരിൽ പ്രതിരോധശക്തി വർദ്ധിപ്പിക്കുകയും, സജ്ജീകരിക്കുകയും വേണ്ടതുണ്ട്. സത്യവിശ്വാസികൾ പൊതുവിലും ഭരണാധികാരികൾ പ്രത്യേകിച്ചും ഗൗനിക്കേണ്ടുന്ന കാര്യമാണിത്; ഇത്തരം ശക്തി സംഭരണങ്ങളൊന്നും കേവലം ആർഭാടങ്ങളുടെ കൂട്ടത്തിൽ പെട്ടതല്ല; അല്ലാഹുവിന്റെ സ്മരണയാകുന്ന പുണ്യകർമങ്ങളുടെ ഇനത്തിൽപെട്ടതാണ്; അഥവാ ആ ലക്ഷ്യത്തോടും ഉദ്ദേശ്യത്തോടും കൂടിയായിരിക്കണം അത്. എന്നിങ്ങിനെയുള്ള മാതൃകാപാഠങ്ങളാണ് ഈ സംഭവത്തിൽനിന്ന് നാം മനസ്സിലാക്കേണ്ടത്. അല്ലാഹു നബി ﷺയോടും സത്യവിശ്വാസികളോടും പറയുന്നത് നോക്കുക: وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدُوَّ اللَّهِ وَعَدُوَّكُمْ وَآخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ اللَّهُ يَعْلَمُهُمْ وَمَا تُنفِقُوا مِن شَيْءٍ فِي سَبِيلِ اللَّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ · الأنفال സാരം: നിങ്ങൾ അവർക്ക് - ശത്രുക്കൾക്ക്-വേണ്ടി നിങ്ങൾക്ക് സാധിക്കുന്നത്ര ശക്തിയും, കെട്ടിനിറുത്തിയ കുതിരപ്പട്ടാളത്തെയും ഒരുക്കിക്കൊള്ളുവിൻ. അതുമൂലം അല്ലാഹുവിന്റെ ശത്രുവെയും, നിങ്ങളുടെ ശത്രുവെയും, അവർക്ക് പുറമെ നിങ്ങൾക്കറിഞ്ഞു കൂടാത്ത മറ്റു ചിലരെയും-അവരെ അല്ലാഹു അറിയുന്നതാണ്- നിങ്ങളെ ഭയപ്പെടുത്തുവാനായിട്ടാണ് (അത്). അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ എന്തുതന്നെ ചിലവഴിച്ചാലും അത് നിങ്ങൾക്ക് നിറവേറ്റിതരപ്പെടുന്നതാണ്. നിങ്ങൾ (ഒട്ടും) അനീതി ചെയ്യപ്പെടുന്നതുമല്ല. (സൂ: അൻഫാൽ 60) അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടും, അവന്റെ വാഗ്ദാനം സത്യമാക്കിക്കൊണ്ടും ഒരാൾ കുതിരയെ അല്ലാഹുവിന്റെ മാർഗത്തിൽ മുടക്കിവെച്ചാൽ അത് വയറു നിറക്കുന്നതും, ദാഹം തീർക്കുന്നതും, കാഷ്ടിക്കുന്നതും മൂത്രിക്കുന്നതുമെല്ലാം അവന്റെ (കർമങ്ങളുടെ) തൂക്കത്തിൽ ഉണ്ടായിരിക്കും എന്ന് റസൂൽ ﷺ പറഞ്ഞതായി ബുഖാരി (റ)യും ഉദ്ധരിക്കുന്നു.

രണ്ടാമത്തെ വ്യാഖ്യാനം ഇപ്രകാരമാണ്:കുതിരപ്പട്ടാള പ്രദർശത്തിൽ ശ്രദ്ധ മുഴുകിയത് നിമിത്തം സുലൈമാൻ നബി(അ) വൈകുന്നേരത്തെ നമസ്കാരം നിർവ്വഹിക്കുന്ന കാര്യം വിസ്മരിച്ചുപോയി. സൂര്യാസ്തമയത്തിന് ശേഷമാണ് ഓർമ വന്നത്. അതിനാൽ അവയെ തിരിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിക്കുകയും, അല്ലാഹുവിന്റെ സ്മരണക്ക് വിഘാതമായിത്തീർന്ന ആ കുതിരകളെ കഴുത്തും കാലും വെട്ടി അറുക്കുകയും, മാംസം ദാനം ചെയ്യുകയും ചെയ്തു إِنِّي أَحْبَبْتُ حُبَّ الْخَيْرِ عَن ذِكْرِ رَبِّي എന്ന വാക്യത്തിന് ഈ വ്യാഖ്യാന പ്രകാരം എന്റെ രക്ഷിതാവിന്റെ സ്മരണവിട്ട് ഞാൻ (കുതിരസമ്പത്താകുന്ന) നന്മയോടുള്ള സ്നേഹം സ്വീകരിച്ചുപോയി എന്നർത്ഥമായിരിക്കും. അഥവാ, ഇവയോടുള്ള പ്രേമം നിമിത്തം അല്ലാഹുവിന്റെ സ്മരണ എനിക്ക് വിട്ടുപോയല്ലോ എന്ന വ്യസനം പ്രകടമാക്കിയതായിരിക്കും. കൂടാതെ, തണ്ടങ്കാലും പിരടിയും തടവുവാൻ തുടങ്ങി

(فَطَفِقَ مَسْحًا بِالسُّوقِ وَالأَعْنَاقِ) എന്ന് പറഞ്ഞതിന്റെ താൽപര്യം അവയെ അറുത്തുകൊന്നുവെന്നും ആയിരിക്കും. കേവലം അനുവദനീയമെങ്കിലും ഐഹികവിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്നിമിത്തം അല്ലാഹുവിനോടുള്ള കടമ നിർവ്വഹിക്കുവാൻ വിട്ടുപോയതിൽ പശ്ചാത്തപിച്ചുകൊണ്ട് അദ്ദേഹം ആ കുതിരകളെ ബലിയർപ്പിച്ച് ദാനം ചെയ്തുവെന്നുമാണ് ഈ വ്യാഖ്യാനത്തിന്റെ ചുരുക്കം. ഈ വിശദീകരണങ്ങളും പ്രസ്താവനകളും വേറെയും കാണാമെങ്കിലും മുഫസ്സിറുകളിൽ അധികമാളുകളും പ്രസ്താവിച്ചു കാണുന്നത് ഇതാകുന്നു.

ഈ രണ്ടാമത്തെ വ്യാഖ്യാനം ഇമാം ഇബ്നുജരീർ (റ), ഇമാം റാസി (റ) മുതലായവർ തള്ളിക്കളയുകയും, ആദ്യത്തെ വ്യാഖ്യാനം ശരിവെക്കുകയും ചെയ്തിരിക്കുന്നത് പ്രസ്താവ്യമാണ്. ആയത്തിലെ വാക്കുകളും, അവയുടെ അർത്ഥങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ടും. യുക്തമായ ന്യായങ്ങൾ സമർപ്പിച്ചുകൊണ്ടും ഇമാം റാസീ (റ) ഇവിടെ ഒരു നീണ്ട പ്രസ്താവന തന്നെ ചെയ്തിട്ടുണ്ട്. ദൈർഘ്യഭയംനിമിത്തം അതിവിടെ ഉദ്ധരിക്കുന്നില്ല. ഒരു ജീവിയിലേക്കുശ്രദ്ധ തിരിഞ്ഞുപോയതുകൊണ്ട് നമസ്കരിക്കുവാൻ വിട്ടുപോയി എന്നല്ലാത്ത മറ്റൊരു കാരണവും കൂടാതെ, നിരപരാധികളായ ആ ജീവികളെ വെട്ടിയറുത്ത് ശിക്ഷിക്കുവാനും, തന്റെ സ്വത്ത് നശിപ്പിക്കുവാനും അദ്ദേഹം, തയ്യാറാകുവാൻ സാധ്യതയില്ല എന്നത്രെ ഇമാം ഇബ്നുജരീർ (റ) പറയുന്നത്. ഇബ്നു കഥീർ (റ) ഈ സംഭവത്തെപ്പറ്റി വന്നിട്ടുള്ള പല പ്രസ്താവനകളും ഉദ്ധരിക്കുകയും, അവയുടെ ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. പക്ഷേ, ഇബ്നുജരീർ (റ) പ്രസ്താവിച്ച ആ ന്യായം ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണെന്ന് അദ്ദേഹത്തിന് അഭിപ്രായമില്ല. അതിൽ അൽപം ആലോചിക്കാനുണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഒരു പക്ഷേ, സുലൈമാൻ നബി (അ)ന്റെ കാലത്തുള്ള നിയമത്തിന് അത് എതിരായിരുന്നില്ലെന്ന് വരാം - നമസ്കാരത്തിന് മുടക്കം വരുത്തിയസ്ഥിതിക്ക് അല്ലാവിനുവേണ്ടിയുള്ള രോഷമെന്ന നിലക്ക് പ്രത്യേകിച്ചും - എന്നാണ് അദ്ദേഹം പറയുന്നത്. കുതിരകളെ അറുക്കുകയാണ് ചെയ്തതെന്ന് പറയുന്നവർ, അദ്ദേഹം അവയെ വെട്ടിനിശിപ്പിച്ചുവെന്നല്ല; അറുത്ത് മാംസം ദാനം ചെയ്തു എന്നാണ് പറയുന്നതും. ഇതും ഇബ്നുകഥീർ (റ)ന്റെ സംശയത്തിന് കാരണമായിരിക്കാവുന്നതാണ്. അല്ലാഹുവിനറിയാം അതേസമയത്ത് കാലും, പിരടിയും തടവുവാൻ തുടങ്ങി فَطَفِقَ مَسْحًا بِالسُّوقِ وَالأَعْنَاقِ എന്ന വാക്യത്തിന് കാലിന്റെ ഞരമ്പറക്കുകയും കഴുത്ത്വെട്ടുകയുമാണ് ഉദ്ദേശ്യമെന്ന്വെക്കുവാനും പ്രയാസമുണ്ട്താനും.

ഇങ്ങിനെയുള്ള ചില കാരണങ്ങളും, ഏതെങ്കിലുമൊന്ന്മാത്രം ശരിയാണെന്ന് സ്ഥാപിക്കുന്നതിന് മതിയായ തെളിവില്ലായ്മയും നിമിത്തം അല്ലാമാ സയ്യിദ് ക്വുത്ബ് പോലുള്ള ചിലർ ഇവിടെ ഒന്നും പറയാതെ മൗനം അവലംബിച്ചിരിക്കുകയാണ്. (അടുത്ത ആയത്തുകളുടെ വിവരണത്തിൽ ഇദ്ദേഹത്തിന്റെ ചില വാക്കുകൾ നാം ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക.) ചുരുക്കിപറഞ്ഞാൽ, ഈ സംഭവത്തിന്റെ യഥാർത്ഥ സ്വഭാവത്തെപ്പറ്റി ഉറച്ച ഒരു തീരുമാനമെടുക്കുന്നതിനെക്കാൾ സുരക്ഷിതമായിട്ടുള്ളത് സയ്യിദ് ക്വുത്ബിന്റെ നയമാണെന്നും, ഒരു തീരുമാനം സ്വീകരിക്കുന്നപക്ഷം ഒന്നാമത്തെ വ്യാഖ്യാനം സ്വീകരിക്കുകയാണ് വേണ്ടതെന്നുമാണ് നമുക്കിവിടെ പറയുവാനുള്ളത്. الله اعلم.

وَلَقَدْ فَتَنَّا سُلَيْمَٰنَ وَأَلْقَيْنَا عَلَىٰ كُرْسِيِّهِۦ جَسَدًا ثُمَّ أَنَابَ ﴿٣٤﴾	﴿34﴾ സുലൈമാനെ നാം പരീക്ഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പീഠത്തിന്മേൽ [സിംഹാസനത്തിൽ] നാം ഒരു ശരീരത്തെ ഇടുകയും ചെയ്തു. പിന്നീടദ്ദേഹം (അല്ലാഹുവിങ്കലേക്ക് മടങ്ങി) വിനയപ്പെട്ടു.
قَالَ رَبِّ ٱغْفِرْ لِى وَهَبْ لِى مُلْكًا لَّا يَنۢبَغِى لِأَحَدٍ مِّنۢ بَعْدِىٓ ۖ إِنَّكَ أَنتَ ٱلْوَهَّابُ ﴿٣٥﴾	﴿35﴾ അദ്ദേഹം പറഞ്ഞു: രക്ഷിതാവേ, എനിക്ക് പൊറുത്തുതരേണമേ! എന്റെ ശേഷം ഒരാൾക്കും യോജിക്കാത്ത (അഥവാ സൗകര്യപ്പെടാത്ത) ഒരു രാജത്വം നീ എനിക്ക് പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും നീയത്രെ മഹാദാനശീലനായുള്ളവൻ.
فَسَخَّرْنَا لَهُ ٱلرِّيحَ تَجْرِى بِأَمْرِهِۦ رُخَآءً حَيْثُ أَصَابَ ﴿٣٦﴾	﴿36﴾ അപ്പോൾ, അദ്ദേഹത്തിന് നാം കാറ്റിനെ കീഴ്പെടുത്തിക്കൊടുത്തു; അത് അദ്ദേഹത്തിന്റെ കൽപന പ്രകാരം അദ്ദേഹം ഉന്നംവെച്ചിടത്തേക്ക് സൗകര്യമായ നിലയിൽ (നിഷ്പ്രയാസം) സഞ്ചരിക്കുമായിരുന്നു.

﴿34﴾ وَلَقَدْ فَتَنَّا നാം പരീക്ഷണം നടത്തുകയുണ്ടായി سُلَيْمَانَ സുലൈമാനെ وَأَلْقَيْنَا നാം ഇടുകയും ചെയ്തു عَلَىٰ كُرْسِيِّهِ അദ്ദേഹത്തിന്റെ പീഠ (സിംഹാസന)ത്തിന്മേൽ جَسَدًا ഒരു ശരീരം, തടി, ജഡം ثُمَّ പിന്നീട് أَنَابَ അദ്ദേഹം വിനയപ്പെട്ടു (മനസ്സ്) മടങ്ങി ﴿35﴾ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ اغْفِرْلِي എനിക്ക് പൊറുത്തുതരേണമേ وَهَبْ لِي എനിക്ക് പ്രദാനം ചെയ്യുകയും വേണമേ مُلْكًا ഒരു രാജത്വം لا يَنْبَغِي സൗകര്യപ്പെടാത്ത, യോജിക്കാത്ത, തരപ്പെടാത്ത, വേഗം ലഭിക്കാത്ത لِأَحَدٍ ഒരാൾക്കും مِنْ بَعْدِي എന്റെ ശേഷം إِنَّكَ أَنْتَ നിശ്ചയമായും നീയത്രെ الْوَهَّابُ മഹാദാനശീലൻ, വളരെ പ്രദാനം ചെയ്യുന്നവൻ. ﴿36﴾ فَسَخَّرْنَا അപ്പോൾ നാം കീഴ്പെടുത്തി لَهُ അദ്ദേഹത്തിന് الرِّيحَ കാറ്റിനെ تَجْرِي സഞ്ചരിക്കുന്ന, അത് സഞ്ചരിക്കും بِأَمْرِهِ അദ്ദേഹത്തിന്റെ കൽപനപ്രകാരം رُخَاءً മാർദ്ദവമായ നിലയിൽ, സൗമ്യമായി حَيْثُ أَصَابَ അദ്ദേഹം ഉന്നം (ലക്ഷ്യം) വെച്ചിടത്ത്.

وَٱلشَّيَٰطِينَ كُلَّ بَنَّآءٍ وَغَوَّاصٍ ﴿٣٧﴾

﴾37﴿ എല്ലാ (വിധ) കെട്ടിട നിർമാണക്കാരും, (സമുദ്രത്തിൽ) മുങ്ങൽക്കാരുമായ പിശാചുക്കളെയും (കീഴ്പെടുത്തിക്കൊടുത്തു).

وَءَاخَرِينَ مُقَرَّنِينَ فِي ٱلْأَصْفَادِ ﴿٣٨﴾

﴾38﴿ വിലങ്ങ് (ചങ്ങല)കളിൽ കൂട്ടി ബന്ധിക്കപ്പെട്ടിരുന്ന മറ്റു ചിലരെയും (കീഴ്പെടുത്തിക്കൊടുത്തു)

﴾37﴿ وَالشَّيَاطِينَ പിശാചുക്കളെയും كُلَّ بَنَّاءٍ (അതായത്) കെട്ടിട നിർമാണക്കാരായവരെയെല്ലാം وَغَوَّاصٍ മുങ്ങൽക്കാരുമായി ﴾38﴿ وَآخَرِينَ വേറെ ചിലരെയും مُقَرَّنِينَ ബന്ധിക്കപ്പെട്ട, കൂട്ടിയിണക്കപ്പെട്ടവരായ فِي الأَصْفَادِ വിലങ്ങുകളിൽ

ദാവൂദ് നബി (അ) ഒരു പരീക്ഷണത്തിന് വിധേയനായ സംഭവം മുമ്പ് പറഞ്ഞുവല്ലോ. അതുപോലെ, സുലൈമാൻ നബി (അ) ഒരു പരീക്ഷണത്തിന് വിധേയനായ കഥയാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ആ പരീക്ഷണത്തെത്തുടർന്ന് അദ്ദേഹം പാപമോചനത്തിന് വേണ്ടിയും, ചില പ്രത്യേകാനുഗ്രഹങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിച്ചുവെന്നും, അങ്ങിനെ മറ്റാർക്കും സിദ്ധിക്കാത്ത ചില പ്രത്യേകാനുഗ്രഹങ്ങൾ അല്ലാഹു അദ്ദേഹത്തിന് നൽകിയെന്നും പ്രസ്താവിക്കുന്നു. പരീക്ഷണത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇവിടെയും വിശദമായി വിസ്തരിക്കുന്നില്ല. وَأَلْقَيْنَا عَلَىٰ كُرْسِيِّهِۦ جَسَدًا (അദ്ദേഹത്തിന്റെ സിംഹാസനപീഠത്തിന്മേൽ നാം ഒരു ശരീരത്തെ ഇടുകയും ചെയ്തു) എന്നുമാത്രമേ അല്ലാഹു പറഞ്ഞിട്ടുള്ളൂ. ജീവനില്ലാത്ത ശരീരം - അഥവാ ജഡം - എന്നത്രെ جَسَدًا എന്ന വാക്കിന്റെ അർത്ഥം. ഈ ശരീരം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് നിർണയിക്കത്തക്ക തെളിവുകളൊന്നും ഇല്ലതാനും. പക്ഷേ, ഈ സംഭവം മൂലം സുലൈമാൻ നബി (അ)ന്റെ ഭരണത്തിന് ഹാനികരമായ എന്തോ ഒരു ദോഷം ബാധിക്കുവാൻ ഇടവന്നിട്ടുണ്ടെന്നും, അതിനെത്തുടർന്ന് അദ്ദേഹം അല്ലാഹുവിങ്കലേക്ക് വിനയപ്പെട്ടുകൊണ്ട് പ്രാർത്ഥിച്ചുവെന്നും, അതിന്റെ ഫലമായി അദ്ദേഹത്തിന് അവൻ അസാധാരണമായ ചില അനുഗ്രഹങ്ങൾ നൽകി അനുഗ്രഹിച്ചുവെന്നും ഈ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു.

ദാവൂദ് നബി (അ)നെപറ്റി പ്രചരിക്കപ്പെട്ട കഥകളെക്കാൾ ഗുരുതരമായ കെട്ടുകഥകൾ പലതും ഇവിടെ സുലൈമാൻ നബി (അ)നെക്കുറിച്ചും പ്രചരിക്കപ്പെട്ടിട്ടുണ്ട്. ഇമാം ഇബ്നുകഥീർ (റ) പറഞ്ഞതുപോലെ സാധാരണക്കാരായ ആളുകളെ സംബന്ധിച്ചപോലെ ന്യായീകരിക്കുവാൻ പാടില്ലാത്ത - ആ കഥകൾ ഉദ്ധരിച്ച് നാം സമയം പാഴാക്കേണ്ടതില്ല. മറ്റു ചില തൽപരവ്യാഖ്യാതാക്കൾ ചെയ്തുകാണുന്നപോലെ, ആ കഥകൾക്ക് പൊടിപ്പും തൊങ്ങലുംവെച്ച് വിശദീകരിക്കുകയും. എന്നിട്ടവയെല്ലാം പൊതുവിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ മേൽ വെച്ചുകെട്ടി അവരെ ഖണ്ഡിക്കുകയും, അതിന്റെ വെളിച്ചത്തിലൂടെ സ്വന്തം അഭിപ്രായങ്ങൾക്ക് മാർഗം തെളിയിക്കുകയും ചെയ്യുവാനും നാം മുതിരുന്നില്ല. സുലൈമാൻ നബി (അ)ന്റെ സിംഹാസനത്തിന്മേൽ

ഇടപ്പെട്ട ശരീരം കൊണ്ടുദ്ദേശ്യം എന്താണെന്നതിനെപറ്റി പലരും പലവിധത്തിൽ അഭിപ്രായപെട്ടിട്ടുണ്ടെങ്കിലും അവയിൽ ഇമാം റാസി (റ), അല്ലാമാ ഹക്കാനീ (റ) മുതലായവരുടെ അഭിപ്രായം ഒരുപക്ഷേ ശരിയായിരിക്കുവാൻ ഇടയുണ്ട്. ശക്തിയായ രോഗമോ മറ്റോ ബാധിച്ച് അവശനായി കിടക്കുന്ന ആളെപറ്റി جِسْم بِلاَرُوح (ജീവനില്ലാത്ത ശരീരം) എന്ന് അറബികൾ പറയാറുണ്ട്. അതുകൊണ്ട് ഭരണകാര്യങ്ങൾ വേണ്ടതുപോലെ നിർവ്വഹിക്കുവാൻ കഴിയാതെ സുലൈമാൻ നബി (അ) സിംഹാസനത്തിൽ – അഥവാ രാജകീയ പീഠത്തിൽ– കഴിഞ്ഞുകൂടേണ്ടിവന്നതായിരിക്കാം ഇവിടെ ഉദ്ദേശ്യം എന്നാണ് ആ അഭിപ്രായം. സുലൈമാൻ നബി (അ)ന് ജനിച്ച ഒരു കുട്ടിയെ അദ്ദേഹം അദ്ദേഹത്തിന്റെ നിലപാടിന് യോജിക്കാത്ത വിധം സ്നേഹിക്കുകയും, അതിനെപ്പറ്റി അതിയായ ജാഗ്രത കാണിച്ചുകൊണ്ടിരിക്കുകയും ചെയ്തുവെന്നും, ആ കുട്ടി പെട്ടെന്ന് ഒരിക്കൽ സിംഹാസനത്തിന്മേൽ മരിച്ചുകിടക്കുന്നതായി കണ്ടുവെന്നും, അതാണിവിടെ പരീക്ഷണം കൊണ്ട് ഉദ്ദേശ്യമെന്നും അല്ലാമാ ഫരീദുവജ്ദീ (റ) പ്രസ്താവിച്ചു കാണുന്നു. വാസ്തവം അല്ലാഹുവിനറിയാം ഏതായാലും, ആ പരീക്ഷണത്തിന് ശേഷം അദ്ദേഹത്തിന്റെ ഭരണം കൂടുതൽ പ്രബലപ്പെടുകയും, മറ്റാർക്കും ലഭിക്കാത്ത അനുഗ്രഹങ്ങളാൽ അനുഗൃഹീതമാകുകയും ചെയ്തു.

ഈ പരീക്ഷണസംഭവത്തെയും, ഇതിനുമുമ്പ് പ്രസ്താവിക്കപ്പെട്ട കുതിരപട്ടാള പ്രദർശനത്തെയും ചൂണ്ടിക്കാട്ടിക്കൊണ്ട് സയ്യിദ് ക്വുതുബ് പ്രസ്താവിച്ചിട്ടുള്ള ചില വാക്യങ്ങൾ ഇവിടെ ശ്രദ്ധേയമാകുന്നു. അവയെ ഇങ്ങിനെ സംഗ്രഹിക്കാം: മേത്തരങ്ങളായ കാല് പൊക്കിനിൽക്കുന്ന കുതിരകളെ (جِسْم بِلاَرُوح)യും, സുലൈമാൻ നബി (അ)ന്റെ സിംഹാസനപീഠത്തിന്മേൽ ഇടപ്പെട്ട ശരീരത്തെയും സംബന്ധിച്ചുള്ള സൂചനകളെ വിവരിക്കുന്ന പല വ്യാഖ്യാനങ്ങളും, നിവേദനങ്ങളും ഉള്ളതിൽ ഒന്നുപോലും എന്റെ മനസ്സിന് ആശ്വാസം നൽകുന്നതായിട്ടില്ല. അവ ഒന്നുകിൽ അസ്വീകാര്യമായ ഇസ്റാഈൽ വാർത്തകളോ, അല്ലെങ്കിൽ പിൻബലമില്ലാത്ത വ്യാഖ്യാനങ്ങളോ ആയിരിക്കാം. ഈ രണ്ട് സംഭവത്തിന്റെയും പ്രകൃതിസ്വഭാവം മനസ്സിലാക്കി സമാധാനമടയുവാൻ എനിക്ക് കഴിയുന്നില്ല. ആകയാൽ അതൊന്നും ഞാനിവിടെ ഉദ്ധരിക്കുന്നുമില്ല. രണ്ടിനും ഒരു രൂപം നൽകുവാൻ സഹായിക്കുന്ന പ്രബലമായ ഒരു പ്രമാണവും എനിക്ക് കിട്ടിയിട്ടില്ല. ഒരു ഹദീഥ് മാത്രമുണ്ട്: അതാകട്ടെ, സ്വതവേ നോക്കുമ്പോൾ പ്രബലമായതുതന്നെയാണെങ്കിലും, ഈ സംഭവങ്ങളുമായി അതിന് കാര്യമായൊരു ബന്ധവുമില്ല. നബി ﷺ പ്രസ്താവിച്ചതായി ബുഖാരി (റ) ഉദ്ധരിച്ച ഒരു ഹദീഥാണത്. ഒരു രാത്രിയിൽ തന്റെ പല ഭാര്യമാരുടെ അടുക്കൽ താൻ ചെല്ലുമെന്നും, അങ്ങിനെ അവരെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യത്തക്ക ഓരോ കുതിരപ്പടയാളിയായ മകനെ പ്രസവിക്കുമെന്നും സുലൈമാൻ നബി (അ) പറയുകയുണ്ടായി. പക്ഷേ, അദ്ദേഹം إِنْ شَاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് പറയുകയുണ്ടായില്ല. എന്നാൽ, ഒരു ഭാര്യയൊഴിച്ച് മറ്റാരും പ്രസവിച്ചില്ല. പ്രസവിച്ച കുട്ടിയാകട്ടെ, ഒരു അപൂർണ ശിശുവുമായിരുന്നു. إِنْ شَاء الله എന്ന് അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ എല്ലാവരിൽനിന്നും ഓരോ കുതുരപ്പടയാളി ഉണ്ടാകുമായിരുന്നു. ഇതാണ് ഹദീഥിലെ ആശയം. ഈ ആയത്തുകളിൽ സൂചിപ്പിച്ച പരീക്ഷണം ഇതായിരിക്കുകയും, സിംഹാസനത്തിന്റെമേൽ ഇടപ്പെട്ട ശരീരമെന്ന് പറഞ്ഞത് ഈ അപൂർണ ശിശു ആയിരിക്കുകയും ചെയ്തേക്കാം. അങ്ങിനെ ആയിരിക്കാൻ സാധ്യതയുണ്ടെന്ന് മാത്രം. *(*)*

(*) ഏറെക്കുറെ വ്യത്യസ്തമായ വാക്കുകളിലായി ഇമാം ബുഖാരി (റ) ആവർത്തിച്ചു രിവായത്ത് ചെയ്തിട്ടുള്ളതും, ഇമാം മുസ്ലിം (റ) അടക്കം മറ്റുപ

കുതിരകളെ വാളുകൊണ്ട് വെട്ടി അറുത്തുവെന്നും അതല്ല കൈകൊണ്ട് തൊട്ടുതടവിയെന്നുമുള്ള രിവായത്തുകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് സയ്യിദ് ക്വുത്തുബ് തുടരുന്നു: രണ്ട് രിവായത്തുകൾക്കും തെളിവില്ല; ഏതെങ്കിലും ഒന്നു തീരുമാനിക്കുവാൻ പ്രയാസമാണ്. അതുകൊണ്ട് രണ്ട് സംഭവത്തെക്കുറിച്ചും ഓന്നും സ്ഥാപിച്ച് പറയുവാൻ സാധ്യമല്ല. ഇവിടെ പറയുവാനുള്ളത് ഇതുമാത്രമാണ്: അല്ലാഹുവിന്റെ പ്രവാചകന്മാരെ നേർക്ക് നയിക്കുന്നതിനും, അവർക്ക് മാർഗദർശനം നൽകാറുള്ളതുപോലെ, സുലൈമാൻ നബി (അ) ന്റെ ഭരണധികാരത്തെയും, രാജ്യപദവിയെയും സംബന്ധിക്കുന്ന എന്തോ വിഷയത്തിൽ അദ്ദേഹത്തിന് ചില പരീക്ഷണങ്ങൾ നേരിട്ടു. സുലൈമാൻ നബി (അ) റബ്ബിലേക്ക് വിനയപ്പെടുകയും, അവനിൽ അർപ്പിച്ചുകൊണ്ട് പാപമോചനത്തിന് നന്മക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. (فى ظلال القرآن ص ٩٩ ج ٢٣)

പരീക്ഷണസംഭവത്തെത്തുടർന്ന് സുലൈമാൻ നബി (അ) പാപമോചനം തേടിയതിനെ കഥാകാരന്മാർ ചൂഷണം ചെയ്യാറുണ്ട്. കഥകളിൽ അദ്ദേഹത്തിന്റെ പേരിൽ ചുമത്തപ്പെട്ട പാപങ്ങൾ അദ്ദേഹം ചെയ്തുവെന്നതിന് തെളിവായി അവർ ഈ സംഗതി ഉദ്ധരിക്കുന്നത് കാണാം. കഥകൾ മിക്കവാറും വേദക്കാരിൽനിന്ന് പകർന്നതും, തത്വദീക്ഷയില്ലാത്തവർ പ്രചരിപ്പിച്ചതുമാണല്ലോ. വേദക്കാരാണെങ്കിൽ, പാപവും, നീചവൃത്തിയും ചെയ്യുന്ന കാര്യത്തിൽ, പ്രവാചകന്മാരും, അല്ലാത്തവരും അവരുടെ ദൃഷ്ടിയിൽ ഒരുപോലെയാണ്. (ഹിന്ദുമതക്കാരുടെ സ്ഥിതിയും ഇതുപോലെത്തന്നെ) അതേ സമയത്ത്, വേദക്കാരിൽ ഒരു വിഭാഗക്കാർ സുലൈമാൻ നബി (അ)നെ പ്രവാചകനായി ഗണിക്കുന്നുമില്ല. കഥാകാരൻമാരാകട്ടെ, അവർക്ക് സത്യതയുടെയോ സംഭവ്യതയുടെയോ പ്രശ്നമില്ല. കേട്ടാൽ അതിശയോക്തിയും, കൗതുകവും ഉണ്ടോ എന്നേ അവർക്ക് ആലോചിക്കേണ്ടതുള്ളൂ. വേദക്കാരിൽനിന്ന് കേട്ടതെല്ലാം ശരിയായിരിക്കുമെന്ന് തെറ്റിദ്ധരിക്കുന്നവരുമുണ്ട്.

മഹാന്മാരായ ആളുകളെപറ്റി പ്രത്യേകിച്ചും – അവർ പാപമോചനം തേടിയെന്നോ, അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തുവെന്നോ പറഞ്ഞുകാണുമ്പോഴേക്കും വാസ്തവത്തിൽ അവർ വമ്പിച്ച തെറ്റുകുറ്റങ്ങൾ ചെയ്തിരിക്കുമെന്ന് വിശ്വസിക്കുവാൻ പാടില്ലാത്തതാണ്. വ്യക്തികളുടെ നിലപാടും സ്ഥിതിഗതികളും കണക്കി

◀◀ ലരും രേഖപ്പെടുത്തിയിട്ടുള്ളതുമാണ് ഈ ഹദീഥ്. ഏത് സാഹചര്യത്തിലായാലും, ഏത് അനിഷ്ടഫലങ്ങളുളവായാലും ശരി, ഏകഭാര്യത്വവ്രതം കൈവിടാതിരിക്കുകയും, അതിനെതിരായിക്കാണുന്ന പ്രമാണങ്ങളെയും, ന്യായങ്ങളെയുമെല്ലാം പഴഞ്ചനാക്കിത്തള്ളുകയും ചെയ്യുന്ന അനിസ്‌ലാമിക സംസ്കാരത്തിന്റെ സ്വാധീനത്തിന് വഴങ്ങുന്ന ചില ആളുകൾ ഈ ഹദീഥിനെ പുച്ഛഭാവത്തിൽ വീക്ഷിക്കുന്നത് കാണാം. മുൻകാലത്തെ നടപടിക്രമങ്ങളും, പിൽക്കാലത്തെ നടപടിക്രമങ്ങളും ഒരേ മാനദണ്ഡം കൊണ്ട് അളക്കുകയും, പ്രവാചകന്മാരുടെ പ്രത്യേക പദവികളും, പരിതഃസ്ഥിതികളും ഗൗനിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ ഫലമാണ് വാസ്തവത്തിൽ ഈ മനോഗതി അവരിലുണ്ടാക്കുന്നത്. മുൻകാല ചരിത്രങ്ങളും, ബൈബ്ളിന്റെ പല പ്രസ്താവനകളും പരിശോധിക്കുന്നവർക്ക് ഇത് മനസ്സിലാക്കുവാൻ പ്രയാസമില്ല. ധാർമിക നിയമങ്ങളുടെയും, ലൈംഗിക അതിരുവരമ്പുകളുടെയും അതിർത്തിലംഘനം എവിടെ കൂടുതൽ നടമാടുന്നുവോ അവിടെ ഏകഭാര്യാവ്രതത്തിന്റെ ആധുനിക സ്വരവും കൂടുതൽ പ്രചാരത്തിലുണ്ടെന്നുള്ളതാണ് വലിയ അത്ഭുതം.

ലെടുത്തുകൊണ്ടായിരിക്കും പാപങ്ങളുടെ ഗൗരവം കണക്കാക്കുന്നത് സാധാരണക്കാരായ ആളുകളെ അപേക്ഷിച്ചും, അവരുടെ ദൃഷ്ടിയിലും കേവലം അനുവദനീയമായ ഒരു കാര്യം, മഹാനായ ഒരാളെ അപേക്ഷിച്ചും അയാളുടെ ദൃഷ്ടിയിലും ഒരു മഹാ പാപമെന്നപോലെ ഗണിക്കപ്പെട്ടേക്കാം. നമ്മുടെ പരിചയത്തിൽ തന്നെ ഇതിന് ഉദാഹരണങ്ങൾ കാണാം. ഖുർആനിൽനിന്നും ഹദീഥിൽനിന്നും ഈ വസ്തുത മനസ്സിലാക്കാവുന്നതുമാണ്. സുലൈമാൻ നബി (അ) പാപം ചെയ്തതു കൊണ്ടാണ് പാപമോചനം തേടേണ്ടിവന്നതെന്ന് വാദിക്കുന്നവർക്ക് മറുപടിയായിക്കൊണ്ട് ഇമാംറാസി (റ) പറയുകയാണ്:'ഏറ്റവും നല്ലതും കൂടുതൽ വേണ്ടപ്പെട്ടതുമായ കാര്യങ്ങൾ വിട്ടുകളയുന്നതിൽനിന്ന് മനുഷ്യൻ പരിശുദ്ധനായെന്നുവരികയില്ല. അന്നേരം അവൻ പാപമോചനം തേടുന്നതും ആവശ്യമായിത്തീരുന്നു'. حسنات الابرار سيآت المقربين (സജ്ജനങ്ങളായുള്ളവരുടെനന്മകൾസാമീപ്യം സിദ്ധിച്ചവരുടെ തിന്മകളായിരിക്കും)എന്നുണ്ടല്ലോ *(*)* മാത്രമല്ല, സ്വന്തം നിലയെ തരംതാഴ്ത്തിക്കാട്ടുകയും, വിനയവും താഴ്മയും പ്രകടമാക്കുകയും ചെയ്യുന്നവരായിരിക്കും അവർ (സാമീപ്യം സിദ്ധിച്ചവർ). ഇതനുസരിച്ചാണ് ഞാൻ ദിനംപ്രതി എഴുപത് പ്രാവശ്യം അല്ലാഹുവിനോട് പാപമോചനം തേടുന്നു *(**)* എന്ന് നബിﷺ അരുളിച്ചെയ്തിരിക്കുന്നത്'.(الرازى)

സുലൈമാൻ നബി (അ)നുണ്ടായ പരീക്ഷണം എങ്ങിനെയുള്ളതായിരുന്നാലും ശരി, അതദ്ദേഹത്തിന്റെ ഭരണത്തെ ഏതോ തരത്തിൽ ബാധിച്ചിരുന്നുവെന്ന് തീർച്ചയാണ്. അദ്ദേഹത്തിന്റെ പക്കൽനിന്ന് വന്നുപോയ വീഴ്ചയിൽ അദ്ദേഹം പശ്ചാത്തപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രാജപദവിയും ഭരണക്രമവും സാധാരണ രാജാക്കളുടേതുപോലെയുള്ളതല്ല. അദ്ദേഹം ഒരു നബിയും റസൂലുംകൂടിയാണ്. ആ നിലക്ക് തൗഹീദിന്റെയും സത്യമതത്തിന്റെയും പ്രബോധനത്തിനും, പ്രചാരണത്തിനും ആ രാജ്യത്വത്തെയും അദ്ദേഹത്തിന് ഉപയോഗിക്കേണ്ടതുണ്ട്. അഥവാ അതിന്റെ ലക്ഷ്യംതന്നെ അതായിരിക്കും. അന്നത്തെ ജനസമുദായങ്ങളുടെയും അയൽ രാജ്യങ്ങളുടെയും സ്ഥിതിഗതികളും ചുറ്റുപാടുകളും പരിഗണിക്കുമ്പോൾ വിശേഷിച്ചും പ്രസ്തുതലക്ഷ്യം നിറവേറേണ്ടതിന് തന്റെ ആധിപത്യം കൂടുതൽ പ്രബലവും അനുഗ്രഹീതവും ആകേണ്ടതുണ്ട്. അതിനാൽ പാപമോചനം തേടുന്നതോടൊപ്പം തന്നെ, തന്റെ രാജ്യത്തിന്റെ നന്മക്കുവേണ്ടിയും അദ്ദേഹം തേടുകയായി. ആ ആധിപത്യം സാധാരണപോലെയുള്ള ഭൗതിക ശക്തികളാൽ മാത്രം സജ്ജീകൃതമായാൽ പോരാ – സാധാരണ രാഷ്ട്രങ്ങൾക്കില്ലാത്ത ചില ദൈവിക സവിശേഷതകളാൽ സുദൃഢമാക്കപ്പെട്ടതുകൂടിയായിരിക്കണം – എന്ന് അദ്ദേഹം ആശിക്കുകയും ചെയ്തു. അദ്ദേഹം

(*) സാധാരണ നിലക്ക് സജ്ജനങ്ങളായി ഗണിക്കപ്പെടുന്ന ആളുകൾ നന്മയായി ഗണിച്ചുവരാറുള്ള ചില കാര്യങ്ങൾപോലും, അവരെക്കാൾ അല്ലാഹുമായി അടുപ്പമുള്ള മഹാന്മാരെ സംബന്ധിച്ചിടത്തോളം തിന്മകളായി ഗണിക്കപ്പെട്ടേക്കാം എന്നാണ് ഈ ആപ്തവാക്യത്തിന്റെ സാരം.

(**) വളരെ പ്രസിദ്ധമായ ഒരു നബിവചനമാണിത്. പല രിവായത്തുകളിലുമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈ വചനത്തിലെ ആശയം ഇതാണ്: പാപരഹിതനായ ഞാൻപോലും ദിനംപ്രതി എഴുപതും അതിലധികവും പ്രാവശ്യം അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അവനോട് എപ്പോഴും പാപമോചനം തേടി പശ്ചാത്തപിച്ചുകൊണ്ടിരിക്കണം.

പ്രാർത്ഥിച്ചു: رَبِّ اغْفِرْ لِي وَهَبْ لِي مُلْكًا الخ (റബ്ബേ, എനിക്ക് പൊറുത്തു തരേണമേ! എന്റെ ശേഷം ഒരാൾക്കും സൗകര്യപ്പെടാത്ത ഒരു രാജാധിപത്യം എനിക്ക് പ്രദാനം ചെയ്യുകയും വേണമേ!) ഈ പ്രാർത്ഥനയുടെ ലക്ഷ്യം വമ്പിച്ച ഒരു ഭൗതിക രാഷ്ട്രമല്ല, അനുഗ്രഹീതമായ ഒരു ദൈവികഭരണമാണെന്ന് പറയേണ്ടതില്ല. രാജത്വവും പ്രവാചകത്വവും സമ്മേളിച്ച ഒരു പ്രബല രാഷ്ട്രമോ, രാജകുടുംബമോ വേറെ ഉള്ളതായി ഖുർആൻ മുഖേന അറിയപ്പെട്ടിട്ടുമില്ല.

സുലൈമാൻ നബി (അ) യുടെ പ്രാർത്ഥനയുടെ സാരം തന്റെ ശേഷം മറ്റാർക്കും ലഭിക്കാത്ത തരത്തിലുള്ള ഒരു രാഷ്ട്രം വേണമെന്നല്ല- മറ്റാർക്കും പിടിച്ചടക്കുവാൻ സാധ്യമാകാത്തവണ്ണം അത് പ്രബലമായിരിക്കണം എന്നാണ് ചിലർ ധരിച്ചുവരുന്നത്. ഇത് ശരിയല്ല. ഖുർആനും നബിവചനവും ഈ ധാരണ തെറ്റാണെന്ന് കാണിക്കുന്നു. ഈ പ്രാർത്ഥന സ്വീകരിച്ചതിനെപറ്റി അടുത്ത ആയത്തിൽ അല്ലാഹു പറഞ്ഞ വാചകം നോക്കുക: 'അപ്പോൾ അദ്ദേഹത്തിന് നാം തന്റെ കൽപനപ്രകാരം സഞ്ചരിക്കുന്ന കാറ്റിനെയും കെട്ടിടനിർമാണവും മുങ്ങലും നടത്തുന്ന പിശാചുക്കളെയും കീഴ്പ്പെടുത്തിക്കൊടുത്തു (فَسَخَّرْنَا لَهُ الرِّيحَ) എന്നാണല്ലോ'. ഈ രണ്ട് കാര്യവും മറ്റാർക്കും സിദ്ധിക്കാത്തതാണെന്നും, സുലൈമാൻ നബി (അ)ക്ക് മാത്രം - ഈ പ്രാർത്ഥനയെ തുടർന്ന് - സിദ്ധിച്ചതാണെന്നും വ്യക്തമാണ്. കൂടാതെ എന്റെ ശേഷം ഒരാൾക്കും (لِأَحَدٍ مِّنْ بَعْدِي) എന്നാണ് അദ്ദേഹം പറഞ്ഞ വാക്ക്. അദ്ദേഹത്തിന്റെ ശേഷം ഇങ്ങിനെയുള്ള പ്രത്യേകതകൾ മറ്റാർക്കും ലഭിച്ചിട്ടില്ല എന്നല്ലാതെ, അദ്ദേഹത്തിന്റെ രാഷ്ട്രം അദ്ദേഹത്തിന് ശേഷം ഇന്നേവരെ ആർക്കും പിടിച്ചടക്കുവാൻ സാധിച്ചിട്ടില്ല എന്ന് ആരെങ്കിലും പറയുവാൻ ധൈര്യപ്പെടുമോ? അദ്ദേഹത്തിന്റെ കാലശേഷം ഏറെ താമസിയാതെത്തന്നെ ആ രാഷ്ട്രം ദുർബലമാക്കുകയും, അന്യാധീനപ്പെടുകയും ഉണ്ടായത് ഒരു ചരിത്ര സത്യമാണ്. മറ്റാർക്കും ലഭിക്കാത്ത വിധത്തിലുള്ള ഒരു പ്രത്യേക സ്ഥാനം എന്റെ രാഷ്ട്രത്തിന് വേണമെന്ന് അദ്ദേഹം ആഗ്രഹിച്ചത് ഒരു ധിക്കാരമോ അസൂയയോ ആയി വല്ലവരും കരുതുന്നുണ്ടെങ്കിൽ അതിന് സുലൈമാൻ നബി (അ)നെ പ്രേരിപ്പിച്ച- മുകളിൽ ചൂണ്ടിക്കാട്ടിയ- പരിതസ്ഥിതികൾ വിലയിരുത്താത്തത് കൊണ്ടോ, ഭൗതിക വീക്ഷണത്തിൽകൂടി മാത്രം ആ പ്രാർത്ഥന വിലയിരുത്തിയതുകൊണ്ടോ ആയിരിക്കും അത്.

തന്റെ ശേഷം മറ്റാർക്കും പിടിച്ചടക്കുവാൻ സാധ്യമാകാത്ത രാഷ്ട്രമാണ് സുലൈമാൻ നബി (അ) ചോദിച്ചതെന്ന വ്യാഖ്യാനം ശരിയല്ലെന്ന് - മേൽ കണ്ടതുപോലുള്ള കാരണങ്ങൾ സഹിതം- പ്രധാനപ്പെട്ട പല വ്യാഖ്യാതാക്കളും പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇമാം അബ്നുകഥീർ (റ) പറയുന്നു: തന്റെ സിംഹാസനപീഠത്തിൽ ഇടപ്പെട്ട ആ ശരീരത്തിന്റെ സംഭവത്തിൽനിന്ന് ഉളവായതുപോലെ എനിമേലിൽ ഒരാൾക്കും പിടിച്ചുപറ്റുവാൻ ഇടയാകാത്തത് എന്നാണ് ഈ പ്രാർത്ഥനയുടെ സാരം. തന്റെശേഷം ആർക്കും ലഭിക്കുവാൻ വഴിയില്ലാത്തത് എന്നല്ല അതിന്റെ ഉദ്ദേശ്യം എന്നാണ് ചിലർ പറയുന്നത്. വാസ്തവത്തിൽ, തന്റെശേഷം യാതൊരാൾക്കും തന്റേതുപോലെ ഉണ്ടാവാത്ത വിധത്തിലുള്ള ഒരു രാജത്വമാണ് അദ്ദേഹം ചോദിച്ചതെന്നുള്ളത് ശരി. ആയത്തിലെ വാചകഘടന അറിയിക്കുന്നതും അതാണ്. പല മാർഗങ്ങളിൽകൂടി പ്രബലമായ ഹദീഥുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട് (ابن كثير) തുടർന്നുകൊണ്ട് ഇതിന് തെളിവായ പല ഹദീഥുകളും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നത് കാണാം. അവയിൽ ഒന്നാമത്തേത്, ഇമാംബുഖാരി (റ) മുതലായ പലരും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥാകു

ന്നു. ഒരു രാത്രി ഒരു ഭൂതത്താൻ നബി (സ)യുടെ മേൽ കുതറിച്ചാടുവാൻ ഉദ്ദേശിച്ചുവെന്നും, ജനങ്ങൾ കാണുമാറ് അവനെ തൂണിൽ പിടിച്ചുകെട്ടുവാൻ തിരുമേനി കരുതിയെന്നും, പക്ഷേ സഹോദരനായ സുലൈമാൻ നബി (അ)ന്റെ ഈ പ്രാർത്ഥന ഓർത്ത് അവനെ വിട്ടയച്ചുവെന്നുമാണ് ഹദീഥിന്റെ ചുരുക്കം. അപ്പോൾ ജിന്നുകളെയും പിശാചുക്കളെയും മറ്റും കീഴ്പ്പെടുത്തിക്കൊടുക്കപ്പെട്ട പ്രത്യേകതയായിരുന്നു സുലൈമാൻ നബി (അ)ന്റെ പ്രാർത്ഥനാഫലമായി ലഭിച്ചിരുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ. ഇമാം ബുഖാരി (റ) ഈ ആയത്തിന്റെ വ്യഖ്യാനമായിക്കൊണ്ട് തഫ്സീറിന്റെ വിഭാഗത്തിലും, അല്ലാതെയും ഈ ഹദീഥ് ഉദ്ധരിച്ചിരിക്കുന്നു. ഇതും പ്രത്യേകം ശ്രദ്ധേയമാണ്. ഈ വിഷയമായി കൂടുതൽ വിവരം സൂ: അന്നംലിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നമുക്ക് കഴിഞ്ഞുപോയിട്ടുള്ളത് ഓർക്കുക, ഈ ഹദീഥിന്റെ പൂർണരൂപവും അവിടെ കാണാം.

മൂസാനബി (അ), ഈസാനബി (അ) മുതലായവർക്ക് ചില പ്രത്യേക അമാനുഷിക ദൃഷ്ടാന്തങ്ങൾ (المعجزات) നൽകപ്പെട്ടിരുന്നതുപോലെ, സുലൈമാൻ നബിക്ക് മാത്രം സിദ്ധിച്ച രണ്ട് അമാനുഷികദൃഷ്ടാന്തങ്ങൾ കൂടിയായിരുന്നു കാറ്റിനെയും, ജിന്നുവർഗത്തെയും അധീനപ്പെടുത്തിക്കൊടുത്തത്. ഇവയെപറ്റിയും, പിശാചുക്കളുടെ പ്രവൃത്തികളെപ്പറ്റിയും സൂ: അൻബിയാഉ്: 81,82-ലും, സൂ: സബഉ് 12, 13-ലും, അവയുടെ വിവരണങ്ങളിലും മറ്റും നാം വായിച്ചുവല്ലോ. അതുകൊണ്ട് ഇവിടെ അത് ആവർത്തിക്കുന്നില്ല. കാറ്റിന്റെ വേഗതയെ ഉദ്ദേശിച്ചുകൊണ്ടാണ് عَاصِفَةً (ശക്തിയായി അടിച്ചുവീശുന്നത്) എന്ന് സൂ: അൻബിയാഇൽ ഈ കാറ്റിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇവിടെ رخاء(സൗമ്യമായത്) എന്ന് വിശേഷിപ്പിച്ചത് അതിന്റെ സൗകര്യപ്രദമായ ശാന്തതയും കുറിക്കുന്നു. ജിന്ന് വർഗത്തിൽപെട്ട ദുഷിച്ച വിഭാഗത്തിനാണ് പിശാചുക്കളെ (الشَّيَاطِين)ന്നു പറയുന്നത്. പിശാചുക്കളുടെ കൂട്ടത്തിൽ അനുസരണമില്ലാത്ത ധിക്കാരശീലന്മാരെക്കുറിച്ചായിരിക്കാം وَآخَرِينَ مُقَرَّنِينَ فِي الْأَصْفَادِ (വിലങ്ങുകളിൽ ബന്ധിക്കപ്പെട്ട മറ്റു ചിലരും) എന്ന് പറഞ്ഞിരിക്കുന്നത്. ആ പിശാചുക്കളെ ബന്ധിച്ചിരുന്ന വിലങ്ങുചങ്ങലകൾ എപ്രകാരമുള്ളതാണെന്ന് നമുക്കറിഞ്ഞുകൂടാ. പിശാചുക്കൾ നമ്മുടെ കാഴ്ചക്കതീതരായതു കൊണ്ട് അവരുടെ പ്രകൃതിയനുസരിച്ച ഏതോ തരം വിലങ്ങുകളായിരിക്കും അവ എന്ന് പറയാനേ നിവൃത്തിയുള്ളൂ. നബിﷺയുടെ അടുക്കൽ പ്രത്യക്ഷപ്പെട്ട ഭൂതത്താനെ പള്ളിയുടെ തൂണിൽ ബന്ധിക്കുവാൻ നബിﷺ കരുതിയതായി നാം ഹദീഥിൽ കണ്ടുവല്ലോ. ചില പരീക്ഷണങ്ങൾക്ക് വിധേയനാവുകയുണ്ടായെങ്കിലും സുലൈമാൻ നബി (അ) അല്ലാഹുവിങ്കൽ എത്രമാത്രം ആദരണീയനാണെന്ന് അടുത്ത വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. അല്ലാഹു പറയുന്നു:

هَٰذَا عَطَآؤُنَا فَٱمۡنُنۡ أَوۡ أَمۡسِكۡ بِغَيۡرِ حِسَابٖ ﴿٣٩﴾

﴿39﴾ '(ഹേ, സുലൈമാൻ!) ഇത് നമ്മുടെ ദാനമാണ്. ആകയാൽ, കണക്കുകൂടാതെ ഉപകാരം ചെയ്യുകയോ വെച്ചുകൊള്ളുകയോ ചെയ്തേക്കുക'.

وَإِنَّ لَهُۥ عِندَنَا لَزُلۡفَىٰ وَحُسۡنَ

﴿40﴾ നിശ്ചയമായും, അദ്ദേഹത്തിന് നമ്മുടെ പക്കൽ വളരെ

അടുപ്പവും നല്ല മടക്കസ്ഥാനവും ഉണ്ട്താനും. مَـَٔابٍ ﴿٤٠﴾

﴾39﴿ هَٰذَا ഇത് عَطَآؤُنَا നമ്മുടെ ദാനം (സംഭാവന, കൊടുതി) ആകുന്നു فَامْنُنْ അതുകൊണ്ട് ഉപകാരം (നന്മ) ചെയ്യുക أَوْ أَمْسِكْ അല്ലെങ്കിൽ വെച്ചുകൊള്ളുക بِغَيْرِ حِسَابٍ കണക്കില്ലാതെ, വിചാരണകൂടാതെ. ﴾40﴿ وَإِنَّ لَهُۥ നിശ്ചയമായും അദ്ദേഹത്തിനുണ്ട്താനും عِندَنَا നമ്മുടെ അടുക്കൽ لَزُلْفَىٰ അടുപ്പം, സാമീപ്യസ്ഥാനം وَحُسْنَ مَـَٔابٍ നല്ല മടക്കസ്ഥാനവും.

സുലൈമാൻ നബി (അ)ന് നൽകപ്പെട്ട വമ്പിച്ച അനുഗ്രഹങ്ങളെ ചൂണ്ടിക്കൊണ്ട് അദ്ദേഹത്തോട് അല്ലാഹു പറയുകയാണ്: 'ഇതെല്ലാം നാം തനിക്ക് തന്നരുളിയ അനുഗ്രഹങ്ങളാകുന്ന ദാനമാണ്, തന്റെ ഇഷ്ടംപോലെ അവയെ വിനിയോഗിക്കുകയും, നിരുപാധികം കൈകാര്യം നടത്തുകയും ചെയ്തുകൊള്ളുക . അത്യുദാരനും അതിമഹാനുമായ യജമാനൻ തന്റെ പ്രിയപ്പെട്ട അടിമക്ക് നൽകുന്ന അനുമോദനമത്രെ' കയ്യിൽ വന്നതെല്ലാം പിശുക്കുപിടിച്ച് അടക്കിവെക്കുമെന്നുള്ള ആശങ്കക്കും സംശയത്തിനും ഇവിടെ സ്ഥാനമില്ല. ലോഭം കൂടാതെ ചിലവഴിക്കുവാനും, വേണ്ടതുപോലെ ഉപയോഗപ്പെടുത്തുവാനും തികച്ചും സന്നദ്ധനാണ് ആ അടിമ. ആ പരമാർത്ഥം സസൂക്ഷ്മം അറിയാവുന്നതാണ് യജമാനൻ. എന്നിരിക്കെ, വേണ്ടവിഷയത്തിൽ ചിലവഴിക്കണം, പിശുക്ക് കാണിച്ച് കെട്ടിപ്പൂട്ടി വെക്കരുത് എന്ന താക്കീത് നൽകേണ്ടുന്ന ആവശ്യമില്ല. അഥവാ അടിമക്ക് യജമാനന്റെ അടുക്കലുള്ള മാന്യമായ സ്ഥാനപദവിക്ക് ചേർന്നതല്ല അത്.

ഇഷ്ടംപോലെ ചെലവഴിക്കുകയോ ചെലവഴിക്കാതിരിക്കുകയോ ചെയ്തേക്കുക എന്ന് സ്വാതന്ത്ര്യം നൽകിയതുകൊണ്ട് ഒരുപക്ഷേ, സുലൈമാൻ നബി (അ) തനിക്ക് സിദ്ധിച്ച വിഭവങ്ങളൊന്നും നല്ല മാർഗത്തിൽ ചിലവഴിക്കാതെ പിടിച്ചടക്കി വെച്ചേക്കുവാൻ കാരണമായേക്കുമോ – അഥവാ അതിനുള്ള ഒരു അനുമതിപത്രമായിത്തീരുമോ – ഈ അനുമോദനവാക്യം എന്ന് ചിലർ ശങ്കിക്കുന്നത് കാണാം. ഈ ശങ്കനിമിത്തം ഈ വാക്യത്തിന് വളഞ്ഞുതിരിഞ്ഞ ചില വ്യാഖ്യാനങ്ങൾ നൽകുവാൻ അവർ നിർബ്ബന്ധിതരാകുകയും ചെയ്യുന്നു. അങ്ങനെ, بِغَيْرِ حِسَابٍ (കണക്കുകൂടാതെ) എന്ന വാക്ക് عَطَآؤُنَا (നമ്മുടെ ദാനമാണ്) എന്ന വാക്കുമായി ബന്ധപ്പെട്ടതാണെന്നും, هَٰذَا عَطَآؤُنَا(ഇത് നമ്മുടെ ദാനമാണ്) എന്ന് പറഞ്ഞത് വിലങ്ങുകളിൽ ബന്ധിക്കപ്പെട്ട പിശാചുക്കളെ ചൂണ്ടിക്കൊണ്ടാണെന്നുമാണ് അവർ പറയുന്നത്. ഇതനുസരിച്ച് ആയത്തിന് ഇവർ നൽകുന്ന താൽപര്യം ഇപ്രകാരമാകുന്നു; ഈ ധിക്കാരികളായ പിശാചുക്കളെ അടക്കി അമർത്തുവാൻ സാധിപ്പിച്ചുതന്നത് നമ്മുടെ വക കണക്കറ്റ ദാനമാണ്. അതുകൊണ്ട് അവരെ ഉദാരപൂർവ്വം വിട്ടയക്കുകയോ അല്ലെങ്കിൽ വിട്ടയക്കാതെ പിടിച്ചുവെക്കുകയോ ചെയ്തുകൊള്ളുക. ഈ വ്യാഖ്യാനം ആയത്തിലെ വാചകഘടനക്കും ഇതിനു മുമ്പത്തെ ആയത്തുകളുമായുള്ള പൊരുത്തത്തിനും നിരക്കാത്തതാണ്. ആയത്തിന്റെ ശരിയായ ആശയം ശ്രദ്ധിക്കാത്തതിൽനിന്നും, പ്രവാചകവര്യനായ സുലൈമാൻ നബി (അ)നെ കേവലം സാധാരണ രാജാക്കളുമായി തുലനം ചെയ്തതിൽനിന്നുമാണ് ഇങ്ങിനെയുള്ള വ്യാഖ്യാനങ്ങൾക്ക് ഇവർ നിർബന്ധിതരായത്.

റസൂലായ ഒരു അടിമയായിരിക്കുവാനാണോ, അതല്ല ഒരു രാജാവായ നബിയായി

രിക്കുവാനാണോ, ഇഷ്ടമെന്ന് (അല്ലാഹുവിന്റെ ഭാഗത്തുനിന്ന്) നബി തിരുമേനിﷺയോട് അഭിപ്രായം ചോദിക്കപ്പെട്ടുവെന്നും, തിരുമേനിഒന്നാമത്തെ നിലപാടാണ് തിരഞ്ഞെടുത്ത തെന്നും ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ വന്നിരിക്കുന്നു. ഇതു പോലെ, സുലൈമാൻ നബി (അ)ന് തന്റെ പക്കലുള്ള വിഭവങ്ങൾ ചിലവഴിക്കുകയും, ചിലവഴിക്കാതിരിക്കുകയും ചെയ്യുവാനുള്ള സ്വാതന്ത്ര്യം നൽകലാണ് ഈ വചനത്തിന്റെ താൽപര്യമെന്ന് വെച്ചാൽപോലും, നബിﷺ തിരഞ്ഞെടുത്തതുപോലെ ആ രണ്ടിൽവെച്ച് ഏറ്റവും ഉത്തമമായ വശം മാത്രമായിരിക്കും അദ്ദേഹം സ്വീകരിച്ചിരിക്കുകയെന്ന് നമുക്ക് നിസ്സംശയം പറയാം. അടിമയെ വടികൊണ്ട് കൊട്ടേണ്ടിവരും, സ്വതന്ത്രന് സൂചനമതിയാകും. (العبد يقرع بالعصا والحريكفيه الاشارة) എന്നൊരു ഉപമാവാക്യമുണ്ട്.

സുലൈമാൻ നബി (അ)ന് സിദ്ധിച്ച ഐഹികമായ അനുഗ്രഹങ്ങളെപറ്റി പ്രസ്താവിച്ചശേഷം, അദ്ദേഹത്തിന് അല്ലാഹുവിങ്കലും പരലോകത്തും വെച്ചുമുള്ള ഉൽകൃഷ്ട സ്ഥാനപദവികളെപ്പറ്റിയാണ് അവസാനത്തെ വചനം. അല്ലാഹുവിങ്കൽ സാമീപ്യസ്ഥാനം ലഭിക്കുക; പരലോകത്ത് ഏറ്റവും നല്ല പര്യവസാനവും ലഭിക്കുക! ഇതിനപ്പുറം സൽഭാഗ്യം മറ്റെന്തുണ്ട്?! അടുത്ത ആയത്തുകളിൽ അയ്യൂബ് നബി (അ)ക്ക് ബാധിച്ച ചില പരീക്ഷണങ്ങളെയും, അതിന്റെ പര്യവസാനത്തെയും കുറിച്ച് പ്രസ്താവിക്കുന്നു.

വിഭാഗം - 4

وَٱذۡكُرۡ عَبۡدَنَآ أَيُّوبَ إِذۡ نَادَىٰ رَبَّهُۥٓ أَنِّي مَسَّنِيَ ٱلشَّيۡطَٰنُ بِنُصۡبٖ وَعَذَابٍ ﴿٤١﴾

﴾41﴿ നമ്മുടെ അടിയാൻ അയ്യൂബിനെയും ഓർക്കുക. അതായത്, അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ച [പ്രാർത്ഥിച്ച]പ്പോൾ; നിശ്ചയമായും പിശാച് അവശതയും, പീഡനവുമായി എന്നെ സ്പർശിച്ചിരിക്കുന്നു എന്ന് ;

ٱرۡكُضۡ بِرِجۡلِكَۖ هَٰذَا مُغۡتَسَلُۢ بَارِدٞ وَشَرَابٞ ﴿٤٢﴾

﴾42﴿ (നാം ഉത്തരം നൽകി:) നീ നിന്റെ കാലുകൊണ്ട് കൊട്ടുക; ഇതാ, തണുത്ത സ്നാനജലവും, പാനീയവും!

وَوَهَبۡنَا لَهُۥٓ أَهۡلَهُۥ وَمِثۡلَهُم مَّعَهُمۡ رَحۡمَةٗ مِّنَّا وَذِكۡرَىٰ لِأُوْلِي ٱلۡأَلۡبَٰبِ ﴿٤٣﴾

﴾43﴿ അദ്ദേഹത്തിന് തന്റെ വീട്ടുകാരെയും അവരോടൊപ്പം അവരുടെ അത്ര(വേറെ)യും നാം പ്രദാനം ചെയ്യുകയും ചെയ്തു;- നമ്മുടെ പക്കൽനിന്നുള്ള ഒരു (പ്രത്യേക) കാരുണ്യവും, ബുദ്ധിമാന്മാർക്ക് ഒരു സ്മരണയുമായിട്ടത്രെ (അങ്ങിനെ ചെയ്തത്).

﴾41﴿ وَاذْكُرْ ഓർക്കുക (പ്രസ്താവിക്കുക, പറയുക)യും ചെയ്യുക عَبْدَنَا നമ്മുടെ അടിയാനെ أَيُّوبَ അയ്യൂബിനെ إِذْ نَادَىٰ അദ്ദേഹം വിളിച്ച സന്ദർഭം رَبَّهُ തന്റെ രക്ഷിതാവിനെ أَنِّي مَسَّنِيَ നിശ്ചയമായും എന്നെ സ്പർശിച്ചിരിക്കുന്നുവെന്ന് الشَّيْطَانُ പിശാച് بِنُصْبٍ അവശത(ക്ഷീണം, വിഷമം)യുമായി وَعَذَابٍ പീഢനവും, യാതനവും, ശിക്ഷയും. ﴾42﴿ ارْكُضْ തട്ടുക, കൊട്ടുക, ചാടുക بِرِجْلِكَ നിന്റെ കാലുകൊണ്ട് هَٰذَا ഇതാ مُغْتَسَلٌ സ്നാനജലം, കുളിക്കാനുള്ള വക بَارِدٌ തണുത്ത, കുളുർത്ത وَشَرَابٌ പാനീയവും, കുടിക്കാനുള്ളതും. ﴾43﴿ وَوَهَبْنَا നാം പ്രദാനം ചെയ്യുകയും ചെയ്തു لَهُ അദ്ദേഹത്തിന് أَهْلَهُ തന്റെ സ്വന്തക്കാരെ, വീട്ടുകാരെ وَمِثْلَهُم അവരുടെ അത്രയും مَعَهُمْ അവരോടുകൂടി رَحْمَةً കാരുണ്യമായിട്ട്, കാരുണ്യത്തിന് مِنَّا നമ്മുടെ പക്കൽനിന്നുള്ള وَذِكْرَىٰ സ്മരണയായും (പാഠത്തിനും) لِأُولِي الْأَلْبَابِ ബുദ്ധിമാന്മാർക്ക്

സംഭവങ്ങൾ വളരെ ചുരുക്കുകയും, അവയിലടങ്ങിയ പാഠങ്ങൾക്ക് പ്രാധാന്യം കൽപിക്കുകയും ചെയ്യുക ക്വുർആന്റെ പതിവാണ്. അയ്യൂബ് നബി (അ)ന് ബാധിച്ച ആപത്തിന്റെ വിശദവിവരം ഇവിടെയാകട്ടെ, അതിനെപ്പറ്റി പ്രസ്താവിക്കുന്ന മറ്റൊരദ്ധ്യായമായ സൂ: അൻബിയാഇലാകട്ടെ പ്രസ്താവിക്കപ്പെട്ടിട്ടില്ല. പല രിവായത്തുകളും ഇവിടെ ഉദ്ധരിക്കപ്പെടാറുണ്ടെങ്കിലും, അവ മിക്കതും അതിശയോക്തി നിറഞ്ഞതും, തെളിവിന്റെ പിൻബലമില്ലാത്തതുമാകുന്നു. ഒട്ടുമുക്കാലും വേദക്കാരിൽനിന്ന് പകർത്തപ്പെട്ടവയുമാണ്. കൂട്ടത്തിൽവെച്ച് ഏറ്റവും ബലപ്പെട്ട രിവായത്ത് എന്ന് ഇമാം അസ്ക്വലാനീ (റ) ചൂണ്ടിക്കാട്ടുകയും, ഇബ്നുജരീർ (റ), ഇബ്നു കഥീർ (റ) മുതലായവർ അനസ് (റ) പറഞ്ഞതായി ഉദ്ധരിക്കുകയും ചെയ്യുന്ന ഒരു രിവായത്താകുന്നു. അതിന്റെ സാരം ഇതാണ്:

'അയ്യൂബ് നബി (അ) പതിമൂന്ന് കൊല്ലം *(*)* പരീക്ഷിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ സഹോദരങ്ങളായ രണ്ടു പേരല്ലാത്ത അടുത്ത ബന്ധുക്കളും, അകന്ന ബന്ധുക്കളുമല്ലാം അദ്ദേഹത്തെ കയ്യൊഴിച്ചു. ഈ രണ്ട് പേർ അദ്ദേഹത്തിന്റെ അടുക്കൽ വന്നും പോയും കൊണ്ടിരുന്നു. ഒരാൾ മറ്റവനോട് പറഞ്ഞു: ഇദ്ദേഹം ഏതെങ്കിലും ഒരു മഹാപാപം ചെയ്തിരിക്കണം. ഇല്ലെങ്കിൽ ഈ ആപത്ത് വിട്ടുപോകേണ്ടതായിരുന്നു. വിവരം അയ്യൂബ് നബി (അ) അറിഞ്ഞു. അദ്ദേഹം വ്യസനപ്പെട്ട് പ്രാർത്ഥിച്ചു. അദ്ദേഹം (മലമൂത്രവിസർജ്ജനത്തിന്റെ) ആവശ്യാർത്ഥം ഭാര്യയുടെ കൈപിടിച്ച് വെളിയിൽ പോകയുണ്ടായി. അത് കഴിഞ്ഞശേഷം ആ സ്ത്രീ വന്നെത്തുവാൻ താമസിച്ചു. ആ അവസരത്തിൽ, ഭൂമിയിൽ കാലുകൊട്ടുവാൻ അല്ലാഹു അദ്ദേഹത്തിന് വഹ്യ് നൽകി. കാൽ കൊട്ടിയപ്പോൾ ഒരു ഉറവ് പൊന്തി, അദ്ദേഹം അതിൽനിന്ന് കുളിച്ചു. അങ്ങിനെ അദ്ദേഹം സുഖംപ്രാപിച്ച് മടങ്ങിപ്പോന്നു. ഭാര്യ വന്ന് നോക്കുമ്പോൾ അദ്ദേഹത്തെ കണ്ടിട്ട് അറിഞ്ഞില്ല. അയ്യൂബ് നബി (അ)നെപ്പറ്റി അദ്ദേഹത്തോടുതന്നെ അന്വേഷിച്ചു. അയ്യൂബ് ഞാൻതന്നെ എന്നദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് രണ്ട് കളങ്ങൾ (ധാന്യങ്ങൾ കൊയ്തു ശേഖരിക്കുന്ന സ്ഥലങ്ങൾ) ഉണ്ടായിരുന്നു. ഒന്ന് നല്ല ഗോതമ്പത്തിന്റേതും

(*) 'ഫത്ഹുൽ ബാരി'യിൽ പതിമൂന്ന് (ثلاث عشرة) എന്നും മറ്റും ചിലതിൽ പതിനെട്ട് (ثَمَانِي عَشَرَة) എന്നും കാണുന്നു. രണ്ടിലൊന്ന് അക്ഷരപ്പിഴവായിരിക്കാം. الله اعلم.

മറ്റേത് തൊലിഗോതമ്പ (യവ)ത്തിന്റേതും. അല്ലാഹു മേഘത്തെ അയച്ച് ആദ്യത്തേതിൽ സ്വർണവും, മറ്റേതിൽ വെള്ളിയും വർഷിപ്പിച്ചു. (رواه ابن حاتم وابن جرير وصححه الحاكم وابن حبان) തക്കവിധം മഴ വർഷിക്കുകയും, ധാന്യം അതിസമൃദ്ധിയായി ഉൽപാദിപ്പിക്കുകയും ചെയ്തുവെന്നായിരിക്കും സ്വർണവും വെള്ളിയും വർഷിച്ചുവെന്നും പറഞ്ഞിരിക്കുന്നതിന്റെ താൽപര്യം الله اعلم

അയ്യൂബ് നബി (അ)ന്റെ രോഗമെന്തായിരുന്നുവെന്ന് ഈ രിവായത്തിലും പറയുന്നില്ല. ഏതായാലും, അദ്ദേഹത്തിന്റെ ശരീരത്തിലും, സ്വത്തിലും വളരെ കഷ്ടനഷ്ടങ്ങൾ ബാധിച്ചിരുന്നുവെന്നും, അദ്ദേഹത്തിന്റെ സ്വന്തക്കാർ പോലും അദ്ദേഹത്തെ ഉപേക്ഷിക്കുകയുണ്ടായെന്നും രിവായത്തുകളിൽനിന്ന് മാത്രമല്ല, ക്വുർആന്റെ പ്രസ്താവനകളിൽനിന്നും നല്ലപോലെ മനസ്സിലാക്കുവാൻ കഴിയും. ആപത്തിന്റെ കാഠിന്യംനിമിത്തം, തന്റെ നിലപാടിനുയോജിച്ചതല്ലാത്ത വല്ല മനോവികാരവും തന്നിൽ ഉണ്ടായതിനെ സൂചിപ്പിച്ചുകൊണ്ടോ, ചീത്ത കാര്യങ്ങളെ പിശാചുമായി ബന്ധപ്പെടുത്തിപ്പറയാറുള്ള പതിവനുസരിച്ചോ ആയിരിക്കാം എന്നെ പിശാച് സ്പർശിച്ചു (مَسَّنِيَ الشَّيْطَانُ) എന്ന് അദ്ദേഹം പറഞ്ഞത്. സൂ: അൻബിയാഇൽ ഈ സ്ഥാനത്ത് എനിക്ക് കഷ്ടത ബാധിച്ചിരിക്കുന്നു(مَسَّنِيَ الضُّرُّ)എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ പിശാചിന്റെ ദുർബോധനങ്ങൾക്ക് അദ്ദേഹം വശംവദനായെന്ന് ഇതിനർത്ഥമില്ല. അടുത്ത വചനത്തിൽ, അദ്ദേഹം പരീക്ഷണത്തിൽ വരിച്ച ക്ഷമയെക്കുറിച്ചും മറ്റും അല്ലാഹു അദ്ദേഹത്തെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളത് നോക്കുക! ആ വാക്യങ്ങൾ ഇതിന് മതിയായ തെളിവാകുന്നു. ഈ സംഭവകഥയെപ്പറ്റി സൂ: അൻബിയാഅ് 83,84- എന്നീ ആയത്തുകളുടെ വിവരണത്തിൽ നാം വിവരിച്ചിട്ടുള്ളത് ഇവിടെ ഓർക്കുന്നത് നന്നായിരിക്കും.

രോഗശമനത്തിനുവേണ്ടി അല്ലാഹു അയ്യൂബ് നബി (അ)ന് വഹ്യ് നൽകിയത് നിലത്ത് കാൽ കൊട്ടുവാനും, അപ്പോൾ പ്രത്യക്ഷപ്പെടുന്ന തണുത്തവെള്ളത്തിൽനിന്ന് കുളിക്കുവാനും കുടിക്കുവാനുമായിരുന്നു. ആ വെള്ളത്തിൽ അടങ്ങിയ രഹസ്യം എന്താണെന്ന് അല്ലാഹുവിനറിയാം. ചിലർ പറയാറുള്ളതുപോലെ; അദ്ദേഹത്തിന്റെ രോഗം ചർമരോഗമോ മറ്റോ അയിരിക്കാമെന്നും, ആ വെള്ളത്തിൽ ഗന്ധകഗുണം പോലെയുള്ള വല്ല ഔഷധവീര്യവും കലർന്നിരിക്കാം എന്നോ നിശ്ചയിക്കുവാൻ യാതൊരു തെളിവുമില്ല. അതുപോലെത്തന്നെ മറ്റുചിലർ, ارْكُضْ بِرِجْلِكَ എന്ന വാക്കിന് നീ നിന്റെ കാൽ ചലിപ്പിക്കുക അല്ലെങ്കിൽ നിന്റെ കുതിരയെ ഓടിപ്പിക്കുക എന്ന് അർത്ഥം കൽപിക്കുകയും, അതിന് ഇങ്ങിനെ വിവക്ഷ നൽകുകയും ചെയ്തുകാണുന്നു: അദ്ദേഹം ശത്രുക്കളുടെ അക്രമങ്ങളിൽപ്പെട്ട് എവിടെയോ പെട്ടിരിക്കാം, അവിടെനിന്ന് കുതിരയെ ഓടിച്ചുകൊണ്ട്-അല്ലെങ്കിൽ കുറെ ദൂരം നടന്നുകൊണ്ട്- വല്ല വെള്ളസ്ഥലത്തും പോയി തണുത്ത വെള്ളത്തിൽ ഒന്ന് കുളിച്ചാൽ ശത്രുകളിൽനിന്ന് ഏറ്റ പരിക്കുകൾ തീർക്കാം. ഇതാണ് ആ വ്യാഖ്യാനം. ശത്രുക്കളിൽനിന്ന് ഏൽക്കുന്ന പരിക്കുകൾ കുളിച്ചതുകൊണ്ട് സുഖപ്പെടുന്നതെങ്ങിനെയാണെന്ന് നമുക്ക് മനസ്സിലാകുന്നില്ല. വാസ്തവത്തിൽ, കാല് കൊട്ടുവാനും കുളിക്കുവാനും കൽപിച്ചതും, അതുമൂലം രോഗശമനം വരുന്നതും അയ്യൂബ് നബി (അ)ന് അല്ലാഹു നൽകിയ ഒരു പ്രത്യേക അനുഗ്രഹമായിരുന്നുവെന്നാണ് ക്വുർആന്റെ പ്രസ്താവനയിൽനിന്ന് മനസ്സിലാക്കുന്നത്. ഈ വസ്തുത സ്വീകരിക്കുവാൻ തയ്യാറില്ലാത്തവർ സംഭവത്തിന് തികച്ചും സർവ്വസാധാരണത്വം നൽകുവാൻവേണ്ടി ചെയ്ത ചില ശ്രമങ്ങൾ എന്ന് മാത്രമേ ഈ അഭിപ്രായങ്ങളെപ്പറ്റി പറയു

വാനുള്ളൂ.

നിന്റെ കുതിരയെ ഓടിപ്പിക്കുകഎന്ന അർത്ഥം ആ വാക്കിന് കൽപിക്കുവാൻ ന്യായം കാണുന്നില്ല. കാരണം, ركض എന്നാൽ കാൽ കൊട്ടുകഎന്നും, കാൽ ഇളക്കുക എന്നും ,ഓടുക എന്നും അർത്ഥമുണ്ട്. ركض الفرس برجله കുതിരയെ കാലുകൊണ്ടു കൊട്ടി) എന്ന് കുതിരയെ കർമമാക്കിക്കൊണ്ട് പറഞ്ഞിരുന്നുവെങ്കിൽ അതിന് കുതിര ഓടിച്ചു പോകുക എന്ന് അർത്ഥം കൽപിക്കാമായിരുന്നു. പക്ഷേ, കുതിരയെപ്പറ്റി - ഇവർ എന്തോ സങ്കൽപിച്ചതല്ലാതെ - ഖുർആനിൽ സൂചിപ്പിച്ചിട്ടുപോലുമില്ല. കാൽ ഇളക്കി കുറെ ദൂരം നടന്നുപോകുക എന്ന് അർത്ഥം കൽപിക്കുവാനും വഴി കാണുന്നില്ല. കാരണം, തൊട്ട വാക്യം هَذَا مُغْتَسَلُ الخ (ഇതാ തണുത്ത സ്നാന ജലവും പാനീയവും) എന്നാണല്ലോ. هَذَا (ഹാദാ) എന്ന വാക്ക് അടുത്തുള്ളതിനെ ചൂണ്ടിപറയുവാനുള്ളതാണെന്ന് പരക്കെ അറിയപ്പെട്ടതുമാണ്. എനി, കാൽ ഇളകി ഓടുക എന്ന് അതിന് അർത്ഥം കൊടുക്കാമെന്ന് സമ്മതിക്കുക: ഇവരുടെ സങ്കൽപ പ്രകാരം ശത്രുക്കളിൽനിന്ന് പരിക്കേറ്റ് വിഷമിച്ചുകൊണ്ടിരിക്കുകയാണ് അയ്യൂബ് നബി (അ). എന്നിരിക്കെ, അദ്ദേഹത്തോട് കുറെ ദൂരം ഓടാൻ പറയുന്നത് എത്രമാത്രം ഉചിതമായിരിക്കും? ആലോചിച്ചുനോക്കുക! ചുരുക്കിപറഞ്ഞാൽ, ഒരു ഉദ്ദേശ്യം ആദ്യം മനസിൽവെച്ചുകൊണ്ട് അതിനനുസരിച്ച് ഖുർആൻ വാക്യത്തിന് അർത്ഥം കൽപിക്കുന്നത് നന്നല്ല.

വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുവെങ്കിലും, അല്ലാഹു അയ്യൂബ് നബി (അ)ന്റെ പ്രാർത്ഥന സ്വീകരിക്കുകയും, അദ്ദേഹത്തിന് കരുണ ചെയ്യുകയും ചെയ്തു. അദ്ദേഹത്തെ വിട്ടകന്നുപോയ കുടുംബങ്ങളെയും, ബന്ധുക്കളെയും അല്ലാഹു അദ്ദേഹത്തിലേക്ക് തിരിച്ചുവരുത്തുകയും, അവർ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു. അതിനെ, അദ്ദേഹത്തിന് കൂടുതൽ സന്തുഷ്ടമായ നിലപാടും, ക്ഷേമ ഐശ്വര്യങ്ങളും കൈവന്നു. ഇത് അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുത്ത വമ്പിച്ച ഒരു അനുഗ്രഹമാണ്. അതോടൊപ്പം ഇങ്ങിനെയുള്ള പരീക്ഷണ ഘട്ടങ്ങൾ നേരിടുന്ന അവസരങ്ങളിൽ-ക്ഷമയും സഹനവും, കൈക്കൊള്ളുകയും, അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്യേണ്ടതിന്- ബുദ്ധിമാന്മാർക്ക് ഒരു നല്ല പാഠവുംകൂടിയാകുന്നു. അല്ലാഹു അയ്യൂബ് നബി (അ) നോട് തുടർന്ന് പറയുന്നു:-

وَخُذْ بِيَدِكَ ضِغْثًا فَٱضْرِب بِّهِۦ وَلَا تَحْنَثْ ۗ إِنَّا وَجَدْنَٰهُ صَابِرًا ۚ نِّعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ ﴿٤٤﴾

《44》 നീ ഒരു പിടിപുല്ല് (അഥവാ ചുള്ളിത്തണ്ട്) നിന്റെ കയ്യിലെടുക്കുക; എന്നിട്ട് അതുകൊണ്ട് അടിക്കുകയും ശപഥം ലംഘിക്കാതിരിക്കുകയും ചെയ്യുക. നിശ്ചയമായും അദ്ദേഹത്തെ ക്ഷമിക്കുന്നവനായി നാം കണ്ടെത്തിയിരിക്കുന്നു. വളരെ നല്ല അടിയാൻ! നിശ്ചയമായും അദ്ദേഹം, വളരെ മടക്കമുള്ള (പശ്ചാത്തപിക്കുന്ന) ആളാകുന്നു.

《44》 وَخُذْ നീ എടുക്കുകയും ചെയ്യുക بِيَدِكَ നിന്റെ കയ്യിൽ, കൈകൊണ്ട്

ضِغْثًا ഒരുപിടി പുല്ല്, വാസനചെടി, ചുള്ളിത്തണ്ട് فَاضْرِب بِّهِ എന്നിട്ട് അതുകൊണ്ട് അടിക്കുക وَلَا تَحْنَثْ നീ ശപഥം (സത്യം)ലംഘിക്കരുത്, തെറ്റുചെയ്യരുത് إِنَّا നിശ്ചയമായും ഞാൻ وَجَدْنَاهُ അദ്ദേഹത്തെ കണ്ടെത്തി صَابِرًا ക്ഷമിക്കുന്നവനായിട്ട് نِعْمَ വളരെ നന്നായിട്ടുണ്ട് الْعَبْدُ (ആ) അടിയാൻ إِنَّهُ നിശ്ചയമായും അവൻ أَوَّابٌ മടക്കക്കാരനാണ്, വളരെ മടക്കമുള്ളവനാണ്.

അയ്യൂബ് നബി (അ)നെ സ്നേഹിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്തിരുന്ന തന്റെ ഭാര്യയുടെ പക്കൽ എന്തോ ഒരു വീഴ്ച പറ്റി, കോപം നിമിത്തമോ മറ്റോ അദ്ദേഹം ആ സ്ത്രീയെ നൂറ് അടി അടിക്കുമെന്ന് ശപഥം ചെയ്തു. ഈ ശപഥം കേവലം ഒരു നല്ല ശപഥമല്ലായിരുന്നു. കാരണം അതിനുമാത്രം അവൾ തെറ്റ് ചെയ്തിരുന്നില്ല. അതുകൊണ്ട് ആ ശപഥം നാമമാത്രമായി നിറവേറ്റിയാൽ മതിയെന്ന് അല്ലാഹു അദ്ദേഹത്തിന് നിർദ്ദേശം നൽകി. അതായത്, നൂറ് എണ്ണം വരുന്ന ഒരു പിടി പുല്ലെടുത്ത്-അല്ലെങ്കിൽ ചുള്ളിത്തണ്ടെടുത്ത്- അതുകൊണ്ട് അവളെ ഒന്ന് അടിക്കുവാനും, അങ്ങിനെ ആ സത്യം, പാലിക്കുവാനും അദ്ദേഹത്തോട് അല്ലാഹു കൽപിച്ചു. അതുവഴി, പ്രത്യക്ഷത്തിൽ ആ ശപഥം നിറവേറുന്നതോടൊപ്പം നിരപരാധിനിയായ ആ സ്ത്രീ ശിക്ഷയിൽനിന്ന് ഒഴിവാകുകയും ചെയ്തു. ഇങ്ങിനെയാണ് പൊതുവിൽ ക്വുർആൻ വ്യാഖ്യാതാക്കൾ ഇവിടെ പ്രസ്തവിക്കുന്നത്. വാസ്തവം അല്ലാഹുവിനറിയാം,

ക്വുർആൻ വ്യാഖ്യാതാക്കളുടെ ഈ പ്രസ്താവന അയുക്തികമാണെന്നും, നൂറടി അടിക്കുമെന്ന ശപഥം അതുകൊണ്ട് നിറവേറുകയില്ലെന്നും, നിറവേറുമെന്ന് പറയുന്നത് കേവലം ഒരു ഉപായം മാത്രമാണെന്നും, ഇങ്ങിനെ ഒരു ഉപായം കൊണ്ട് തൃപ്തിപ്പെടുവാൻ ഒരു പ്രവാചകനോട് അല്ലാഹു കൽപിക്കയില്ലെന്നും ചിലർ പരിഹാസപൂർവ്വം പറഞ്ഞുകാണുന്നു. നൂറ് ദരിദ്രന്മാർക്ക് ഭക്ഷണം കൊടുക്കുമെന്ന് നേർച്ചയാക്കിയാൽ ഓരോരുത്തർക്കും ഓരോ നുള്ള് ഭക്ഷണംവീതം കൊടുക്കുന്നതിന് സമമാണിതെന്നും അവർ പറയുന്നു. കേട്ടമാത്രയിൽ ഈ പറഞ്ഞത് ശരിയാണെന്ന് തോന്നാമെങ്കിലും, കുറച്ച് ആഴത്തിൽ ചിന്തിക്കുമ്പോൾ ഇതിന് വലിയ കഴമ്പൊന്നുമില്ലെന്ന് കാണാം. ഒന്നാമതായി ഭക്ഷണം കൊടുക്കുവാനുള്ള നേർച്ചയും, അടിക്കുവാനുള്ള ശപഥവും ഒരു പോലെയല്ല. കാരണം, ഭക്ഷണദാനം സ്വതവേ പുണ്യകർമമാണ്, നേർച്ച അതിനെ നിർബന്ധമാക്കി എന്നുമാത്രം. അടി അങ്ങിനെയല്ല. അത് പ്രത്യേക കാരണമില്ലെങ്കിൽ അക്രമമാണ്. ശപഥം മുഖേന അത് ചെയ്യേണ്ടിവന്നു എന്നുമാത്രം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നേർച്ചകളെല്ലാം ആരാധനയിൽ പെട്ടതാണ്. ശപഥത്തിൽ നല്ലതും ചീത്തയും ഉണ്ടാവും. പലപ്പോഴും ശപഥത്തിന്റെ ഉത്ഭവം വികാരത്തിൽനിന്നായിരിക്കും. അതുകൊണ്ടാണ് മനഃപൂർവ്വമല്ലാത്ത ശപഥങ്ങളിൽ അല്ലാഹു പിടികൂടുകയില്ല (لَّا يُؤَاخِذُكُمُ اللَّهُ بِاللَّغْوِ فِي أَيْمَانِكُمْ) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നതും. നേർച്ചയിൽ ഇങ്ങിനെ-മനഃപൂർവ്വമെന്നും അല്ലാത്തതെന്നും- ഒരു വിഭജനമില്ല. അതുകൊണ്ടാണ് നബിﷺ ഇങ്ങിനെ പറയുന്നതും: നീ ഒരു കാര്യം സത്യം ചെയ്തു പറഞ്ഞിട്ട് അതിനെക്കാൾ ഉത്തമമായത് മറ്റൊന്നായിരുന്നുവെന്നുകണ്ടാൽ, നീ നിന്റെ ശപഥത്തിന് പ്രായശ്ചിത്തം *(*)* കൊടുക്കുകയും, ആ ഉത്തമമായതേതോ അത് ചെയ്യു

(*) പത്ത് സാധുക്കൾക്ക് ഭക്ഷണമോ, വസ്ത്രമോ കൊടുക്കുക, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക, സാധിക്കാത്തപക്ഷം മൂന്ന് നോമ്പ് നോൽക്കുക. ഇതാണ് ശപഥം പിഴപ്പിക്കുന്നതിന്റെ പ്രായശ്ചിത്തം.

കയും ചെയ്യുക.! (ബു: മു.) ഈ നിയമമനുസരിച്ചായിരുന്നു ആഇശഃ (റ)യെപ്പറ്റി ദൂഷ്യാരോപണം നടത്തിയ സംഭവത്തിൽ പങ്കുണ്ടായിരുന്നുവെന്നതിന്റെ പേരിൽ മിസ്ത്തഹ് (റ)ന് നൽകപ്പെട്ടുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ മേലിൽ തുടരുകയില്ലെന്ന് അബൂബക്ർ (റ) സത്യം ചെയ്തതിൽനിന്ന് അദ്ദേഹം പിൻമാറിയത്.

ചുരുക്കിപറഞ്ഞാൽ, അയ്യൂബ് നബി (അ)ന്റെ ശപഥം അപ്പടി നിറവേറ്റുന്നത് ഒരു നല്ല കാര്യമായിരുന്നില്ല. അതുകൊണ്ട് അത് അപ്പടി നിറവേറ്റരുതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടി. അതേസമയത്ത് ദോഷരഹിതമായ വിധത്തിൽ നാമമാത്രമായിട്ടെങ്കിലും അത് നിറവേറ്റുവാൻ സാധിക്കുന്ന ഒരു രൂപം ചൂണ്ടിക്കാട്ടുകയും ചെയ്തു. ഒരു ശപഥം യഥാവിധി പ്രാവർത്തികമാക്കുന്നത് ദോഷഹേതുകമായിരിക്കുകയും, പ്രത്യക്ഷത്തിൽ അത് പാലിച്ച് കടമ തീർക്കുമാറുള്ള ഒരു ലഘുരൂപം അതിനുണ്ടായിരിക്കുകയും ചെയ്താൽ, ഈ നയം സ്വീകരിക്കുന്നത് ഒരു ഉപായമോ കുറുക്കുവഴിയോ ആകുന്നതല്ല. നേരേമറിച്ച് നിയമദൃഷ്ട്യാ ശപഥം പാലിക്കുന്നതോടൊപ്പം ശപഥത്തിൽ അടങ്ങിയദോഷം സംഭവിക്കാതിരിക്കുകയും ചെയ്യുന്നു. ആകയാൽ, വല്ലപ്പോഴും ഒരാൾ മറ്റൊരാളെ അടിക്കുമെന്നോ മറ്റോ ഒരു ശപഥം ചെയ്തുപോയാൽ–അയാൾക്ക് ഉപദ്രവകരമല്ലാത്തവിധം ആ ശപഥം നിറവേറ്റാൻ കഴിയുമെങ്കിൽ– അങ്ങിനെ ചെയ്യേണ്ടതും, അങ്ങിനെ, ആ ശപഥത്തിന്റെ ബാഹ്യമായ കടമ നിർവഹിച്ചുകൊണ്ട് അതിന്റെ ദോഷവശത്തിൽനിന്ന് ഒഴിവാകേണ്ടതുമാണെന്ന് അയ്യൂബ് നബി (അ)യുടെ ഈ സംഭവത്തിൽനിന്ന് മനസ്സിലാക്കാം. അങ്ങനെ ഒരു നയം സ്വീകരിക്കാൻ മാർഗമില്ലെങ്കിൽ നിശ്ചയമായും ആ ശപഥം ഒട്ടും നിറവേറ്റേണ്ടതില്ലെന്നും,–ഹദീഥിൽ പറഞ്ഞതുപോലെ– പ്രായശ്ചിത്തം ചെയ്തു കൂടുതൽ നല്ലതേതോ അത് ചെയ്യുകയാണ് വേണ്ടതെന്നും വ്യക്തമാണ്. മേൽ വിവരിച്ചതിൽനിന്ന്– വിമർശകന്മാർ തെറ്റിദ്ധരിച്ചതുപോലെ– അല്ലാഹുവിന്റെ നോട്ടം ഹൃദയങ്ങളിലേക്കാണ്, ബാഹ്യകർമങ്ങളിലേക്കല്ല എന്ന തത്വത്തിന് ഈ സംഭവം എതിരല്ലെന്നും, നേരെമറിച്ച് അതിന് അനുയോജ്യമായത് തന്നെയാണെന്നും മനസ്സിലാക്കാവുന്നതാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് അയ്യൂബ് നബി (അ)ന്റെ ഈ സംഭവം അപ്രകാരം തന്നെയാണ് സംഭവിച്ചതെന്ന് നാം ഉറപ്പിക്കുന്നുവെന്ന് ധരിക്കേണ്ടതില്ല. യഥാർത്ഥത്തിൽ സംഭവിച്ചതെന്തായിരുന്നു അല്ലാഹുവിനറിയാം. സംഭവത്തിന്റെ രൂപത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്നതിനെ അപ്പടി പരിഹാസപൂർവം തള്ളിക്കളയുവാൻവേണ്ടി വിമർശകന്മാർ പറയുന്ന ന്യായങ്ങൾ ശരിയല്ലെന്ന് ഉണർത്തുകമാത്രമാണിവിടെ നമ്മുടെ ഉദ്ദേശ്യം. وَلَا تَحْنَثْ എന്നവാക്കിന് ശപഥം ലംഘിക്കരുത് എന്നുമാത്രമല്ല, 23നീ തെറ്റ് ചെയ്യരുത് എന്നും അർത്ഥം വരുമെന്നത് ശരിയാണ്.പക്ഷേ, ഒരുപിടി പുല്ല് കയ്യിലെടുത്ത് അതുകൊണ്ട് അടിക്കുക എന്നുള്ള കൽപനയും ഈ വാക്കർത്ഥവും തമ്മിൽ യാതൊരു ബന്ധവും കാണുന്നില്ലെന്നുകൂടി ആലോചിക്കേണ്ടതുണ്ട്. പക്ഷേ, പുല്ലുകൊണ്ട് അടിക്കുവാൻ കൽപിച്ചത് ഭാര്യയെയാണെന്നും ഭാര്യയെ നൂറ് അടിഅടിക്കുമെന്ന് അദ്ദേഹം ശപഥം ചെയ്തിരുന്നുവെന്നും ക്വുർആനിലോ, ഹദീഥിലോ കാണുന്നില്ല. ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ച് കാണുന്നത് മാത്രമാണ് ഇതിൽ നമ്മുടെ അവലംബം. അതുകൊണ്ടാണ്, സംഭവം അങ്ങിനെയായിരിക്കുമെന്ന് നാം ഉറപ്പിച്ചുപറയാത്തതും. والله اعلم

ആപത്തുകളിലും, പരീക്ഷണങ്ങളിലും, അയ്യൂബ് നബി (അ) പ്രദർശിപ്പിച്ച ക്ഷമയും, അദ്ദേഹം കൈക്കൊണ്ട നിലപാടും എന്തായിരുന്നുവെന്നും, ഈ പരീക്ഷണം

അദ്ദേഹത്തിന് അല്ലാഹുവിങ്കലുള്ള സ്ഥാനം ഉന്നതമായിത്തീരുവാൻ എത്രമാത്രം കാരണമായെന്നും കാണിക്കുന്ന ഒരു മഹത്തായ സാക്ഷിപത്രമാണ് ഒടുവിലത്തെ വാക്യം. (إِنَّا وَجَدْنَاهُ صَابِرًا نِعْمَ الْعَبْدُ إِنَّهُ أَوَّابٌ) അതെ, അദ്ദേഹത്തെ നാം ക്ഷമിക്കുന്നവനായി കണ്ടു; വളരെ നല്ല അടിയാനാണ്; വളരെ മടക്കമുള്ള ആളാണ് എന്നൊക്കെ!

وَٱذْكُرْ عِبَٰدَنَآ إِبْرَٰهِيمَ وَإِسْحَٰقَ وَيَعْقُوبَ أُو۟لِى ٱلْأَيْدِى وَٱلْأَبْصَٰرِ ﴿٤٥﴾

《45》 നമ്മുടെ അടിയാന്മാരെയും - അതായത് കരബലവും (ദീർഘ) ദൃഷ്ടിയുമുള്ള (അഥവാ കർമധീരതയും ഉൾക്കാഴ്ചയുമുള്ള) ഇബ്റാഹീമിനെയും, ഇസ്ഹാകിനെയും, യഅ്കൂബിനെയും - ഓർക്കുക.

إِنَّآ أَخْلَصْنَٰهُم بِخَالِصَةٍ ذِكْرَى ٱلدَّارِ ﴿٤٦﴾

《46》 നിഷ്കളങ്കമായ (അഥവാ പരിപാവനമായ) ഒരു കാര്യംകൊണ്ട് അവരെ നാം സംശുദ്ധമാക്കിയിരിക്കുന്നു; അതായത്, (പരലോക) ഭവനത്തിന്റെ സ്മരണ(കൊണ്ട്)!

وَإِنَّهُمْ عِندَنَا لَمِنَ ٱلْمُصْطَفَيْنَ ٱلْأَخْيَارِ ﴿٤٧﴾

《47》 നിശ്ചയമായും അവർ, നമ്മുടെ അടുക്കൽ, തിരഞ്ഞെടുക്കപ്പെട്ട ഉത്തമന്മാരിൽ പെട്ടവരുമത്രെ.

وَٱذْكُرْ إِسْمَٰعِيلَ وَٱلْيَسَعَ وَذَا ٱلْكِفْلِ ۖ وَكُلٌّ مِّنَ ٱلْأَخْيَارِ ﴿٤٨﴾

《48》 ഇസ്മാഈലിനെയും, അൽയസഇനെയും, ദുൽകിഫ്ലിനെയും ഓർക്കുക. എല്ലാവരുംതന്നെ ഉത്തമന്മാരിൽ പെട്ടവരാകുന്നു.

《45》 وَاذْكُرْ ഓർക്കുക (പ്രസ്താവിക്കുക)യും ചെയ്യുക عِبَادَنَا നമ്മുടെ അടിയാന്മാരെ إِبْرَاهِيمَ ഇബ്റാഹീമിനെ وَإِسْحَاقَ ഇസ്ഹാകിനെയും وَيَعْقُوبَ യഅ്കൂബിനെയും أُولِي الْأَيْدِي കൈകൾ (കരബലം) ഉള്ള وَالْأَبْصَارِ കണ്ണുകളും, കാഴ്ചകളും (ദീർഘദൃഷ്ടിയും) 《46》 إِنَّا أَخْلَصْنَاهُمْ നിശ്ചയമായും നാമവരെ ശുദ്ധമാക്കി, നിഷ്കളങ്കമാക്കി, പ്രത്യേകിപ്പിച്ചു بِخَالِصَةٍ ഒരു നിഷ്കളങ്കമായ (ശുദ്ധമായ, പരിപാവനമായ) കാര്യംകൊണ്ട് ذِكْرَى الدَّارِ (ആ) ഭവനത്തിന്റെ സ്മരണമാകുന്നു 《47》 وَإِنَّهُمْ നിശ്ചയമായും അവർ عِندَنَا നമ്മുടെ അടുക്കൽ لَمِنَ الْمُصْطَفَيْنَ തിരഞ്ഞെടുക്കപ്പെട്ട (തെളിയിച്ചെടുക്കപ്പെട്ട)വരിൽ പെട്ടവരാകുന്നു الْأَخْيَارِ ഉത്തമന്മാരായ, ശ്രേഷ്ഠരായ 《48》 وَاذْكُرْ ഓർക്കുക, പ്രസ്താവിക്കുക إِسْمَاعِيلَ ഇസ്മാഈലിനെയും وَالْيَسَعَ അയൽസഇ

നെയും وَذَا ٱلْكِفْلِ ദുൽകിഫ്‌ലിനെയും وَكُلٌّ എല്ലാവരും مِنَ ٱلْأَخْيَارِ ഉത്തമന്മാരിൽപെട്ടവരാകുന്നു.

ചില പ്രവാചകന്മാരെക്കുറിച്ച് ചില പ്രത്യേക വിഷയങ്ങൾ എടുത്തുപറഞ്ഞ് ഓർമിപ്പിച്ചശേഷം, മറ്റു ചിലരെക്കുറിച്ച് സാമാന്യമായ ഒരു അനുസ്മരണയാണ് ഈ വചനങ്ങളിലുള്ളത്. അൽയസഉ് നബി (അ)നെപറ്റി ഇവിടെയെന്നപോലെ സൂ: അൻആം 86 ലും പ്രസ്താവിച്ചിരിക്കുന്നു. ദുൽകിഫ്ൽ നബി (അ)നെപറ്റി സൂ: അൻബിയാഉ് 85-ലും പറഞ്ഞിരിക്കുന്നു. നബിമാരുടെ കൂട്ടത്തിൽ പേര് പറയുകയല്ലാതെ വിശേഷിച്ചൊന്നും ഇവരെപറ്റി ക്വുർആനിൽ പ്രസ്താവിച്ചിട്ടില്ല. മറ്റുള്ളവരെപ്പറ്റി പലപ്പോഴും പ്രസ്താവിക്കാറുള്ളതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ പ്രവർത്തിക്കുന്നതിലാകട്ടെ, അവനെ ആരാധിക്കുന്നതിലാകട്ടെ യാതൊരു നീക്കുപോക്കും വരുത്താതെ കൃത്യനിഷ്ഠയോടും ധീരതയോടും കൂടി അവ നിർവ്വഹിക്കുമാറുള്ള കരുത്തും, ശക്തിയും, അവർക്കുണ്ടായിരുന്നു. മതവിജ്ഞാനങ്ങളിലും, ധാർമിക ചിന്തകളിലും വേണ്ടത്ര മനോദൃഷ്ടിയും, ദീർഘക്കാഴ്ചയും ഉണ്ടായിരുന്നു. ഇതാണ് اولى الايدى والابصار (കരബലവും ദീർഘദൃഷ്ടിയുമുള്ളവർ) എന്ന വിശേഷണം കുറിക്കുന്നത്. പരലോകസ്മരണ-അഥവാ എല്ലാ കാര്യങ്ങളും പരലോകനന്മയെ മുൻനിർത്തിയും, പരലോകവിശ്വാസത്തിന്റെ അടിസ്ഥാനത്തിലും ആയിരിക്കുക-എന്ന ആ പരിശുദ്ധവും, പരിപാവനവുമായ മഹൽഗുണമത്രെ അല്ലാഹു അവരെ ഇത്രയും ഉൽകൃഷ്ടരാക്കുവാൻ കാരണം. പാരത്രികബോധവും ദൈവവിശ്വാസവും മനുഷ്യരിൽ ഉണ്ടാക്കിത്തീർക്കുകയാണല്ലോ പ്രവാചകന്മാരുടെ ആഗമനോദ്ദേശ്യം. تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ (നിങ്ങൾ ഐഹിക വിഭവത്തെ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെ ഉദ്ദേശിക്കുന്നു. (സൂ: അൻഫാൽ 67)

هَٰذَا ذِكْرٌ ۚ وَإِنَّ لِلْمُتَّقِينَ لَحُسْنَ مَـَٔابٍ ﴿٤٩﴾

﴾49﴿ ഇതൊരു സ്മരണ (അഥവാ പ്രസ്താവന)യത്രെ. നിശ്ചയമായും, (സൂക്ഷിക്കുന്ന) ഭയഭക്തന്മാർക്ക് നല്ല മടക്ക സ്ഥാനമുണ്ട്.

جَنَّـٰتِ عَدْنٍ مُّفَتَّحَةً لَّهُمُ ٱلْأَبْوَٰبُ ﴿٥٠﴾

﴾50﴿ അതായത്, അവർക്കു വേണ്ടി വാതിലുകൾ തുറന്നുവെക്കപ്പെട്ടിട്ടുള്ള സ്ഥിരവാസത്തിന്റെ സ്വർഗങ്ങൾ!-

مُتَّكِـِٔينَ فِيهَا يَدْعُونَ فِيهَا بِفَـٰكِهَةٍ كَثِيرَةٍ وَشَرَابٍ ﴿٥١﴾

﴾51﴿ അതിൽ ചാരിയിരുന്നു കൊണ്ടായിരിക്കും (അവർ സുഖിക്കുക) ധാരാളം (സുഖഭോജ്യങ്ങളായ) പഴങ്ങൾക്കും പാനീയത്തിനും അവർ അവിടത്തിൽ വിളിച്ച് (ആവശ്യപ്പെട്ടു) കൊണ്ടിരിക്കും.

۞ وَعِندَهُمْ قَٰصِرَٰتُ ٱلطَّرْفِ أَتْرَابٌ ﴿٥٢﴾

﴿52﴾ അവരുടെ അടുക്കൽ (ഇണയൊത്ത) സമ വയസ്കരായ, (പരദൃഷ്ടിവെക്കാതെ) കണ്ണ് നിയന്ത്രിക്കുന്ന സ്ത്രീകളും ഉണ്ടായിരിക്കും.

هَٰذَا مَا تُوعَدُونَ لِيَوْمِ ٱلْحِسَابِ ﴿٥٣﴾

﴿53﴾ (ഹേ, ഭയഭക്തന്മാരെ,) വിചാരണാദിവസത്തേക്ക് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്നതാണ് ഇത്!

إِنَّ هَٰذَا لَرِزْقُنَا مَا لَهُۥ مِن نَّفَادٍ ﴿٥٤﴾

﴿54﴾ നിശ്ചയമായും, അത് നമ്മുടെ വക (പാരിതോഷികമായി) നൽകുന്നതാണ്: യാതൊരു (വിധത്തിലുള്ള) തീർന്നുപോക്കും അതിനുണ്ടാകുന്നതല്ല.

﴿49﴾ هَٰذَا ഇത് ذِكْرٌ ഒരു സ്മരണ (കീർത്തി, പ്രസ്താവന)യാണ് وَإِنَّ لِلْمُتَّقِينَ ഭയഭക്തന്മാർക്ക് നിശ്ചയമായും ഉണ്ട് لَحُسْنَ مَآبٍ നല്ല മടക്കസ്ഥാനം ﴿50﴾ جَنَّاتِ عَدْنٍ അതായത് സ്ഥിരവാസത്തിന്റെ സ്വർഗങ്ങൾ مُفَتَّحَةً لَّهُمُ അവർക്കുവേണ്ടി തുറന്നുവെക്കപ്പെട്ട الأَبْوَابُ വാതിലുകൾ ﴿51﴾ مُتَّكِئِينَ ചാരിയിരിക്കുന്നവരായിക്കൊണ്ട് فِيهَا അതിൽ يَدْعُونَ അവർ വിളിക്കും, ആവശ്യപ്പെടും فِيهَا അതിൽ بِفَاكِهَةٍ പഴവർഗത്തിന് സുഖഭോജ്യത്തിന് كَثِيرَةٍ ധാരാളമായുള്ള وَشَرَابٍ പാനീയത്തിന് ﴿52﴾ وَعِندَهُمْ അവരുടെ അടുക്കലുണ്ടായിരിക്കും قَاصِرَاتُ الطَّرْفِ കണ്ണിനെ (ദൃഷ്ടിയെ) നിയന്ത്രിക്കുന്നവർ, ചുരുക്കുന്നവർ أَتْرَابٌ സമവയസ്കരായ, ഇണയൊത്തവരായ ﴿53﴾ هَٰذَا ഇത് مَا تُوعَدُونَ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്നതാണ് لِيَوْمِ الْحِسَابِ വിചാരണ ദിവസത്തേക്ക് ﴿54﴾ إِنَّ هَٰذَا നിശ്ചയമായും ഇത് لَرِزْقُنَا നാം നൽകുന്നതാണ് (നമ്മുടെ വക ആഹാരമാണ്, പാരിതോഷികമാണ്) مَا لَهُ അതിന്നില്ല, ഉണ്ടാകുന്നതല്ല مِن نَّفَادٍ യാതൊരു തീർന്നുപോകലും (ഒട്ടും അവസാനിക്കൽ)

സംസാരിച്ച് വന്നിരുന്ന വിഷയം അവസാനിപ്പിച്ചു മറ്റൊരു വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു പീഠികയാണ് هَٰذَا ذِكْرٌ (ഇതൊരു സ്മരണയത്രെ) എന്ന വാക്യം ذِكْر എന്ന പദത്തിന് പ്രസ്താവന, സ്മരണ, ഉപദേശം, കീർത്തി എന്നൊക്കെ അർത്ഥമുണ്ട്. പല പ്രവാചകന്മാരെക്കുറിച്ചും ഇതുവരെ സംസാരിച്ചുവന്നത് ഒരു അനുസ്മരണം എന്ന നിലക്കാണ്. അല്ലെങ്കിൽ ഉപദേശമെന്ന നിലക്കാണ്, അതുമല്ലെങ്കിൽ, അവരുടെ കീർത്തിയും യോഗ്യതയും വിവരിച്ചതാണ് എന്നിങ്ങിനെ പല വ്യാഖ്യാനങ്ങളും ഈ വാക്യത്തിന്ന് നൽകപ്പെട്ടു കാണാം. അതെല്ലാം പ്രസ്തുത അർത്ഥങ്ങളെ ആധാരമാക്കിയാകുന്നു.

ആ പ്രവാചകന്മാരുടെ കാൽപാടുകളെ അനുഗമിച്ചുകൊണ്ട് അല്ലാഹുവിന്റെ വിധി

വിലക്കുകളെ അനുസരിച്ചു ജീവിക്കുന്ന ഭയഭക്തന്മാർക്ക് സിദ്ധിക്കുന്ന പാരത്രിക നേട്ട ങ്ങളെയാണ് ഈ വചനങ്ങൾ വിവരിച്ചത്. നേരെമറിച്ച് അല്ലാഹുവിനെയും, പ്രവാചക ന്മാരെയും ധിക്കരിച്ച് ജീവിക്കുന്ന കുറ്റവാളികൾക്ക് ലഭിക്കുവാനിരിക്കുന്ന അനുഭവങ്ങ ളെപ്പറ്റി അടുത്ത വചനത്തിൽ വിവരിക്കുന്നു.

هَـٰذَا ۚ وَإِنَّ لِلطَّـٰغِينَ لَشَرَّ مَـَٔابٍ ﴿٥٥﴾

﴾55﴿ ഇതാണ് (അവരുടെ നില). (അതേസമയത്ത്) ധിക്കാരികൾക്ക് നിശ്ചയമായും മോശപ്പെട്ട മടക്കസ്ഥാനവും ഉണ്ടായിരിക്കും.

جَهَنَّمَ يَصْلَوْنَهَا فَبِئْسَ ٱلْمِهَادُ ﴿٥٦﴾

﴾56﴿ അതായത് ജഹന്നം [നരകം]!- അവരതിൽ കടന്നെരിയും. അപ്പോൾ, (ആ) വിരിപ്പ് വിതാനം എത്രയോ ചീത്ത!)

هَـٰذَا فَلْيَذُوقُوهُ حَمِيمٌ وَغَسَّاقٌ ﴿٥٧﴾

﴾57﴿ ഇതാണ് (ഇവർക്കുള്ളത്); ആകയാൽ, ഇവരത് ആസ്വദിച്ചുകൊള്ളട്ടെ: (കൂടാതെ) അത്യുഷ്ണ ജലവും (ദുർഗന്ധത്തോടെ ഒഴുകിവരുന്ന) അതി ശൈത്യജലവും!

وَءَاخَرُ مِن شَكْلِهِۦٓ أَزْوَٰجٌ ﴿٥٨﴾

﴾58﴿ ഈ രൂപത്തിൽപെട്ട പല ഇനങ്ങൾ വേറെയും!!

﴾55﴿ هَٰذَا ഇതാണ് (ഇങ്ങിനെയാണ്) وَإِنَّ لِلطَّاغِينَ നിശ്ചയമായും ധിക്കാരി (അതിക്രമി)കൾക്കുണ്ട്താനും لَشَرَّ مَآبٍ മോശപ്പെട്ട മടക്കസ്ഥാനം, പ്രാപ്യസ്ഥലം ﴾56﴿ جَهَنَّمَ അതായത് ജഹന്നം يَصْلَوْنَهَا അതിലവർ കടന്നെരിയും فَبِئْسَ അപ്പോൾ (എന്നിരിക്കെ, അതിനാൽ) വളരെ ചീത്തയാണ് الْمِهَادُ വിരിപ്പ്, വിതാനം﴾57﴿ هَٰذَا ഇതാണ് فَلْيَذُوقُوهُ ആകയാൽ (അങ്ങനെ) അവരത് ആസ്വദിക്കട്ടെ حَمِيمٌ ചുടുവെള്ളം, അത്യുഷ്ണ ജലം وَغَسَّاقٌ അതിശൈത്യ ജലവും, കീണ്ടൊലിക്കുന്ന നീരും﴾58﴿ وَآخَرُ വേറെയും مِنْ شَكْلِهِ അതിന്റെ രൂപത്തിൽ (ആകൃതിയിൽ)പെട്ട أَزْوَاجٌ പല ഇനങ്ങൾ (ഇണകൾ)

ദുർഗന്ധം വമിച്ചുകൊണ്ട് നരകവാസികളുടെ ശരീരങ്ങളിൽ നിന്നൊഴുകിയൊലിക്കുന്നതും, തണുപ്പേറിയതുമായ ഒരുതരം വെള്ളമാണ് غَسَاق(ഗസ്സാക്വ്). ഇമാം അഹ്മദ് (റ) മുതലായവർ ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ഒരു തൊട്ടി ഗസ്സാക് ഇഹലോകത്ത് ഒഴിക്കപ്പെടുന്നപക്ഷം ഇഹലോകത്തുള്ളവർക്കെല്ലാം ദുർഗന്ധം വമിക്കുന്നതാണ്. നരകവാസികൾ ദാഹം അടക്കവയ്യാതെ വെള്ളത്തിനപേക്ഷിക്കുമ്പോൾ അവർക്ക് ലഭിക്കുന്നത് അതികഠിനമായ ഉഷ്ണജലമോ, അല്ലെങ്കിൽ അതിശൈത്യമായ പ്രസ്തുത ജലമോ ആയിരിക്കും. ഒന്ന്

ഉഷ്ണാധിക്യം നിമിത്തമാണെങ്കിൽ, മറ്റേതും ശൈത്യാധിക്യവും ദുർഗന്ധവും നിമിത്തം കുടിച്ചിറക്കുവാൻ സാധ്യമല്ല. ഇതുപോലെ, വൈവിധ്യവും, വൈരുദ്ധ്യവും നിറഞ്ഞ മറ്റനേകം ശിക്ഷാവകുപ്പുകളും അവർ അനുഭവിക്കേണ്ടതായുണ്ട്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ. നരകവാസികൾക്കിടയിൽ നടക്കുന്ന ചില രംഗങ്ങളെക്കുറിച്ചാണ് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നത്:

هَٰذَا فَوْجٌ مُّقْتَحِمٌ مَّعَكُمْ ۖ لَا مَرْحَبًا بِهِمْ ۚ إِنَّهُمْ صَالُوا النَّارِ ﴿٥٩﴾

﴾59﴿ ഇതാ നിങ്ങളോടൊപ്പം (നരകത്തിൽ) തിരക്കിക്കടന്നുവരുന്ന ഒരുകൂട്ടം! അവർക്ക് സ്വാഗതമില്ല! നിശ്ചയമായും അവർ നരകത്തിൽ കടന്നെരിയുന്നവരത്രെ.

قَالُوا بَلْ أَنتُمْ لَا مَرْحَبًا بِكُمْ ۖ أَنتُمْ قَدَّمْتُمُوهُ لَنَا ۖ فَبِئْسَ الْقَرَارُ ﴿٦٠﴾

﴾60﴿ അവർ [തിരക്കിക്കടന്നു വരുന്നവർ] പറയും: പക്ഷേ, നിങ്ങളാണ് (സ്വാഗതം നൽകപ്പെടാത്തവർ);- നിങ്ങൾക്ക് സ്വാഗതമില്ല. നിങ്ങളത്രെ ഞങ്ങൾക്ക് ഇത് മുമ്പേവരുത്തിവെച്ചത്. അപ്പോൾ (ആ) പാർപ്പിടം എത്രയോ ചീത്ത (തന്നെ)!

﴾59﴿ هَٰذَا فَوْجٌ ഇതാ ഒരു കൂട്ടം, സംഘം مُّقْتَحِمٌ തിരക്കിവരുന്ന مَّعَكُمْ നിങ്ങളുടെ കൂടെ لَا مَرْحَبًا സ്വാഗതം (സ്വീകരണം) ഇല്ല بِهِمْ അവർക്ക് إِنَّهُمْ നിശ്ചയമായും അവർ صَالُوا النَّارِ നരകത്തിൽ കടന്നെരിയുന്നവരാണ് ﴾60﴿ قَالُوا അവർ പറയും بَلْ പക്ഷേ, എങ്കിലും أَنتُمْ നിങ്ങളാണ് لَا مَرْحَبًا بِكُمْ നിങ്ങൾക്ക് സ്വാഗതമില്ല أَنتُمْ നിങ്ങൾ, നിങ്ങളത്രെ قَدَّمْتُمُوهُ ഇത് മുമ്പ് വരുത്തിവെച്ചു لَنَا ഞങ്ങൾക്ക് فَبِئْسَ അപ്പോൾ (എന്നിരിക്കെ) വളരെ ചീത്ത, മോശമാണ് الْقَرَارُ താവളം, പാർപ്പിടം

ധിക്കാരവർഗത്തിലെ നേതാക്കൾ നരകത്തിൽ പ്രവേശിക്കുമ്പോൾ അവരൊന്നിച്ച് അവരുടെ അനുയായികളും കൂട്ടം കൂട്ടമായി നരകത്തിലേക്ക് വന്നുകൊണ്ടിരിക്കും. ഈ അവസരത്തിൽ നേതാക്കളോട്: ഇതാ നിങ്ങളൊന്നിച്ച് തിരക്കിക്കടന്നുവരുന്ന ഒരുകൂട്ടം! എന്ന് പറയപ്പെടും. അപ്പോൾ അവർ തങ്ങളുടെ അനുയായികളുടെ നേരെ സ്വീകരിക്കുന്ന നയമാണ്, അവർക്ക് സ്വാഗതമില്ല (لَا مَرْحَبًا بِهِمْ) എന്ന വാക്ക് കാണിക്കുന്നത്. ഇഹത്തിൽ വെച്ച് അവർ പരസ്പരം സ്വാഗതം നൽകുകയും, കൂട്ടുകെട്ടിൽ വർത്തിക്കുകയും ചെയ്തിരുന്നുവെങ്കിലും, ഇപ്പോൾ അവർ തങ്ങൾക്കൊരു ശല്യവും, ശാപവുമായിട്ടാണിരിക്കുന്നത്. അങ്ങനെ, അവരുടെ നേരെയുള്ള അറപ്പും, വെറുപ്പും അവർ പ്രകടിപ്പിക്കുന്നു. പക്ഷേ, ഏതായാലും അവരും ഇവരെപ്പോലെ നരകത്തിൽ കടന്നെരിയുന്നവർതന്നെയാണ്. നേതാക്കളുടെ നേരെ നീതന്മാരും അവരുടെ വെറുപ്പും പ്രതിഷേധവും പ്രകടമാക്കും: ഞങ്ങളല്ല-നിങ്ങളാണ്- സ്വാഗതം

നൽകപ്പെടാത്തവർ, നിങ്ങളാണല്ലോ ഇതെല്ലാം ഞങ്ങൾക്ക് വരുത്തിവെച്ചത്....

قَالُوا۟ رَبَّنَا مَن قَدَّمَ لَنَا هَـٰذَا فَزِدْهُ عَذَابًا ضِعْفًا فِى ٱلنَّارِ ﴿٦١﴾

﴿61﴾ അവർ പറയും ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇത് മുമ്പേവരുത്തി വെച്ചതാരോ അവന് നരകത്തിൽ ഇരട്ടിയായ ശിക്ഷ നീ വർദ്ധിപ്പി ക്കേണമേ!.

وَقَالُوا۟ مَا لَنَا لَا نَرَىٰ رِجَالًا كُنَّا نَعُدُّهُم مِّنَ ٱلْأَشْرَارِ ﴿٦٢﴾

﴿62﴾ അവർ (പരസ്പരം) പറയും:നമുക്കെന്താണ്, ദുർജ്ജനങ്ങളുടെ കൂട്ടത്തിൽ പെട്ടവരായി നാം എണ്ണിവന്നിരുന്ന ചില മനുഷ്യ ന്മാരെ (ഇവിടെ) കാണുന്നില്ലല്ലോ?!

أَتَّخَذْنَـٰهُمْ سِخْرِيًّا أَمْ زَاغَتْ عَنْهُمُ ٱلْأَبْصَـٰرُ ﴿٦٣﴾

﴿63﴾ 'നാം അവരെ (വൃഥാ) പരിഹാസ്യമാക്കിത്തീർത്തുവോ?- അതല്ല, അവരിൽ നിന്നും (നമ്മുടെ) ദൃഷ്ടികൾ തെറ്റിപ്പോയിരിക്കുകയാണോ!?'

﴿61﴾ قَالُوا അവർപറയും رَبَّنَا ഞങ്ങളുടെ രക്ഷിതാവേ مَنْقَدَّمَ ആർ മുമ്പ് വരുത്തിവെച്ചുവോ لَنَاهَذَا ഞങ്ങൾക്ക് ഇത് فَزِدْهُ എന്നാലവന്ന് നീ വർദ്ധിപ്പിക്കണേ عَذَابًاضِعْفًا ഇരട്ടിയായ ശിക്ഷ فِي النَّارِ നരകത്തിൽ **﴿62﴾** وَقَالُوا അവർ പറയും مَالَنَا ഞങ്ങൾക്കെന്താണ്, നമുക്കെന്തായി لانَرَى നാം (ഞങ്ങൾ) കാണുന്നില്ല رِجَالا ചില പുരുഷന്മാരെ (മനുഷ്യരെ) كُنَّانَعُدُّهُمْ നാമവരെ എണ്ണിയിരുന്നു مِنَ الأَشْرَارِ ദുർജ്ജനങ്ങളിൽപെട്ടവരായി **﴿63﴾** أَتَّخَذْنَاهُمْ നാമവരെ ആക്കിയോ سِخْرِيًّا പരിഹാസ്യപാത്രം أَمْزَاغَتْ അതല്ല (അല്ലെങ്കിൽ) തെറ്റിപ്പോയോ عَنْهُمُ അവരിൽനിന്ന് الأَبْصَارُ കാഴ്ചകൾ, ദൃഷ്ടികൾ

അവിശ്വാസികളുടെ ദൃഷ്ടിയിൽ ദുർജ്ജനങ്ങളും, നിന്ദ്യരുമായി കരുതപ്പെട്ടിരുന്ന നല്ല മനുഷ്യന്മാരെ ചിലരെപ്പറ്റി അവർ തമ്മിൽതമ്മിൽ സംസാരിക്കുകയാണ്. നാമവരെ പരിഹസിച്ചുവെന്നത് കേവലം അബദ്ധമായിരിക്കുകയാണോ, അവർ വിജയികളായി നരകശിക്ഷകളിൽനിന്ന് രക്ഷപ്പെട്ടിരിക്കുകയാണോ? അതല്ല; നമുക്കവരെ കണ്ടെത്താൻ കഴിയാതെ വന്നതുകൊണ്ടാണോ ഇവിടെ കാണാത്തത്?! എന്നിങ്ങനെ അവർ പരസ്പരം ചോദിക്കുന്നു. ഇപ്പറഞ്ഞതെല്ലാം കേവലം ചില ഉപമാലങ്കാരങ്ങളോ, അതിശയോക്തിയോ അല്ല-തികച്ചും സംഭവിക്കുന്ന യാഥാർത്ഥ്യങ്ങൾതന്നെയാണ്-എന്ന് അല്ലാഹു ഉറപ്പിച്ചു പറയുന്നു:

إِنَّ ذَٰلِكَ لَحَقٌّ تَخَاصُمُ

﴿64﴾ നിശ്ചയമായും അത്,

أَهْلِ ٱلنَّارِ ﴿٦٤﴾

യഥാർത്ഥം തന്നെ! (അതെ) നരക ക്കാരുടെ (ഇടയിൽ നടക്കുന്ന) കക്ഷി വഴക്ക് അഥവാ വിവാദം) ആകുന്നു.

﴾64﴿ إِنَّ ذَٰلِكَ നിശ്ചയമായും അത് لَحَقٌّ യഥാർത്ഥം (വാസ്തവം) തന്നെ تَخَاصُمُ കക്ഷിവഴക്കാണ്, വിവാദമാണ്, തർക്കമാണ് أَهْلِ النَّارِ നരകക്കാരുടെ

വിഭാഗം - 5

കഴിഞ്ഞ കുറെ ആയത്തുകളിലായി തൗഹീദ്, പ്രവാചകത്വം, മരണാനന്തരജീവിതം ആദിയായവയെ സംബന്ധിച്ച് പലതും പ്രസ്താവിച്ചു. അവിശ്വാസികളുടെ നിഷേധത്തെക്കുറിച്ചും സംസാരിച്ചു. അവർക്ക് താക്കീതും, നബിﷺക്കും സത്യവിശ്വാസികൾക്കും മനസ്സമാധാനവും നൽകുന്ന പല പൂർവ്വ ചരിത്രങ്ങൾ വിവരിക്കുകയും ചെയ്തു. അനന്തരം പരലോകത്ത്വെച്ച് സജ്ജനങ്ങളുടെയും, ദുർജനങ്ങളുടെയും, ചില അനുഭവങ്ങളെ ചൂണ്ടിക്കാട്ടി. വീണ്ടും സംസാരഗതി ആദ്യത്തെ വിഷയങ്ങളിലേക്കുതന്നെ തിരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

قُلْ إِنَّمَآ أَنَا۠ مُنذِرٌ ۖ وَمَا مِنْ إِلَٰهٍ إِلَّا ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ ﴿٦٥﴾

﴾65﴿ (നബിയേ) പറയുക: നിശ്ചയമായും ഞാൻ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു; ഏകനായ സർവാധിപതിയായ അല്ലാഹു അല്ലാതെ യാതൊരാരാധ്യനും ഇല്ലതന്നെ.

رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلْعَزِيزُ ٱلْغَفَّٰرُ ﴿٦٦﴾

﴾66﴿ ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിന്റെയും രക്ഷിതാവാണ്, പ്രതാപശാലിയാണ് വളരെ പൊറുക്കുന്നവനാണ് (അവൻ).

قُلْ هُوَ نَبَؤٌا۟ عَظِيمٌ ﴿٦٧﴾

﴾67﴿ പറയുക: അത് ഒരു വമ്പിച്ച വർത്തമാനമാകുന്നു!-

أَنتُمْ عَنْهُ مُعْرِضُونَ ﴿٦٨﴾

﴾68﴿ നിങ്ങൾ അതിൽനിന്ന് (അശ്രദ്ധരായി) തിരിഞ്ഞുകളയുന്നവരാണ്.

مَا كَانَ لِىَ مِنْ عِلْمٍۭ بِٱلْمَلَإِ ٱلْأَعْلَىٰٓ إِذْ يَخْتَصِمُونَ ﴿٦٩﴾

﴾69﴿ മലഉൽ അഅ്ലായെ [ഉന്നത സമൂഹത്തെ]ക്കുറിച്ച് - അവർ വിവാദം നടത്തി കൊണ്ടിരിക്കുമ്പോൾ - എനിക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല;-

إِن يُوحَىٰٓ إِلَيَّ إِلَّآ أَنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٧٠﴾

﴿70﴾ ഞാൻ ഒരു പ്രത്യക്ഷനായ താക്കീതുകാരനാണ് എന്നതിനാലല്ലാതെ, എനിക്ക് വഹ്‌യ് [ദിവ്യബോധനം] നൽകപ്പെടുന്നില്ല.

﴾65﴿ قُلْ നീ പറയുക إِنَّمَا أَنَا നിശ്ചയമായും ഞാൻ مُنذِرٌ ഒരു മുന്നറിയിപ്പുകാരൻ
(മാത്രം) ആകുന്നു وَمَا مِنْ إِلَٰهٍ ഒരു ഇലാഹുമില്ല إِلَّا اللَّهُ അല്ലാഹു അല്ലാതെ الْوَاحِدُ
ഏകനായ الْقَهَّارُ സർവാധികാരിയായ ﴾66﴿ رَبُّ السَّمَاوَاتِ ആകാശങ്ങളുടെ
റബ്ബാണ് وَالْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവ രണ്ടിനിടയിലുള്ളതിന്റെയും الْعَزِيزُ
പ്രതാപശാലിയാണ് الْغَفَّارُ വളരെ പൊറുക്കുന്നവർ﴾67﴿ قُلْ നീ പറയുക هُوَ نَبَأٌ
അതൊരു വർത്തമാനമാണ് عَظِيمٌ വമ്പിച്ച﴾68﴿ أَنتُمْ നിങ്ങൾ عَنْهُ അതിൽനിന്ന്,
അതുവിട്ട് مُعْرِضُونَ തിരിഞ്ഞുപോകുന്നവരാണ്, അശ്രദ്ധരാണ് ﴾69﴿ مَا كَانَ لِيَ
എനിക്കില്ല, ഉണ്ടായിട്ടില്ല مِنْ عِلْمٍ യാതൊരറിവും بِالْمَلَإِ الْأَعْلَىٰ മലഉൽ അഅ്‌ലായെ
(ഉന്നത സമൂഹത്തെ)പ്പറ്റി إِذْ يَخْتَصِمُونَ അവർ വിവാദം (തർക്കം) നടത്തുമ്പോൾ ﴾70﴿
إِن يُوحَىٰ വഹ്‌യ് നൽകപ്പെടുന്നില്ല إِلَيَّ എനിക്ക് إِلَّا أَنَّمَا أَنَا ഞാൻ ആയതിനാലല്ലാതെ
نَذِيرٌ ഒരു താക്കീതുകാരൻ مُبِينٌ പ്രത്യക്ഷനായ

ആകാശഭൂമികളെ സൃഷ്ടിച്ച് നിയന്ത്രിച്ച്പോരുന്ന സർവാധിപതിയായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്നുള്ള പ്രബോധനവും, അത് നിഷേധിക്കുന്നവരെ താക്കീത് ചെയ്യലുമാണ് എന്റെ കൃത്യം. ഇതൊരു ചെറിയ വിഷയമാണെന്ന് നിങ്ങൾ ധരിക്കേണ്ട. ഏറ്റവും വമ്പിച്ച ഒരു കാര്യമാണിത്. പക്ഷേ, നിങ്ങൾ അതിനെ അവഗണിച്ച് തള്ളുകയാണ് ചെയ്യുന്നത്. ഞാൻ ഇത് പ്രബോധനം ചെയ്യുവാൻ കാരണം, അല്ലാഹു എന്നെ നിങ്ങൾക്ക് താക്കീത് ചെയ്യുവാൻവേണ്ടി അയച്ചിരിക്കുന്നതാണ്. അങ്ങനെ, അവനിൽനിന്ന് എനിക്ക് വഹ്‌യ് ലഭിക്കുകയും ചെയ്യുന്നു. എന്നല്ലാതെ, മലക്കുകളുടെ ഉന്നത സമൂഹമാകുന്ന മലഉൽ അഅ്‌ലായുടെ ഇടയിൽ നടന്നതോ, നടന്നുവരുന്നതോ ആയ വിവാദസംസാരങ്ങളെക്കുറിച്ച് എനിക്ക് ഒന്നും അറിഞ്ഞുകൂടാ. ഞാനിത് പ്രബോധനം ചെയ്യുവാൻ കാരണം അതല്ലതാനും, വഹ്‌യ് മൂലമാണ് അതിനെ സംബന്ധിച്ച് എനിക്ക് അറിവ് ലഭിച്ചിരിക്കുന്നത്. എന്ന് താൽപര്യം.

മലഉൽ അഅ്‌ലാ(الْمَلَأُ الْأَعْلَىٰ) എന്ന വാക്കിന് ഉന്നത സമൂഹംഎന്നും മറ്റും വിവർത്തനം നൽകപ്പെടാം. ഇത് മലക്കുകൾക്ക് പൊതുവിൽ പറയപ്പെടുന്നതാണെന്നും, അതല്ല അവരിലുള്ള ഒരു പ്രത്യേക വിഭാഗത്തിന് പറയപ്പെടുന്നതാണെന്നും മഹാന്മാർക്കിടയിൽ രണ്ടഭിപ്രായങ്ങളുണ്ട്. ഏതായാലും മലഉൽ അഅ്‌ലാഎന്ന പേര് മലക്കുകളെ ഉദ്ദേശിച്ചുമാത്രം പറയപ്പെടുന്നതാണെന്നും, മനുഷ്യരെക്കുറിച്ച് പറയുന്നതല്ലെന്നുമുള്ളതിൽ ആർക്കും പക്ഷാന്തരമില്ല മലഉൽ അഅ്‌ലാവിവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ അവരെപ്പറ്റി ഒന്നും അറിഞ്ഞുകൂടായിരുന്നു എന്നാണല്ലോ 69-ാം വചനത്തിൽ പറഞ്ഞിരിക്കുന്നത്. മലക്കുകൾ വിവാദം നടത്തുന്ന സംഭവം പലതുമായിരിക്കുവാൻ സാധ്യതയുണ്ട്. എങ്കിലും ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിവാദം ഏതാണെന്ന് അടുത്ത 71-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. അതായത് ഞാൻ മനുഷ്യനെ സൃഷ്ടി

ക്കുവാൻ പോകുന്നുവെന്ന് നിന്റെ റബ്ബ് മലക്കുകളോട് പറഞ്ഞ സന്ദർഭം (إِذْ قَالَ رَبُّكَ لِلْمَلَائِكَةِ) എന്നാണതിന്റെ തുടക്കം. അപ്പോൾ, മലഉൽ അഅ്ലാ എന്ന് പറഞ്ഞത് മലക്കുകളെ ഉദ്ദേശിച്ചാണെന്നും വിവാദംകൊണ്ടുദ്ദേശ്യം മനുഷ്യവർഗത്തെക്കുറിച്ച് അവർ അല്ലാഹുവുമായി നടത്തിയ വിവാദമാണെന്നും സ്പഷ്ടമായി. വിവാദത്തിന്റെ സന്ദർഭം വ്യക്തമാക്കിയെങ്കിലും, എന്തായിരുന്നു ആ വിവാദമെന്ന് ഇവിടെ അല്ലാഹു പറഞ്ഞിട്ടില്ല പക്ഷേ സൂറത്തുൽ ബക്വറഃ 30-32ൽ അതിനെ പറ്റി പ്രസ്താവിച്ചിട്ടുണ്ട് അല്ലാഹു മനുഷ്യരെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചപ്പോൾ, ഭൂമിയിൽ ഞാനൊരു ഖലീഫഃയെ ആക്കുവാൻ പോകുന്നുവെന്ന് അവൻ മലക്കുകളോട് പറയുകയുണ്ടായി. അപ്പോൾ, അവർ അല്ലാഹുവിനോട്: 'ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അതിൽ ഏർപ്പെടുത്തുകയാണോ' എന്നും മറ്റും ചോദിച്ചു. 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം' എന്ന് അല്ലാഹു മറുപടിയും പറഞ്ഞു. (البقرة :وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ - الْعَلِيمُ الْحَكِيمُ) എന്നാണവിടെ പറഞ്ഞിരിക്കുന്നത്.

പിശാചുക്കൾ ആകാശത്തുചെന്ന് മലക്കുകളിൽനിന്ന് ചില വാർത്തകൾ കേൾക്കാറുണ്ടായിരുന്നുവെന്നും, നബിﷺയുടെ ആഗമനത്തോടുകൂടി അത് മുടക്കം ചെയ്യപ്പെട്ടുവെന്നും ക്വുർആൻ വ്യക്തമായ ഭാഷയിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതിനെ വിശ്വസിക്കുവാൻ കഴിയാത്തവർ, ആ ക്വുർആൻ വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തകൂട്ടത്തിൽ മലഉൽ അഅ്ലാ എന്ന് പറയുന്നത് മനുഷ്യരിലുള്ള പ്രമുഖ നേതാക്കളാണെന്ന് തട്ടിവിട്ടിട്ടുണ്ട്. ഇവിടെ 69-ാം വചനത്തിൽ പ്രസ്താവിച്ച മലഉൽ അഅ്ലായുടെ വിവാദംകൊണ്ടുദ്ദേശിക്കുന്നത് മുമ്പ് 59 മുതൽ 63- കൂടിയ വചനങ്ങളിൽ പ്രസ്താവിച്ച നരകവാസികളുടെ വിവാദമാണെന്നും അവർ സമർത്ഥിക്കുന്നു. ഇവരുടെ ഈ വാദങ്ങളെയും, ദുർവ്യാഖ്യാനങ്ങളെയും വേണ്ടത്ര തെളിവുസഹിതം സൂ: ഹിജ്റിനു ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം ഖണ്ഡിച്ചിരിക്കുന്നു. അതുകൊണ്ട് ഇവിടെ എനി അതൊന്നും ആവർത്തിക്കേണ്ടുന്ന ആവശ്യമില്ല. മലക്കുകൾ നടത്തിയ വിവാദത്തിന്റെ സന്ദർഭവും, അനന്തരസംഭവങ്ങളും അടുത്ത വചനങ്ങളിൽ കാണുന്നു:-

إِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن طِينٍ ﴿٧١﴾

(71) അതായത്, നിന്റെ റബ്ബ് മലക്കുകളോട് പറഞ്ഞ സന്ദർഭം; ഞാൻ കളിമണ്ണിൽനിന്ന് ഒരു മനുഷ്യനെ [മനുഷ്യ വർഗത്തെ] സൃഷ്ടിക്കുവാൻ പോകുന്നു.

فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ ﴿٧٢﴾

(72) അങ്ങനെ, ഞാനവനെ (രൂപം നൽകി) ശരിപ്പെടുത്തുകയും, അവനിൽ എന്റെ (വക) ആത്മാവിൽനിന്നും ഞാൻ ഊതുകയും ചെയ്താൽ, നിങ്ങൾ അവന്ന് സുജൂദായി (തലകുനിച്ച്) വീഴണം.

فَسَجَدَ ٱلْمَلَٰٓئِكَةُ كُلُّهُمْ أَجْمَعُونَ ﴿٧٣﴾

(73) അപ്പോൾ മലക്കുകളെല്ലാവരും - മുഴുവനും - സുജൂദ് ചെയ്തു;

إِلَّآ إِبۡلِيسَ ٱسۡتَكۡبَرَ وَكَانَ مِنَ ٱلۡكَٰفِرِينَ ﴿٧٤﴾

《74》 - ഇബ്‌ലീസ് ഒഴികെ. അവന്‍ ഗര്‍വ്വു നടിച്ചു. അവന്‍ അവിശ്വാസികളില്‍ പെട്ടവനാകുന്നു.

《71》 إِذْقَالَ പറഞ്ഞ സന്ദര്‍ഭം, പറഞ്ഞപ്പോള്‍ رَبُّكَ നിന്റെ റബ്ബ് لِلْمَلَـٰٓئِكَةِ മലക്കുകളോട് إِنِّي നിശ്ചയമായും ഞാന്‍ خَـٰلِقٌۢ സൃഷ്ടിക്കുന്നവനാണ് (സൃഷ്ടിക്കുവാന്‍ പോകുന്നു) بَشَرًا ഒരു മനുഷ്യനെ مِّن طِينٍ കളിമണ്ണില്‍നിന്ന് 《72》 فَإِذَا سَوَّيْتُهُۥ അങ്ങനെ ഞാനവനെ ശരിപ്പെടുത്തി (രൂപപ്പെടുത്തി)യാല്‍ وَنَفَخْتُ ഞാന്‍ ഊതുകയും (ചെയ്താല്‍) فِيهِ അവനില്‍ مِن رُّوحِي എന്റെ ആത്മാവില്‍ നിന്നും فَقَعُوا۟ അപ്പോള്‍ വീഴുവിന്‍ لَهُۥ سَـٰجِدِينَ അവന് സുജൂദ് (സാഷ്ടാംഗം) ചെയ്യുന്നവരായി《73》 فَسَجَدَ ٱلْمَلَـٰٓئِكَةُ അപ്പോള്‍ മലക്കുകള്‍ സുജൂദ് ചെയ്തു كُلُّهُمْ അവരെല്ലാം أَجْمَعُونَ മുഴുവന്‍ 《74》 إِلَّآ إِبْلِيسَ ഇബ്‌ലീസൊഴികെ ٱسْتَكْبَرَ അവന്‍ ഗര്‍വ്വ് (അഹംഭാവം, വലുപ്പം) നടിച്ച് وَكَانَ അവന്‍ ആകുന്നു, ആയിരുന്നു مِنَ ٱلْكَـٰفِرِينَ അവിശ്വാസികളില്‍പെട്ട (വന്‍)

മനുഷ്യപിതാവായ ആദം നബി (അ)നെ സൃഷ്ടിച്ചപ്പോഴത്തെ ചില സംഭവങ്ങളാണ് ഈ വചനങ്ങളില്‍ കാണുന്നത്. അല്‍ബക്വറഃ, അഅ്‌റാഫ്, ഹിജ്ര്‍, ഇസ്‌റാഉ് എന്നീ സൂറത്തുകളിലും മറ്റും ഈ സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാല്‍, മനുഷ്യവര്‍ഗത്തെ സൃഷ്ടിക്കുവാന്‍ പോകുന്ന വിവരം അല്ലാഹു മലക്കുകളെ അറിയിച്ചപ്പോള്‍, ആദ്യം അവര്‍ അതിനെക്കുറിച്ച് ചോദ്യം ചെയ്തതും, പിന്നീട് മനുഷ്യന്റെ സവിശേഷതയും ശ്രേഷ്ഠതയും കണ്ടപ്പോള്‍ തങ്ങള്‍ക്ക് പിണഞ്ഞ അബദ്ധം അവര്‍ സമ്മതിച്ചതും സൂ: അല്‍ബക്വറഃ (30-33)യില്‍ മാത്രമേ പറയപ്പെട്ടിട്ടുള്ളൂ. ആദം നബി (അ)ന് സുജൂദ് ചെയ്യുവാന്‍ മലക്കുകളോട് കല്‍പിച്ചതും, ഇബ്‌ലീസ് മാത്രം ആ കല്‍പന അനുസരിക്കാതിരുന്നതും പല സൂറത്തുകളിലും ആവര്‍ത്തിക്കപ്പെട്ടിരിക്കുന്നു. ഇവിടെയും ആ സംഭവം തന്നെയാണ് വിവരിക്കുന്നത്.

മനുഷ്യന്റെ ഉല്‍പത്തിയെ—അഥവാ ആദം നബി (അ)ന്റെ സൃഷ്ടിയെ-ക്കുറിച്ച് പ്രസ്താവിക്കുമ്പോള്‍ മൂന്നുനാല് വാക്കുകള്‍ അല്ലാഹു ഉപയോഗിച്ചതുകാണാം: 1) مِن تُرَابٍ (മണ്ണില്‍നിന്ന്) എന്നും, 2) مِّن طِينٍ (കളിമണ്ണില്‍നിന്ന്) എന്നും, 3) حَمَإٍ مَّسْنُونٍ (കറുപ്പ് നിറം വരുകയും മണത്തില്‍ വ്യത്യാസം സംഭവിക്കുകയും ചെയ്തിട്ടുള്ള കുഴഞ്ഞു പാകപ്പെട്ട കളിമണ്ണ്) എന്നും, 4) صَلْصَـٰلٍ كَٱلْفَخَّارِ (ചൂള വെക്കപ്പെട്ടിട്ടുള്ള ഇഷ്ടികപോലെ തട്ടിയാല്‍ ചലപല ശബ്ദമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണ്) എന്നും. ഇവയില്‍ ഒന്നാമത്തെ വാക്ക് മനുഷ്യന്റെ ഉത്ഭവസ്ഥാനം സാമാന്യമായി ചൂണ്ടിക്കാട്ടുന്നു. ഒരു പാത്രമോ മറ്റോ ഉണ്ടാക്കുവാനുദ്ദേശിക്കുമ്പോള്‍, ആദ്യം മണ്ണില്‍നിന്ന് അതിന് പറ്റിയ തരം കളിമണ്ണ് തിരഞ്ഞെടുക്കപ്പെടുമല്ലോ. പിന്നീടത് കുഴച്ചും മറ്റും പാകപ്പെടുത്തിയ മൂശയില്‍വെച്ച് രൂപം നല്‍കി ഉണങ്ങിയശേഷം ചൂളക്കുവെക്കുകയും ചെയ്യുന്നു. ഇതുപോലെ, ഏതോ ചില പരിവര്‍ത്തനഘട്ടങ്ങളെ കുറിക്കുന്നതാണ് ഈ വാക്കുകള്‍ എന്ന് മൊത്തത്തില്‍ മനസ്സിലാക്കാം. ചില ഹദീഥുകളും ഇതിന് പിന്‍ബലമായു

ണ്ട്. പക്ഷേ, ഓരോ ദശയേയും സംബന്ധിച്ച സൂക്ഷ്മമോ വിശദമോ ആയ വിവരണങ്ങളൊന്നും നൽകുവാൻ നമുക്ക് സാധ്യമല്ല. അതേ സമയത്ത് പരിണാമ വാദങ്ങൾ പോലെയുള്ള ഭൗതിക സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽമാത്രം മനുഷ്യന്റെ ഉൽപത്തിയെക്കുറിച്ച് വിധി കൽപിക്കുവാനും, ആ വിധിക്ക് അനുകൂലമല്ലെന്ന് കാണുന്ന പ്രമാണങ്ങളെ കേവലം ഉപമകളും അലങ്കാരങ്ങളുമാക്കി അവഗണിക്കുവാനും നമുക്ക് നിവൃത്തിയില്ല.

وَنَفَخْتُ فِيهِ مِن رُّوحِي (എന്റെ ആത്മാവിൽനിന്നും അവനിൽ ഊതുകയും ചെയ്താൽ) എന്ന വാക്യം ശ്രദ്ധേയമാകുന്നു. ജഡത്തിൽ ആത്മാവുംകൂടി ചേരുമ്പോഴാണല്ലോ അത് ജീവിയായിത്തീരുന്നത്. ജഡം ഭൗതികാംശങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണ്. ആത്മാവാകട്ടെ, തനി ദൈവികമാണ്. അഥവാ മറ്റാർക്കും യാഥാർത്ഥ്യം കണ്ടുപിടിക്കുവാനും, അപഗ്രഥനം നടത്തുവാനും കഴിയാത്തതും, അല്ലാഹുവിന് മാത്രം അറിയാവുന്നതുമായ ഒരു രഹസ്യമാകുന്നു. എന്റെ ആത്മാവ് (رُّوحِي) എന്ന പ്രയോഗം അതാണ് സൂചിപ്പിക്കുന്നത്. പരമാണുവിൽപോലും ശാസ്ത്രം കൈകാര്യം ചെയ്യുവാൻ തുടങ്ങിയിട്ടുള്ള ഇക്കാലത്തും ആത്മാവിന്റെ സത്ത ഒരു പരമരഹസ്യമായിത്തന്നെ ഇരിക്കുകയാണ് അതങ്ങിനെത്തന്നെ തുടരുകയും ചെയ്യും. നബിﷺയോട് അല്ലാഹു പറയുന്നത് നോക്കുക: وَيَسْأَلُونَكَ عَنِ الرُّوحِ قُلِ الرُّوحُ مِنْ أَمْرِ رَبِّي وَمَا أُوتِيتُم مِّن الْعِلْمِ إِلاَّ قَلِيلاً– الاسراء : ٨٥ (അവർ നിന്നോട് ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽ പെട്ടതാണ്. നിങ്ങൾക്ക് അറിവിൽനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല. (സൂ: ഇസ്റാഉ്) മനുഷ്യന് ഇന്നേവരെ ലഭിച്ചതും, മേലിൽ ലഭിക്കുവാനിരിക്കുന്നതുമായ എല്ലാ അറിവുകളും ഈ അൽപമായ അറിവിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കുന്നു.

ആദമിന് സുജൂദ് ചെയ്യുവാനുള്ള കൽപന മലക്കുകളെ അഭിമുഖീകരിക്കുന്നതായിട്ടാണ് ക്വുർആനിൽ എല്ലാ സ്ഥലത്തും പറയപ്പെട്ടിരിക്കുന്നത്. ഇബ്‌ലീസാണെങ്കിൽ ജിന്നുവർഗത്തിൽ പെട്ടവനാണ് (كَانَ مِنَ الْجِنِّ) എന്ന് സൂ: അൽകഹ്ഫിൽ അല്ലാഹു വ്യക്തമാക്കിയിട്ടുമുണ്ട്. പക്ഷേ, സുജൂദിന്റെ കൽപന ധിക്കരിക്കുകമൂലം അല്ലാഹുവിന്റെ ശാപകോപത്തിന് പാത്രമാകുന്നതിനുമുമ്പ് അവൻ മലക്കുകളാകുന്നമലഉൽ അഅ്‌ലാ (الْمَلأ الأَعْلَى)യുടെ കൂട്ടത്തിലായിരുന്നുവെന്നും, പ്രസ്തുത സംഭവത്തിനുശേഷമാണ് അവൻ അവരിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടതെന്നുമാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്നത്. 69-ാം വചനവും 71-ാം വചനവും തമ്മിലുള്ള ബന്ധം നോക്കുമ്പോഴും ഈ പ്രസ്താവന ശരിയായിരിക്കുവാൻ ന്യായം കാണുന്നു. അല്ലായിരുന്നുവെങ്കിൽ സുജൂദ് ചെയ്യുവാനുള്ള കൽപന മലക്കുകളോടാണല്ലോ — എനിക്ക് ബാധകമല്ലല്ലോ — എന്ന് ഇബ്‌ലീസ് പറയുമായിരുന്നു. തന്റെ ധിക്കാരത്തെ ന്യായീകരിച്ച കൂട്ടത്തിൽ ഇങ്ങിനെയൊരു സൂചനപോലും അവൻ ഉന്നയിച്ചിട്ടില്ലതാനും. അപ്പോൾ, وَكَانَ مِنَ الْكَافِرِينَ (അവൻ അവിശ്വാസികളിൽ പെട്ടവനാണ്) എന്ന് പറഞ്ഞതിന്റെ താൽപര്യം രണ്ട് പ്രകാരത്തിലായിരിക്കാവുന്നതാണ്. അതായത്, സുജൂദ് ചെയ്യുവാൻ കൂട്ടാക്കാതെ ഗർവ് നടിച്ചതുകൊണ്ട് അവൻ അവിശ്വാസികളിൽ പെട്ടവനായിത്തീർന്നു (اي صار مِنَ الْكَافِرِينَ) എന്നും, അവൻ അവിശ്വാസികളുടെ കൂട്ടത്തിൽപെട്ടവനാണെന്ന് അല്ലാഹുവിന് മുമ്പേ അറിയാമായിരുന്നു (اي كان في علم الله من الكافرين)

എന്നും, ഈ രണ്ട് പ്രകാരത്തിലും ഈ വാക്യത്തിന് മഹാന്മാർ അർത്ഥം കൽപിച്ചു കാണാം.

മലക്കുകളോട് ആദം നബി (അ)ന് സുജൂദ് ചെയ്യുവാൻ കൽപിച്ചതിൽ നമുക്കറിയാത്ത പല യുക്തികളും അടങ്ങിയിരിക്കാം. ഏതായലും അത് മനുഷ്യവർഗത്തിന്റെ ശ്രേഷ്ഠതയും, അല്ലാഹുവിങ്കൽ മനുഷ്യനുള്ള സ്ഥാനവും കാണിക്കുന്നുണ്ടെന്ന് സ്പഷ്ടമത്രെ. ഈ സുജൂദ് എങ്ങിനെയുള്ളതായിരുന്നുവെന്നതിൽ ഒന്നിലധികം അഭിപ്രായങ്ങളുണ്ട്. സുജൂദ് യഥാർത്ഥത്തിൽ അല്ലാഹുവിനായിരുന്നുവെന്നും, ആദം നബി (അ) കേവലം ഒരു കിബ്‌ലഃ മാത്രമായിരുന്നു– അഥവാ അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞായിരുന്നു അത് ചെയ്യേണ്ടിയിരുന്നത് – എന്നുമാണ് ചിലർ പറയുന്നത്. അതല്ല, ഒരു ഉപചാരവും ബഹുമാനവുമെന്ന നിലക്കായിരുന്നുവെന്ന് വേറെ ചിലരും പറയുന്നു. സുജൂദുകൊണ്ട് ഇവിടെ വിവക്ഷ സാഷ്ടാംഗ നമസ്കാരമല്ല– താഴ്മയും വിനയവും കാണിക്കലാണ്– എന്ന് മൂന്നാമതൊരു വിഭാഗം പറയുന്നു. അല്ലാഹുവിനറിയാം. ഏതായാലും– ഇമാംറാസി (റ) പ്രസ്താവിച്ചതുപോലെ- ഈ സുജൂദിന്റെ ഉദ്ദേശ്യം ആദം നബി (അ)ന് ആരാധന ചെയ്യലല്ല എന്നുള്ളതിൽ സംശയമില്ല. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കിടയിൽ ഭിന്നാഭിപ്രായവുമില്ല. കാരണം, അല്ലാഹു അല്ലാത്തവരെ ആരാധിക്കൽ ശിർക്കാണെന്നും, ശിർക്ക് ചെയ്യുവാൻ അല്ലാഹു ഒരിക്കലും കൽപിക്കുകയില്ലെന്നും സ്പഷ്ടമാകുന്നു. ഈ സുജൂദിന്റെ താൽപര്യം എന്തുതന്നെ ആയിരുന്നാലും അല്ലാഹുവിന്റെ കൽപന അനുസരിച്ചാണല്ലോ, ഈ സുജൂദിനെ ആധാരമാക്കി മനുഷ്യവർഗം മലക്കുകളടക്കമുള്ള മറ്റെല്ലാ വർഗങ്ങളെക്കാളും ശ്രേഷ്ടതയുള്ളവരാണെന്ന് തീർത്തുപറയുവാൻ സാധ്യമല്ല. അതുകൊണ്ടാണ് ഈ വിഷയത്തിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതും. ഇബ്‌ലീസ് സുജൂദ് ചെയ്യാതിരിക്കാൻ പറഞ്ഞ ന്യായവും അനന്തരസംഭവങ്ങളും അടുത്ത വചനങ്ങളിൽ ഉദ്ധരിക്കുന്നു:

قَالَ يَٰٓإِبۡلِيسُ مَا مَنَعَكَ أَن تَسۡجُدَ لِمَا خَلَقۡتُ بِيَدَيَّۖ أَسۡتَكۡبَرۡتَ أَمۡ كُنتَ مِنَ ٱلۡعَالِينَ ﴿٧٥﴾

《75》 അവൻ [റബ്ബ്] പറഞ്ഞു: ഹേ, ഇബ്‌ലീസ്! എന്റെ കരങ്ങളാൽ ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിന് സുജൂദ് ചെയ്യുവാൻ നിന്നെ മുടക്കിയത് എന്താണ്? നീ ഗർവ്വ് നടിച്ചുവോ, അതല്ല– നീ ഉന്നതന്മാരിൽ പെട്ടവനാണോ?!

قَالَ أَنَا۠ خَيۡرٞ مِّنۡهُۖ خَلَقۡتَنِي مِن نَّارٖ وَخَلَقۡتَهُۥ مِن طِينٖ ﴿٧٦﴾

《76》 അവൻ പറഞ്ഞു: ഞാൻ അവനെക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു; അവനെ നീ കളിമണ്ണിനാലും സൃഷ്ടിച്ചിരിക്കുന്നു.

قَالَ فَٱخۡرُجۡ مِنۡهَا فَإِنَّكَ رَجِيمٞ ﴿٧٧﴾

《77》 അവൻ [റബ്ബ്] പറഞ്ഞു: എന്നാൽ നീ ഇവിടത്തിൽനിന്ന് പുറത്തുപോകണം. നിശ്ചയമായും നീ

ആട്ടപ്പെട്ടവനാകുന്നു.

وَإِنَّ عَلَيۡكَ لَعۡنَتِيٓ إِلَىٰ يَوۡمِ ٱلدِّينِ ﴿٧٨﴾

﴿78﴾ നിശ്ചയമായും, (പ്രതിഫല) നടപടിയെടുക്കുന്ന ദിവസംവരേക്കും നിന്റെമേൽ എന്റെ ശാപമുണ്ടായിരിക്കുന്നതുമാണ്.

قَالَ رَبِّ فَأَنظِرۡنِيٓ إِلَىٰ يَوۡمِ يُبۡعَثُونَ ﴿٧٩﴾

﴿79﴾ അവൻ പറഞ്ഞു: രക്ഷിതാവേ! എന്നാൽ, അവർ [മനുഷ്യർ] ഉയർത്തിഴുന്നേൽപിക്കപ്പെടുന്ന ദിവസംവരേക്കും നീ എനിക്ക് കാലതാമസം നൽകേണമേ!

قَالَ فَإِنَّكَ مِنَ ٱلۡمُنظَرِينَ ﴿٨٠﴾

﴿80﴾ അവൻ [അല്ലാഹു] പറഞ്ഞു: എന്നാൽ, നീ കാലതാമസം നൽകപ്പെട്ടവരുടെ കൂട്ടത്തിൽതന്നെ;-

إِلَىٰ يَوۡمِ ٱلۡوَقۡتِ ٱلۡمَعۡلُومِ ﴿٨١﴾

﴿81﴾ (പക്ഷേ, നിശ്ചിതമായി) അറിയപ്പെട്ട (ആ) സമയത്തിന്റെ ദിവസംവരേക്കും (മാത്രം).

﴿75﴾ قَالَ അവൻ പറഞ്ഞു يَا إِبۡلِيسُ ഹേ, ഇബ്‌ലീസ് مَامَنَعَكَ നിന്നെ മുടക്കി (തടസപ്പെടുത്തി)യതെന്ത് أَنۡ تَسۡجُدَ നീ സുജൂദ് ചെയ്യുന്നതിന് لِمَا خَلَقۡتُ ഞാൻ സൃഷ്ടിച്ചതിന് بِيَدَيَّ എന്റെ ഇരുകരങ്ങളാൽ, കൈകൾകൊണ്ട് أَسۡتَكۡبَرۡتَ നീ ഗർവ്വ് നടിച്ചുവോ أَمۡ كُنتَ അതല്ല (അല്ലെങ്കിൽ) നീ ആയോ, ആണോ مِنَ الۡعَالِينَ ഉന്നതന്മാരിൽ, ഉയർന്നവരിൽ (പെട്ടവർ) ﴿76﴾ قَالَ അവർ പറഞ്ഞു أَنَا خَيۡرٌ ഞാൻ ഉത്തമനാണ് مِنۡهُ അവനെക്കാൾ خَلَقۡتَنِي നീ എന്നെ സൃഷ്ടിച്ചിരിക്കുന്നു مِن نَّارٍ തീയിനാൽ, അഗ്നിയിൽനിന്ന് وَخَلَقۡتَهُ അവനെ നീ സൃഷ്ടിച്ചു مِن طِينٍ കളിമണ്ണിനാൽ ﴿77﴾ قَالَ അവൻ പറഞ്ഞു فَاخۡرُجۡ എന്നാൽ നീ പുറത്തുപോകണം مِنۡهَا ഇതിൽ (ഇവിടത്തിൽ)നിന്ന് فَإِنَّكَ കാരണം, നിശ്ചയമായും നീ رَجِيمٌ ആട്ടപ്പെട്ടവനാണ് (ശപിക്കപെട്ടവനാണ്) ﴿78﴾ وَإِنَّ عَلَيۡكَ നിശ്ചയമായും നിന്റെ മേൽ ഉണ്ട്താനും لَعۡنَتِي എന്റെ ശാപം إِلَىٰ يَوۡمِ الدِّينِ നടപടിയെടുക്കുന്ന (പ്രതിഫലത്തിന്റെ) ദിവസംവരെ ﴿79﴾ قَالَ അവൻ പറഞ്ഞു رَبِّ എന്റെ രക്ഷിതാവേ فَأَنظِرۡنِي എനിക്ക് ഒഴിവ് (കാലതാമസം) നൽകണേ إِلَىٰ يَوۡمِ ദിവസംവരെ يُبۡعَثُونَ അവർ (ഉയിർത്തു) എഴുന്നേൽപിക്കപ്പെടുന്ന ﴿80﴾ قَالَ അവൻ പറഞ്ഞു فَإِنَّكَ എന്നാൽ നിശ്ചയമായും നീ مِنَ الۡمُنظَرِينَ കാലതാമസം നൽകപെട്ടവരിൽതന്നെ ﴿81﴾ إِلَىٰ يَوۡمِ الۡوَقۡتِ (ആ) സമയത്തിന്റെ ദിവസംവരെ الۡمَعۡلُومِ അറിയപ്പെട്ട (നിശ്ചിതമായ)

ഗർവ്വ്, അസൂയ, വർഗീയ അഹന്ത ആദിയായവ മൂലം പിശാച് അല്ലാഹുവിന്റെ കൽപന ധിക്കരിച്ചു. ചോദ്യം ചെയ്യപ്പെട്ടപ്പോൾ, പശ്ചാത്താപത്തിനും, വിനയത്തിനും പകരം ധൃഷ്ടതയും അഹങ്കാരവും പ്രകടിപ്പിക്കയും ചെയ്തു. എന്നെന്നേക്കും അല്ലാഹുവിന്റെ ശാപകോപത്തിന് അവൻ വിധേയനായിത്തീർന്നു. അങ്ങിനെയാണെങ്കിൽ, പുനഃരുത്ഥാന ദിവസംവരെ തനിക്ക് മരണം ബാധിക്കാതെ സ്വതന്ത്രമായി വിഹരിക്കുവാൻ അനുവദിക്കണമെന്നാണ് അനന്തരം അവൻ അപേക്ഷിച്ചത്. ഇതുമൂലം, അവന് ലോകാവസാനംവരെയുള്ള മനുഷ്യരെ മാത്രം ഒഴിവ് നൽകാമെന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. ഈ അനുവദിച്ചുകിട്ടിയ അവസരം, എങ്ങിനെ ഉപയോഗപ്പെടുത്തുവാനാണ് അവൻ ഉദ്ദേശിച്ചതെന്ന് നോക്കുക!-

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ٨٢

﴾82﴿ അവൻ [ഇബ്‌ലീസ്] പറഞ്ഞു: എന്നാൽ, നിന്റെ പ്രതാപം കൊണ്ട് (സത്യം!) ഞാൻ അവരെ [മനുഷ്യരെ] മുഴുവനും നിശ്ചയമായും വഴിതെറ്റിക്കുക തന്നെ ചെയ്യും;

إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ ٨٣

﴾83﴿ അവരിൽനിന്നും കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധന്മാരായ) നിന്റെ അടിയാന്മാരെ ഒഴികെ.

﴾82﴿ قَالَ അവൻ പറഞ്ഞു فَبِعِزَّتِكَ എന്നാൽ നിന്റെ പ്രതാപംകൊണ്ട് (സത്യം) لَأُغْوِيَنَّهُمْ നിശ്ചയമായും ഞാനവരെ വഴിതെറ്റിക്കും أَجْمَعِينَ എല്ലാവരെയും﴾83﴿ إِلَّا عِبَادَكَ നിന്റെ അടിയാന്മാരെ ഒഴികെ مِنْهُمُ അവരിൽനിന്ന് الْمُخْلَصِينَ കളങ്കരഹിതരാക്കപ്പെട്ട (ശുദ്ധരാക്കപ്പെട്ട)

ഗർവ്വും, അഹന്തതയും ഒരാളെ എത്രമാത്രം അധഃപ്പതിപ്പിക്കുമെന്നുള്ളതിന് ഇബ്‌ലീസിന്റെ ഉദാഹരണം നമുക്ക് വമ്പിച്ച പാഠമായിരിക്കേണ്ടതാണ്. ഒരു തെറ്റ് ചെയ്താൽ അത് ന്യായീകരിക്കുവാൻ വേണ്ടി മനഃപൂർവ്വം അതിനെക്കാൾ ഉപരിയായി എന്തു അക്രമവും അനീതിയും കൈകൊള്ളുവാനും, ഒടുക്കം യാതൊരു രക്ഷക്കും പഴുതില്ലാത്ത വിധം അങ്ങേഅറ്റം ദുരന്തം അനുഭവിക്കുവാനും അതു കാരണമായി ത്തീർന്നു. നബിﷺ ഗർവ്വിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് നോക്കുക: لا يدخل الجنة من كان في قلبه مثقال ذرة من كبر - مسلم (ഏതൊരുവന്റെ ഹൃദയത്തിൽ ഗർവ്വിൽനിന്നും ഒരു അണുത്തൂക്കം ഉണ്ടായോ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല. (മുസ്‌ലിം) ഗർവ്വിന്റെ ഭവിഷ്യത്ത് എത്ര ആപൽക്കരം!

الْمُخْلَصِينَ എന്ന ലാമിന് അകാരം(فَتح) കൊടുത്തും, ഇകാരം (كَسر) കൊടുത്തും വായനയുണ്ട്. അകാരമാകുമ്പോൾ കളങ്കരഹിതരാക്കപ്പെട്ടവർ എന്നും, ഇകാരമാകുമ്പോൾകളങ്കരഹിതർഎന്നും അർത്ഥം പറയാം: രണ്ടായിരുന്നാലും നിഷ്കളങ്കരായ ശുദ്ധഹൃദയന്മാരാണ് അതുകൊണ്ട് വിവക്ഷ. കളങ്കം, സ്വാർത്ഥം, ദേഹേ

ച്ഛ, ഭൗതികലക്ഷ്യം, കാപട്യം ആദിയായവ നിമിത്തം ഹൃദയത്തിന് മാലിന്യം ബാധിച്ച വർ മാത്രമേ പിശാചിന്റെ വലയിൽ അകപ്പെടുകയുള്ളൂ. അഥവാ അവരെമാത്രമേ അവന് വഴിപിഴപ്പിക്കുവാൻ കഴിയുകയുള്ളൂ. ഈ യാഥാർത്ഥ്യം ഇബ്‌ലീസ് ഇവിടെ തുറന്ന് സമ്മതിക്കുകയാണ് ചെയ്യുന്നത്. മനുഷ്യർ ഈ വാസ്തവം സദാ ഓർമിക്കുവാനായി ഇവിടെയും, മറ്റു പലേടത്തും ക്വുർആൻ ഇത് ആവർത്തിച്ചുണർത്തിയിരിക്കുന്നു. അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിയാന്മാരിൽ അവൻ നമ്മെയെല്ലാവരെയും ഉൾപ്പെടുത്തട്ടെ, ആമീൻ.

قَالَ فَٱلْحَقُّ وَٱلْحَقَّ أَقُولُ ﴿٨٤﴾

﴿84﴾ അവൻ [റബ്ബ്] പറഞ്ഞു: അപ്പോൾ പരമാർത്ഥം ഇതത്രെ; പരമാർത്ഥം തന്നെയാണ് ഞാൻ പറയുന്നത്,—

لَأَمْلَأَنَّ جَهَنَّمَ مِنكَ وَمِمَّن تَبِعَكَ مِنْهُمْ أَجْمَعِينَ ﴿٨٥﴾

﴿85﴾ നിശ്ചയമായും, നിന്നെക്കൊണ്ടും, അവരിൽനിന്ന് നിന്നെ പിൻപറ്റിയ എല്ലാവരെക്കൊണ്ടുമായി ഞാൻ ജഹന്നം [നരകം] നിറക്കുന്നതാണ്!

﴿84﴾ قَالَ അവൻപറഞ്ഞു فَالْحَقُّ എന്നാൽ (അപ്പോൾ) പരമാർത്ഥം, യഥാർത്ഥം وَالْحَقَّ പരമാർത്ഥം (സത്യം); പരമാർത്ഥം തന്നെ أَقُولُ ഞാൻ പറയുന്നു ﴿85﴾ لَأَمْلَأَنَّ തീർച്ചയായും ഞാൻ നിറക്കും جَهَنَّمَ ജഹന്നം, നരകം مِنكَ നിന്നെക്കൊണ്ട്, നിന്നാലും وَمِمَّن تَبِعَكَ നിന്നെ പിൻപറ്റിയവരെക്കൊണ്ടും, പിൻപറ്റിയവരാലും مِنْهُمْ അവരിൽനിന്ന് أَجْمَعِينَ എല്ലാം, മുഴുക്കെ

നബിﷺ തിരുമേനിയെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ وَمَآ أَنَا۠ مِنَ ٱلْمُتَكَلِّفِينَ ﴿٨٦﴾

﴿86﴾ (നബിയേ,) പറയുക: ഞാൻ നിങ്ങളോട് ഇതിന്റെ [ക്വുർആന്റെ] പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ഞാൻ (കൃത്രിമമായി) സാഹസം പ്രവർത്തിക്കുന്നവരിൽ പെട്ടവനല്ലതാനും.

إِنْ هُوَ إِلَّا ذِكْرٌ لِّلْعَـٰلَمِينَ ﴿٨٧﴾

﴿87﴾ ഇത് ലോകർക്ക് (മുഴുവനും) വേണ്ടിയുള്ള ഒരു ഉൽബോധനം (അഥവാ സന്ദേശം) അല്ലാതെ (മറ്റൊന്നും) അല്ല.

وَلَتَعْلَمُنَّ نَبَأَهُۥ بَعْدَ حِينٍۭ ﴿٨٨﴾

﴿88﴾ തീർച്ചയായും, ഇതിന്റെ വൃത്താന്തം ഒരു (കുറഞ്ഞ)

കാലത്തിനുശേഷം നിങ്ങൾക്ക് നിശ്ച യമായും അറിയാറാകുന്നതുമാണ്.

﴾86﴿ قُلْ നീ പറയുക مَآأَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല عَلَيْهِ ഇതിന്റെ (അതിന്റ) പേരിൽ مِنْ أَجْرٍ ഒരു പ്രതിഫലവും وَمَآأَنَا ഞാനല്ലതാനും مِنَ الْمُتَكَلِّفِينَ സാഹസം പ്രവർത്തിക്കുന്ന, (കൃത്രിമം പ്രവർത്തിക്കുന്ന, വിഷമം ഏൽക്കുന്ന)വരിൽപെട്ട(വൻ) ﴾87﴿ إِنْ هُوَ ഇതല്ല, അതല്ല إِلَّا ذِكْرٌ ഒരു ഉൽബോധനം (സന്ദേശം, സ്മരണ, ഉപദേശം)അല്ലാതെ لِلْعَالَمِينَ ലോകർക്കും ﴾88﴿ وَلَتَعْلَمُنَّ നിശ്ചയമായും നിങ്ങൾ അറിയുന്നതുമാണ് نَبَأَهُ ഇതിന്റെ വൃത്താന്തം, വാർത്ത بَعْدَ حِينٍ ഒരു (കുറഞ്ഞ) കാലത്തിനുശേഷം

ഇല്ലാത്ത യോഗ്യത നടിക്കുന്നവർ, കൃത്രിമവേഷം അഭിനയിക്കുന്നവൻ, വിഷമകരമായ കാര്യം ഏറ്റെടുക്കുന്നവൻ എന്നിങ്ങിനെയുള്ള അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടുന്നതാണ് مُتَكَلِّف എന്ന വാക്ക്. ഖുർആന്റെ പ്രബോധനം മുഖേന യാതൊരു വിധത്തിലുള്ള സ്വാർത്ഥമോ, കാര്യലാഭമോ നിങ്ങളിൽനിന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല; എനിക്ക് യഥാർത്ഥത്തിൽ ഇല്ലാത്ത ഒരു സ്ഥാനം കൃത്രിമമായി അഭിനയിച്ച് ഇങ്ങിനെ ഒരു സാഹസത്തിന് ഞാൻ മുതിരുന്നതുമല്ല. ഞാൻ അത്തരത്തിൽപെട്ട ഒരു സ്വഭാവക്കാരനല്ലെന്ന് നിങ്ങൾക്കറിയാമല്ലോ. ലോകർക്കാകമാനം പ്രബോധനം ചെയ്യുവാനായി അല്ലാഹു എന്നെ നിയോഗിച്ചതുകൊണ്ട് മാത്രം ഞാൻ ഇതുമായി മുമ്പോട്ട് വന്നിരിക്കുകയാണ്. ഇപ്പോൾ, നിങ്ങളിത് സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിലും, താമസംവിനാ നിങ്ങൾക്കിതിന്റെ സത്യയാഥാർത്ഥ്യം തീർച്ചയായും ബോധ്യപ്പെടാതിരിക്കയില്ല എന്നും സാരം.

الْعَالَمُونَ (ലോകർ) എന്ന വാക്കിൽ മനുഷ്യർ, മലക്കുകൾ, ജിന്നുകൾ എന്നീ ബുദ്ധി വർഗങ്ങളെല്ലാം ഉൾപ്പെടുന്നു. പക്ഷേ, ഖുർആന്റെ പ്രബോധനം മനുഷ്യർക്ക് ജിന്നുകൾക്കും ആകകൊണ്ട് ഇവിടെ ആ രണ്ട് വർഗങ്ങളാണുദ്ദേശ്യം. ലോകരുടെ രക്ഷിതാവ് (رَبِّ الْعَالَمِينَ) എന്ന പറയുമ്പോൾ അതിൽ ബുദ്ധിവർഗം മുഴുവനും ഉൾപ്പെടുന്നു. ചില സന്ദർഭങ്ങളിൽ ബുദ്ധിവർഗങ്ങളും അല്ലാത്തവയുമായ അഖില വസ്തുക്കളെയും ഉദ്ദേശിച്ചുകൊണ്ടും, ചിലപ്പോൾ മനുഷ്യരെ മാത്രം ഉദ്ദേശിച്ചുകൊണ്ടും ഈ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്.

ഇബ്നു മസ്ഊദ് (റ)ൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു:ഹേ മനുഷ്യരേ, നിങ്ങളിൽ ആർക്കെങ്കിലും വല്ലതും അറിവുള്ള പക്ഷം, അവൻ അതനുസരിച്ച് പറഞ്ഞുകൊള്ളട്ടെ. വല്ലവർക്കും (ഏതെങ്കിലും കാര്യം അറിയാത്ത പക്ഷം അല്ലാഹുവിനറിയാം (الله اعلم) എന്നും പറഞ്ഞുകൊള്ളട്ടെ. ഒരു മനുഷ്യൻ തനിക്ക് അതിനെക്കുറിച്ച് അല്ലാഹുവിനറിയാം എന്ന് പറയുന്നതും അറിവിൽപെട്ടതുതന്നെ. (അറിവിന്റെ ലക്ഷണമാണത്) എന്തു കൊണ്ടെന്നാൽ, നിങ്ങളുടെ പ്രവാചകനോട് അല്ലാഹു ഇങ്ങിനെ പറഞ്ഞിരിക്കുന്നുവല്ലോ: പറയുക: അതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ഞാൻ (കൃത്രിമമായി) സാഹസം പ്രവർത്തിക്കുന്നവരിൽ പെട്ടവനുമല്ല. قل ما اسألكم عليه من اجر وما انا من المتكلفين (ബു; മു.) അറിയാത്ത കാര്യത്തിൽ അറിയുമെന്ന് നടിക്കുന്നത് കൃത്രിമവും സാഹസവുമാണല്ലോ.

ഒരു കുറഞ്ഞ കാലത്തിനുശേഷം ഇതിന്റെ വൃത്താന്തം നിങ്ങൾക്ക് അറിയാറാകുമെന്നുള്ള അവസാനത്തെ വചനത്തിൽ അവിശ്വസികൾക്ക് വളരെ ശക്തിയായ ഒരു താക്കീതാണ് അടങ്ങിയിരിക്കുന്നത്. കുറച്ചുകാലത്തിനുശേഷം (بَعْدَ حِينٍ) എന്ന് പറഞ്ഞതിന്റെ താൽപര്യം, മരണവേളയിൽ എന്നും, ക്വിയാമത്തുനാളിൽ എന്നും, ഇസ്‌ലാമിന് പ്രചാരം സിദ്ധിക്കുന്നതോടുകൂടി എന്നും-ഇങ്ങിനെ രണ്ടുമൂന്ന് പ്രകാരത്തിൽ-വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. വാസ്തവത്തിൽ ഇവ ഒന്നും പരസ്പരവിരുദ്ധമല്ല. ഓരോ അഭിപ്രായവും ഓരോ നിലക്ക് ശരിയാണെന്ന് അൽപം ആലോചിച്ചാൽ ആർക്കും മനസിലാകുന്നതാണ്. നബിﷺ ക്വുർആൻ പ്രബോധനം ചെയ്തുകൊണ്ടിരുന്നപ്പോൾ അതിനെ നിഷേധിച്ച അതേ ജനതതന്നെ അധികം താമസിയാതെ അതിന്റെ അനുയായികളും പ്രചാരകന്മാരുമായി മാറിയതും, അൽപ വർഷങ്ങൾക്കകം അതിന്റെ സന്ദേശങ്ങൾക്ക് ലോകത്തിന്റെ നാനാഭാഗത്തും സ്വീകരണം ലഭിച്ചതും പ്രസിദ്ധമാണല്ലോ. കൂടാതെ, ഓരോ വ്യക്തിയും ഈ ഭൗതികജീവിതവുമായി വേർപ്പെടുന്നതോടുകൂടി അവന് യാഥാർത്ഥ്യം ബോധ്യമാകുന്നതാണെന്നും തീർച്ചതന്നെ.

﴿والله اعلم واليه المرجع والمأب، وله الفضل والمنة﴾

سورة الزّمر

39. സൂറതു സുമർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 75 - വിഭാഗം (റുകൂഉ്) 8

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ﴿١﴾

﴾1﴿ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപശാലിയായ-അഗാധജ്ഞനായ-അല്ലാഹുവിങ്കൽനിന്നാകുന്നു.

إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ فَٱعۡبُدِ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ﴿٢﴾

﴾2﴿ നിശ്ചയമായും (ഈ)ഗ്രന്ഥം യഥാർത്ഥ (മുറ)പ്രകാരം നിനക്ക് നാം അവതരിപ്പിച്ചു തന്നിരിക്കുന്നു. ആകയാൽ, മതം (അഥവാ കീഴ്‌വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് നീ അവനെ ആരാധിച്ചുകൊള്ളുക.

أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ

﴾3﴿ അല്ലാ (അറിഞ്ഞേക്കുക) ! നിഷ്കളങ്കമായ മതം (അഥവാ കീഴ്‌വണക്കം) അല്ലാഹുവിനുള്ളതാകുന്നു. അവന് പുറമെ കാര്യകർത്താക്കളെ ഏർപ്പെടുത്തിയിട്ടുള്ളവരാകട്ടെ, (അവർപറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങളെ (ശരിയായ) ഒരു അടുപ്പം അവർ അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ, ഞങ്ങൾ അവരെ

ആരാധിക്കുന്നില്ല.

إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ ﴿٣﴾

നിശ്ചയമായും, തങ്ങൾ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ, അല്ലാഹു അവർക്കിടയിൽ വിധി കൽപിക്കുന്നതാകുന്നു. ഏതൊരുവൻ വളരെ നന്ദികെട്ട കള്ളവാദിയാണോ അങ്ങിനെയുള്ളവനെ അല്ലാഹു നേർമാർഗത്തിലാക്കുകയില്ലതന്നെ.

لَّوۡ أَرَادَ ٱللَّهُ أَن يَتَّخِذَ وَلَدٗا لَّٱصۡطَفَىٰ مِمَّا يَخۡلُقُ مَا يَشَآءُۚ سُبۡحَٰنَهُۥۖ هُوَ ٱللَّهُ ٱلۡوَٰحِدُ ٱلۡقَهَّارُ ﴿٤﴾

《4》 വല്ല സന്താനത്തെയും സ്വീകരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവൻ സൃഷ്ടിക്കുന്നവയിൽ നിന്ന് (തന്നെ)അവൻ ഉദ്ദേശിക്കുന്നത് അവൻ തിരഞ്ഞെടുക്കുമായിരുന്നു. (പക്ഷേ) അവൻ മഹാ പരിശുദ്ധൻ ! സർവ്വാധിപതിയായ ഏകനായ അല്ലാഹുവത്രെ അവൻ.

《1》 تَنزِيلُ الْكِتَابِ വേദഗ്രന്ഥത്തിന്റെ അവതരണം, ഇറക്കൽ مِنَ اللَّهِ അല്ലാഹുവിങ്കൽ നിന്നാണ് الْعَزِيزِ പ്രതാപശാലിയായ الْحَكِيمِ അഗാധജ്ഞനായ, തത്വജ്ഞാനിയായ 《2》 إِنَّا أَنزَلْنَا നിശ്ചയമായും നാം ഇറക്കിയിരിക്കുന്നു. إِلَيْكَ നിനക്ക്, നിങ്കലേക്ക് الْكِتَابَ (ഈ)ഗ്രന്ഥം, വേദഗ്രന്ഥം بِالْحَقِّ യഥാർത്ഥസമേതം, സത്യവുമായി, മുറപ്രകാരം, ന്യായമാംവണ്ണം فَاعْبُدِ اللَّهَ ആകയാൽ നീ അല്ലാഹുവിനെ ആരാധിക്കുക مُخْلِصًا لَّهُ അവന് നിഷ്കളങ്കമാക്കി(ശുദ്ധമാക്കി)ക്കൊണ്ട് الدِّينَ മതം, കീഴ്‌വണക്കം, അനുസരണം, നടപടി 《3》 أَلَا അല്ലാ (അറിഞ്ഞേക്കുക) لِلَّهِ അല്ലാഹുവിനാണ്, അല്ലാഹുവിന്റെതാണ് الدِّينُ الْخَالِصُ നിഷ്കളങ്ക(ശുദ്ധ)മതം (കീഴ്‌വണക്കം....) وَالَّذِينَ اتَّخَذُوا ഉണ്ടാക്കിയ (ഏർപ്പെടുത്തിയ, സ്വീകരിച്ച)വർ مِن دُونِهِ അവന്പുറമെ أَوْلِيَاءَ കാര്യകർത്താക്കളെ, ബന്ധുക്കളെ, സഹായികളെ مَا نَعْبُدُهُمْ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല إِلَّا لِيُقَرِّبُونَا അവർ ഞങ്ങളെ അടുപ്പിക്കുവാനല്ലാതെ إِلَى اللَّهِ അല്ലാഹുവിലേക്ക് (അല്ലാഹുവിങ്കൽ) زُلْفَىٰ ഒരു സാമീപ്യം, അടുപ്പം إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يَحْكُمُ بَيْنَهُمْ അവർക്കിടയിൽ വിധി കൽപിക്കും فِي مَا യാതൊന്നിൽ هُمْ فِيهِ അവർ അതിൽ يَخْتَلِفُونَ ഭിന്നിച്ചുകൊണ്ടിരിക്കുന്നു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَهْدِي അവൻ സന്മാർഗത്തിലാക്കുക (വഴികാട്ടുക)യില്ല مَنْ യാതൊരുവനെ هُوَ كَاذِبٌ അവൻ കള്ളവാദിയാണ്, അസത്യവാനാണ് كَفَّارٌ വളരെ നന്ദികെട്ടവനാണ്, കൃതഘ്നനായ 《4》 لَوْ أَرَادَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ أَن يَتَّخِذَ

അവൻ സ്വീകരിക്കുവാൻ, ഏർപ്പെടുത്താൻ وَلَدًا വല്ല സന്താനത്തെയും لَاصْطَفَى അവൻ തിരഞ്ഞെടുക്കു(പ്രത്യേകപ്പെടുത്തു)മായിരുന്നു مِمَّا يَخْلُقُ അവൻ സൃഷ്ടിക്കുന്നതിൽ നിന്ന് مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നതിനെ سُبْحَانَهُ അവൻ എത്രയോ പരിശുദ്ധൻ هُوَ اللَّهُ അവൻ അല്ലാഹുവത്രെ الْوَاحِدُ ഏകനായ الْقَهَّارُ സർവ്വാധിപതിയായ.

വിശുദ്ധ ക്വുർആന്റെ സത്യതയും, തൗഹീദും സ്ഥാപിച്ച ശേഷം, മുശ്രിക്കുകൾ തങ്ങളുടെ ശിർക്കുപരമായ പ്രവർത്തനങ്ങൾക്ക് ന്യായീകരണം നൽകുന്നത് എങ്ങിനെയാണെന്ന് അല്ലാഹു വിവരിക്കുന്നു. തങ്ങളുടെ ആരാധ്യന്മാർ അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്ക് സാമീപ്യവും, പ്രീതിയും നേടിക്കൊടുക്കുമെന്നത്രെ അവരുടെ വാദം. ഈ വാദം തനി കള്ളവും, നന്ദികെട്ട സത്യനിഷേധവുമാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ സൃഷ്ടികളിൽപെട്ട ചിലരെ അവന്റെ മക്കളായി ഗണിക്കുകയും, ആ നിലക്ക് അവരെ ആരാധിക്കുകയും ചെയ്യുന്നവർക്കുള്ള ഖണ്ഡനമാണ് 4-ാം വചനം. അല്ലാഹുവിന് വേണമെങ്കിൽ അവന്റെ സൃഷ്ടികളിൽ നിന്നു തന്നെ അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ മക്കളാക്കിവെക്കാവുന്നതാണ്. പക്ഷേ, അവനതു ഉദ്ദേശിച്ചിട്ടില്ല. ഉദ്ദേശിക്കുകയുമില്ല. എങ്ങിനെ ഉദ്ദേശിക്കും ?! അവൻ എല്ലാ വിധേനയും ഏകൻ. അവന്ന് ഇണയോ തുണയോ ഇല്ല. അവന് സമമായി ഒരാളുമില്ല. അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടിയും, അവന്റെ ഉടമയിലുമാണ്. അവൻ എല്ലാറ്റിന്റെയും സർവ്വാധികാരിയും ! പിന്നെ എങ്ങിനെയാണ് അവന് സന്താനമുണ്ടായിരിക്കുക ?! അതെ, അവൻ സർവ്വോപരി പരിശുദ്ധനത്രെ!

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۖ يُكَوِّرُ ٱلَّيْلَ عَلَى ٱلنَّهَارِ وَيُكَوِّرُ ٱلنَّهَارَ عَلَى ٱلَّيْلِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۗ أَلَا هُوَ ٱلْعَزِيزُ ٱلْغَفَّٰرُ ﴿٥﴾

﴾5﴿ ആകാശങ്ങളെയും, ഭൂമിയെയും അവൻ യഥാർത്ഥ(മുറ)പ്രകാരം സൃഷ്ടിച്ചിരിക്കുന്നു, രാത്രിയെ(ക്കൊണ്ട്) പകലിന്മേൽ അവൻ ചുറ്റിപ്പൊതിയുന്നു; പകലിനെ(ക്കൊണ്ട്)രാത്രിയുടെമേലും ചുറ്റിപ്പൊതിയുന്നു. സൂര്യനെയും, ചന്ദ്രനെയും അവൻ കീഴ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. എല്ലാം (തന്നെ) നിർണയിക്കപ്പെട്ട ഒരു അവധിവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അല്ല(-അറിയുക) അവൻ പ്രതാപശാലിയാണ്, വളരെ പൊറുക്കുന്നവനാണ്.

﴾5﴿ خَلَقَ അവൻ സൃഷ്ടിച്ചിരിക്കുന്നു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും بِالْحَقِّ യഥാർത്ഥ(മുറ, ന്യായ, കാര്യ, സത്യ) പ്രകാരം يُكَوِّرُ അവൻ ചുറ്റിപ്പൊതിയുന്നു, ചുറ്റിയിടുന്നു اللَّيْلَ രാത്രിയെ عَلَى النَّهَارِ പകലിന്മേൽ وَيُكَوِّرُ ചുറ്റിപ്പൊതിയുകയും ചെയ്യുന്നു النَّهَارَ പകലിനെ عَلَى اللَّيْلِ രാത്രിയുടെമേൽ وَسَخَّرَ അവൻ കീഴ്പെടുത്തിവെക്കുകയും ചെയ്തു. الشَّمْسَ وَالْقَمَرَ സൂര്യനെയും, ചന്ദ്രനെയും كُلٌّ എല്ലാം (ഓ

രോന്നും) يَجْرِي നടക്കും, സഞ്ചരിക്കുന്നു لِأَجَلٍ ഒരു അവധി (പരിധി)വരെ مُسَمًّى നിർണ യിക്കപ്പെട്ട أَلَا അല്ലാ (അറിയുക) هُوَ അവൻ الْعَزِيزُ പ്രതാപശാലിയാണ് الْغَفَّارُ വളരെ പൊറുക്കുന്നവനായ

രാവും പകലും ഒന്ന് മറ്റേതിന്റെ മേൽ ചെന്നു മൂടുകയും, അങ്ങിനെ അവ ഭൂമിയുടെ മീതെ ഉരുണ്ടുനീങ്ങിക്കൊണ്ടിരിക്കുകയുമാണല്ലോ. ഭൂമി ഗോളാകൃതിയിലായതുകൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ രാവിന്ശേഷം പകലും പകലിനുശേഷം രാത്രിയും പെട്ടെന്നായിരിക്കും അനുഭവപ്പെടുക. സൂര്യചന്ദ്രൻമാരുടെ ചലനത്തെക്കുറിച്ച് ഇതിന്മുമ്പ് ഒന്നിലധികം പ്രാവശ്യം നാം വിവരിച്ചിട്ടുണ്ട്. പ്രാപഞ്ചികമായ ദൃഷ്ടാന്തങ്ങളെക്കുറിച്ച് പറഞ്ഞശേഷം, മനുഷ്യന്റെ ഉൽപത്തിയെയും, അവൻ നിത്യേന ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന കന്നുകാലികളെയും, അവന്റെ വളർച്ചയുടെ ആദ്യഘട്ടങ്ങളെയും സംബന്ധിച്ച് അടുത്ത വചനത്തിൽ ഓർമിപ്പിക്കുന്നു:

خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا وَأَنزَلَ لَكُم مِّنَ ٱلْأَنْعَٰمِ ثَمَٰنِيَةَ أَزْوَٰجٍ ۚ يَخْلُقُكُمْ فِى بُطُونِ أُمَّهَٰتِكُمْ خَلْقًا مِّنۢ بَعْدِ خَلْقٍ فِى ظُلُمَٰتٍ ثَلَٰثٍ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۖ لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُصْرَفُونَ ﴿٦﴾

﴾6﴿ നിങ്ങളെ അവൻ ഒരേജീവനിൽ (അഥവാദേഹത്തിൽ) നിന്ന് സൃഷ്ടിച്ചു; പിന്നെ, അതിൽനിന്ന് തന്നെ അതിന്റെ ഇണയെ അവൻ ഉണ്ടാക്കുകയും ചെയ്തു. കന്നുകാലികളിൽനിന്ന് എട്ടു(തരം) ഇണകളെയും നിങ്ങൾക്ക്വേണ്ടി ഇറക്കി (ഉൽപാദിപ്പിച്ചു) തന്നു.

നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ വെച്ച് ഒരു (രൂപത്തിലുള്ള) സൃഷ്ടിക്കുശേഷം (വേറെ രൂപത്തിലുള്ള) ഒരു സൃഷ്ടിയായും കൊണ്ട് - മൂന്ന് അന്ധകാരങ്ങളിലായി - നിങ്ങളെ അവൻ സൃഷ്ടിച്ചുണ്ടാക്കുന്നു. അങ്ങിനെയുള്ളവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു! അവന്നാണ് രാജാധിപത്യം. അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (ഈ യാഥാർത്ഥ്യത്തിൽ നിന്ന്) തിരിച്ചുവിടപ്പെടുന്നത്?!

﴾6﴿ خَلَقَكُمْ നിങ്ങളെ അവൻ സൃഷ്ടിച്ചു مِنْ نَفْسٍ ഒരു ജീവനിൽ (ദേഹത്തിൽ, ആളിൽ, ആത്മാവിൽ)നിന്ന് وَاحِدَةٍ ഒരേ ثُمَّ جَعَلَ പിന്നെ അവൻ ആക്കുക(ഉണ്ടാക്കുക)യും ചെയ്തു. مِنْهَا അതിൽ നിന്ന് (തന്നെ) زَوْجَهَا അതിന്റെ ഇണ(ഭാര്യയെ) وَأَنْزَلَ لَكُمْ നിങ്ങൾക്ക് അവൻ ഇറക്കുകയും ചെയ്തു مِنَ الْأَنْعَامِ കന്നുകാലി(ആടുമാടൊട്ടകം)കളിൽ

فِي بُطُونِ നിന്ന് ثَمَانِيَةَ أَزْوَاجٍ എട്ട് ഇണകളെ يَخْلُقُكُمْ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു വയറുകളിൽ(വെച്ച്) أُمَّهَاتِكُمْ നിങ്ങളുടെ മാതാക്കളുടെ خَلْقًا ഒരു സൃഷ്ടിയായി കൊണ്ട് مِنۢ بَعْدِ خَلْقٍ ഒരു സൃഷ്ടിക്കുശേഷം فِي ظُلُمَاتٍ ഇരുട്ടു (അന്ധകാരം)കളിലായി ثَلَاثٍ മൂന്ന് ذَٰلِكُمُ അങ്ങിനെയുള്ളവൻ, അതത്രെ اللَّهُ അല്ലാഹു رَبُّكُمْ നിങ്ങളുടെ രക്ഷിതാവായ لَهُ അവന്നാണ് الْمُلْكُ രാജത്വം, രാജാധിപത്യം لَا إِلَٰهَ ഒരു ആരാധ്യനും (ഇലാഹും)ഇല്ല. إِلَّا هُوَ അവനല്ലാതെ فَأَنَّىٰ അപ്പോൾ എങ്ങിനെ تُصْرَفُونَ നിങ്ങൾ തിരിച്ചുവിടപ്പെടുന്നു.

نَفْس (നഫ്സ്) എന്ന വാക്ക് ജീവൻ, ആത്മാവ്, രക്തം, മനസ്സ്, കണ്ണ്, ശരീരം, ദേഹം, താൻ(സ്വയം) ആൾ, മഹത്വം, യോഗ്യത എന്നിങ്ങിനെ പല അർത്ഥങ്ങൾക്ക് വരുന്നതാകുന്നു. نَفْسٍ وَاحِدَةٍ (ഒരേ ജീവൻ-അഥവാ ഒരേ ദേഹം) എന്ന് ഈ വചനത്തിൽ പറഞ്ഞിട്ടുള്ളത് മനുഷ്യപിതാവായ ആദം നബി(അ) യെ ഉദ്ദേശിച്ചാണെന്നും زَوْجَهَا (അതിന്റെ ഇണ) എന്ന് പറഞ്ഞത് മനുഷ്യമാതാവായ ഹവ്വാഉ് (അ) യെ ഉദ്ദേശിച്ചാണെന്നുമുള്ളതിൽ മുസ്ലിംകൾക്കിടയിലും വേദക്കാർക്കിടയിലും ഭിന്നാഭിപ്രായമില്ല. മനുഷ്യവർഗത്തിന്റെ ഉൽപത്തിയെക്കുറിച്ച് ഭൗതിക ശാസ്ത്രങ്ങളും നിലവിലുള്ള ജീവശാസ്ത്രതത്വങ്ങളും എന്തന്നെ പറഞ്ഞാലും ശരി അതെല്ലാം അവയുടെ കേവലം അഭിപ്രായങ്ങളും അനുമാനങ്ങളും മാത്രമായിരിക്കുവാനേ തരമുള്ളൂ. മനുഷ്യസ്രഷ്ടാവിന്റെ പ്രസ്താവനകളിൽ നിന്ന് നേർക്കുനേരെ വ്യക്തമായി മനസ്സിലാക്കാവുന്നതെന്തോ അത്മാത്രമേ ഇവിടെ യഥാർത്ഥമായി അംഗീകരിക്കപ്പെടുവാൻ നിവൃത്തിയുള്ളൂ. നിലവിലുള്ള മനുഷ്യവർഗം ഒന്നടങ്കം ഒരേ മാതാപിതാക്കളിൽനിന്ന് ജനിച്ചു പെരുകിയുണ്ടായതാണെന്നുള്ള യാഥാർത്ഥ്യം ഈ സൂറത്തിൽ മാത്രമല്ല, മറ്റുപല സൂറത്തുകളിലും അസന്നിഗ്ദധമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

1) يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً – النساء : 1

2) هُوَ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا – الاعراف : 189

3) يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا – الحجرات : 13

സാരം : 1. 'ഹേ മനുഷ്യരേ, നിങ്ങളെ ഒരേ ദേഹത്തിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽനിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും രണ്ടുപേരിൽനിന്നുമായി വളരെ പുരുഷൻമാരെയും, സ്ത്രീകളെയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ളവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവിൻ' (സൂ: നിസാഉ് : 1)

2. 'നിങ്ങളെ ഒരേ ദേഹത്തിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്ന് അതിന്റെ ഇണയെ - അവൻ അവളുടെ അടുക്കൽ മനസ്സമാധാനപ്പെടുവാൻ വേണ്ടി-ഉണ്ടാക്കുകയും ചെയ്തവനത്രെ അവൻ'. (സൂ: അഅ്റാഫ്: 189)

3. 'ഹേ, മനുഷ്യരേ, നിങ്ങളെ നാം ഒരു ആണിൽനിന്നും, ഒരു പെണ്ണിൽനിന്നു മായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം പരിചയപ്പെടുവാൻവേണ്ടി, നിങ്ങളെ നാം ശാഖകളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. (സൂ: ഹുജുറാത്ത് : 13)

മനുഷ്യപിതാവ് ആദം നബി(അ)ആയതുകൊണ്ടാണ് മനുഷ്യർക്ക് بنو ادم (ആദ മിന്റെ സന്തതികൾ)എന്നും മനുഷ്യന് آدَمِي (ആദമിയ്യ്) എന്നും പറയുന്നത്. മനുഷ്യ സൃഷ്ടിയുടെ തുടക്കം – അഥവാ ഒന്നാമത്തെ മനുഷ്യനായ ആദ്യപിതാവിനെ സൃഷ്ടി ച്ചത്-മണ്ണിൽനിന്നാണെന്നും ക്വുർആൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ ആദ്യമാതാവിന്റെ ഉൽഭവത്തെപ്പറ്റി ക്വുർആൻ എന്തുപറയുന്നുവെന്നാണ് എനി നോക്കു വാനുള്ളത്. നിങ്ങളെ ഒരേ ദേഹത്തിൽ നിന്ന് സൃഷ്ടിച്ചു (خَلَقَكُم مِّن نَّفْسٍ وَاحِدَةٍ) എന്ന് പറഞ്ഞതിനെത്തുടർന്ന് ഇവിടെയും സൂ: അഅ്റാഫിലും ഈ വിഷയകമായി അല്ലാഹു പറഞ്ഞ വാക്ക് وَجَعَلَ مِنْهَا زَوْجَهَا (അതിൽ നിന്ന് അതിന്റെ ഇണയെ ഉണ്ടാ ക്കുകയും ചെയ്തു)എന്നാണ്. സൂ: നിസാഇലാകട്ടെ, അതിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്തു. (وَخَلَقَ مِنْهَا زَوْجَهَا) എന്നാകുന്നു. ഈ രണ്ട് പ്രയോഗവും ഉദ്ദേശ്യത്തിൽ ഒന്നായിരിക്കുമെന്ന് വ്യക്തമാണ്. പക്ഷേ, കൂടുതൽ വിശദീകരണം ക്വുർ ആനിൽ നിന്ന് ലഭിക്കുന്നില്ല. ഇമാം ബുഖാരി (റ) മുസ്‌ലിം (റ) എന്നിവർ ഉദ്ധരി ക്കുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറയുന്നു:

وَاسْتَوْصُوا بِالنِّسَاءِ خَيْرًا فَإِنَّهُنَّ خُلِقْنَ مِنْ ضِلَعٍ وَإِنَّ أَعْوَجَ شَيْءٍ فِي الضِّلَعِ أَعْلَاهُ فَإِنْ ذَهَبْتَ تُقِيمُهُ كَسَرْتَهُ وَإِنْ تَرَكْتَهُ لَمْ يَزَلْ أَعْوَجَ الخ–متفق عليه

സാരം:'നിങ്ങൾ സ്ത്രീകളെക്കുറിച്ച് എന്റെ വസ്വിയ്യത്ത് നന്നായി പാലിക്കണം. കാര ണം, അവർ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വാരിയെല്ലുകളിൽവെച്ച് ഏറ്റവും വളവുള്ളത് അതിന്റെ മേൽഭാഗത്തുള്ളതാണ്. നീ അത് നിവർത്തി ചൊവ്വാക്കുവാൻപോ യാൽ നീ അത് പൊട്ടിക്കേണ്ടിവരും. അങ്ങിനെത്തന്നെ വിട്ടാൽ അത് വളഞ്ഞുകൊണ്ടേ ഇരിക്കയും ചെയ്യും'....) ഇതുപോലെ വേറൊരു ഹദീഥ് മുസ്‌ലിമും (റ) ഉദ്ധരിക്കുന്നു ണ്ട്. സ്ത്രീ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നല്ലാതെ, ആ വാരിയെല്ല് ആരുടെതാണെന്നോ മറ്റോ ഹദീഥിൽ ഇല്ല. സ്ത്രീകളോട് സൗമ്യമായും നയത്തിലും പെരുമാറണം, അവരുടെ സ്വഭാവത്തിൽ പ്രകൃത്യാ പല പാകപ്പിഴവുകളും അനുഭവ പ്പെടും, അത് ക്ഷമിക്കണം എന്നൊക്കെയാണ് ഈ ഹദീഥിന്റെ താൽപര്യം. അഥവാ, സ്ത്രീയുടെ സൃഷ്ടിയെക്കുറിച്ച് പ്രതിപാദിക്കലല്ല അതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് സ്ത്രീ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കയാണെന്ന വാക്യം കേവലം ഒരു ഉപമാ രൂപത്തിൽ പറഞ്ഞ അലങ്കാര പ്രയോഗമാണെന്നു ചിലർ പറയുന്നു. പക്ഷേ, ഭൂരിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം, ആദംനബി(അ)യുടെ വാരിയെല്ലിൽ നിന്നാണ് ഹവ്വാ (അ) സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന യാഥാർത്ഥ്യമാണ് ഈ ഹദീഥിൽ അടങ്ങിയിരി ക്കുന്നത് എന്നത്രെ. وَخَلَقَ مِنْهَا زَوْجَهَا (ആ ദേഹത്തിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്തു)എന്നും وَجَعَلَ مِنْهَا زَوْجَهَا (അതിൽ നിന്നുതന്നെ അതിന്റെ ഇണയെ ഉണ്ടാക്കുകയും ചെയ്തു) എന്നുമുള്ള ക്വുർആൻ വാക്യങ്ങൾക്ക് ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ള വ്യാഖ്യാനവും ഇതുതന്നെ.

ബൈബ്ളിന്റെ പഴയ നിയമത്തിൽ വിഷയം കുറെക്കൂടി വിസ്തരിച്ചു പറയുന്നുണ്ട്. അത് പറയുന്നു: '....മനുഷ്യൻ എല്ലാ കന്നുകാലികൾക്കും, ആകാശത്തിലെ പറവ

കൾക്കും, എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു : എങ്കിലും മനുഷ്യന് തക്കതായൊരു തുണ കണ്ടുകിട്ടിയില്ല. ആകയാൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്രവരുത്തി ; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തു അതിനുപകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ : ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്ന് മാംസവുമാകുന്നു.... എന്ന് പറഞ്ഞു. അതുകൊണ്ട് പുരുഷൻ അപ്പനെയും, അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും. അവർ ഏക ദേഹമായിത്തീരും'. (ഉൽപത്തി : 2 ൽ 20-24) ഈ ഉദ്ധരണിയിലെ ചില വശങ്ങൾ ഖുർആനോടും മേൽകണ്ട ഹദീഥിനോടും യോജിക്കുന്നുവെന്നു പറയേണ്ടതില്ല.

خَلَقَ مِنْهَا زَوْجَهَا (അതിൽ നിന്ന് തന്നെ അതിന്റെ ഇണയെ സൃഷ്ടിച്ചു) എന്ന വാക്യത്തിന് ചിലർ അർത്ഥമാക്കുന്നത് അതിന്റെ വർഗത്തിൽനിന്ന് സൃഷ്ടിച്ചു (**أيْ من جنسها**) എന്നത്രെ. ഇതനുസരിച്ച് ആദം (അ)നെ മണ്ണിൽനിന്ന് സൃഷ്ടിച്ചതുപോലെ, ഹവ്വാഉ് (അ)നെയും മണ്ണിൽ നിന്ന് സൃഷ്ടിച്ചു എന്നായിരിക്കുമല്ലോ. ഇതിന് തെളിവായി, നിങ്ങളുടെ ദേഹങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളുണ്ടാക്കി (جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا- النحل) എന്നും, നിങ്ങൾക്ക് നിങ്ങളുടെ ദേഹങ്ങളിൽ നിന്ന് ഒരു റസൂൽ വന്നിരിക്കുന്നു (جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ- التوبة) എന്നും പോലെയുള്ള വാക്യങ്ങളാണിവർ ചൂണ്ടിക്കാട്ടുന്നത്. ഇവിടങ്ങളിൽ നിങ്ങളുടെ വർഗത്തിൽനിന്ന് ഇണകളെ ഉണ്ടാക്കി എന്നും നിങ്ങളുടെ വർഗത്തിൽനിന്നും റസൂൽ വന്നു എന്നുമാണല്ലോ ഉദ്ദേശ്യം. ഈ അഭിപ്രായക്കാരിൽ ചിലർ ഇങ്ങിനെ ചില ന്യായങ്ങളും പറഞ്ഞു കാണുന്നു : مِّن نَّفْسٍ وَاحِدَةٍ (ഒരേ ദേഹത്തിൽ നിന്ന്) എന്ന വാക്യത്തിലെ مِنْ എന്ന അവ്യയം ഒരു വസ്തുവിന്റെ അംശത്തെ കുറിക്കുവാനുള്ളത് (التبعيض) തന്നെ ആയിക്കൊള്ളണമെന്നില്ല, ഒന്നിന്റെ തുടക്കം കാണിക്കുന്നതും (**الابتدائى**) ആയിരിക്കാം. അതായത് ഒരു ദേഹത്തിൽ നിന്ന് മനുഷ്യരെ സൃഷ്ടിച്ചു എന്നല്ല ആ ദേഹം മുതൽക്ക് മനുഷ്യരെ സൃഷ്ടിച്ചുതുടങ്ങി എന്നും അതിന് അർത്ഥമായിരിക്കാം. മാത്രമല്ല, ആദം (അ)നെ മണ്ണിനാൽ സൃഷ്ടിക്കുവാൻ കഴിവുള്ളവനാണെന്നു സ്ഥാപിതമായിക്കഴിഞ്ഞാൽ ഹവ്വാഉ്(അ)നെ മണ്ണിൽ നിന്ന് സൃഷ്ടിക്കുവാനും അവൻ കഴിവുള്ളവനായല്ലോ. അപ്പോൾ പിന്നെ, ആദം(അ)ന്റെ വാരിയെല്ലിൽ നിന്ന് അദ്ദേഹത്തിന് ഇണയെ സൃഷ്ടിക്കുന്നതിൽ എന്താണ് ഒരു പ്രയോജനമുള്ളത് ?! (**كما في الرازي**)

ഇവരുടെ അഭിപ്രായവും ന്യായവും പല കാരണങ്ങളാൽ സ്വീകരിക്കുവാൻ മാർഗം കാണുന്നില്ല. ഉദാഹരണമായി :

1) മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ച് ഖുർആനിൽ വ്യത്യസ്ത വാക്കുകളിലായി പല പ്രസ്താവനകളും കാണാം. مِّمَّا يَعْلَمُونَ، مِن تُرَاب،مِن صَلْصَال،مِّن طِين،مِن نُّطْفَة، مِّن مَّاء، مِّن ذَكَرٍ وَأُنثَى (അവർക്കറിയാവുന്നതിൽനിന്ന്, മണ്ണിൽനിന്ന്, ചെലചെല ശബ്ദമുള്ള മണ്ണിൽ നിന്ന്, കളിമണ്ണിൽനിന്ന്, ഇന്ദ്രിയത്തുള്ളിയിൽനിന്ന്, ജലത്തിൽ നിന്ന്, ഒരു ആണിൽനിന്നും പെണ്ണിൽനിന്നുമായി) എന്നിങ്ങിനെ പലതും. ഇവിടങ്ങളിലെല്ലാം **من** എന്ന അവ്യയത്തിന് നൽകപ്പെടുന്നതും, നൽകപ്പെടേണ്ടതുമായ അർത്ഥത്തിൽ നിന്ന് വ്യത്യസ്തമായ ഒരർത്ഥം ഇവിടെ മാത്രം കൽപിക്കുവാൻ പ്രത്യേകം തെളിവു വേണ്ടിയിരിക്കുന്നു.

2) نَفْس എന്ന വാക്കിന് വർഗം (جنس) എന്നർത്ഥമില്ല. അതിന്റെ ബഹുവചനമാണ് انفس എന്ന വാക്ക്. ചില സന്ദർഭങ്ങളിൽ ഇതിന്റെ ഉദ്ദേശ്യം പ്രായോഗികമായിത്തീരുന്നത് വർഗത്തെ ആശ്രയിച്ചായിരിക്കുമെന്നുമാത്രം. അതിന്റെ മുമ്പും പിമ്പുമുള്ള വാക്കുകൾ നോക്കിവേണം അത് തീരുമാനിക്കുക. ചില സ്ഥലത്ത് വർഗമാണ് ഉദ്ദേശ്യമെന്നു വെച്ച് മറ്റു സ്ഥലങ്ങളിലും അങ്ങിനെ ആയിക്കൊള്ളണമെന്നില്ല. ഒരു വാക്കിന്റെ സാക്ഷാൽ അർത്ഥം ഉദ്ദേശിക്കുവാൻ പ്രത്യേക തടസ്സം ഉള്ളപ്പോൾ മാത്രമേ അതിന് ആലങ്കാരികമായ മറ്റൊരർത്ഥം കൽപ്പിക്കാവൂ എന്നത് ഭാഷാസാഹിത്യത്തിൽ ഒരു അംഗീകൃത നിയമമാകുന്നു. ഹവ്വാഇന്റെ സൃഷ്ടി മറ്റൊരു രൂപത്തിലാണെന്ന് വേറെ തെളിവുണ്ടെങ്കിൽ മാത്രമേ ഇത് സാധുവാകുകയുള്ളൂ.

3) ആദം(അ) നെപ്പോലെത്തന്നെ ഹവ്വാഉ് (അ)നെയും ആദ്യമേ മണ്ണിൽ നിന്ന് സൃഷ്ടിച്ചതാണെങ്കിൽ نَّفْسٍ وَاحِدَةٍ (ഒരേ ദേഹം) എന്നതിന്റെ സ്ഥാനത്ത് (രണ്ട് ദേഹങ്ങൾ) എന്ന് പറയേണ്ടതായിരുന്നു.

4) ആദ്യത്തെ مِنْ നുള്ള അതേ അർത്ഥം തന്നെയാണ് അതിനോട് ചേർന്ന വാക്യത്തിൽ (مِنْهَا എന്നതിലെ) രണ്ടാമത്തെ من നും സാധാരണഗതിയിൽ ഉണ്ടായിരിക്കേണ്ടത്. കൂടാതെ, രണ്ടാമത്തെ من തുടക്കം കുറിക്കുന്നതാണെന്ന് വെക്കുവാൻ വഴിയുമില്ല. കാരണം مِنْهَا എന്നതിന്റെ തൊട്ടുമുമ്പ് – ഈ സൂറത്തിലെയും, അഅ്റാഫിലെയും ആയത്തുകളിൽ – جَعَلَ എന്ന ക്രിയയാണുള്ളത്. ഈ ക്രിയക്ക് ആക്കി, ഉണ്ടാക്കി, ഏർപ്പെടുത്തി എന്നൊക്കെയാണർത്ഥം. അപ്പോൾ ആദം മുതൽ ഹവ്വാഇനെ ഉണ്ടാക്കി – അഥവാ ആക്കി– എന്ന് അതിന് അർത്ഥം കൊടുക്കേണ്ടിവരുമല്ലോ

5) സൂ: അഅ്റാഫിലെ ആയത്തിൽ لِيَسْكُنَ إِلَيْهَا (അവൻ അവളുടെ അടുക്കൽ മനസ്സമാധാനമടയുവാൻ)എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. പ്രഥമ മനുഷ്യരായ രണ്ട് ഭാര്യാഭർത്താക്കളെക്കുറിച്ചാണല്ലോ ഇത് പറഞ്ഞിരിക്കുന്നത്. പരസ്പരം ഇണക്കവും മനസ്സമാധാനവും ഉണ്ടായിത്തീരുവാൻ രണ്ട് പേരും ഒരേ വർഗത്തിൽപെട്ടവരാണെന്നത് ഒരു കാരണം തന്നെ. പക്ഷേ, ഇത് മനുഷ്യവർഗത്തിന്റെ മാത്രം പ്രത്യേകതയല്ല. അതോടുകൂടി ഭാര്യ ഭർത്താവിന്റെ ഒരംശത്തിൽ നിന്നുണ്ടായവളാണെന്ന് കൂടി വരുമ്പോൾ പ്രസ്തുത കാര്യം കൂടുതൽ ശക്തമായിത്തീരുമെന്ന് പറയേണ്ടതില്ല.

6) ആദം (അ) നെ മണ്ണുകൊണ്ട് സൃഷ്ടിച്ചതോടുകൂടി ഹവ്വാഉ് (അ)നെയും മണ്ണുകൊണ്ട് സൃഷ്ടിക്കുവാനുള്ള അല്ലാഹുവിന്റെ കഴിവ് സ്ഥാപിതമായിരിക്കെ, പിന്നെ വാരിയെല്ലുകൊണ്ട് സൃഷ്ടിക്കേണ്ടുന്ന ആവശ്യമെന്താണെന്ന ചോദ്യത്തിൽ യാതൊരു കഴമ്പും ഇല്ല. കാരണം, മണ്ണിൽ നിന്ന് മാത്രമല്ല, വാരിയെല്ലിൽനിന്നും മനുഷ്യനെ സൃഷ്ടിക്കുവാനുള്ള അവന്റെ കഴിവുകൂടി ഇത് മൂലം സ്ഥാപിതമാകുകയാണ് ചെയ്യുന്നത്. ഈ ചോദ്യം ഇവിടെ മാത്രമല്ല, മനുഷ്യരെ ഇന്ദ്രിയത്തിൽ നിന്നോ ജലത്തിൽ നിന്നോ സൃഷ്ടിച്ച വിഷയം പറയുമ്പോഴും ഉന്നയിക്കാമല്ലോ.

ചുരുക്കത്തിൽ ഭൂരിഭാഗം മുഫസ്സിറുകളും സ്വീകരിച്ചിട്ടുള്ള ഒന്നാമത്തെ അഭിപ്രായത്തിനാണ് തെളിവുകളുടെ പിൻബലം കൂടുതലുള്ളത്. അതുകൊണ്ട് തന്നെയാണ് അവരെല്ലാം അത് സ്വീകരിച്ചിട്ടുള്ളതും. والله اعلم

മനുഷ്യന്റെ ആരംഭത്തെപ്പറ്റി പ്രസ്താവിച്ചശേഷം, അവന്റെ ഭക്ഷണവും, വാഹനവും മറ്റുമായിക്കൊണ്ട് അവൻ നിത്യേന ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കന്നുകാലികളെ

(الانعام) അവനുവേണ്ടി അല്ലാഹു സൃഷ്ടിച്ചുകൊടുത്ത അനുഗ്രഹത്തെ ഓർമപ്പെടുത്തുകയാണ് ചെയ്യുന്നത്. എട്ടുതരം ഇണകൾ (ثَمَانِيَةَ أَزْوَاجٍ) എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശ്യം; ചെമ്മരിയാട്, കോലാട്, ഒട്ടകം, മാട് എന്നീ നാലു വർഗങ്ങളിൽ നിന്നുള്ള ആണും, പെണ്ണുമാണെന്ന് സൂറത്തുൽ അൻആം 143-144 ൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

മനുഷ്യൻ അവന്റെ മാതാവിന്റെ വയറ്റിൽ-ഗർഭത്തിൽ-വെച്ചു സൃഷ്ടിക്കപ്പെടുന്നതിൽ അടങ്ങിയ അത്ഭുത രഹസ്യങ്ങളെക്കുറിച്ചാണ് അടുത്ത വാക്യം ഓർമിപ്പിക്കുന്നത്. 'ഒരു സൃഷ്ടിരൂപത്തിന് ശേഷം മറ്റൊന്നായി' (خَلْقًا مِن بَعْدِ خَلْقٍ) സൃഷ്ടിക്കുന്നു എന്ന് പറഞ്ഞത് ഇന്ദ്രിയം, രക്തപിണ്ഡം, മാംസപിണ്ഡം, പൂർണശിശു എന്നിങ്ങിനെയുള്ള ഗർഭകാല ദശകളെ ഉദ്ദേശിച്ചാകുന്നു. ഇവയെപ്പറ്റി സൂ: ഹജ്ജ് 5; സൂ: മുഅ്മിനൂൻ 13, 14 എന്നീ സ്ഥലങ്ങളിൽ വിവരിച്ചിട്ടുള്ളത് ഓർക്കുക. മൂന്നുതരം അന്ധകാരങ്ങളിൽ (فِي ظُلُمَاتٍ ثَلَاثٍ) എന്ന് പറഞ്ഞതിന്റെ വിവക്ഷ മാതാവിന്റെ വയറ്, ഗർഭാശയം, ശിശുവെ മൂടിപ്പൊതിഞ്ഞിരിക്കുന്ന നേരിയ ഉറ (മറുപിള്ള-അഥവാ മറുകുട്ടി) എന്നീ മൂന്നിന്റെയും ഉള്ളിൽവെച്ച് ശിശുകഴിച്ചുകൂട്ടേണ്ടിവരുന്ന അജ്ഞാതാവസ്ഥയെ ചൂണ്ടിക്കാട്ടുന്നു. ഈ മൂന്ന് ഇരുട്ടറകൾ പൊതുവിൽ എല്ലാവർക്കും അറിയപ്പെടുന്നവയത്രെ. എന്നാൽ, ഇവയ്ക്ക് പുറമെ പരക്കെ അറിയപ്പെടാത്തതും, ശരീരശാസ്ത്രപടുകളായ ആളുകൾക്ക് മാത്രം അറിയാവുന്നതുമായ മറ്റൊരു മൂന്ന് ഇരുട്ടറകളെ സംബന്ധിച്ചും ചില മഹാൻമാർ ഇവിടെ പ്രസ്താവിച്ചുകാണുന്നു. ഗർഭാശയത്തിനുള്ളിൽതന്നെയുള്ള മൂന്നു പ്രത്യേക അറകളിലായിട്ടാണുപോൽ ശിശു സംരക്ഷിക്കപ്പെടുന്നത്. ഈ അറകൾ ശസ്ത്രക്രിയകൊണ്ട് മാത്രമേ അറിയപ്പെടുവാൻ സാധിക്കയുള്ളൂവെന്നും അവർ പറയുന്നു. الله اعلم. ഏതായാലും ഗർഭസ്ഥശിശുവിന്റെ ഉത്ഭവം മുതൽ പ്രസവം വരെയുള്ള കാലത്തെ ഓരോ പ്രകൃതി മാറ്റങ്ങളും, ഓരോ ഘട്ടത്തിലും അതിനുവേണ്ടുന്ന മുൻകരുതലുകൾ അല്ലാഹു ചെയ്തുവെച്ചിരിക്കുന്നതുമെല്ലാം അല്ലാഹുവിന്റെ മഹത്വത്തെയും അനുഗ്രഹത്തെയും പറ്റി ചിന്തിക്കുവാൻ ധാരാളം മതിയായതത്രെ ! ഈ മുഖവുരയെത്തുടർന്ന് അല്ലാഹു പറയുകയാണ്:

ഹേ, മനുഷ്യരേ! ഇതെല്ലാം ആരുടെ പ്രവർത്തനങ്ങളാണോ, ആ മഹാശക്തിയാണ് നിങ്ങളുടെ റബ്ബായ അല്ലാഹു ! (ذَٰلِكُمُ اللَّهُ رَبُّكُمْ) സകല വസ്തുവിന്റെയും, ഭരണാധിപത്യം അവനുതന്നെ (لَهُ الْمُلْكُ) എന്നിരിക്കെ, ആരാധ്യനായിരിക്കുവാൻ മറ്റാർക്കും അർഹതയില്ല. അവനല്ലാതെ ആരാധ്യൻ ഇല്ല. (لَا إِلَٰهَ إِلَّا هُوَ) ഇത്രയും വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കെ, അല്പബുദ്ധിയെങ്കിലും കൊടുത്തു ആലോചിച്ചാൽ ഈ വാസ്തവം ആർക്കും മനസ്സിലാക്കാമെന്നിരിക്കെ, പിന്നെ എങ്ങിനെയാണ് - ഹേ അവിശ്വാസികളേ, ബഹുദൈവ വിശ്വാസികളേ - നിങ്ങൾ സത്യത്തിൽ നിന്ന് തിരിച്ചുവിടപ്പെടുന്നത് ?! (فَأَنَّىٰ تُصْرَفُونَ) നിങ്ങൾക്ക് ബുദ്ധിയില്ലേ, നിങ്ങൾ ചിന്തിക്കുന്നില്ലേ?!

إِن تَكْفُرُوا فَإِنَّ اللَّهَ غَنِيٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ الْكُفْرَ ۖ وَإِن

﴿7﴾ നിങ്ങൾ അവിശ്വസിക്കുക (അഥവാ നന്ദികേട്കാണിക്കുക)യാണെങ്കിൽ, നിശ്ചയമായും അല്ലാഹു നിങ്ങളിൽനിന്നും (ആശ്രയംവേണ്ടാ

تَشْكُرُواْ يَرْضَهُ لَكُمْ ۗ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٧﴾

ത്ത) ധന്യനാകുന്നു. അവന്റെ അടിയാൻമാർക്ക് അവിശ്വാസത്തെ അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ (വിശ്വസിച്ച്) നന്ദി കാണിക്കുകയാണെങ്കിൽ അവൻ നിങ്ങൾക്കത് തൃപ്തിപ്പെട്ടു തരുന്നതുമാണ്. കുറ്റം വഹിക്കുന്ന ഒരു ദേഹവും മറ്റൊന്നിന്റെ കുറ്റം വഹിക്കുന്നതല്ല. പിന്നീട് (ഒടുക്കം) നിങ്ങളുടെ രക്ഷിതാവിങ്കലേക്കാണ് നിങ്ങളുടെ മടങ്ങിവരവ്. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. നിശ്ചയമായും, അവൻ നെഞ്ചു [ഹൃദയം]കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

《7》 إِن تَكْفُرُوا നിങ്ങൾ അവിശ്വസിക്കുന്നതായാൽ, നന്ദികേട് കാണിച്ചാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു غَنِيٌّ അനാശ്രയനാണ്, ധന്യനാണ്, ഐശ്വര്യവാനാണ് عَنكُمْ നിങ്ങളിൽ നിന്ന് وَلَا يَرْضَىٰ അവൻ തൃപ്തിപ്പെടുകയില്ല لِعِبَادِهِ തന്റെ അടിയാൻമാർക്ക് الْكُفْرَ അവിശ്വാസം, നന്ദികേട് وَإِن تَشْكُرُوا നിങ്ങൾ നന്ദികാണിക്കുന്നതായാൽ يَرْضَهُ അതവൻ തൃപ്തിപ്പെടും لَكُمْ നിങ്ങൾക്ക് وَلَا تَزِرُ കുറ്റം വഹിക്കുക (ഏൽക്കുക)യില്ല وَازِرَةٌ ഒരു കുറ്റക്കാരി, കുറ്റം വഹിക്കുന്ന ദേഹം وِزْرَ أُخْرَىٰ മറ്റൊന്നിന്റെ കുറ്റം ثُمَّ പിന്നീട് إِلَىٰ رَبِّكُم നിങ്ങളുടെ റബ്ബിങ്കലേക്കാണ് مَّرْجِعُكُمْ നിങ്ങളുടെ മടക്കം, തിരിച്ചുവരവ് فَيُنَبِّئُكُم അപ്പോൾ അവൻ നിങ്ങളെ ബോധ്യപ്പെടുത്തും, (അറിയിക്കും) بِمَا യാതൊന്നിനെപ്പറ്റി كُنتُمْ تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന إِنَّهُ عَلِيمٌ നിശ്ചയമായും അവൻ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചുകളിലു(ഹൃദയങ്ങളിലു)ള്ളതിനെപ്പറ്റി

മറച്ചുവെക്കുക അല്ലെങ്കിൽ മൂടിവെക്കുക എന്ന ഭാഷാർത്ഥമുള്ള രണ്ടു ക്രിയാനാമങ്ങളാണ് كفران , كفر (കുഫ്ർ, കുഫ്റാൻ) എന്നീ വാക്കുകൾ. ഈ അർത്ഥത്തിന്റെ അടിസ്ഥാനത്തിലാണ് കർഷകനെ ഉദ്ദേശിച്ച് كافر (കാഫിർ) എന്ന് ഉപയോഗിക്കപ്പെടുന്നത്. ഈമാനിന്റെ എതിരിൽ, അവിശ്വാസം എന്ന അർത്ഥത്തിലാണ് കുഫ്ർ സാധാരണ ഉപയോഗിക്കപ്പെടുക. ശുക്റിന്റെ എതിരിൽ നന്ദികേട് എന്ന അർത്ഥത്തിൽ കുഫ്റാനും അതുപോലെത്തന്നെ. രണ്ടിന്റെയും ക്രിയാരൂപങ്ങളും മറ്റും ഒരേ പ്രകാരമാണ് താനും. അതുകൊണ്ട് അവയ്ക്ക് സന്ദർഭം നോക്കി അർത്ഥം കൽപിക്കേണ്ടതാകുന്നു. ഈ വചനത്തിൽ ഈ രണ്ട് അർത്ഥങ്ങൾക്കും സാധ്യതയുണ്ട്. അല്ലാഹുവിനോടുള്ള നന്ദിയിൽ നിന്നാണ് സത്യവിശ്വാസം ഉടലെടുക്കുന്നത്. നേരെ മറിച്ച് അവിശ്വാസം അവനോട്

കാണിക്കുന്ന നന്ദികേടുമാകുന്നു. അതുകൊണ്ട് സത്യവിശ്വാസവും നന്ദിയും (ഈമാനും, ശുക്റും) തമ്മിലും, അവിശ്വാസവും നന്ദികേടും (കുഫ്റും, കുഫ്റാനും) തമ്മിലും അഭേദ്യബന്ധമാണുള്ളത്.

സൂറത്ത് ഇബ്റാഹീം 7, 8 ആയത്തുകളിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

1. وَإِذْ تَأَذَّنَ رَبُّكُمْ لَئِن شَكَرْتُمْ لَأَزِيدَنَّكُمْ ۖ وَلَئِن كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ

2. إِن تَكْفُرُوٓا۟ أَنتُمْ وَمَن فِى ٱلْأَرْضِ جَمِيعًا فَإِنَّ ٱللَّهَ لَغَنِىٌّ حَمِيدٌ

1. നിങ്ങൾ നന്ദി കാണിച്ചാൽ നിശ്ചയമായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചുതരും. നിങ്ങൾ നന്ദികേട് കാണിച്ചുവെങ്കിലോ നിശ്ചയമായും എന്റെ ശിക്ഷ കഠിനമായതാണ്.

2. നിങ്ങളും ഭൂമിയിലുള്ളവരുമെല്ലാം കൂടി അവിശ്വസിക്കുന്നതായാലും അല്ലാഹു അനാശ്രയനും, സ്തുത്യർഹനും തന്നെയാകുന്നു.

അൽപം ദീർഘമായ ഒരു ഹദീഥിൽ, അല്ലാഹു പറഞ്ഞതായി നബിഇപ്രകാരം ഉദ്ധരിക്കുന്നു: 'എന്റെ അടിയാൻമാരേ, നിങ്ങളിൽ ആദ്യമുള്ളവരും അവസാനമുള്ളവരും, നിങ്ങളിലുള്ള മനുഷ്യരും ജിന്നുകളുമെല്ലാം തന്നെ, നിങ്ങളിൽ ഏറ്റവും ദുഷിച്ച ഒരുവന്റെ ഹൃദയത്തോടുകൂടിയവരായിരുന്നാലും, അത് എന്റെ രാജാധിപത്യത്തിൽ നിന്ന് യാതൊന്നുംതന്നെ കുറവ് വരുത്തുന്നതല്ല'. (മുസ്‌ലിം)

۞ وَإِذَا مَسَّ ٱلْإِنسَٰنَ ضُرٌّ دَعَا رَبَّهُۥ مُنِيبًا إِلَيْهِ ثُمَّ إِذَا خَوَّلَهُۥ نِعْمَةً مِّنْهُ نَسِىَ مَا كَانَ يَدْعُوٓا۟ إِلَيْهِ مِن قَبْلُ وَجَعَلَ لِلَّهِ أَندَادًا لِّيُضِلَّ عَن سَبِيلِهِۦ ۚ

﴿8﴾ മനുഷ്യനെ വല്ല ഉപദ്രവവും [അനിഷ്ടകാര്യവും] ബാധിച്ചാൽ, അവൻ തന്റെ റബ്ബിങ്കലേക്ക് (ഭക്തിപൂർവ്വം) മടങ്ങികൊണ്ട് അവനോട് പ്രാർത്ഥിക്കും. പിന്നീട് അവൻ തന്റെ പക്കൽനിന്ന് വല്ല അനുഗ്രഹവും അവന് അധീനപ്പെടുത്തിക്കൊടുത്താൽ, അവൻ മുമ്പ് യാതൊരു കാര്യത്തിലേക്ക് (വേണ്ടി) പ്രാർത്ഥന ചെയ്തിരുന്നുവോ അതവൻ മറന്നുകളയുകയായി. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി അല്ലാഹുവിന് അവൻ സമൻമാരെ [പങ്കുകാരെ] ആക്കുകയും ചെയ്യും.

قُلْ تَمَتَّعْ بِكُفْرِكَ قَلِيلًا ۖ إِنَّكَ مِنْ أَصْحَٰبِ ٱلنَّارِ ﴿٨﴾

(നബിയേ) പറയുക : നീ നിന്റെ അവിശ്വാസംകൊണ്ട് അല്പമൊന്ന് സുഖമെടുത്തു കൊള്ളുക. (എന്നാൽ) നിശ്ചയമായും നീ നരകത്തിന്റെ ആൾക്കാരിൽപെട്ടവനത്രെ.

أَمَّنْ هُوَ قَٰنِتٌ ءَانَآءَ ٱلَّيْلِ سَاجِدًا وَقَآئِمًا يَحْذَرُ ٱلْـَٔاخِرَةَ وَيَرْجُوا۟ رَحْمَةَ رَبِّهِۦ ۗ قُلْ هَلْ يَسْتَوِى ٱلَّذِينَ يَعْلَمُونَ وَٱلَّذِينَ لَا يَعْلَمُونَ ۗ إِنَّمَا يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٩﴾

﴿9﴾ (അങ്ങിനെയുള്ള മനുഷ്യനാണോ ഉത്തമൻ) അതല്ല, (ഇങ്ങിനെയുള്ള) ഒരുവനോ ? അവൻ സുജൂദ് [സാഷ്ടാംഗനമസ്കാരം] ചെയ്തുകൊണ്ടും, നിന്നു (നമസ്കരിച്ചു) കൊണ്ടും രാത്രി സമയങ്ങളിൽ ഭക്തനായിരിക്കും ; അവൻ പരലോകത്തെക്കുറിച്ച് ജാഗ്രതയായിരിക്കുകയും, തന്റെ റബ്ബിന്റെ കാരുണ്യം അഭിലഷിച്ചു [പ്രതീക്ഷിച്ചു] കൊണ്ടിരിക്കുകയും ചെയ്യുന്നു. (ഈ രണ്ടിൽ ആരാണ് ഉത്തമൻ?!)

നീ പറയുക: അറിയുന്നവരും, അറിയാത്തവരും സമമാകുമോ?! നിശ്ചയമായും, ബുദ്ധിമാൻമാരേ ആലോചിച്ചു നോക്കുകയുള്ളൂ.

﴿8﴾ وَإِذَا مَسَّ സ്പർശിച്ചാൽ (ബാധിച്ചാൽ) الإِنْسَانَ മനുഷ്യനെ ضُرٌّ വല്ല ഉപദ്രവവും (അനിഷ്ടകാര്യവും, ദോഷവും) دَعَا അവൻ പ്രാർത്ഥിക്കും, വിളിക്കും رَبَّهُ തന്റെ റബ്ബിനോട്, റബ്ബിനെ مُنِيبًا മനസ്സ് മടങ്ങികൊണ്ട്, ഭക്തനായിക്കൊണ്ട് إِلَيْهِ അവനിലേക്ക് ثُمَّ إِذَا خَوَّلَهُ പിന്നെ അവൻ അവന് അധീനമാക്കിയാൽ (കൊടുത്താൽ) نِعْمَةً വല്ല അനുഗ്രഹവും مِنْهُ തന്റെ പക്കൽ നിന്ന് نَسِيَ അവൻ മറക്കും, വിസ്മരിക്കും مَا യാതൊരു കാര്യം كَانَ يَدْعُو അവൻ പ്രാർത്ഥിക്കു(വിളിക്കു)മായിരുന്നു إِلَيْهِ അതിലേക്ക്, അതിനായി مِنْ قَبْلُ മുമ്പ് وَجَعَلَ അവൻ ആക്കുകയും ചെയ്യും لِلَّهِ അല്ലാഹുവിന് أَنْدَادًا സമൻമാരെ, തുല്യൻമാരെ لِيُضِلَّ അവൻ വഴിപിഴപ്പിക്കുവാൻ عَنْ سَبِيلِهِ അവന്റെ മാർഗത്തിൽനിന്ന് قُلْ നീ പറയുക تَمَتَّعْ നീ സുഖമെടുത്തുകൊള്ളുക, ഉപയോഗമെടുക്കുക بِكُفْرِكَ നിന്റെ അവിശ്വാസം കൊണ്ട് قَلِيلًا അല്പം, കുറച്ച് إِنَّكَ നിശ്ചയമായും നീ مِنْ أَصْحَابِ النَّارِ നരകത്തിന്റെ ആൾക്കാരിൽ പെട്ടവനാണ് ﴿9﴾ أَمَّنْ അതല്ല (അഥവാ) യാതൊരുവനോ هُوَ അവൻ قَانِتٌ ഭക്തനാണ്, താഴ്മ അർപ്പിക്കുന്ന (വിനയപ്പെടുന്ന)വനാണ് آنَاءَ اللَّيْلِ രാത്രിസമയങ്ങളിൽ سَاجِدًا സുജൂദ് ചെയ്യുന്നവനായി وَقَائِمًا നില്ക്കുന്നവനായും يَحْذَرُ അവൻ ജാഗ്രതയായിരിക്കും, ഭയപ്പെടും, കാക്കും الآخِرَةَ പരലോകത്തെ وَيَرْجُوا അവൻ അഭിലഷിക്കുക(പ്രതീക്ഷിക്കുക)യും ചെയ്യും رَحْمَةَ رَبِّهِ തന്റെ റബ്ബിന്റെ കാരുണ്യം قُلْ

നീ പറയുക هَلْ يَسْتَوِي സമമാകുമോ الَّذِينَ يَعْلَمُونَ അറിയുന്നവർ وَالَّذِينَ യാതൊരുവരും لَا يَعْلَمُونَ അറിയാത്ത, അവർ അറിയുകയില്ല إِنَّمَا يَتَذَكَّرُ നിശ്ചയമായും ആലോചിക്കുകയു(ള്ളൂ) أُولُو الْأَلْبَابِ ബുദ്ധിമാന്മാർ (മാത്രം)

ആപത്തുകൾ വരുമ്പോൾ മാത്രം അല്ലാഹുവിങ്കലേക്ക് ഭക്തിയും പ്രാർത്ഥനയും അർപ്പിക്കുകയും, ആപത്ത് നീങ്ങി സുഖമായിക്കഴിഞ്ഞാൽ അതെല്ലാം മറന്ന് ആരാധനക്കും പ്രാർത്ഥനക്കും വേറെ ദൈവങ്ങളെ സ്വീകരിക്കുകയും ചെയ്യുന്ന നന്ദികെട്ട അവിശ്വാസിയും, നേരെ മറിച്ച് അല്ലാഹുവിന്റെ കാരുണ്യത്തെ ആശിച്ചും പ്രതീക്ഷിച്ചും കൊണ്ടും പരലോകത്ത്വെച്ച് അല്ലാഹുവിന്റെ ശിക്ഷയും കോപവും നേരിടുന്നതിനെക്കുറിച്ചു ജാഗരൂകനായിക്കൊണ്ടും രാത്രി സമയങ്ങളിൽ സുജൂദിലും നിറുത്തത്തിലുമായി ഭയഭക്തിയോടെ അല്ലാഹുവിനെ നമസ്കരിച്ചാരാധിക്കുന്ന സത്യ വിശ്വാസിയും അല്ലാഹുവിന്റെ അടുക്കൽ ഒരിക്കലും സമമാകുകയില്ല എന്ന് സാരം. ആദ്യം പറഞ്ഞവൻ യാഥാർത്ഥ്യം ചിന്തിച്ചറിയാത്ത വിഡ്ഢിയും, രണ്ടാമത്തെവൻ യാഥാർത്ഥ്യം മനസ്സിലാക്കിയവനും, ബുദ്ധിമാനുമത്രെ.

സത്യവിശ്വാസികൾ സദാ 'ഭയപ്പാടും പ്രതീക്ഷയും' (الخوف والرجاء) ഉള്ളവരായിരിക്കണം. അഥവാ അല്ലാഹുവിന്റെ ശിക്ഷയെയും കോപത്തെയും കുറിച്ചുള്ള ഭയവും, അവന്റെ പ്രതിഫലത്തിലും കാരുണ്യത്തിലുമുള്ള പ്രതീക്ഷയും കൈവിടാൻ പാടില്ല. ഈ തത്വം ക്വുർആനും, നബിവചനങ്ങളും പലപ്പോഴും ഉണർത്താറുള്ളതാണ്.

വിഭാഗം - 2

قُلْ يَـٰعِبَادِ ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ رَبَّكُمْ ۚ لِلَّذِينَ أَحْسَنُوا۟ فِى هَـٰذِهِ ٱلدُّنْيَا حَسَنَةٌ ۗ وَأَرْضُ ٱللَّهِ وَٰسِعَةٌ ۗ إِنَّمَا يُوَفَّى ٱلصَّـٰبِرُونَ أَجْرَهُم بِغَيْرِ حِسَابٍ ﴿١٠﴾

﴿10﴾ പറയുക : വിശ്വസിച്ചവരായ എന്റെ അടിയാന്മാരേ, നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിക്കുവിൻ, ഈ ഇഹലോകത്ത്വെച്ച് നന്മ പ്രവർത്തിക്കുന്നവർക്ക് നന്മയുണ്ട്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ, വിശാലമായതുമാകുന്നു. നിശ്ചയമായും, സഹനശീലന്മാർക്ക് അവരുടെ പ്രതിഫലം, കണക്കില്ലാതെയത്രെ നിറവേറ്റിക്കൊടുക്കപ്പെടുക.

﴿10﴾ قُلْ നീ പറയുക يَاعِبَادِ എന്റെ അടിയാന്മാരേ الَّذِينَ آمَنُوا വിശ്വസിച്ചവരായ اتَّقُوا رَبَّكُمْ നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുവിൻ لِلَّذِينَ أَحْسَنُوا നൻമ പ്രവർത്തിച്ചവർക്കുണ്ട് فِي هَٰذِهِ الدُّنْيَا ഈ ഇഹത്തിൽ വെച്ച് حَسَنَةٌ നന്മ وَأَرْضُ اللهِ അല്ലാഹുവിന്റെ ഭൂമിയാകട്ടെ وَاسِعَةٌ വിശാലമായതാണ് إِنَّمَا يُوَفَّى നിശ്ചയമായും നിറവേറ്റിക്കൊടുക്കപ്പെടും الصَّابِرُونَ ക്ഷമാശീലർക്ക് أَجْرَهُمْ അവരുടെ പ്രതിഫലം بِغَيْرِ حِسَابٍ കണക്കില്ലാതെ (വിചാരണകൂടാതെ)തന്നെ.

സത്യവിശ്വാസികൾ, അവിശ്വാസികളെപ്പോലെ ആപത്ത് വരുമ്പോൾ മാത്രം അല്ലാഹുവിനെ ഓർമിക്കുന്നവരാകാതെ, സദായ്പ്പോഴും അല്ലാഹുവിനെ സൂക്ഷിച്ചു ഭയഭക്തിയോടിരിക്കണമെന്ന് ഉപദേശിക്കുന്നു. ഈ ലോകത്തുവെച്ചാണ് നന്മ ചെയ്തു പുണ്യം സമ്പാദിക്കേണ്ടത്. നന്മ ചെയ്യുന്നവർക്ക് ഇഹത്തിലും പരത്തിലും നന്മ ലഭിക്കുകയും ചെയ്യും. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുവാനും, അവനെ ആരാധിക്കുവാനും ഒരു സ്ഥലത്ത്വെച്ച് സാധിക്കാതെ വരുന്നപക്ഷം, മറ്റെവിടെയെങ്കിലും പോയിട്ടെങ്കിലും അത് സാധ്യമാക്കേണ്ടതാണ്. അതിനു വേണ്ടി കുറെ സഹനവും ക്ഷമയും കൈക്കൊള്ളേണ്ടിവന്നേക്കാം. എന്നാലും, അത് നിർവ്വഹിക്കുകതന്നെവേണം. അല്ലാഹുവിന്റെ ഭൂമി കുടുസ്സല്ല, അതിലെ നിവാസികളുടെ ആവശ്യങ്ങൾക്ക് അത് ധാരാളം മതിയാകത്തക്കവണ്ണം വിശാലമാണ്. ക്ഷമാശീലരായ ആളുകൾക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുവാനിരിക്കുന്ന പ്രതിഫലമാകട്ടെ, കണക്കറ്റതുമാണ്. ഒരു കവി പറഞ്ഞ വാക്യം ശ്രദ്ധേയമാകുന്നു:

اَرَى الصَّبْرَ مَحْمُودًا وَّعَنْهُ مَذَاهِبٌ	فَكَيْفَ اِذَا مَالَمْ يَكُنْ عَنْهُ مَذْهَبٌ
هُنَاكَ يَحِقُّ الصَّبْرُ وَالصَّبْرُ وَاجِبٌ	وَمَا كَانَ مِنْهُ لِلضَّرُورَةِ اَوْجَبُ

(സാരം : ക്ഷമയെ ഉപേക്ഷിക്കുവാൻ പല പോംവഴികളും ഉണ്ടായിരിക്കുമ്പോൾ തന്നെ ക്ഷമ സ്വീകരിക്കുന്നത് പ്രശംസനീയമായ ഒരു കാര്യമായി ഞാൻ കാണുന്നു. എന്നിരിക്കെ, മറ്റൊരു പോംവഴി ഇല്ലാത്തപ്പോഴത്തെ സ്ഥിതി എന്തായിരിക്കും ? അവിടെ ക്ഷമ വേണ്ടപ്പെട്ടതും അത് നിർബന്ധവുമാണ്. നിർബ്ബന്ധിതാവസ്ഥയിലാണെങ്കിലോ, കൂടുതൽ നിർബ്ബന്ധവുമായിരിക്കുമല്ലോ).

وَأَرْضُ اللهِ وَاسِعَةٌ (അല്ലാഹുവിന്റെ ഭൂമി വിശാലമായതാണ്) എന്ന വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. സൂ: അൻകബൂത്ത് 56-ൽ ഈ വിഷയകമായി അല്ലാഹു പറഞ്ഞിട്ടുള്ള വാക്യം يَا عِبَادِيَ الَّذِينَ آمَنُوا إِنَّ أَرْضِي وَاسِعَةٌ (ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും എന്റെ ഭൂമി വിശാലമായതാണ്.) എന്നാകുന്നു. അടുത്ത ഭാവിയിൽ ജനപ്പെരുപ്പം നിമിത്തം മനുഷ്യന് വസിക്കുവാൻ ഭൂമിയിൽ സ്ഥലമില്ലാതാകുകയും, ഭക്ഷണം പോരാതെ വരികയും ചെയ്യുമെന്ന് കണക്കു കൂട്ടി ഭയപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ കൂട്ടത്തിൽ സത്യവിശ്വാസികൾ പങ്കുചേരേണ്ടതില്ലെന്നും, മനുഷ്യനാവശ്യമായത്ര സ്ഥലവും ആഹാരമാർഗവും അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ടെന്നും, അത് മനുഷ്യൻ ശരിയായ രൂപത്തിൽ കൈകാര്യം ചെയ്യുകയേ വേണ്ടതുള്ളൂവെന്നും ഇതുപോലെയുള്ള വചനങ്ങളിൽ നിന്ന് അവർക്ക് മനസ്സിലാക്കാം. അല്ലാഹുവിന്റെ ഭൂമി എന്നും, എന്റെ ഭൂമി എന്നുമുള്ള പ്രയോഗങ്ങളും, സത്യവിശ്വാസികളേ, എന്നു വിളിച്ചുകൊണ്ടുള്ള സംബോധനയും സത്യവിശ്വാസികളെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. ഇതിനെപ്പറ്റി സൂ: അൻകബൂത്തിൽ നാം വയിച്ചത് ഓർക്കുക.

قُلْ إِنِّيٓ أُمِرْتُ أَنْ أَعْبُدَ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ ﴿١١﴾

﴾11﴿ പറയുക: മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് ഞാൻ അവനെ ആരാധിക്കുവാൻ നിശ്ചയമായും എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നു.

وَأُمِرْتُ لِأَنْ أَكُونَ أَوَّلَ ٱلْمُسْلِمِينَ ﴿١٢﴾

《12》 ഞാൻ മുസ്‌ലിം കളിൽ ഒന്നാമത്തെവനായിരിക്കുന്നതിനും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു.

《11》 قُلْ നീ പറയുക إِنِّي أُمِرْتُ നിശ്ചയമായും ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു أَنْ أَعْبُدَ ഞാൻ ആരാധിക്കുവാൻ اللهَ അല്ലാഹുവിനെ مُخْلِصًا لَّهُ അവന് നിഷ്കളങ്ക(ശുദ്ധ)മാക്കിക്കൊണ്ട് الدِّينَ മതം, കീഴ്വണക്കം, ആരാധന, നടപടി 《12》 وَأُمِرْتُ എന്നോട് കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു لِأَنْ أَكُونَ ഞാൻ ആയിരിക്കുവാൻ أَوَّلَ الْمُسْلِمِينَ മുസ്‌ലിംകളിൽ (കീഴൊതുക്കമുള്ളവരിൽ) ഒന്നാമൻ.

അല്ലാഹുവിലും, പരലോകം മുതലായ കാര്യങ്ങളിലും വിശ്വസിച്ചുകൊണ്ട് അല്ലാഹുവിന് കീഴ്പെടുന്നവൻ എന്നത്രെ മുസ്‌ലിം എന്ന വാക്കിന്റെ അർത്ഥം. ഇങ്ങിനെയുള്ളവർ ഏത് ദേശത്തിലോ കാലത്തോ ഉള്ളവരായാലും അവർ ഈ പേരിന് അർഹരാണ്. ഈ സമുദായത്തിലെ ഒന്നാമത്തെ മുസ്‌ലിം നബിതിരുമേനിതന്നെ.

قُلْ إِنِّىٓ أَخَافُ إِنْ عَصَيْتُ رَبِّى عَذَابَ يَوْمٍ عَظِيمٍ ﴿١٣﴾

《13》 പറയുക: ഞാൻ എന്റെ റബ്ബിനോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം, ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷയെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു.

قُلِ ٱللَّهَ أَعْبُدُ مُخْلِصًا لَّهُۥ دِينِى ﴿١٤﴾

《14》 പറയുക: എന്റെ മതം (അഥവാ കീഴ്വണക്കം) അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെത്തന്നെ ഞാൻ ആരാധിക്കുന്നു.

《13》 قُلْ നീ പറയുക إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു إِنْ عَصَيْتُ ഞാൻ അനുസരണക്കേട്(എതിരു)ചെയ്താൽ رَبِّي എന്റെ റബ്ബിനോട് عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ عَظِيمٍ വമ്പിച്ച 《14》 قُلِ നീ പറയുക اللهَ أَعْبُدُ അല്ലാഹുവിനെത്തന്നെ ഞാൻ ആരാധിക്കുന്നു مُخْلِصًا لَّهُ അവന് നിഷ്കളങ്കമാക്കിക്കൊണ്ട് دِينِي എന്റെ മതം, കീഴ്വണക്കം

فَٱعْبُدُوا۟ مَا شِئْتُم مِّن دُونِهِۦ ۗ قُلْ إِنَّ ٱلْخَٰسِرِينَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَٰمَةِ

《15》 എന്നാൽ, നിങ്ങൾ അവനുപുറമെ നിങ്ങൾ ഉദ്ദേശിച്ചതിനെ ആരാധിച്ചുകൊള്ളുക! പറയുക: (പക്ഷേ) തങ്ങൾക്ക് തന്നെയും, തങ്ങളുടെ ആൾക്കാർക്കും ക്വിയാമത്ത് നാളിൽ നഷ്ടം വരുത്തിയവരത്രെ നിശ്ചയ

أَلَا ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١٥﴾

മായും നഷ്ടക്കാർ! അല്ലാ(അറിഞ്ഞേക്കുക): അതു തന്നെയാണ് പ്രത്യക്ഷമായ നഷ്ടം!

لَهُم مِّن فَوْقِهِمْ ظُلَلٌ مِّنَ ٱلنَّارِ وَمِن تَحْتِهِمْ ظُلَلٌ ۚ ذَٰلِكَ يُخَوِّفُ ٱللَّهُ بِهِۦ عِبَادَهُۥ ۚ يَٰعِبَادِ فَٱتَّقُونِ ﴿١٦﴾

﴾16﴿ അവർക്ക് (നരകത്തിൽ) അവരുടെ മുകൾഭാഗത്ത് നിന്ന് അഗ്നികൊണ്ടുള്ള തണലുകൾ ഉണ്ടായിരിക്കും;അവരുടെ താഴ്ഭാഗത്തു നിന്നും തണലുകളുണ്ടായിരിക്കും. അത് - അതിനെപ്പറ്റി - അല്ലാഹു അവന്റെ അടിയാന്മാരെ ഭയപ്പെടുത്തുകയാണ് എന്റെ അടിയാൻമാരേ, ആകയാൽ നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ!

﴾15﴿ فَاعْبُدُوا എന്നാൽ നിങ്ങളാരാധിച്ചുകൊള്ളുക مَاشِئْتُمْ നിങ്ങളുദ്ദേശിച്ചതിനെ مِنْ دُونِهِ അവന് പുറമെ قُلْ പറയുക إِنَّ الْخَاسِرِينَ നിശ്ചയമായും നഷ്ടക്കാർ الَّذِينَ خَسِرُوا നഷ്ടം വരുത്തിയവരത്രെ أَنْفُسَهُمْ തങ്ങളെത്തന്നെ, തങ്ങളുടെ ദേഹങ്ങൾക്ക്, ആത്മാക്കൾക്ക് وَأَهْلِيهِمْ തങ്ങളുടെ സ്വന്തക്കാർക്കും(ആൾക്കാർക്കും) يَوْمَ الْقِيَامَةِ ഖിയാമത്ത് നാളിൽ أَلَا അല്ലാ (അറിഞ്ഞേക്കുക) ذَٰلِكَ هُوَ അത്തന്നെയാണ് الْخُسْرَانُ നഷ്ടം الْمُبِينُ പ്രത്യക്ഷമായ ﴾16﴿ لَهُمْ അവർക്കുണ്ടായിരിക്കും مِنْ فَوْقِهِمْ അവരുടെ മുകളിൽനിന്ന് ظُلَلٌ തണലു(നിഴലു)കൾ مِنَ النَّارِ അഗ്നികൊണ്ട് وَمِنْ تَحْتِهِمْ അവരുടെ താഴ്ഭാഗത്തുനിന്നും ظُلَلٌ തണലുണ്ടായിരിക്കും ذَٰلِكَ അത് يُخَوِّفُ اللَّهُ അല്ലാഹു ഭയപ്പെടുത്തുന്നു بِهِ അതിനെപ്പറ്റി, അതുകൊണ്ട് عِبَادَهُ തന്റെ അടിയാന്മാരെ يَاعِبَادِ എന്റെ അടിയാന്മാരേ فَاتَّقُونِ അതിനാൽ എന്നെ നിങ്ങൾ സൂക്ഷിക്കുവിൻ.

അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നവർക്കുള്ള കനത്ത താക്കീതുകളാണിവ എന്നു പറയേണ്ടതില്ല. മുകളിലൂടെയും, അടിയിലൂടെയും അഗ്നിയുടെ നിഴലുണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ താല്പര്യം, എല്ലാ ഭാഗത്ത്നിന്നും അഗ്നി അവരെ പൊതിഞ്ഞുകൊണ്ടിരിക്കുമെന്നാണ് لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ – الاعراف: ٤١ (അവർക്ക് ജഹന്നമിൽനിന്ന് - കിടക്കുവാനുള്ള - തൊട്ടിലുണ്ടായിരിക്കും ; അവരുടെ മേൽഭാഗത്തുനിന്ന് മൂടികളും ഉണ്ടായിരിക്കും) ٥٥ : العنكبوت – يَوْمَ يَغْشَاهُمُ الْعَذَابُ مِن فَوْقِهِمْ وَمِن تَحْتِ أَرْجُلِهِمْ (അവരുടെ മേൽഭാഗത്തുനിന്നും അവരുടെ താഴ്ഭാഗത്തുനിന്നും ശിക്ഷ അവരെ മൂടുന്ന ദിവസം) അവസാനത്തെ വാചകത്തിൽ, അല്ലാഹു എത്രമാത്രം ദയവോടും കനിവോടും കൂടിയാണ് ജനങ്ങളെ ഉപദേശിക്കുന്നതെന്ന് നോക്കുക !

وَٱلَّذِينَ ٱجْتَنَبُوا۟ ٱلطَّٰغُوتَ أَن

﴾17﴿ യാതൊരു കൂട്ടർ ത്വാഗൂത്തിനെ [ധിക്കാരിയായ പിശാചിനെ]

يَعْبُدُوهَا وَأَنَابُوٓا۟ إِلَى ٱللَّهِ لَهُمُ ٱلْبُشْرَىٰ ۚ فَبَشِّرْ عِبَادِ ﴿١٧﴾

– അതായത് അതിനെ ആരാധിക്കുന്നതിനെ വർജ്ജിക്കുകയും, അല്ലാഹുവിലേക്ക് (ഭക്തിപൂർവ്വം)മടങ്ങുകയും ചെയ്യുന്നുവോ അവർക്ക് സന്തോഷവാർത്തയുണ്ട്. ആകയാൽ, (നബിയേ) എന്റെ അടിയാൻമാർക്ക് സന്തോഷവാർത്ത അറിയിക്കുക.

ٱلَّذِينَ يَسْتَمِعُونَ ٱلْقَوْلَ فَيَتَّبِعُونَ أَحْسَنَهُۥٓ ۚ أُو۟لَٰٓئِكَ ٱلَّذِينَ هَدَىٰهُمُ ٱللَّهُ ۖ وَأُو۟لَٰٓئِكَ هُمْ أُو۟لُوا۟ ٱلْأَلْبَٰبِ ﴿١٨﴾

﴾18﴿ അതായത്, (പറയുന്ന) വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും, എന്നിട്ട് അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നവർക്ക്; അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളവരത്രെ അക്കൂട്ടർ; അവർ തന്നെയാണ് ബുദ്ധിമാൻമാരും.

﴾17﴿ وَالَّذِينَ യാതൊരു കൂട്ടർ اجْتَنَبُوا അവർ വർജ്ജിച്ചു, അകന്നുനിന്നു الطَّاغُوتَ ത്വാഗൂത്തിനെ(പിശാചിനെ, ധിക്കാരിയെ) أَنْ يَعْبُدُوهَا അതായത് അതിന് ആരാധിക്കുന്നതിനെ وَأَنَابُوا അവർ മടക്കം കാണിക്കുക (വിനയപ്പെടുക)യും ചെയ്തു إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് لَهُمُ അവർക്കുണ്ട് الْبُشْرَى സന്തോഷം, സന്തോഷവാർത്ത فَبَشِّرْ ആകയാൽ സന്തോഷമറിയിക്കുക عِبَادِي എന്റെ അടിയാന്മാരെ ﴾18﴿ الَّذِينَ يَسْتَمِعُونَ അതായത് ശ്രദ്ധിച്ചു കേൾക്കുന്ന (ചെവികൊടുക്കുന്ന)വരെ الْقَوْلَ വാക്കിനെ, പറയുന്നതിനെ فَيَتَّبِعُونَ എന്നിട്ട് അവർ പിൻപറ്റുന്നു أَحْسَنَهُ അതിൽ നല്ലതിനെ أُولَئِكَ അക്കൂട്ടർ الَّذِينَ യാതൊരുവരത്രെ هَدَاهُمُ اللَّهُ അല്ലാഹു അവർക്ക് മാർഗദർശനം നൽകിയിരിക്കുന്നു وَأُولَئِكَ هُمْ അക്കൂട്ടർ തന്നെ أُولُو الْأَلْبَابِ ബുദ്ധിമാന്മാർ

അതിരുകവിച്ചിൽ, ധിക്കാരം എന്നീ അർത്ഥങ്ങളുള്ള طُغْيَان (ത്വുഗ്‌യാൻ) എന്ന മൂലത്തിൽനിന്നുള്ളതാണ് 'ത്വാഗൂത്ത്' (طَاغُوت) അച്ചടക്കമില്ലാതെ തോന്നിയവാസത്തിലും, ദുർന്നടപ്പിലും അതിരു കവിഞ്ഞവർക്കെല്ലാം ഈ വാക്ക് ഉപയോഗിക്കാം. ഇവിടെ അതുകൊണ്ടുദ്ദേശ്യം വിഗ്രഹങ്ങളാണെന്നത്രെ ചിലരുടെ അഭിപ്രായം. മനുഷ്യനെ വഴി തെറ്റിക്കുവാൻ അവ കാരണമാണല്ലോ. ജിന്നുകളിലോ മനുഷ്യരിലോ ഉള്ള എല്ലാ മുഴുത്ത ധിക്കാരികളും, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യവസ്തുക്കളും ഉൾപ്പെടുമെന്നാണ് വേറെ ചിലരുടെ അഭിപ്രായം. ഇമാം റാഗിബ് (റ) നൽകുന്ന അർത്ഥവും ഏതാണ്ട് ഇതേ പ്രകാരം തന്നെ. എങ്കിലും, അധിക ക്വുർആൻ വ്യാഖ്യാതാക്കളും അതുകൊണ്ടുദ്ദേശ്യം പിശാചാണെന്നാണ് പറഞ്ഞുകാണുന്നത്. വാക്കർത്ഥം നോക്കുമ്പോൾ, പൊതുവിൽ ഉപയോഗിക്കപ്പെടാമെങ്കിലും പിശാചിനുമാത്രമെ അത് പറയപ്പെടാറുള്ളൂവെന്നും ചില മഹാൻമാർ പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹു അല്ലാത്തവരെ ആരാധിക്കലും, മറ്റെല്ലാ ദുർന്നടപ്പുകളും പിശാചിന്റെ ദുർബോധനം നിമിത്തമാണല്ലോ ഉണ്ടാകുന്നത്. അതുകൊണ്ട് അവയെല്ലാം വാസ്തവത്തിൽ പിശാചിനെ ആരാധിക്കലാണെന്ന് സാരം.

അല്ലാഹുവിന്റെ അനുമോദനത്തിന് പാത്രവാന്മാരായിത്തീരുന്ന നല്ല അടിയാന്മാരുടെ ഒരു ഉത്തമലക്ഷണം അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: 'പറയുന്ന വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും, അതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുക'. ഹാ! എത്ര മഹത്തായ ഒരു സ്വഭാവമാണിത്?! ഇവർക്ക് അല്ലാഹു നൽകുന്ന സന്തോഷവാർത്ത നോക്കുക: 'അവരാണ് അല്ലാഹു മാർഗദർശനം നൽകിയവർ, അവരാണ് ബുദ്ധിമാൻമാരും'! ഇതിലധികം ഉന്നതമായ ഉത്തമപദവിയും, ഭാഗ്യവും മറ്റെന്തുണ്ട്?! പക്ഷേ, ഇപ്പറഞ്ഞ ഗുണം സാക്ഷാത്ക്കരിക്കുകയും, പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നവർ വളരെ വിരളമാണെന്ന് പറയേണ്ടിയിരിക്കുന്നു. അറിവുള്ളവരെന്ന് ഗണിക്കപ്പെടുന്നവരിൽപ്പോലും ഇങ്ങിനെയുള്ളവർ തുലോം കുറവാണെന്നതാണ് പരമാർത്ഥം-ഇക്കാലത്ത് വിശേഷിച്ചും. അല്ലാഹുവിന്റെയും റസൂലിന്റെയും വ്യക്തമായ പ്രസ്താവനകൾ പോലും സ്വന്തം യുക്തിതാൽപര്യങ്ങളുടെ ഉരക്കല്ലിൽ പരിശോധിക്കുവാനും, വിമർശന വിധേയമാക്കുവാനും മുതിരുന്ന കാലമാണല്ലോ ഇത്.

ഒരാൾ – അയാൾ എത്ര മഹാനായാലും ശരി-ഒരു കാര്യം പറയുവാൻ തുടങ്ങുമ്പോഴേക്കും അതിനെ എതിർക്കുക, ഇടക്ക് കടന്നു തർക്കിക്കുക, വിഷയം തീരുംമുമ്പും, പറഞ്ഞത് മനസ്സിരുത്താതെയും അതിനെ നിഷേധിക്കുക, വക്താവിന്റെ നേർക്ക് ഏതെങ്കിലും നിലക്കുള്ള അനാദരവുനിമിത്തം അയാൾ പറഞ്ഞതെന്തും നിരസിക്കുക എന്നിത്യാദി ദോഷങ്ങളിൽ നിന്ന് സംശുദ്ധമായവർ മഹാഭാഗ്യവാന്മാർതന്നെ. പറയുന്നതെല്ലാം സ്വീകരിക്കണമെന്നല്ല അല്ലാഹു ഇവിടെ ചൂണ്ടിക്കാട്ടിയത്. എല്ലാം ശ്രദ്ധപൂർവ്വം കേൾക്കുക, എന്നിട്ട് അതിൽ നല്ലതിനെ സ്വീകരിച്ചു പിൻപറ്റുക. അത്രമാത്രം. ഹാ! എത്ര മഹത്തായ ഉപദേശം! എത്ര ആദരണീയമായ സ്വഭാവം!

أَفَمَنْ حَقَّ عَلَيْهِ كَلِمَةُ ٱلْعَذَابِ

﴿19﴾ അപ്പോൾ, ശിക്ഷയുടെ വാക്ക് (സ്ഥിരപ്പെട്ട്) യഥാർത്ഥമായി ത്തീർന്നിട്ടുള്ളവനോ?! [നിനക്കവനെ നേർമാർഗത്തിലാക്കാമോ?! ഇല്ല.]

أَفَأَنتَ تُنقِذُ مَن فِى ٱلنَّارِ ﴿١٩﴾

എന്നിരിക്കെ, നരകത്തിലുള്ളവനെ നീ രക്ഷപ്പെടുത്തുമോ ?! [അതുമില്ല]

﴿19﴾ أَفَمَنْ അപ്പോൾ ഒരുവനോ حَقَّ عَلَيْهِ അവന്റെ മേൽ യഥാർത്ഥമായി, സ്ഥിരപ്പെട്ടിരിക്കുന്നു كَلِمَةُ ٱلْعَذَابِ ശിക്ഷയുടെ വാക്ക് أَفَأَنتَ അപ്പോൾ നീയോ تُنقِذُ രക്ഷപ്പെടുത്തുന്നു مَنْ ഒരുവനെ فِى ٱلنَّارِ നരകത്തിലുള്ള

ഉപദേശങ്ങളൊന്നും കേട്ടനുസരിക്കാതെ, ശിക്ഷക്കുള്ള അർഹത സ്ഥിരപ്പെട്ടുകഴിഞ്ഞവനെക്കുറിച്ച് എന്ത് പറയുവാനാണ്?! അവന്റെ കാര്യം (നബിയേ) താൻ ഏറ്റെടുത്തു അവനെ നല്ല വഴിക്ക് ആക്കിത്തീർക്കുവാൻ കഴിയുമോ ?! കഴിയുമായിരുന്നുവെങ്കിൽ അങ്ങിനെയുള്ളവരെ നരകത്തിൽ നിന്ന് തനിക്കു രക്ഷപ്പെടുത്താമായിരുന്നു. പക്ഷേ, അതുണ്ടാകുമോ?! ഒരിക്കലുമില്ല; എന്നു സാരം.

لَٰكِنِ ٱلَّذِينَ ٱتَّقَوۡاْ رَبَّهُمۡ لَهُمۡ غُرَفٞ مِّن فَوۡقِهَا غُرَفٞ مَّبۡنِيَّةٞ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُۖ وَعۡدَ ٱللَّهِۖ لَا يُخۡلِفُ ٱللَّهُ ٱلۡمِيعَادَ ﴿٢٠﴾

《20》 പക്ഷേ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചിട്ടുള്ളവരാകട്ടെ (തട്ടുതട്ടായി) മേൽക്കുമേലെ നിർമിക്കപ്പെട്ടിട്ടുള്ള ചില മണിമാടങ്ങൾ അവർക്കുണ്ടായിരിക്കും; അവയുടെ അടിഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്; അല്ലാഹുവിന്റെ വാഗ്ദാനം! നിശ്ചയമായും, അല്ലാഹു വാഗ്ദാന നിശ്ചയം ലംഘിക്കുകയില്ല.

《20》 لَٰكِنِ പക്ഷേ الَّذِينَ اتَّقَوْا സൂക്ഷിച്ചവർ رَبَّهُمْ തങ്ങളുടെ റബ്ബിനെ لَهُمْ അവർക്കുണ്ട് غُرَفٌ മണിമാളികകൾ, ഉന്നതഅറകൾ مِنْ فَوْقِهَا അവയുടെ മീതെഉണ്ടായിരിക്കും غُرَفٌ മണിമാടങ്ങൾ مَبْنِيَّةٌ നിർമിക്ക(സ്ഥാപിക്ക, കെട്ടിയുണ്ടാക്ക)പ്പെട്ട تَجْرِي നടക്കും, ഒഴുകും مِنْ تَحْتِهَا അതിന്റെ അടിയിൽകൂടി الأَنْهَارُ നദികൾ, അരുവികൾ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദാനം لَا يُخْلِفُ اللَّهُ അല്ലാഹു ലംഘിക്കുകയില്ല, വ്യത്യാസം ചെയ്കയില്ല الْمِيعَادَ വാഗ്ദാനം, നിശ്ചയം.

ഇമാം അഹ്മദും (റ) മറ്റും ഉദ്ധരിച്ചിട്ടുള്ള ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'സ്വർഗത്തിൽ ചില മണിമാടങ്ങളുണ്ട്. അവയുടെ പുറഭാഗം ഉള്ളിൽ നിന്നു കാണപ്പെടും; ഉൾഭാഗം പുറമെ നിന്നും കാണപ്പെടും. അല്ലാഹു അവയെ ഒരുക്കിവെച്ചിരിക്കുന്നത്, ഭക്ഷണം ദാനം ചെയ്കയും, സൗമ്യമായി സംസാരിക്കുകയും, തുടരെ നോമ്പ് പിടിക്കുകയും, ജനങ്ങൾ ഉറങ്ങുന്ന അവസരത്തിൽ (രാത്രി) നമസ്കാരം നടത്തുകയും ചെയ്യുന്നവർക്കുവേണ്ടിയാകുന്നു'.

أَلَمۡ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءٗ فَسَلَكَهُۥ يَنَٰبِيعَ فِي ٱلۡأَرۡضِ ثُمَّ يُخۡرِجُ بِهِۦ زَرۡعٗا مُّخۡتَلِفًا أَلۡوَٰنُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصۡفَرّٗا ثُمَّ يَجۡعَلُهُۥ حُطَٰمًاۚ إِنَّ فِي ذَٰلِكَ لَذِكۡرَىٰ لِأُوْلِي ٱلۡأَلۡبَٰبِ ﴿٢١﴾

《21》 നീ കണ്ടില്ലേ, അല്ലാഹു ആകാശത്ത്നിന്ന് (മഴ) വെള്ളം ഇറക്കിയിരിക്കുന്നത്?! എന്നിട്ട് അതവൻ ഭൂമിയിലെ ഉറവിടങ്ങളിൽ പ്രവേശിപ്പിച്ചു; പിന്നെ, അതുമൂലം വർണങ്ങൾ വ്യത്യസ്തമായ (വിവിധതരത്തിലുള്ള) കൃഷിയെ അവൻ ഉൽപാദിപ്പിക്കുന്നു. പിന്നീട് അത് നീരുവറ്റി (ഉണങ്ങി)പ്പോകുന്നു; അപ്പോഴത് മഞ്ഞവർണം പൂണ്ടതായി നിനക്ക് കാണാം; പിന്നീട് അതിനെ അവൻ തുരുമ്പലാക്കുന്നു [ഉണക്കച്ചുള്ളികളാക്കുന്നു.] നിശ്ചയമായും, ബുദ്ധിമാൻമാർക്ക് അതിൽ സ്മരണ [ചിന്തിക്കുവാനുള്ളവക]യുണ്ട്.

﴾21﴿ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللَّهَ أَنزَلَ അല്ലാഹു ഇറക്കിയിരിക്കുന്നത് مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം فَسَلَكَهُ എന്നിട്ടതിനെ പ്രവേശിപ്പിച്ചു يَنَابِيعَ ഉറവിടങ്ങളിൽ فِي الْأَرْضِ ഭൂമിയിൽ ثُمَّ يُخْرِجُ പിന്നെ അവൻ പുറപ്പെടുവിക്കുന്നു, ഉൽപാദിപ്പിക്കുന്നു بِهِ അത്മൂലം, അതുകൊണ്ട് زَرْعًا വിള, കൃഷി مُخْتَلِفًا വ്യത്യസ്തമായ أَلْوَانُهُ അതിന്റെ വർണങ്ങൾ ثُمَّ يَهِيجُ പിന്നെ അത് നീരുവറ്റുന്നു, ഉണങ്ങുന്നു فَتَرَاهُ അപ്പോൾ നിനക്കത് കാണാം مُصْفَرًّا മഞ്ഞവർണം പൂണ്ടതായി ثُمَّ يَجْعَلُهُ പിന്നെ അവനതിനെ ആക്കുന്നു حُطَامًا തുരുമ്പ്, വൈക്കോൽ, നുറുങ്ങ് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَذِكْرَىٰ സ്മരണ, ഉപദേശം, ചിന്താവിഷയം لِأُولِي الْأَلْبَابِ ബുദ്ധിമാന്മാർക്ക്

നിത്യവും കണ്ടനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം ദൃഷ്ടാന്തങ്ങളെപ്പറ്റി ബുദ്ധിപൂർവ്വം ചിന്തിക്കുന്ന പക്ഷം, അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യം, അവന്റെ അപാരമായ കഴിവ് എന്നിവക്ക് പുറമെ, മനുഷ്യന്റെ മരണാനന്തര ജീവിതം മുതലായ കാര്യങ്ങളെക്കുറിച്ച് പല പാഠങ്ങളും ലഭിക്കുന്നതാണ് എന്ന് സാരം.

വിഭാഗം - 3

أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَـٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ ۚ

﴾22﴿ എന്നാൽ, അല്ലാഹു ഒരുവന്റെ നെഞ്ചിന് [ഹൃദയത്തിന്] ഇസ്‌ലാമിലേക്ക് വികാസം നൽകി. അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലാകുന്നു. ഇങ്ങിനെയുള്ളവനോ?! [ഇവനും ഹൃദയം കടുത്തവനും സമമായിരിക്കുമോ?! ഇല്ല.]

فَوَيْلٌ لِّلْقَـٰسِيَةِ قُلُوبُهُم مِّن ذِكْرِ ٱللَّهِ ۚ أُو۟لَـٰٓئِكَ فِى ضَلَـٰلٍ مُّبِينٍ ﴿٢٢﴾

അപ്പോൾ, അല്ലാഹുവിന്റെ സ്മരണയെ (അഥവാ കീർത്തനത്തെ) സംബന്ധിച്ച് ഹൃദയം കടുത്തുപോയിട്ടുള്ളവർക്ക് നാശം! അക്കൂട്ടർ, സ്പഷ്ടമായ ദുർമാർഗത്തിലാകുന്നു.

﴾22﴿ أَفَمَنْ എന്നാൽ യാതൊരുവനോ شَرَحَ اللَّهُ അല്ലാഹു വികാസം നൽകി صَدْرَهُ അവന്റെ നെഞ്ചിന് (ഹൃദയത്തിന്) لِلْإِسْلَامِ ഇസ്‌ലാമിലേക്ക് فَهُوَ എന്നിട്ടവൻ عَلَىٰ نُورٍ പ്രകാശത്തിലാണ് مِنْ رَبِّهِ തന്റെ റബ്ബിങ്കൽനിന്ന് فَوَيْلٌ അപ്പോൾ നാശം, കഷ്ടം لِلْقَاسِيَةِ കടുത്തവർക്കാണ് قُلُوبُهُمْ തങ്ങളുടെ ഹൃദയങ്ങൾ مِنْ ذِكْرِ اللَّهِ അല്ലാഹുവിന്റെ ദിക്റിനെ (സ്മരണ-കീർത്തനം) സംബന്ധിച്ചു أُولَٰئِكَ അക്കൂട്ടർ فِي ضَلَالٍ വഴിപിഴവിലാണ്, ദുർമാർഗത്തിലാണ് مُبِينٍ പ്രത്യക്ഷമായ.

ذِكْرِ اللَّهِ (അല്ലാഹുവിന്റെ സ്മരണ) എന്നതിന്റെ അർത്ഥങ്ങളും ഉദ്ദേശ്യങ്ങളും സൂ: അൻകബൂത്ത് 45-ാം വചനത്തിന്റെ വിവരണത്തിൽ നാം വിവരിച്ചിരിക്കുന്നു. അവിടെ നോക്കുക. നബിﷺ പറഞ്ഞതായി ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: 'നിങ്ങൾ അല്ലാഹുവിന്റെ ദിക്ർ അല്ലാത്ത വിഷയത്തിൽ സംസാരം അധികരിപ്പിക്കരുത്. കാരണം, ദിക്ർ അല്ലാത്തതിൽ സംസാരം വർദ്ധിപ്പിക്കുന്നത് ഹൃദയത്തിന് കാഠിന്യം ഉണ്ടാക്കുന്ന താണ്. ജനങ്ങളിൽ നിന്ന് അല്ലാഹുവിനോട് ഏറ്റവും അകന്നത് കടുത്ത ഹൃദയമത്രെ'. (തിർമദീ)

ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ كِتَٰبًا مُّتَشَٰبِهًا مَّثَانِىَ

﴾23﴿ അല്ലാഹു ഏറ്റവും നല്ല വർത്തമാനം അവതരിപ്പിച്ചിരിക്കുന്നു; അതായത്, പരസ്പര സാദൃശ്യമുള്ള ആവർത്തിത വചനങ്ങളായ ഒരു ഗ്രന്ഥം.

تَقْشَعِرُّ مِنْهُ جُلُودُ ٱلَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ ٱللَّهِ ۚ ذَٰلِكَ هُدَى ٱللَّهِ يَهْدِى بِهِۦ مَن يَشَآءُ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٢٣﴾

തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ തൊലികൾ അത് നിമിത്തം വിറകൊള്ളുന്നതാകുന്നു. പിന്നീട് അവരുടെ തൊലികളും, ഹൃദയങ്ങളും അല്ലാഹുവിന്റെ സ്മരണയിലേക്ക് (അഥവാ കീർത്തനത്തിലേക്ക്) മയപ്പെട്ടു വരുകയും ചെയ്യും. അത് [ആ ഗ്രന്ഥം] അല്ലാഹുവിന്റെ മാർഗദർശനമത്രെ ; അവൻ ഉദ്ദേശിക്കുന്നവർക്ക് അത് മൂലം അവൻ മാർഗദർശനം നൽകുന്നു. യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് വഴികാട്ടുന്ന ഒരുവനുമില്ല.

﴾23﴿ اللَّهُ نَزَّلَ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു أَحْسَنَ الْحَدِيثِ ഏറ്റവും നല്ല വർത്തമാനം, വിഷയം كِتَابًا അതായത് ഒരു ഗ്രന്ഥം مُتَشَابِهًا പരസ്പര സാദൃശ്യമുള്ള مَثَانِيَ ആവർത്തിത (വചന)ങ്ങളായ تَقْشَعِرُّ വിറകൊള്ളും, രോമാഞ്ചപ്പെടും مِنْهُ അതിനാൽ جُلُودُ തൊലികൾ الَّذِينَ يَخْشَوْنَ ഭയപ്പെടുന്നവരുടെ رَبَّهُمْ തങ്ങളുടെ റബ്ബിനെ ثُمَّ പിന്നീട് تَلِينُ മയപ്പെടും, മാർദ്ദവമാകും جُلُودُهُمْ അവരുടെ തൊലികൾ وَقُلُوبُهُمْ അവരുടെ ഹൃദയങ്ങളും إِلَىٰ ذِكْرِ اللَّهِ അല്ലാഹുവിന്റെ ഓർമ(സ്മരണ)യിലേക്ക് ذَٰلِكَ അത് هُدَى اللَّهِ അല്ലാഹുവിന്റെ മാർഗദർശനമാണ് يَهْدِي بِهِ അതുകൊണ്ട് അവൻ മാർഗദർശനം നൽകുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَمَنْ يُضْلِلِ اللَّهُ അല്ലാഹു ആരെയെങ്കിലും വഴിപിഴവിലാക്കിയാൽ فَمَا لَهُ എന്നാൽ അവന്നില്ല مِنْ هَادٍ ഒരു മാർഗദർശകനും, വഴികാട്ടിയും.

ഖുർആന്റെ ചില സവിശേഷതകളെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്.

1) അത് ഏറ്റവും നല്ല വർത്തമാനം (احسن الحديث) ആകുന്നു. അതിന്റെ അർത്ഥം ഗ്രഹിച്ചും, ആശയം മനസ്സിലാക്കിയും ഉൽബോധനങ്ങളെപ്പറ്റി ചിന്തിച്ചുംകൊണ്ട് സാവകാശത്തിൽ അത് പാരായണം ചെയ്യുന്നവർക്ക് ഏറ്റവും നല്ല വർത്തമാനം തന്നെയാണതെന്ന് നിസ്സംശയം പറയാം. അനുഭവം തന്നെ അതിന് സാക്ഷ്യം വഹിക്കുന്നതാണ്.

2) പരസ്പര സാദൃശ്യമുള്ളത് (مُتَشَابِه) ആകുന്നു. അതിന്റേതായ ഒരു പ്രത്യേക തരത്തിലുള്ള ഘടനക്രമം, ആകർഷകമായ പ്രതിപാദനം, വശ്യമായ സാഹിത്യശൈലി, അർത്ഥ ഗാംഭീര്യത, സത്യത, വ്യക്തത, ആശയപൊരുത്തം, സിദ്ധാന്ത മഹത്വം ആദിയായ തുറകളിലെല്ലാം അതിന്റെ എല്ലാ വശങ്ങളും ഒന്നിനൊന്ന് സാദൃശ്യമുള്ളതും, ഒന്നിനൊന്ന് മെച്ചപ്പെട്ടതുമാണ്.

3) ആവർത്തിത വചനങ്ങൾ (مَثَانِيَ) ആകുന്നു. അതിലെ വാർത്തകൾ, നിയമങ്ങൾ, വിധി വിലക്കുകൾ, തത്വങ്ങൾ, തെളിവുകൾ, വാഗ്ദാനങ്ങൾ, താക്കീതുകൾ, ഉപദേശങ്ങൾ, കഥകൾ, ഉപമകൾ എന്നിങ്ങിനെയുള്ളതെല്ലാംതന്നെ ആവർത്തിച്ചാവർത്തിച്ചു പറയപ്പെട്ടിരിക്കുന്നു. ഒരു വിഷയം കഴിയുമ്പോഴേക്ക് മറ്റൊരു വിഷയം ഒരു വശം തീരുമ്പോഴേക്ക് അതിന്റെ മറുവശം, ഒരിക്കൽ ചുരുക്കിപ്പറഞ്ഞ ശേഷം പിന്നീടൊരിക്കൽ അതിന്റെ വിശദീകരണം, ഇങ്ങിനെ പല നിലക്കും വിഷയങ്ങൾ വിസ്തരിച്ചു വിവരിക്കപ്പെടുകയും ചെയ്യുന്നു. മുഖവുരയിൽ ക്വുർആന്റെ പ്രതിപാദനരീതിയെപ്പറ്റി പ്രസ്താവിച്ച ഭാഗങ്ങൾ ഇവിടെ ഓർക്കുക, മറ്റൊരു നിലക്കും ക്വുർആൻ ആവർത്തിത വചനങ്ങളാണെന്ന് കാണാം. മറ്റേതൊരു ഗ്രന്ഥത്തെക്കാളും കൂടുതൽ പാരായണം ചെയ്യപ്പെടുന്നതും, കൂടുതൽ ഉപയോഗപ്പെടുന്നതുമാണല്ലോ ക്വുർആൻ.

4) അല്ലാഹുവിനെ ഭയപ്പെടുന്നവരുടെ തൊലികൾ അതുമൂലം വിറകൊള്ളുന്നതാണ് (تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ) അതിലടങ്ങിയ മഹത്തരങ്ങളായ തത്വവിജ്ഞാനങ്ങൾ, ശക്തിമത്തായ താക്കീതുകൾ, സുവ്യക്തമായ ലക്ഷ്യദൃഷ്ടാന്തങ്ങൾ മുതലായവ കാണുമ്പോൾ, സത്യവിശ്വാസവും ഭയഭക്തിയുമുള്ളവരുടെ ഹൃദയങ്ങൾക്ക് നടുക്കവും, രോമാഞ്ചവും അനുഭവപ്പെടുന്നു. ക്വുർആന്റെ അർത്ഥവും, ആശയവും മനസ്സിലായത് കൊണ്ടോ, അതിന്റെ സാഹിത്യ രസം ആസ്വദിക്കുന്നത് കൊണ്ടോ, ആസ്വാദ്യമായ സ്വരത്തിൽ അത് പാരായണം ചെയ്യുന്നതുകൊണ്ടോ, അത് ഉൽബോധനം ചെയ്യുന്ന തത്വങ്ങൾ യുക്തങ്ങളാണെന്ന് മനസ്സിലാക്കിയതുകൊണ്ടോ, മാത്രമല്ല ഈ പ്രതികരണം അവരിൽ ഉണ്ടാകുന്നത്. അല്ലാഹുവിലുള്ള യഥാർത്ഥ വിശ്വാസവും ഭയപ്പാടുമാണ് അതിന് നിദാനം. ബാക്കിയെല്ലാം അതിന് പോഷണം നൽകുന്നവയാണ്താനും. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ തൊലികൾ എന്നാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നത്. സൂ: അൻഫാലിൽ അല്ലാഹു പറയുന്നത് നോക്കുക : 'യാതൊരു കൂട്ടർ മാത്രമാണ് സത്യവിശ്വാസികൾ ; അല്ലാഹുവിനെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ പേടിച്ചു-നടുങ്ങി-പ്പോകുന്നതാണ്. അവന്റെ ആയത്തുകൾ അവരിൽ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അതവർക്ക് വിശ്വാസം വർദ്ധിപ്പിക്കുന്നു. തങ്ങളുടെ രക്ഷിതാവിന്റെ മേൽതന്നെ അവർ ഭാരമേൽപിക്കയും ചെയ്യും. അതായത്, നമസ്കാരം നില നിറുത്തുകയും തങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുകയും ചെയ്യുന്നവർ, യഥാർത്ഥമായും അക്കൂട്ടർ തന്നെയാണ് സത്യവിശ്വാസികൾ. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ പല പദവികളും പാപമോചനവും, മാന്യമായ ഉപജീവനവും ഉണ്ട്'.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ.... وَرِزْقٌ كَرِيمٌ – الانفال : (٢-٤)

5. ആദ്യം നടുക്കവും ഞെട്ടലും അനുഭവപ്പെട്ട ശേഷം, പിന്നീടവരുടെ തൊലികളും ഹൃദയങ്ങളും അല്ലാഹുവിന്റെ സ്മരണയിലേക്ക് മയപ്പെട്ടു വരുന്നു (ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ اللَّهِ) അല്ലാഹുവിന്റെ അതിവിശാലമായ കാരുണ്യം അവർ പ്രതീക്ഷിക്കുന്നു. അവന്റെ വിധിവിലക്കുകളെ അനുസരിക്കുന്നതിലും, ഉപദേശ നിർദേശങ്ങളെ മാനിക്കുന്നതിലുമുള്ള അവരുടെ സന്നദ്ധത ആ പ്രതീക്ഷക്ക് അവർക്ക് പ്രചോദനം നൽകുന്നു. അവന്റെ വാഗ്ദാനങ്ങളിൽ അവർ അക്ഷരം പ്രതി വിശ്വസിക്കുന്നു. അതവർക്ക് പ്രോത്സാഹനവും ആവേശവും നൽകുന്നു. അങ്ങിനെ, തങ്ങളുടെ ഭാവി നൻമകൾ വർദ്ധിക്കുന്നതിനും, തങ്ങളുടെ പക്കൽ വന്നുപോയ പാപങ്ങൾക്ക് മോചനം ലഭിക്കുന്നതിനും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമായിത്തീരാതിരിക്കേണ്ടതിനും അവർ യത്നിക്കുന്നു. അതെ, അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ അവരുടെ മനസ്സിലും, വാക്കിലും പ്രവൃത്തിയിലും സദാ സ്ഥാനം പിടിക്കുന്നു. ഇങ്ങിനെയുള്ള സൽഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ

أَفَمَن يَتَّقِى بِوَجْهِهِۦ سُوٓءَ ٱلْعَذَابِ يَوْمَ ٱلْقِيَـٰمَةِ ۚ وَقِيلَ لِلظَّـٰلِمِينَ ذُوقُوا۟ مَا كُنتُمْ تَكْسِبُونَ ﴿٢٤﴾

﴾24﴿ എന്നാൽ, ഖിയാമത്ത്നാളിൽ ശിക്ഷയുടെ കെടുതി [അഥവാ കടുത്ത ശിക്ഷ]യെ തന്റെ മുഖം കൊണ്ട് കാ(ത്തുതടു)ക്കേണ്ടി വരുന്നതായ ഒരുവനോ?! [ഇവനും, അന്നത്തെ ദിവസം നിർഭയനായിരിക്കുന്നവനും സമമാകുമോ?! ഇല്ല.] അക്രമികളോട് പറയപ്പെടും; നിങ്ങൾ യാതൊന്ന് സമ്പാദിച്ചുണ്ടാക്കിയിരുന്നുവോ അത് ആസ്വദിച്ചുകൊള്ളുവിൻ!

﴾24﴿ أَفَمَنْ എന്നാൽ യാതൊരുവനോ يَتَّقِي അവൻ കാക്കും, സൂക്ഷിക്കും, തടുക്കും بِوَجْهِهِ തന്റെ മുഖം കൊണ്ട് سُوءَ الْعَذَابِ കടുത്ത ശിക്ഷയെ, ശിക്ഷയുടെ കെടുതിയെ يَوْمَ الْقِيَامَةِ ഖിയാമത്ത്നാളിൽ وَقِيلَ പറയപ്പെടും لِلظَّالِمِينَ അക്രമികളോട് ذُوقُوا നിങ്ങൾ രുചിച്ചുനോക്കുവിൻ, ആസ്വദിക്കുവിൻ مَا كُنتُمْ നിങ്ങൾ ആയിരുന്നതിനെ تَكْسِبُونَ നിങ്ങൾ സമ്പാദിച്ചുണ്ടാക്കുക

സത്യനിഷേധികളായ അവിശ്വാസികളെ ഖിയാമത്ത്നാളിൽ (തലകീഴായി) ഒരുമിച്ച് കൂട്ടപ്പെടുമെന്ന് സൂ: ഫുർഖാൻ 34-ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കാലുകളിൽ നടത്തുവാൻ കഴിഞ്ഞ അല്ലാഹുവിന് മുഖങ്ങളിൽ നടത്തുവാനും കഴിയുമെന്നും, വഴിമദ്ധ്യെ ഉണ്ടാകുന്ന കല്ല് മുള്ള് മുതലായ തടസ്സങ്ങളെ അവർ തങ്ങളുടെ മുഖങ്ങൾ കൊണ്ട് തടുത്തുനോക്കുമെന്നും നബിപ്രസ്താവിച്ചതിനെ തൽസ്ഥാനത്ത് നാം ഉദ്ധരിച്ചിട്ടുണ്ട്. അവർ നരകത്തിൽ മുഖങ്ങളിലായി വലിച്ചിഴക്കപ്പെടും (يُسْحَبُونَ فِي النَّارِ عَلَىٰ وُجُوهِهِمْ)

എന്ന് സൂ: ക്വമറിലും അല്ലാഹു പറഞ്ഞിരിക്കുന്നു. ആമങ്ങളിലും ചങ്ങലകളിലും അവർ ബന്ധിക്കപ്പെടും (الْأَغْلَالُ فِي أَعْنَاقِهِمْ وَالسَّلَاسِلُ) എന്ന് അടുത്ത അദ്ധ്യായം 71-ലും കാണാം. ചുരുക്കത്തിൽ, തങ്ങൾക്ക് നേരിടുന്ന ശിക്ഷകളെ കൈകാലുകളെക്കൊണ്ടോ മറ്റോ തടുത്തു നോക്കുവാൻ മാർഗമില്ലാതെ ഏറ്റവും മാന്യാവയവമായ മുഖംകൊണ്ട് തടുത്തുനോക്കുവാൻ അവർ നിർബ്ബന്ധിതരാവുകയും അത് ഫലപ്പെടാതിരിക്കുകയും ചെയ്യുന്ന ആ വമ്പിച്ച ദുരവസ്ഥയാണ് അല്ലാഹു ഇവിടെ ചൂണ്ടിക്കാട്ടുന്നത്. ഇങ്ങിനെ യുള്ള നിർഭാഗ്യവാൻമാരും, അല്ലാഹുവിന്റെ പ്രീതിക്കും അനുഗ്രഹങ്ങൾക്കും പാത്ര മായ സൽഭാഗ്യവാൻമാരും തമ്മിലുള്ള വ്യത്യാസം എത്ര വ്യക്തം?!

كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَأَتَىٰهُمُ ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٢٥﴾

(25) ഇവരുടെ മുമ്പുണ്ടായിരുന്നവർ വ്യാജമാക്കി ; അതിനാൽ, അവർ അറിയാത്ത വിധത്തിൽകൂടി അവർക്ക് ശിക്ഷവന്നു.

فَأَذَاقَهُمُ ٱللَّهُ ٱلْخِزْىَ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْـَٔاخِرَةِ أَكْبَرُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٢٦﴾

(26) അങ്ങനെ, ഇഹലോക ജീവിതത്തിൽ അല്ലാഹു അവർക്ക് അപമാനം ആസ്വദിപ്പിച്ചു ; പരലോക ശിക്ഷയാകട്ടെ, ഏറ്റവും വലുതാണ് താനും, അവർക്ക് അറിയാമായിരുന്നുവെങ്കിൽ ! [എന്നാലത് സംഭവിക്കുമായിരുന്നില്ല]

وَلَقَدْ ضَرَبْنَا لِلنَّاسِ فِى هَـٰذَا ٱلْقُرْءَانِ مِن كُلِّ مَثَلٍ لَّعَلَّهُمْ يَتَذَكَّرُونَ ﴿٢٧﴾

(27) തീർച്ചയായും ഈ ക്വുർആനിൽ ജനങ്ങൾക്ക്വേണ്ടി (ആവശ്യമായ) എല്ലാ ഉപമകളും നാം വിവരിച്ചിട്ടുണ്ട്. അവർ ആലോചിച്ചുനോക്കുവാൻ വേണ്ടി.

قُرْءَانًا عَرَبِيًّا غَيْرَ ذِى عِوَجٍ لَّعَلَّهُمْ يَتَّقُونَ ﴿٢٨﴾

(28) (അതെ) യാതൊരു വക്രതയുള്ളതല്ലാത്ത, അറബി (ഭാഷയിലുള്ള) ഒരു ക്വുർആൻ! അവർ സൂക്ഷിക്കുവാൻ വേണ്ടി.

ضَرَبَ ٱللَّهُ مَثَلًا رَّجُلًا فِيهِ شُرَكَآءُ مُتَشَـٰكِسُونَ وَرَجُلًا سَلَمًا لِّرَجُلٍ

(29) ഒരു പുരുഷനെ അല്ലാഹു ഒരു ഉപമയാക്കി വിവരിക്കയാണ് ; പരസ്പരം ശണ്ഠകൂടുന്ന (കുറെ)പങ്കാളികൾ അവനിലുണ്ട് ; ഒരു പുരുഷന് (മാത്രം) തനിച്ചായുള്ള (വേറെ)

هَلْ يَسْتَوِيَانِ مَثَلًا ۚ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٩﴾

ഒരു പുരുഷനെയും (ഉപമയായി എടുക്കുന്നു) ഇവർ രണ്ടുപേരും ഉപമയിൽ സമമാകുമോ?! [ഇല്ല] അല്ലാഹുവിന് സർവ്വസ്തുതിയും ! പക്ഷേ, അവരിൽ അധികമാളുകളും അറിയുന്നില്ല.

﴾25﴿ كَذَّبَ കളവാക്കി, വ്യാജമാക്കി ٱلَّذِينَ مِن قَبْلِهِمْ അവരുടെ (ഇവരുടെ)മുമ്പുള്ളവർ فَأَتَاهُمُ അതിനാൽ അവർക്ക് വന്നെത്തി ٱلْعَذَابُ ശിക്ഷ مِنْ حَيْثُ വിധേന, വിധത്തിലൂടെ لَا يَشْعُرُونَ അവർ അറിയാത്ത(ഊഹിക്കാത്ത) ﴾26﴿ فَأَذَاقَهُمُ അപ്പോൾ അവരെ ആസ്വദിപ്പിച്ചു ٱللَّهُ അല്ലാഹു ٱلْخِزْيَ അപമാനം, നിന്ദ്യത, വഷളത്വം فِي ٱلْحَيَوٰةِ ٱلدُّنْيَا ഐഹിക ജീവിതത്തിൽ وَلَعَذَابُ ٱلْءَاخِرَةِ പരലോക ശിക്ഷയാകട്ടെ أَكْبَرُ കൂടുതൽ (ഏറ്റവും) വലുതുമാണ് لَوْ كَانُوا۟ അവരായിരുന്നുവെങ്കിൽ يَعْلَمُونَ അറിയും ﴾27﴿ وَلَقَدْ ضَرَبْنَا തീർച്ചയായും നാം വിവരിച്ചിട്ടുണ്ട്, ഏർപ്പെടുത്തിയിട്ടുണ്ട് لِلنَّاسِ മനുഷ്യർക്ക് فِي هَٰذَا ٱلْقُرْءَانِ ഈ ക്വുർആനിൽ مِن كُلِّ مَثَلٍ എല്ലാ (വിധ) ഉപമകളെയും, ഉദാഹരണത്തിൽ നിന്നും لَّعَلَّهُمْ അവരായേക്കാം, ആകുവാൻ يَتَذَكَّرُونَ ഉറ്റാലോചിക്കുന്ന, ഓർമിക്കുന്ന(വർ) ﴾28﴿ قُرْءَانًا عَرَبِيًّا അറബിയായ ക്വുർആൻ غَيْرَ ذِي ഉള്ളതല്ലാത്ത عِوَجٍ യാതൊരു വളവും, വക്രതയും لَّعَلَّهُمْ يَتَّقُونَ അവർ സൂക്ഷിക്കുവാൻ, സൂക്ഷിച്ചേക്കാം ﴾29﴿ ضَرَبَ ٱللَّهُ അല്ലാഹു വിവരിക്കുന്നു, ആക്കിയിരിക്കുന്നു مَثَلًا ഒരു ഉപമ, ഉദാഹരണം رَّجُلًا ഒരു പുരുഷനെ(മനുഷ്യനെ) فِيهِ അവനിലുണ്ട് شُرَكَآءُ (പല) പങ്കാളികൾ مُتَشَٰكِسُونَ പരസ്പരം വഴക്കടിക്കുന്ന, ശണ്ഠകൂടുന്ന وَرَجُلًا ഒരു പുരുഷനെയും سَلَمًا തനിച്ച, രക്ഷപ്പെട്ട لِّرَجُلٍ ഒരു പുരുഷന് (മനുഷ്യന്) هَلْ يَسْتَوِيَانِ രണ്ടുപേരും സമമാകുമോ مَثَلًا ഉപമയിൽ, ഉദാഹരണംകൊണ്ട് ٱلْحَمْدُ (സർവ്വ)സ്തുതി لِلَّهِ അല്ലാഹുവിനാണ് بَلْ أَكْثَرُهُمْ പക്ഷേ, അവരിൽ അധികമാളുകളും لَا يَعْلَمُونَ അറിയുന്നില്ല.

മനുഷ്യർക്ക് ഉറ്റാലോചിക്കുന്നതിന് വേണ്ടത്ര ഉപമകൾ അല്ലാഹു ഈ ക്വുർആനിൽ വിവരിച്ചിട്ടുണ്ട്. വിവരണത്തിലോ വിഷയത്തിലോ ഒന്നുംതന്നെ യാതൊരു വക്രതയും കൂടാതെ, വ്യക്തമായ ഭാഷയിലാണ് ആ ക്വുർആൻ ഉള്ളതും. അത് മനസ്സിലാക്കുവാൻ അവർക്ക് യാതൊരു പ്രയാസവുമില്ല. അവർക്ക് വന്നേക്കാവുന്ന എല്ലാ ദോഷബാധകളെയും അവർ സൂക്ഷിക്കുവാൻ വേണ്ടിയാണ് അങ്ങിനെ ചെയ്തിരിക്കുന്നത്. എന്നിട്ടും അവർ ഉറ്റാലോചിക്കുന്നില്ല, സൂക്ഷിക്കുന്നുമില്ല. ഏക ഇലാഹിന്പുറമെ മറ്റു ദൈവങ്ങളെ സ്വീകരിച്ചു ആരാധിക്കുന്നതിൽ നിന്ന് അവർ വിരമിക്കുന്നുമില്ല. ഇവർക്ക് കാര്യം വേഗത്തിൽ ഗ്രഹിക്കുവാൻ പോരുന്ന വ്യക്തമായ ഒരു ഉപമ വിവരിക്കാം.

പരസ്പരം രഞ്ജിപ്പും യോജിപ്പുമില്ലാതെ, നിത്യവും വഴക്കടിച്ചുകൊണ്ടിരിക്കുന്ന സ്വാർത്ഥികളായ ഒന്നിലധികം യജമാനൻമാരുടെ കീഴിൽ, ഒരിക്കലും സ്വൈരം കൂടാതെ ജീവിച്ചുവരുന്ന ഒരു അടിമയുടെ സ്ഥിതിയും, ഒരേ യജമാനന്റെ മാത്രം കീഴിൽ സ്വൈര സമാധാനത്തോടുകൂടി വർത്തിച്ചുവരുന്ന ഒരു അടിമയുടെ സ്ഥിതിയും തുലനം ചെയ്തു നോക്കുക. ബഹുദൈവങ്ങളെ ആരാധിക്കുന്നവർ ഒന്നാമത്തവനെപ്പോലെയും, ഏകദൈ

-വത്തെ മാത്രം ആരാധിക്കുന്നവർ രണ്ടാമത്തെവനെപ്പോലെയുമാകുന്നു. ഒന്നാമത്തെവന്റെ മനക്ലേശങ്ങളും, രണ്ടാമത്തെവന്റെ മനസ്സമാധാനവും വ്യക്തമാണല്ലോ. അതുപോലെ, ഏത് ദൈവങ്ങളെയാണ് തൃപ്തിപ്പെടുത്തേണ്ടത്, ഓരോരുത്തരെയും എങ്ങിനെ പൂജിക്കണം, എങ്ങിനെ പ്രസാദിപ്പിക്കണം, ആദിയായ അലട്ടുകൾ ബഹുദൈവവിശ്വാസികളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഏക ദൈവവിശ്വാസിയാകട്ടെ, ഏക ഇലാഹായ അല്ലാഹുവിന്റെ പ്രീതിമാത്രം ഉന്നംവെച്ചും അവനിൽ സർവ്വസ്വം അർപ്പിച്ചും സ്വസ്ഥമായിക്കഴിയുന്നു. അൽപമെങ്കിലും നിഷ്പക്ഷബുദ്ധിയോടെ ആലോചിക്കുന്ന ഏവർക്കും ഈ വ്യത്യാസം ഗ്രഹിക്കുവാൻ കഴിയുന്നതാണ്. ٱلْحَمْدُ لِلَّهِ (അല്ലാഹുവിന് സ്തുതി) പക്ഷേ, അധികം ആളുകളും ഇതൊന്നും ഗ്രഹിക്കുന്നില്ല.

إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾

《30》 (നബിയേ) നിശ്ചയമായും നീ മരണപ്പെട്ടുപോകുന്നവനാണ്; അവരും മരണപ്പെട്ടുപോകുന്നവർ തന്നെ.

ثُمَّ إِنَّكُمْ يَوْمَ ٱلْقِيَٰمَةِ عِندَ رَبِّكُمْ تَخْتَصِمُونَ ﴿٣١﴾

《31》 പിന്നീട്, നിങ്ങൾ ക്വിയാമാത്ത്നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽവെച്ച് (തർക്കിച്ച്) വഴക്കടിക്കുന്നതാകുന്നു.

《30》 إِنَّكَ നിശ്ചയമായും നീ مَيِّتٌ മരണമടയുന്നവനാണ് وَإِنَّهُم അവരും തന്നെ مَّيِّتُونَ മരണമടയുന്നവരാണ് 《31》 ثُمَّ പിന്നെ إِنَّكُمْ നിശ്ചയമായും നിങ്ങൾ يَوْمَ ٱلْقِيَامَةِ ക്വിയാമത്തുനാളിൽ عِندَ رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ അടുക്കൽ تَخْتَصِمُونَ നിങ്ങൾ തർക്കം (വിവാദം, വഴക്ക്) നടത്തുന്നതാണ്

വേണ്ടത്ര ഉപദേശങ്ങളും, ലക്ഷ്യങ്ങളും ലഭിച്ചിട്ട് പിന്നെയും സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറില്ലാത്തവർക്കുള്ള ഒരു താക്കീതാണിത്. അധികം താമസിയാതെ എല്ലാവരും മരണപ്പെടുകയും അനന്തരം ക്വിയാമത്ത്നാളിൽ അല്ലാഹുവിന്റെ മുമ്പിൽ ഹാജറാക്കപ്പെടുകയും ചെയ്യും. അവിടെവെച്ച് സത്യത്തിന്റെയും, അസത്യത്തിന്റെയും ചേരികൾ തമ്മിൽ തർക്കവും വിവാദവും നടക്കും. അപ്പോൾ അല്ലാഹു ഇരുകൂട്ടരുടെയും ഇടയിൽ അവസാന തീരുമാനമെടുക്കുന്നതാണ്. ഈ തീരുമാനമാകട്ടെ, അവർക്ക് അങ്ങേയറ്റം ദോഷവുമായിരിക്കും. അതിന് കാത്തിരിക്കാതെ നേരത്തെത്തന്നെ സത്യം സ്വീകരിക്കുകയാണ് അവർക്ക് ഉത്തമം എന്ന് സാരം. താഴെ വചനങ്ങൾ നോക്കുക:

വിഭാഗം - 4 ജുസ്ഉ് - 24

۞ فَمَنْ أَظْلَمُ مِمَّن كَذَبَ عَلَى ٱللَّهِ وَكَذَّبَ بِٱلصِّدْقِ إِذْ جَآءَهُۥٓ ۚ

《32》 അപ്പോൾ, അല്ലാഹുവിന്റെ പേരിൽ വ്യാജം പറയുകയും, തനിക്ക് സത്യം വന്നപ്പോൾ അതിനെ വ്യാജമാക്കുകയും ചെയ്തിട്ടുള്ളവ

أَلَيْسَ فِي جَهَنَّمَ مَثْوًى لِّلْكَـٰفِرِينَ ﴿٣٢﴾

നെക്കാൾ അക്രമി ആരുണ്ട്?! നരകത്തിൽ (ഇങ്ങിനെയുള്ള) അവിശ്വാസികൾക്ക് പാർപ്പിടമില്ലയോ?! [തീർച്ചയായും ഉണ്ട്]

وَٱلَّذِى جَآءَ بِٱلصِّدْقِ وَصَدَّقَ بِهِۦٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُتَّقُونَ ﴿٣٣﴾

﴾33﴿ യാതൊരുവൻ സത്യവും കൊണ്ടുവരുകയും, അതിനെ സത്യമാ(ക്കി വിശ്വസി)ക്കുകയും ചെയ്തുവോ, അക്കൂട്ടർ തന്നെയാണ് സൂക്ഷ്മതയുള്ളവർ.

لَهُم مَّا يَشَآءُونَ عِندَ رَبِّهِمْ ۚ ذَٰلِكَ جَزَآءُ ٱلْمُحْسِنِينَ ﴿٣٤﴾

﴾34﴿ അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. സുകൃതവാൻമാരുടെ പ്രതിഫലമത്രെയത്.

لِيُكَفِّرَ ٱللَّهُ عَنْهُمْ أَسْوَأَ ٱلَّذِى عَمِلُوا۟ وَيَجْزِيَهُمْ أَجْرَهُم بِأَحْسَنِ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٣٥﴾

﴾35﴿ അവർക്ക് തങ്ങൾ പ്രവർത്തിച്ചിട്ടുള്ളതിലെ തിന്മയെ അല്ലാഹു (മാപ്പ് നല്കി) മൂടിവെക്കുന്നതിനും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലെ നന്മക്കനുസരിച്ച് അവർക്ക് പ്രതിഫലം കൊടുക്കുന്നതിനും വേണ്ടി(യാണത്.)

﴾32﴿ فَمَنْ أَظْلَمُ അപ്പോൾ ആരാണ് ഏറ്റം അക്രമി مِمَّنْ كَذَبَ കളവ് (വ്യാജം) പറ
ഞ്ഞവനെക്കാൾ عَلَى اللهِ അല്ലാഹുവിന്റെ മേൽ وَكَذَّبَ വ്യാജമാക്കുകയും ചെയ്ത بِالصِّدْقِ
സത്യത്തെ إِذْ جَاءَهُ അതവന്ന് വന്നപ്പോൾ أَلَيْسَ ഇല്ലയോ فِي جَهَنَّمَ ജഹന്നമിൽ, നരക
ത്തിൽ مَثْوًى പാർപ്പിടം, വാസസ്ഥലം لِلْكَافِرِينَ അവിശ്വാസികൾക്ക് ﴾33﴿ وَالَّذِي
യാതൊരുവൻ جَاءَ വന്നു بِالصِّدْقِ സത്യവുംകൊണ്ട് وَصَدَّقَ بِهِ അതിനെസത്യമാക്കുക
(വിശ്വസിക്കുക)യും ചെയ്തു أُولَٰئِكَ هُمُ അക്കൂട്ടർ തന്നെ الْمُتَّقُونَ സൂക്ഷ്മതയുള്ളവർ
﴾34﴿ لَهُمْ അവർക്കുണ്ട് مَا يَشَاءُونَ അവർ ഉദ്ദേശിക്കുന്നത് عِنْدَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ
അടുക്കൽ ذَٰلِكَ جَزَاءُ അത് പ്രതിഫലമാണ് الْمُحْسِنِينَ സുകൃതവാൻമാരുടെ, നൻമ ചെയ്യു
ന്നവരുടെ ﴾35﴿ لِيُكَفِّرَ اللهُ അല്ലാഹു മൂടി(മറച്ചു, മാപ്പാക്കി)വെക്കുവാൻ عَنْهُمْ അവരിൽ
നിന്ന്, അവർക്ക് أَسْوَأَ ഏറ്റവും മോശമായതിനെ, തിൻമയെ الَّذِي عَمِلُوا അവർ പ്രവർത്തി
ച്ചിട്ടുള്ള وَيَجْزِيَهُمْ അവർക്ക് പ്രതിഫലം കൊടുക്കുവാനും أَجْرَهُمْ അവരുടെ കൂലി بِأَحْسَنِ
നൻമക്ക്, നല്ലതനുസരിച്ച് الَّذِي كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന

അല്ലാഹുവിന് പങ്കുകാരും, സമൻമാരുമുണ്ടെന്നും, മക്കളുണ്ടെന്നും മറ്റുമുള്ള വാദങ്ങളാണ് അല്ലാഹുവിന്റെ പേരിൽ വ്യാജം പറഞ്ഞു (كَذَبَ عَلَى اللهِ) എന്ന് പറഞ്ഞതു കൊണ്ടുദ്ദേശ്യം. സത്യം (الصِّدْق)കൊണ്ട് വിവക്ഷ ക്വുർആനും, നബിപ്രബോധനം ചെയ്യുന്ന തത്വങ്ങളുമാകുന്നു. സത്യംകൊണ്ട് വരുകയും, അതിനെ സത്യമാക്കുകയും ചെയ്തവർ (الَّذِي جَاء بِالصِّدْقِ وَصَدَّقَ بِهِ) നബി തിരുമേനിﷺയും സത്യവിശ്വാസികളും ആകുന്നു.

സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് സുകൃതങ്ങൾ ചെയ്തുവരുന്നവരുടെ പക്കൽ സ്വാഭാവികമായി വന്നേക്കാവുന്ന തെറ്റുകുറ്റങ്ങളെ അല്ലാഹു മാപ്പ് നൽകുകയും, അവരുടെ ഏറ്റവും നല്ല സുകൃതങ്ങളുടെ തോതനുസരിച്ച് തന്നെ അവർക്ക് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. സൂ: ഹൂദിൽ ഇപ്രകാരം പറയുന്നു : وَأَقِمِ الصَّلَاةَ طَرَفَيِ النَّهَارِ وَزُلَفًا مِنَ اللَّيْلِ إِنَّ الْحَسَنَاتِ يُذْهِبْنَ السَّيِّئَاتِ – هود : ١١٤ (പകലിന്റെ രണ്ടു തലക്കലും, രാത്രിയിൽ നിന്ന് കുറച്ച് സമയങ്ങളിലും നമസ്കാരം നിലനിറുത്തിപ്പോരുക. നിശ്ചയമായും നന്മകൾ തിന്മകളെ പോക്കിക്കളയുന്നതാകുന്നു). നബിﷺ പറഞ്ഞതായി അബൂദർറ് (റ) നിവേദനം ചെയ്യുന്നു: 'നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളണം. എന്നാൽ അത് തിന്മയെത്തുടർന്ന് (ഒരു തിന്മ ചെയ്താൽ അതിന്റെ ഉടനെ ഒരു)നന്മ ചെയ്യുകയും വേണം. എന്നാൽ അത്, തിന്മയെ മായിച്ചുകളഞ്ഞേക്കും. ജനങ്ങളുമായി നല്ല സ്വഭാവത്തോടെ ഇടപെടുകയും ചെയ്യുക'. (അ; തി; ദാ.)

أَلَيْسَ ٱللَّهُ بِكَافٍ عَبْدَهُۥ ۖ وَيُخَوِّفُونَكَ بِٱلَّذِينَ مِن دُونِهِۦ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٦﴾

﴾36﴿ അല്ലാഹുവിന്റെ അടിയാന്ന് അവൻ [അല്ലാഹു] മതിയായവനല്ലേ?! അവന് പുറമെയുള്ളവരെക്കൊണ്ട് (നബിയേ) നിന്നെ അവർ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു! യാതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് വഴികാട്ടുന്ന ഒരുവനുമില്ല.

وَمَن يَهْدِ ٱللَّهُ فَمَا لَهُۥ مِن مُّضِلٍّ ۗ أَلَيْسَ ٱللَّهُ بِعَزِيزٍ ذِى ٱنتِقَامٍ ﴿٣٧﴾

﴾37﴿ യാതൊരുവന് അല്ലാഹു മാർഗദർശനം നൽകുന്നുവോ അവനെ വഴിപിഴപ്പിക്കുന്ന ഒരുവനും ഇല്ല. അല്ലാഹു ശിക്ഷാനടപടിയെടുക്കുന്നവനായ പ്രതാപശാലി അല്ലയോ?!

﴾36﴿ أَلَيْسَ اللهُ അല്ലാഹു അല്ലയോ بِكَافٍ മതിയായവൻ, പോരുന്നവൻ عَبْدَهُ അവന്റെ അടിയാന്ന്, അടിമക്ക് وَيُخَوِّفُونَكَ അവർ നിന്നെ ഭയപ്പെടുത്തുന്നു بِالَّذِينَ യാതൊരുവ

يُضْلِلِ اللَّهُ അല്ലാഹു വഴിപിഴവിലാക്കുന്നതായാൽ فَمَا لَهُ എന്നാൽ അവന്നില്ല مِنْ هَادٍ ഒരു വഴികാട്ടിയും ﴾37﴿ وَمَنْ ആരെങ്കിലും, യാതൊരുവൻ يَهْدِ اللَّهُ അല്ലാഹു മാർഗദർശനം നൽകിയാൽ, വഴികാട്ടിയാൽ فَمَا لَهُ എന്നാൽ അവന്നില്ല مِنْ مُضِلٍّ ഒരു വഴിപിഴപ്പിക്കുന്നവനും أَلَيْسَ اللَّهُ അല്ലാഹു അല്ലേ بِعَزِيزٍ പ്രതാപശാലി ذِي انْتِقَامٍ ശിക്ഷാനടപടിയുടെ ആൾ (ശിക്ഷനൽകുന്ന)

يُضْلِلِ اللَّهُ ആരെങ്കിലും, യാതൊരുവൻ وَمَنْ അവന്ന് പുറമെയുള്ള مِنْ دُونِهِ രെക്കൊണ്ട്

അല്ലാഹുവിന്റെ അസ്തിത്വം സമ്മതിക്കുന്ന ഏതൊരുവനെയും ഇരുത്തിച്ചിന്തിപ്പിക്കേണ്ടുന്ന ഗൗരവമേറിയ ഒരു വാക്യമത്രെ أَلَيْسَ اللَّهُ بِكَافٍ عَبْدَهُ (അല്ലാഹുവിന്റെ അടിയാന്ന് അല്ലാഹു പോരേ) എന്ന വാക്യം. അല്ലാഹു അല്ലാത്ത ഏതൊന്നിനെയും – അത് കല്ലോ, മണ്ണോ, ഗ്രഹങ്ങളോ, ദേവൻമാരോ, മലക്കുകളോ, ജിന്നുകളോ, പിശാചുക്കളോ, മഹാത്മാക്കളോ ആരെങ്കിലും ആയിക്കൊള്ളട്ടെ–ആരാധിക്കുകയോ, വിളിച്ചു പ്രാർത്ഥിക്കുകയോ ചെയ്യുന്നവർ ഈ വ്യക്തമായ സത്യത്തെ ധിക്കരിക്കുകയാണ്. തങ്ങളുടെ എല്ലാ കാര്യങ്ങൾക്കും അല്ലാഹു മതിയാകുകയില്ലെന്ന ധാരണയിൽ നിന്നാണല്ലോ അതെല്ലാം ഉണ്ടായിത്തീരുന്നത്.

ഹൂദ് നബി (അ)യുടെ ജനത അദ്ദേഹത്തോട് ഞങ്ങളുടെ ചില ദൈവങ്ങൾ നിനക്ക് എന്തോ കെടുതി ബാധിപ്പിച്ചിരിക്കുന്നുവെന്നല്ലാതെ ഞങ്ങൾക്ക് പറയുവാനില്ല (إِن نَّقُولُ إِلاَّ اعْتَرَاكَ بَعْضُ آلِهَتِنَا– هود : ٥٤) എന്ന് പറയുകയുണ്ടായി. അത് പോലെ, തങ്ങളുടെ ദൈവങ്ങളുടെ കോപശാപത്തെക്കുറിച്ച് മുശ്‌രിക്കുകൾ നബിയെയും ഭീഷണിപ്പെടുത്താറുണ്ടായിരുന്നു. وَيُخَوِّفُونَكَ بِالَّذِينَ مِن دُونِهِ (അവന് പുറമെയുള്ളവരെക്കൊണ്ട് അവർ നിന്നെ ഭയപ്പെടുത്തുന്നു) എന്ന് പറഞ്ഞത് അങ്ങിനെയുള്ള ഭീഷണികളെക്കുറിച്ചാകുന്നു. വിഗ്രഹാരാധനയെ ആക്ഷേപിക്കുന്നവരോട് അവയുടെ ആരാധകൻമാരും, മഹാത്മാക്കളുടെ പേരിൽ നേർച്ച വഴിപാട് മുതലായ ആരാധനാകർമങ്ങൾ നടത്തുന്നതിനെ ആക്ഷേപിക്കുന്നവരോട് തൽകർത്താക്കളും ഇതുപോലെയുള്ള ഭീഷണികൾ പുറപ്പെടുവിക്കാറുണ്ട്. പക്ഷേ, ശിർക്കിന്റെ യാതൊരു കലർപ്പും കൂടാതെ അല്ലാഹുവിൽ വിശ്വസിക്കുകയും, അവന്റെ അടിയാനായി ജീവിക്കുകയും, നന്മയും തിന്മയും ബാധിക്കുന്നത് അല്ലാഹുവിങ്കൽ നിന്ന് മാത്രമാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ഇത്തരം ഭീഷണിക്ക് യാതൊരു സ്ഥാനവുമില്ലല്ലോ.

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَٰوَٰتِ وَالْأَرْضَ لَيَقُولُنَّ اللَّهُ ۚ قُلْ أَفَرَءَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ

﴾38﴿ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചതാരാണ് എന്ന് നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവർ പറയും: 'അല്ലാഹു' എന്ന്. പറയുക:(ശരി) എന്നിരിക്കെ, അല്ലാഹുവിന് പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവയെ കണ്ടുവോ ?![അവയെപ്പറ്റി എനിക്കൊന്ന് പറഞ്ഞു തരുവിൻ:]

إِنۡ أَرَادَنِيَ ٱللَّهُ بِضُرٍّ هَلۡ هُنَّ كَٰشِفَٰتُ ضُرِّهِۦٓ أَوۡ أَرَادَنِي بِرَحۡمَةٍ هَلۡ هُنَّ مُمۡسِكَٰتُ رَحۡمَتِهِۦۚ قُلۡ حَسۡبِيَ ٱللَّهُۖ عَلَيۡهِ يَتَوَكَّلُ ٱلۡمُتَوَكِّلُونَ ﴿٣٨﴾

അല്ലാഹു വല്ല ഉപദ്രവത്തെയും എനിക്ക് ഉദ്ദേശിച്ചെങ്കിൽ, അവന്റെ ഉപദ്രവം നീക്കിക്കളയുന്നവയാണോ അവ?! അല്ലെങ്കിൽ, അവൻ എനിക്ക് വല്ല കാരുണ്യത്തെയും ഉദ്ദേശിച്ചാൽ അവന്റെ കാരുണ്യം പിടിച്ചുവെക്കുന്ന വയാണോ അവ?! പറയുക: എനിക്ക് അല്ലാഹു മതി! ഭരമേൽപിക്കുന്നവർ അവന്റെ മേൽ തന്നെ ഭരമേൽപിക്കു ന്നതാണ്.

﴾38﴿ وَلَئِن سَأَلْتَهُم നീ അവരോട് ചോദിച്ചുവെങ്കിൽ مَنْ خَلَقَ ആർ സൃഷ്ടിച്ചു, സൃഷ്ടിച്ചതാർ السَّمَاوَاتِ ആകാശങ്ങൾ وَالْأَرْضَ ഭൂമിയും لَيَقُولُنَّ തീർച്ചയായും അവർ പറയും اللَّهُ അല്ലാഹു എന്ന് قُلْ നീ പറയുക أَفَرَأَيْتُم എന്നാൽ (എന്നിരിക്കെ) നിങ്ങൾ കണ്ടുവോ (ഒന്നു പറഞ്ഞുതരിൻ) مَا تَدْعُونَ നിങ്ങൾ വിളിക്കുന്നവയെ مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ إِنْ أَرَادَنِيَ എന്നെ (എനിക്ക്)ഉദ്ദേശിച്ചാൽ اللَّهُ അല്ലാഹു بِضُرٍّ വല്ല ഉപദ്രവംകൊണ്ടും, കെടുതിയെയും هَلْ هُنَّ അവയാണോ كَاشِفَاتُ നീക്കം ചെയ്യുന്ന(തുറവിയാക്കുന്ന)വ ضُرِّهِ അവന്റെ ഉപദ്രവത്തെ أَوْ أَرَادَنِي അല്ലെങ്കിൽ എന്നെ (എനിക്ക്) ഉദ്ദേശിച്ചാൽ بِرَحْمَةٍ വല്ല കാരുണ്യംകൊണ്ടും, അനുഗ്രഹത്തെയും هَلْ هُنَّ അവയാണോ مُمْسِكَاتُ പിടിച്ചുവെക്കുന്നവ رَحْمَتِهِ അവന്റെ കാരുണ്യം قُلْ നീ പറയുക حَسْبِيَ എനിക്ക് മതി اللَّهُ അല്ലാഹു عَلَيْهِ يَتَوَكَّلُ അവന്റെ മേൽ ഭരമേല്പിക്കും, അർപ്പിക്കുന്നു الْمُتَوَكِّلُونَ ഭരമേല്പിക്കുന്നവർ

ആകാശഭൂമികളുടെ സ്രഷ്ടാവ് അല്ലാഹുവാണെന്ന് അറിവുള്ളതോടുകൂടി, മറ്റേതെങ്കിലും വസ്തുക്കളെ ആരാധിക്കുകയും അവമൂലം നന്മയും തിന്മയും ലഭിച്ചേക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നത് തനി വിഡ്ഢിത്തമാണ് ; അല്ലാഹു ഉദ്ദേശിച്ചതിനപ്പുറം യാതൊന്നും ചെയ്വാൻ ആർക്കും സാധ്യമല്ല ; കാര്യങ്ങൾ ഭരമേല്പിക്കുവാൻ തികച്ചും അർഹനായുള്ളവൻ അല്ലാഹു മാത്രമാണ്; മറ്റുള്ളവരിൽ കാര്യങ്ങൾ അർപ്പിക്കുന്നത് നിഷ്പ്രയോജനമാണ്; തന്റേടമുള്ളവർ അല്ലാഹുവിൽ മാത്രമേ കാര്യങ്ങൾ ഭരമേൽപിക്കുകയുള്ളൂ ; അഥവാ അതാണ് വേണ്ടത് ; അവനിൽ ഭരമേൽപിച്ചുകഴിഞ്ഞാൽ പിന്നെ മറ്റാരുടെയും സഹായമോ, ഇടപെടലോ ആവശ്യവുമില്ല; എന്നൊക്കെയാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു : 'നീ അല്ലാഹുവിനെ കാത്ത്കൊള്ളുക, അവൻ നിന്നെ കാക്കും. നീ അല്ലാഹുവിനെ കാക്കുക, നിന്റെ മുമ്പിൽ നിനക്കവനെ കണ്ടെത്താം. സന്തോഷവേളയിൽ നീ അല്ലാഹുവിങ്കലേക്ക് അന്വേഷിച്ചുചെല്ലുക, കാഠിന്യത്തി(ഞെരുക്കത്തി)ന്റെ വേളയിൽ അവൻ നിന്നെ അറിഞ്ഞുകൊള്ളും (സഹായിക്കും). നീ (വല്ലതും) ചോദിക്കുന്ന പക്ഷം അല്ലാഹുവി

നോട് ചോദിക്കുക, നീ സഹായം തേടുന്ന പക്ഷം, അല്ലാഹുവിനെക്കൊണ്ട് സഹായം തേടുക. നീ അറിയണം : അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉപദ്രവം നിനക്ക് ചെയ്വാനായി സമുദായം ഒരുമിച്ചു ചേർന്നാലും അവർ നിനക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉപകാരവും നിനക്ക് ചെയ്വാനായി സമുദായം ഒരുമിച്ചു ചേർന്നാലും അവർ നിനക്ക് യാതൊരു ഉപകാരവും ചെയ്കയില്ല' .... (ابن ابي حاتم)

قُلْ يَـٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَـٰمِلٌ ۖ فَسَوْفَ تَعْلَمُونَ ﴿٣٩﴾

﴿39﴾ (നബിയേ) പറയുക : എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവൃത്തിച്ചേക്കുവിൻ, ഞാൻ (എന്റെ നിലയനുസരിച്ചും) പ്രവർത്തിക്കുന്നവനത്രെ. എന്നാൽ വഴിയെ നിങ്ങൾക്ക് അറിയാറാകും.

مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ عَذَابٌ مُّقِيمٌ ﴿٤٠﴾

﴿40﴾ തന്നെ അപമാനപ്പെടുത്തുന്ന ശിക്ഷ തനിക്ക് വന്നെത്തുകയും തന്റെ മേൽ (സ്ഥിരമായി) നിലനിൽക്കുന്ന ശിക്ഷ വന്നിറങ്ങുകയും ചെയ്യുന്നത് ആർക്കായിരിക്കുമെന്ന്!

﴿39﴾ قُلْ നീ പറയുക يَاقَوْمِ എന്റെ ജനങ്ങളേ اعْمَلُوا നിങ്ങൾ പ്രവർത്തിക്കുക عَلَىٰ مَكَانَتِكُمْ നിങ്ങളുടെ സ്ഥാനം (നിലപാട്) അനുസരിച്ച് إِنِّي നിശ്ചയമായും ഞാൻ عَامِلٌ പ്രവർത്തിക്കുന്നവനാണ് فَسَوْفَ എന്നാൽ വഴിയെ تَعْلَمُونَ നിങ്ങൾക്കറിയാം. ﴿40﴾ مَنْ ആരാണ്, ആർക്കാണ് يَأْتِيهِ അവന്ന് വന്നെത്തുക عَذَابٌ ശിക്ഷ يُخْزِيهِ അവനെ അപമാനപ്പെടുത്തുന്ന, വഷളാക്കുന്ന وَيَحِلُّ عَلَيْهِ അവന്റെ മേൽ ഇറങ്ങിവരുകയും ചെയ്യും عَذَابٌ مُقِيمٌ നിലനിൽക്കുന്ന ശിക്ഷ

അപമാനപ്പെടുത്തുന്ന - അഥവാ വഷളാക്കുന്ന - ശിക്ഷ എന്ന് പറഞ്ഞത് ഭൂമിയിൽവെച്ചുതന്നെ താമസംവിനാ അവർ അനുഭവിക്കുവാൻ പോകുന്ന കൊല, ചിറ(ജയിൽ), കീഴൊതുങ്ങൽ ആദിയായവയും, നിലനിൽക്കുന്ന ശിക്ഷ എന്ന് പറഞ്ഞത് പരലോകശിക്ഷയുമാകുന്നു.

إِنَّآ أَنزَلْنَا عَلَيْكَ ٱلْكِتَـٰبَ لِلنَّاسِ بِٱلْحَقِّ ۖ فَمَنِ ٱهْتَدَىٰ فَلِنَفْسِهِۦ ۖ

﴿41﴾ (നബിയേ) നിശ്ചയമായും നാം, മനുഷ്യർക്ക് വേണ്ടി യഥാർത്ഥ (മുറ) പ്രകാരം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ, ആരെങ്കിലും സന്മാർഗം പ്രാപിച്ചാൽ അതവന്റെ ദേഹത്തിന് (അഥവാ ആത്മാവിന്) തന്നെയാണ് (ഗുണമാ

وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنتَ عَلَيْهِم بِوَكِيلٍ ﴿٤١﴾

വുക). ആരെങ്കിലും വഴി പിഴച്ചു പോയാൽ, അവൻ വഴിപിഴക്കുന്നതും അതിന്റെ മേൽ (ദോഷമായി ക്കൊണ്ട്) മാത്രമായിരിക്കും. നീ അവരുടെ മേൽ (ബാധ്യത) ഏല്പിക്കപ്പെട്ടവനല്ലതാനും.

﴾41﴿ إِنَّا أَنزَلْنَا നിശ്ചയമായും നാം ഇറക്കിയിരിക്കുന്നു عَلَيْكَ നിന്റെ മേൽ, നിനക്ക് الْكِتَابَ വേദഗ്രന്ഥം لِلنَّاسِ മനുഷ്യർക്ക് വേണ്ടി بِالْحَقِّ യഥാർത്ഥ(മുറ) പ്രകാരം فَمَنِ اهْتَدَىٰ ആകയാൽ ആരെങ്കിലും സൻമാർഗം പ്രാപിച്ചാൽ فَلِنَفْسِهِ തനിക്കുതന്നെ, അവന്റെ ദേഹത്തിന് (ആത്മാവിന്) വേണ്ടിയാകുന്നു وَمَن ضَلَّ ആരെങ്കിലും വഴിപിഴച്ചാൽ فَإِنَّمَا يَضِلُّ എന്നാലവൻ വഴിപിഴക്കുന്നു عَلَيْهَا അതിന്റെ മേൽ(ദോഷമായി)മാത്രം وَمَا أَنتَ നീ അല്ല عَلَيْهِم അവരുടെ മേൽ بِوَكِيلٍ (ബാധ്യത)ഏൽപിക്കപ്പെട്ടവൻ(ഉത്തരവാദി, അധികാരക്കാരൻ)

നല്ല മാർഗവും, ചീത്ത മാർഗവും യഥാവിധി വിവരിച്ചുകൊണ്ടുള്ള വേദഗ്രന്ഥം എല്ലാ ജനങ്ങൾക്കുമായി നാം അവതരിപ്പിച്ചുതന്നിട്ടുള്ളത്കൊണ്ട് സത്യം അറിയാതെ എനി ആരും വഴിപിഴച്ചുപോകേണ്ടതായി നേരിടുന്നില്ല. ഓരോരുത്തന്നും അവന്റെ ഇഷ്ടംപോലെ ഏത് മാർഗവും സ്വീകരിക്കാം. പക്ഷേ, അതിന്റെ ഗുണവും ദോഷവും അവനവൻ തന്നെ അനുഭവിക്കണം. നബിﷺയെ സംബന്ധിച്ചിടത്തോളം ആ ഗ്രന്ഥം ജനങ്ങൾക്ക് എത്തിച്ചും വിവരിച്ചും കൊടുക്കൽ മാത്രമേ ചുമതലയുള്ളൂ. അതവർ അംഗീകരിക്കാത്തപക്ഷം, അതിന്റെ ബാധ്യതയാകട്ടെ, അവരതു അംഗീകരിച്ചേ തീരൂ എന്ന നിർബന്ധമാകട്ടെ, നബിﷺയുടെ മേൽ ഇല്ല എന്ന് സാരം. മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപാണല്ലോ അവിശ്വാസികളുടെ നിഷേധത്തിന് വിധേയമായ ഒരു പ്രധാന വിഷയം. അതിന്റെ സാധ്യതയെ സ്ഥാപിക്കുന്ന ഒരു പ്രത്യക്ഷ ദൃഷ്ടാന്തം അടുത്ത വചനത്തിൽ അല്ലാഹു ഓർമപ്പെടുത്തുന്നു.

വിഭാഗം – 5

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ

﴾42﴿ (ജീവാത്മാക്കളുള്ള) ദേഹങ്ങളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി (പിടിച്ച്)എടുക്കുന്നു: മരണപ്പെടാത്തവയെ അവയുടെ ഉറക്കിലും (പിടിച്ചെടുക്കുന്നു). എന്നിട്ട് യാതൊന്നിന്റെ മേൽ അവൻ മരണം വിധിച്ചുവോ അതിനെ അവൻ (വിട്ടയക്കാതെ) പിടിച്ചുവെക്കുന്നു: മറ്റേതിനെ ഒരു നിർണയിക്കപ്പെട്ട അവധിവരെ വിട്ടയക്കുകയും ചെയ്യു

إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

ന്നു. നിശ്ചയമായും, ചിന്തിക്കുന്ന ആളുകൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

﴾42﴿ اللَّهُ يَتَوَفَّى അല്ലാഹു പൂർണമായെടുക്കുന്നു (പിടിച്ചെടുക്കുന്നു) الْأَنفُسَ ആത്മാക്കളെ (ജീവാത്മാക്കളെ) ദേഹങ്ങളെ حِينَ مَوْتِهَا അവയുടെ മരണവേളയിൽ, മരിക്കുമ്പോൾ وَالَّتِي യാതൊന്നിനെയും لَمْ تَمُتْ മരണപ്പെടാത്ത فِي مَنَامِهَا അതിന്റെ ഉറക്കിൽ فَيُمْسِكُ എന്നിട്ടവൻ പിടിച്ചുവെക്കുന്നു الَّتِي യാതൊന്നിനെ قَضَىٰ عَلَيْهَا അതിന്റെ മേൽ അവൻ വിധിച്ചു الْمَوْتَ മരണം وَيُرْسِلُ വിട്ടയക്കുകയും ചെയ്യും الْأُخْرَىٰ മറ്റേതിനെ إِلَىٰ أَجَلٍ ഒരു അവധിവരെ مُسَمًّى നിർണയിക്കപ്പെട്ട إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ ദൃഷ്ടാന്തങ്ങൾ لِّقَوْمٍ ഒരു ജനതക്ക്, ചില ആളുകൾക്ക് يَتَفَكَّرُونَ ചിന്തിക്കുന്ന.

تَوَفَّى (തവഫ്ഫാ) എന്ന വാക്കിന്റെ അർത്ഥം പൂർത്തിയാക്കി എടുത്തു, തീർത്തു വാങ്ങി, നിറവേറ്റിയെടുത്തു എന്നൊക്കെയാണ്. ഒരാൾക്ക് കിട്ടുവാനുള്ള കടം മുഴുവൻ വസൂലാക്കിയാൽ تَوَفَّى الدَّيْن (അവൻ കടം മുഴുവൻ തീർത്തുവാങ്ങി) എന്ന് പറയപ്പെടും. ഒരാൾ മരണപ്പെട്ടാൽ ആയാളുടെ കാലം കഴിഞ്ഞുപോയി എന്ന അർത്ഥത്തിൽ تُوُفِّيَ (തുവുഫ്ഫിയ) എന്ന കർമിണി പ്രയോഗ രൂപത്തി(مجهول)ലും പറയപ്പെടുന്നു. അല്ലാഹു അയാളുടെ കാലം പൂർത്തിയാക്കി എന്ന അർത്ഥത്തിൽ توفاه الله (തവഫ്ഫാഹുല്ലാഹു) എന്നും പറയപ്പെടും. ചുരുക്കത്തിൽ മരണപ്പെടുത്തി എന്നോ മരണപ്പെട്ടു എന്നോ അല്ല ആ വാക്കിന്റെ സാക്ഷാൽ അർത്ഥം. കർത്താവും കർമവും അനുസരിച്ച് ചില സന്ദർഭങ്ങളിൽ അതിന്റെ അർത്ഥം സാക്ഷാൽക്കരിക്കപ്പെടുന്നത് മരണം മുഖേന യായിരിക്കുമെന്ന് മാത്രം. മരണവേളയിലും, ഉറങ്ങുന്ന അവസരത്തിലും അല്ലാഹു ആത്മാക്കളെ പിടിച്ചെടുക്കുന്നതിനെപ്പറ്റി ഈ ഒരേ ക്രിയ ഉപയോഗിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള തിൽനിന്നുതന്നെ ഈ വസ്തുത മനസ്സിലാക്കാമല്ലോ. സൂ: സജദഃ 11-ാം വചനത്തിന്റെ വിവരണത്തിലും നാം ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ചില തൽപര കക്ഷികൾ ഈസാ (അ) മരണപ്പെട്ടുപോയിരിക്കുന്നുവെന്ന തങ്ങളുടെ വാദത്തെ സ്ഥാപിക്കുവാൻ ഈ വാക്ക് (تَوَفَّى) ചൂഷണം ചെയ്യാറുള്ളതുകൊണ്ടാണ് ഇതിനെപ്പറ്റി പ്രത്യേകം നാം ഉണർത്തുന്നത്. نَفْس(നഫ്സ്) എന്ന വാക്കിന്റ പല അർത്ഥങ്ങൾ 6-ാം വചനത്തിൽ നാം വിവരിച്ചത് ഓർക്കുക.

ജീവനുള്ള ആളുകൾ മരണമടയുന്നതോടെ അവരുടെ ആത്മാക്കളെ അല്ലാഹു തീരെ പിടിച്ചെടുക്കുന്നു. അവർ അതോടെ ഇങ്ങിനി മടങ്ങിവരാത്ത വിധം മറ്റൊരു ലോകത്തേക്ക് നീങ്ങുകയും ഈ ലോകവുമായുള്ള ബന്ധം അവസാനിക്കുകയും ചെയ്യുന്നു. മരണമടഞ്ഞിട്ടില്ലാത്തവരുടെ ആത്മാവും അല്ലാഹു സദാ പിടിച്ചെടുക്കാറുണ്ട്. അതെ, ഉറങ്ങുന്ന അവസരത്തിൽ. ഉറങ്ങുന്നവർ യഥാർത്ഥത്തിൽ മരണമടയുന്നില്ലെങ്കിലും ഏതാണ്ട് മരണമടഞ്ഞവരെപ്പോലെ നിശ്ചേഷ്ടരാകുകയും, ഈ ബാഹ്യലോകബന്ധത്തിൽ നിന്നും കുറേ നേരത്തേക്ക് അകന്നുപോകുകയും ചെയ്യുന്നു. കുറേ കഴിയുമ്പോൾ വീണ്ടും അവർ ജീവചൈതന്യമുള്ളവരായിത്തീരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ പ്രവർത്തനമത്രെ.

അൽപമൊന്ന് ചിന്തിച്ചുനോക്കുക!

മരണപ്പെട്ടവരിൽ നിന്ന് എന്താണപ്പോൾ നഷ്ടപ്പെട്ടത്? ജീവിച്ചിരുന്നപ്പോൾ അത് അവനിൽ എവിടെയായിരുന്നു? അതെവിടെനിന്ന് വന്നതായിരുന്നു? ഇപ്പോൾ അതെങ്ങോട്ട് പോയി? ഉറങ്ങിക്കിടക്കുന്നവനും മരണപ്പെട്ടവനെപ്പോലെ നിശ്ശേഷ്ടനാണ്; ബോധരഹിതനുമാണ്. ഇതെങ്ങിനെ സംഭവിച്ചു? അവന്റെ ജീവാത്മാവ്‌വേർപ്പെട്ടു പോയോ? അതിന് കാരണമെന്ത്? ഉണരുന്നത്‌വരെ അതെവിടെയായിരുന്നു ? തിരിച്ചു കൊണ്ടുവരുന്നത് ആരാണ്? ശ്വാസോച്ഛ്വാസവും, ബോധപൂർവ്വമല്ലാത്ത ചില ചലനങ്ങളും ഉറങ്ങുന്നവരിൽ അവശേഷിക്കുവാൻ മാത്രം അവനിൽ തങ്ങിനിൽക്കുന്ന ജീവാംശം ഏതായിരിക്കും? അവൻ കണ്ണടച്ച് അൽപസമയത്തിനകം അതുവരെ അവനുണ്ടായിരുന്ന അറിവും, കഴിവും ബോധവുമെല്ലാം പെട്ടെന്ന് വിട്ടുമാറുന്നതെങ്ങിനെ ? ഉണരുന്ന അതേ നിമിഷത്തിൽ തന്നെ അവ വീണ്ടും സിദ്ധമാകത്തവണ്ണം അവ എവിടെയായിരുന്നു ഒളിഞ്ഞിരുന്നത്? ഇതിനിടയിൽ അജ്ഞാതമായ ഒരു ലോകത്ത് - സ്വപ്നലോകത്ത്‌വെച്ച്- അതുവരെ ഊഹിക്കുകപോലും ചെയ്‌വാൻ കഴിയാത്ത പല അനുഭവങ്ങളും അവൻ അനുഭവിക്കുന്നു. പുറമെയുള്ളവർക്ക് അതൊന്നും അറിയാൻ കഴിയുന്നുമില്ല. ഉറങ്ങിക്കിടക്കുന്നവന്റെ ആത്മാവിന്മാത്രം അനുഭവപ്പെടുന്ന ഒന്നല്ല സ്വപ്നമെന്നു തീർച്ചയാണ്. അവന്റെ ശരീരത്തിനും ചില ആസ്വാദനങ്ങൾ സ്വപ്നങ്ങളിൽ ഉണ്ടാകുന്നുണ്ട്. എന്താണിതിന്റെയെല്ലാം രഹസ്യം? ഉറങ്ങിക്കിടക്കുന്നവൻ ചിലപ്പോൾ ഉച്ചത്തിൽ ശബ്ദിക്കുകയോ, എഴുന്നേറ്റ് വല്ലതും പ്രവർത്തിക്കുകയോ ചെയ്യുന്നത് നാം കാണുന്നു. ഉണർന്ന ശേഷം അതിനെപ്പറ്റി അറിയുന്നുമില്ല. അവന്റെ ഇച്ഛക്കോ ഉദ്ദേശ്യത്തിനോ അതിൽ പങ്കുമില്ല. ഇങ്ങിനെയുള്ള ഓരോന്നിനെസംബന്ധിച്ചും ചിന്തിച്ചു നോക്കുക! നിശ്ചയമായും അതിലെല്ലാം ചിന്തിക്കുന്നവർക്ക് പല പാഠങ്ങളും ദൃഷ്ടാന്തങ്ങളും ലഭിക്കുവാനുണ്ട്. (إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ) ഇതെല്ലാം ഒരു വ്യവസ്ഥപ്രകാരം നടത്തിക്കൊണ്ടിരിക്കുന്ന കർത്താവിന് മരണപ്പെട്ടവരെ വീണ്ടും ജീവിപ്പിക്കുവാനും കഴിയുമെന്ന് മനസ്സിലാക്കുവാൻ കഴിയാത്ത ബുദ്ധി എത്രമാത്രം ശോചനീയം?!

ബുഖാരി-മുസ്‌ലിം (റ) ഉദ്ധരിച്ചിട്ടുള്ള ഒരു നബിവചനത്തിന്റെ സാരം ഇപ്രകാരമാകുന്നു: 'നിങ്ങളൊരാൾ വിരിപ്പിലേക്ക് - ഉറങ്ങുവാൻ - ചെല്ലുമ്പോൾ തന്റെ വസ്ത്രത്തിന്റെ തലപ്പുകൊണ്ട് അതൊന്നു തട്ടിക്കുടഞ്ഞു കൊള്ളട്ടെ, കാരണം അവൻ അത് വിട്ടുപോന്നതിനുശേഷം അതിൽ വല്ലതും സംഭവിച്ചിട്ടുണ്ടോ എന്നവന് അറിയുകയില്ലല്ലോ. പിന്നീട് അവൻ ഇങ്ങിനെ പറഞ്ഞുകൊള്ളട്ടെ:

بِاسْمِكَ رَبِّي وَضَعْتُ جَنْبِي وَبِكَ اَرْفَعُهُ اِنْ امسكتَ نَفسِي فارْحَمْهَا وَاِنْ اَرْسَلْتَهَا فاحفظهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ

(എന്റെ റബ്ബേ, നിന്റെ നാമത്തിൽ എന്റെ പാർശ്വം -ശരീരത്തിന്റെ ഭാഗം-ഞാൻ ഇതാ വെക്കുന്നു. നിന്നെക്കൊണ്ടുതന്നെ ഞാനതിനെ ഉയർത്തുകയും ചെയ്യും. എന്റെ ആത്മാവിനെ നീ പിടിച്ചുവെക്കുന്ന പക്ഷം, അതിന് കരുണ ചെയ്യേണമേ ! നീ അതിനെ വിട്ടു തരുന്ന പക്ഷം നിന്റെ സദ്‌വൃത്തരായ അടിയാന്മാരെ നീ കാത്ത് സൂക്ഷിക്കുന്ന പ്രകാരം നീ അതിനെ കാത്ത്‌സൂക്ഷിക്കുകയും ചെയ്യേണമേ!)

《43》 അതല്ല, അല്ലാഹുവിന് പുറമെ, വല്ല ശുപാർശക്കാരെയും അവർ ഏർപ്പെടുത്തിയിരിക്കുന്നുവോ?! പറയുക : അവർ [ആ ശുപാർശക്കാർ] യാതൊന്നും അധീനമാക്കുന്നുമില്ല, (ബുദ്ധികൊണ്ട്) മനസ്സിലാക്കുന്നുമില്ല, എന്നിരുന്നാൽപോലുമോ?! [എന്നാലും അവരെ ശുപാർശക്കാരായി സ്വീകരിക്കുകയോ?!]

أَمِ ٱتَّخَذُواْ مِن دُونِ ٱللَّهِ شُفَعَآءَ ۚ قُلْ أَوَلَوْ كَانُواْ لَا يَمْلِكُونَ شَيْـًٔا وَلَا يَعْقِلُونَ ﴿٤٣﴾

《44》 പറയുക: അല്ലാഹുവിനാണ് ശുപാർശ മുഴുവനും. [അവന്റെ ഹിതമനുസരിച്ചേ അത് നടക്കൂ.] ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. പിന്നീട് അവനിലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

قُل لِّلَّهِ ٱلشَّفَـٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

《43》 أَمِ അതല്ല, അഥവാ اتَّخَذُوا അവർ ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നുവോ مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ شُفَعَاءَ ചില ശുപാർശക്കാരെ قُلْ നീ പറയുക أَوَلَوْ كَانُوا അവർ ആയിരുന്നാൽ പോലുമോ لَا يَمْلِكُونَ അവർ സ്വാധീനമാക്കുന്നില്ല (പ്രാപ്തമാകുന്നില്ല) شَيْئًا യാതൊന്നും, ഒട്ടും وَلَا يَعْقِلُونَ അവർ ഗ്രഹിക്കുന്നുമില്ല, മനസ്സിലാക്കുന്നുമില്ല. 《44》 قُلْ നീ പറയുക لِلَّهِ അല്ലാഹുവിനാണ് الشَّفَاعَةُ ശുപാർശ جَمِيعًا മുഴുവനും لَهُ അവന്നാണ് مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَالْأَرْضِ ഭൂമിയുടെയും ثُمَّ إِلَيْهِ പിന്നെ അവങ്കലേക്ക് تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു.

വിഗ്രഹങ്ങൾ അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്ക് ശുപാർശ ചെയ്യുമെന്ന് മുശ്‌രിക്കുകൾ പറയുന്നതിനെ പരാമർശിച്ചുകൊണ്ടുള്ളതാണ് ഈ വചനങ്ങൾ. യാതൊരുവിധ കഴിവോ, ബുദ്ധിയോ, ബോധമോ ഇല്ലാത്ത അവയുടെ ശുപാർശ പ്രതീക്ഷിക്കുന്നതിലുള്ള വിഡ്ഢിത്തവും, അല്ലാഹുവിന്റെ മുമ്പിൽ ഇഷ്ടംപോലെ ശുപാർശ സമർപ്പിക്കുവാൻ ആർക്കും സാധ്യമല്ലെന്ന വസ്തുതയുമാണ് അവ ചൂണ്ടിക്കാട്ടുന്നത്. ശുപാർശ ചെയ്യുന്നവർക്ക് പോലും മുൻകൂട്ടി അനുമതി ലഭിക്കാതെ അല്ലാഹുവിങ്കൽ ശുപാർശ സാധ്യമല്ല. مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ (അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നവർ ആരുണ്ട് ?! (2:255) وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَى (അവൻ തൃപ്തിപ്പെട്ടു കൊടുത്തവർക്കല്ലാതെ അവർ ശുപാർശ ചെയ്കയുമില്ല (21:28)

《45》 അല്ലാഹുവിനെക്കുറിച്ചു മാത്രം പ്രസ്താവിക്കപ്പെട്ടാൽ, പര

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ

ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

ലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അറച്ചു ചുളുങ്ങുന്നതാണ്. അവനു പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാൽ, അപ്പോഴതാ അവർ, സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു !

﴾45﴿ وَإِذَاذُكِرَ പ്രസ്താവിക്കപ്പെട്ടാൽ, പറയപ്പെട്ടാൽ ٱللَّهُ അല്ലാഹുവിനെക്കുറിച്ച് وَحْدَهُ അവൻ മാത്രമായി ٱشْمَأَزَّتْ അറക്കും, ചുളുങ്ങും (ഇറുകും) قُلُوبُ ഹൃദയങ്ങൾ ٱلَّذِينَلَايُؤْمِنُونَ വിശ്വസിക്കാത്തവരുടെ بِٱلْـَٔاخِرَةِ പരലോകത്തിൽ وَإِذَاذُكِرَ പ്രസ്താവിക്കപ്പെട്ടാൽ ٱلَّذِينَمِندُونِهِ അവന് പുറമെയുള്ളവരെപ്പറ്റി إِذَاهُمْ അപ്പോഴതാ അവർ يَسْتَبْشِرُونَ സന്തോഷം പ്രകടിപ്പിക്കുന്നു, സന്തുഷ്ടരാകുന്നു.

മുശ്‌രിക്കുകൾ അല്ലാഹുവിന്റെ അസ്തിത്വം നിഷേധിക്കുന്നവരല്ലെങ്കിലും അല്ലാഹുവിനെക്കുറിച്ചു മാത്രം വല്ലതും പ്രസ്താവിക്കപ്പെടുമ്പോൾ – അതിൽ തങ്ങളുടെ ആരാധ്യവസ്തുക്കൾക്ക് സ്ഥാനം കൽപിക്കപ്പെട്ടില്ലെന്ന കാരണത്താൽ–അവരുടെ ഹൃദയത്തിൽ അറപ്പും വെറുപ്പും പ്രകടമാകുന്നു. നേരെ മറിച്ച് തങ്ങളുടെ ദൈവങ്ങളുടെ പേരും കൂടി കൂട്ടിചേർത്ത് പറയുകയോ, അല്ലെങ്കിൽ അല്ലാഹുവിന്റെ പേരു പറയാതെ അവയുടെ പേരുകൾ മാത്രം പ്രസ്താവിക്കപ്പെടുകയോ ആണെങ്കിൽ അവർ സന്തുഷ്ടരുമായിരിക്കും. മുസ്‌ലിം സമുദായത്തിൽതന്നെ, ശിർക്കുപരമായ അന്ധവിശ്വാസങ്ങൾ ഹൃദയത്തിൽ സ്ഥലം പിടിച്ചിട്ടുള്ള ചിലരിലും ഈ സ്വഭാവം കാണാറുണ്ടെന്ന് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ കൃപകൊണ്ട് അല്ലാഹു സുഖപ്പെടുത്തട്ടെ; അല്ലാഹുവേകാക്കണേ എന്നൊക്കെ പറയുന്ന സന്ദർഭങ്ങളിൽ, അല്ലാഹുവിന്റെ കൂടെ നേർച്ചക്കാരുടെയോ, ചില ശൈഖൻമാരുടെയോ പേരുകൾ കൂടി കൂട്ടിച്ചേർക്കുന്നതും, അല്ലെങ്കിൽ അല്ലാഹുവിന്റെ പേർ പറയാതിരിക്കുന്നതുമായിരിക്കും അവർക്ക് ഇഷ്ടം ! ഈ വചനമോ, അല്ലെങ്കിൽ അടുത്ത വചനമോ പോലെയുള്ള ഒരു ആയത്തെങ്കിലും ഇവർ നിഷ്പക്ഷമായി ശ്രദ്ധിച്ചിരുന്നുവെങ്കിൽ തങ്ങളുടെ ഈ അപരാധത്തിന്റെ ഭയങ്കരത ഇവർക്ക് മനസ്സിലാക്കാമായിരുന്നു.

قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ عَـٰلِمَ ٱلْغَيْبِ وَٱلشَّهَـٰدَةِ أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى مَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٤٦﴾

﴾46﴿ (നബിയേ) പറയുക: അല്ലാഹുവേ, ആകാശങ്ങളെയും, ഭൂമിയെയും (മാതൃകയില്ലാതെ) സൃഷ്ടിച്ചുണ്ടാക്കിയവനേ, അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവനേ! നിന്റെ അടിയാൻമാർക്കിടയിൽ, അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ നീ തന്നെ വിധി കല്പിക്കുന്നതാണ്.

﴾46﴿ قُلِ നീ പറയുക اللَّهُمَّ അല്ലാഹുവേ فَاطِرَ السَّمَاوَاتِ ആകാശങ്ങളുടെ സ്രഷ്ടാവേ, സ്രഷ്ടാവായ وَالْأَرْضِ ഭൂമിയുടെയും عَالِمَ الْغَيْبِ അദൃശ്യം അറിയുന്നവനേ, അറിയുന്നവനായ وَالشَّهَادَةِ ദൃശ്യവും (പ്രത്യക്ഷമായതും) أَنتَ تَحْكُمُ നീ (തന്നെ) വിധി കൽപിക്കുന്നതാണ് بَيْنَ عِبَادِكَ നിന്റെ അടിയാന്മാർക്കിടയിൽ فِي مَا യാതൊന്നിൽ كَانُوا فِيهِ അതിൽ അവരായിരുന്നു يَخْتَلِفُونَ ഭിന്നിച്ചുകൊണ്ടിരിക്കും

അതിമഹത്തായ ഒരു പ്രാർത്ഥനാ കീർത്തനം! നബി തിരുമേനിﷺക്കും സത്യവിശ്വാസികൾക്കും മന:ശാന്തിയും, അവിശ്വാസികൾക്ക് താക്കീതും അടങ്ങുന്ന ഈ പ്രാർത്ഥനാ വാക്യങ്ങൾ അല്ലാഹു നബിﷺക്കും പഠിപ്പിക്കുന്നു. നബിﷺയാകട്ടെ, അത് അനുഷ്ഠാനത്തിൽ വരുത്തുകയും ചെയ്തിരിക്കുന്നു. നാമും അതിനെ പിൻപറ്റേണ്ടതുണ്ടെന്ന് പറയേണ്ടതില്ല. രാത്രി സുന്നത്ത് നമസ്കാരം തുടങ്ങുന്ന അവസരത്തിൽ തിരുമേനിﷺ ഇപ്രകാരം പറയാറുണ്ടായിരുന്നുവെന്ന് ആഇശഃ (റ) നിവേദനം ചെയ്തിരിക്കുന്നു!

اَللَّهُمَّ رَبَّ جِبرِيلَ وَمِيكَائِيلَ وَاِسْرَافِيلَ فَاطِرَ السَّموَاتِ وَالاَرْضِ عَالِمَ الغَيْبِ وَالشَّهَادَةِ اَنْتَ تَحْكُمُ بَيْنَ عِبَادِكَ فِيمَا كَانُوا فِيهِ يَخْتَلِفُونَ. اِهْدِنِى لِمَا اخْتُلِفَ فِيهِ مِنَ الحَقِّ بِاِذْنِكَ اِنَّكَ تَهْدِى مَن يَشَآءُ اِلَى صِرَاطٍ مُسْتَقِيمْ – مسلم وابوداود والبيهقي

(അല്ലാഹുവേ ! ജിബ്‌രീലിന്റെയും മീകാഈലിന്റെയും ഇസ്റാഫീലിന്റെയും രക്ഷിതാവേ ! ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടി കർത്താവേ ! അദൃശ്യവും ദൃശ്യവും അറിയുന്നവനേ ! നിന്റെ അടിയാന്മാർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ അവർക്കിടയിൽ നീ തന്നെ വിധി കൽപ്പിക്കുന്നു. ഭിന്നിപ്പിന് വിധേയമായിട്ടുള്ള യഥാർത്ഥത്തിലേക്ക് നിന്റെ അനുമതി പ്രകാരം എനിക്ക് നീ മാർഗദർശനം നൽകേണമേ! നിശ്ചയമായും നീ ഉദ്ദേശിക്കുന്നവരെ നീ നേരായ പാതയിലേക്ക് വഴി കാട്ടുന്നതാണ്. (മു: ദാ: ബ.) ഏതാണ്ട് ഇതുപോലെയുള്ള വേറെയും ഹദീഥുകൾ കാണാം.

وَلَوْ أَنَّ لِلَّذِينَ ظَلَمُوا۟ مَا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦ مِن سُوٓءِ ٱلْعَذَابِ يَوْمَ ٱلْقِيَـٰمَةِ ۚ وَبَدَا لَهُم مِّنَ ٱللَّهِ مَا لَمْ يَكُونُوا۟ يَحْتَسِبُونَ ﴿٤٧﴾

﴾47﴿ അക്രമം പ്രവർത്തിച്ചവർക്ക് ഭൂമിയിലുള്ളത് മുഴുവനും, അതോടു കൂടി അതിന്റെ അത്രയുംകൂടി ഉണ്ടായിരുന്നാലും, ക്വിയാമത്ത്നാളിൽ, കടുത്ത ശിക്ഷനിമിത്തം അവരത്(മുഴുവനും) തെണ്ടം കൊടുത്തേക്കുന്നതാണ്. അവർ കണക്ക് കൂട്ടിയിട്ടില്ലാത്ത (പലതും) അല്ലാഹുവിങ്കൽ നിന്ന് അവർക്ക് വെളിവാകുകയും ചെയ്യും.

وَبَدَا لَهُمْ سَيِّـَٔاتُ مَا كَسَبُواْ وَحَاقَ بِهِم مَّا كَانُواْ بِهِۦ يَسْتَهْزِءُونَ ﴿٤٨﴾

﴾48﴿ അവർ സമ്പാദിച്ചുവെച്ചതിന്റെ തിൻമകളും അവർക്ക് വെളിപ്പെടും: അവർ യാതൊന്നിനെക്കുറിച്ച് പരിഹാസം കൊണ്ടിരുന്നുവോ അത് അവരിൽ (വന്ന്)വലയം ചെയ്യുകയും ചെയ്യും.

﴾47﴿ وَلَوْأَنَّ ഉണ്ടായിരുന്നുവെങ്കിൽ لِلَّذِينَ ظَلَمُوا അക്രമം പ്രവർത്തിച്ചവർക്ക് مَافِي الْأَرْضِ ഭൂമിയിലുള്ളത് جَمِيعًا മുഴുവനും وَمِثْلَهُ അതിന്റെ അത്രയും مَعَهُ അതോടുകൂടി لَافْتَدَوْا بِهِ അവരത് തെണ്ടം കൊടുക്കുന്നതാണ് (അത് കൊടുത്തു മോചനം തേടും) مِنْ سُوءِ الْعَذَابِ ശിക്ഷയുടെ കെടുതി (കഠിന ശിക്ഷ) നിമിത്തം يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ وَبَدَا لَهُمْ അവർക്ക് വെളിവാകുക (വ്യക്തമാകുക)യും ചെയ്യും مِنَ اللَّهِ അല്ലാഹുവിങ്കൽനിന്ന് مَالَمْ يَكُونُوا അവർ ആയിരുന്നില്ലാത്തത് يَحْتَسِبُونَ കണക്കാക്കുക, വിചാരിക്കും. ﴾48﴿ وَبَدَا لَهُمْ അവർക്ക് വെളിവാകുകയും ചെയ്യും سَيِّئَاتُ തിൻമകൾ (കെടുതികൾ) مَا كَسَبُوا അവർ സമ്പാദിച്ച(പ്രവർത്തിച്ച)തിന്റെ وَحَاقَ بِهِمْ അവരിൽ(വന്നു) വലയം ചെയ്കയും ചെയ്യും مَا യാതൊന്ന് كَانُوا بِهِ അതിനെക്കുറിച്ച് അവരായിരുന്നു يَسْتَهْزِئُونَ പരിഹാസം കൊള്ളും.

അക്രമികൾക്ക് അവരുടെ പ്രവർത്തന ഫലമായി പരലോകത്തുവെച്ച് കഠിന ശിക്ഷ അനുഭവപ്പെടുമ്പോൾ, അതിൽ നിന്ന് മോചനം ലഭിക്കുവാൻ വേണ്ടി എന്തുപോലും തെണ്ടം കൊടുത്തു രക്ഷനേടുവാൻ അവർ തയ്യാറായിരിക്കും. പക്ഷേ, ഫലമെന്ത് ?! തങ്ങൾക്ക് ഊഹിക്കുവാൻപോലും കഴിഞ്ഞിരുന്നില്ലാത്ത കഠിനകഠോരങ്ങളായ ശിക്ഷകളായിരിക്കും അവിടെ അനുഭവപ്പെടുക. മുമ്പവർക്ക് അനുമാനിക്കുവാൻ പോലും കഴിയാതിരുന്ന പല യാഥാർത്ഥ്യങ്ങളും അവർക്ക് വ്യക്തമാകുകയും ചെയ്യും. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ, ആമീൻ. മിക്ക മനുഷ്യരിലും കാണപ്പെടുന്ന ഒരു പൊതു സ്വഭാവം അടുത്ത ആയത്തിൽ അല്ലാഹു വിവരിക്കുന്നു:

فَإِذَا مَسَّ ٱلْإِنسَـٰنَ ضُرٌّ دَعَانَا ثُمَّ إِذَا خَوَّلْنَـٰهُ نِعْمَةً مِّنَّا قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلْمٍۭ ۚ بَلْ هِىَ فِتْنَةٌ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٤٩﴾

﴾49﴿ എന്നാൽ, മനുഷ്യനെ വല്ല ഉപദ്രവവും സ്പർശിച്ചാൽ അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്. പിന്നീട് നമ്മുടെ പക്കൽനിന്ന് വല്ല അനുഗ്രഹവും നാം അവന് (ദാനമായി) അധീനപ്പെടുത്തിക്കൊടുത്താൽ അവൻ പറയും: നിശ്ചയമായും, ഇതെനിക്ക് നൽകപ്പെട്ടിരിക്കുന്നത് (തക്കതായ) അറിവോടെത്തന്നെയാണ് എന്ന് ! പക്ഷേ, അതൊരു പരീക്ഷണമാകുന്നു. എങ്കിലും, അവ

രിൽ അധികമാളും അറിയുന്നില്ല.

﴿49﴾ فَإِذَا مَسَّ എന്നാൽ ബാധിച്ചാൽ, തൊട്ടാൽ, സ്പർശിച്ചാൽ الْإِنسَانَ മനുഷ്യനെ ضُرٌّ വല്ല ഉപദ്രവവും دَعَانَا അവൻ നമ്മെ വിളിക്കും ثُمَّ പിന്നീട് إِذَا خَوَّلْنَاهُ അവന്ന് നാം അധീനമാക്കി (ദാനമായി)കൊടുത്താൽ نِعْمَةً مِّنَّا നമ്മിൽ നിന്ന് വല്ല അനുഗ്രഹവും قَالَ അവൻ പറയും إِنَّمَا أُوتِيتُهُ നിശ്ചയമായും അതെനിക്ക് നൽകപ്പെട്ടിരിക്കുന്നു عَلَىٰ عِلْمٍ അറിവോടെത്തന്നെ, അറിവുള്ളതിന്റെ പേരിൽ بَلْ هِيَ പക്ഷേ അത് فِتْنَةٌ ഒരു പരീക്ഷണമാണ് وَلَٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികമാളുകളും لَا يَعْلَمُونَ അവർ അറിയുന്നില്ല.

عَلَىٰ عِلْمٍ (അറിവോടെത്തന്നെ) എന്ന വാക്കിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെടാവുന്നതാണ്. (1) എനിക്ക് വേണ്ടത്ര അറിവും സാമർത്ഥ്യവും ഉള്ളതാണ് ഇത് ലഭിക്കുവാൻ കാരണം എന്നും (2) അല്ലാഹുവിന് എന്റെ അർഹതയെക്കുറിച്ച് ശരിക്ക് അറിയുന്നതുകൊണ്ടാണിത് ലഭിച്ചത് എന്നും. തത്വത്തിൽ രണ്ടും ഒന്നുതന്നെ. ആപത്തും വിഷമവും വരുമ്പോൾ വിനയവും ഭക്തിയും പ്രദർശിപ്പിക്കുകയും, സുഖസൗകര്യങ്ങൾ ലഭിക്കുമ്പോൾ അതെല്ലാം തങ്ങളുടെ യോഗ്യതകൊണ്ട് സിദ്ധിച്ചതാണെന്ന് അഹങ്കരിക്കുകയും ചെയ്യുമെന്ന് സാരം. ഇത് അല്ലാഹുവിനോടുള്ള നന്ദികേടാണെന്ന് മാത്രമല്ല; ധിക്കാര ബുദ്ധിയും കൂടിയാണല്ലോ. ഇതിന്റെ അനന്തരഫലം അല്ലാഹു പറയുന്നത് നോക്കുക:

قَدْ قَالَهَا ٱلَّذِينَ مِن قَبْلِهِمْ فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٥٠﴾

﴿50﴾ ഇവരുടെ മുമ്പുള്ളവർ ഇത് [ഇങ്ങിനെയുള്ള വാക്ക്] പറയുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവർ സമ്പാദിച്ചുവെച്ചിരുന്നത് അവർക്ക് പ്രയോജനപ്പെട്ടില്ല.

فَأَصَابَهُمْ سَيِّـَٔاتُ مَا كَسَبُوا۟ ۚ وَٱلَّذِينَ ظَلَمُوا۟ مِنْ هَٰٓؤُلَآءِ سَيُصِيبُهُمْ سَيِّـَٔاتُ مَا كَسَبُوا۟ وَمَا هُم بِمُعْجِزِينَ ﴿٥١﴾

﴿51﴾ അങ്ങനെ, അവർ സമ്പാദിച്ചതിന്റെ തിൻമകൾ അവർക്ക് ബാധിച്ചു. (അതുപോലെ) ഇക്കൂട്ടരിൽ നിന്നും അക്രമം പ്രവർത്തിച്ചിട്ടുള്ളവരാകട്ടെ, തങ്ങൾ സമ്പാദിച്ചുവെച്ചിട്ടുള്ളതിന്റെ തിൻമകൾ അവർക്കും അടുത്ത് ബാധിക്കുന്നതാകുന്നു;അവർ (അല്ലാഹുവിനെ പരാജയപ്പെടുത്തി) അസാധ്യമാക്കുന്നവരല്ലതാനും

أَوَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ

﴿52﴾ അവർക്കറിഞ്ഞുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുകയും, (ഉദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കുകയും ചെയ്യുന്നു

لَأٓيَٰتٖ لِّقَوۡمٖ يُؤۡمِنُونَ ﴿٥٢﴾

വെന്ന്?! നിശ്ചയമായും അതിൽ വിശ്വസിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

﴾50﴿ قَدْ قَالَهَا അത് പറയുകയുണ്ടായിട്ടുണ്ട് الَّذِينَ യാതൊരു കൂട്ടർ مِنْ قَبْلِهِمْ അവ
രുടെ (ഇവരുടെ) മുമ്പുള്ള فَمَا أَغْنَىٰ എന്നിട്ട് പ്രയോജനപ്പെട്ടില്ല, ഐശ്വര്യമാക്കിയില്ല
عَنْهُمْ അവർക്ക് مَا كَانُوا يَكْسِبُونَ അവർ സമ്പാദിച്ചു (പ്രവർത്തിച്ചു)കൊണ്ടിരുന്നത് ﴾51﴿
فَأَصَابَهُمْ അങ്ങനെ അവർക്ക് ബാധിച്ചു سَيِّئَاتُ مَا യാതൊന്നിന്റെ കെടുതികൾ كَسَبُوا
അവർ സമ്പാദിച്ച, പ്രവർത്തിച്ച وَالَّذِينَ ظَلَمُوا അക്രമം, ചെയ്തവരാകട്ടെ مِنْ هَٰؤُلَاءِ ഇക്കൂ
ട്ടരിൽ നിന്ന് سَيُصِيبُهُمْ ഉടനെ അവർക്ക് ബാധിക്കും سَيِّئَاتُ കെടുതി(തിന്മ)കൾ مَا كَسَبُوا
അവർ സമ്പാദിച്ചതിന്റെ وَمَا هُمْ അവരല്ലതാനും بِمُعْجِزِينَ അസാധ്യമാക്കുന്നവർ ﴾52﴿
أَوَلَمْ يَعْلَمُوا അവർക്കറിഞ്ഞുകൂടേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു يَبْسُطُ വിശാലമാക്കു
ന്നു(എന്ന്) الرِّزْقَ ഉപജീവനം, ആഹാരം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ
അവൻ കുടുസ്സാക്കുക(കണക്കാക്കുക)യും ചെയ്യും إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട്
لَآيَاتٍ ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ വിശ്വസിക്കുന്ന

ഈ വചനത്തിന്റെ ആശയം സു: സബഉ് 39-ലും മറ്റും വിവരിക്കപ്പെട്ടിട്ടുള്ളതാണ്. എനി കൂടുതൽ ആവർത്തിക്കേണ്ടതില്ല. അവിശ്വാസികളെ സംബന്ധിച്ച പല താക്കീതുകളും, ആക്ഷേപങ്ങളുമായിരുന്നു കഴിഞ്ഞ കുറെ ആയത്തുകളിലെ പ്രതിപാദ്യവിഷയങ്ങൾ. തുടർന്നുള്ള ചില വചനങ്ങളിൽ അല്ലാഹു സത്യവിശ്വാസികൾക്ക് ആശ്വാസവും ആവേശവും നൽകുന്നു:

വിഭാഗം - 6

۞ قُلۡ يَٰعِبَادِيَ ٱلَّذِينَ أَسۡرَفُواْ عَلَىٰٓ أَنفُسِهِمۡ لَا تَقۡنَطُواْ مِن رَّحۡمَةِ ٱللَّهِۚ إِنَّ ٱللَّهَ يَغۡفِرُ ٱلذُّنُوبَ جَمِيعًاۚ إِنَّهُۥ هُوَ ٱلۡغَفُورُ ٱلرَّحِيمُ ﴿٥٣﴾

﴾53﴿ (നബിയേ, എന്റെ അടിയാന്മാരോട് ഞാൻ പ്രസ്താവിച്ചതായി)പറയുക: തങ്ങളുടെ (സ്വന്തം) ആത്മാക്കളോട് അതിര് കവിഞ്ഞു പോയിട്ടുള്ള എന്റെ അടിയാന്മാരേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ടു പോകരുത്! നിശ്ചയമായും അല്ലാഹു പാപങ്ങളെ മുഴുവനും പൊറുക്കുന്നതാകുന്നു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ

﴾53﴿ قُلْ നീ പറയുക يَا عِبَادِيَ എന്റെ അടിയാന്മാരേ الَّذِينَ أَسْرَفُوا അതിരു കവിഞ്ഞ
വരായ عَلَىٰ أَنْفُسِهِمْ തങ്ങളുടെ ആത്മാക്കളോട് لَا تَقْنَطُوا നിങ്ങൾ നിരാശപ്പെടരുത്, ആശ

മുറിയരുത് مِن رَّحْمَةِ اللَّهِ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يَغْفِرُ الذُّنُوبَ അവൻ പാപങ്ങൾ പൊറുക്കും جَمِيعًا മുഴുവൻ إِنَّهُ هُوَ തീർച്ച യായും അവൻ തന്നെ الْغَفُورُ വളരെ പൊറുക്കുന്നവൻ الرَّحِيمُ കരുണാനിധി

അതിമഹത്തായ ഒരു സന്തോഷവാർത്ത! അത്യുദാരമായ ഒരു വാഗ്ദാനം! കുറ്റങ്ങളും പാപങ്ങളും വഴി അവനവനുതന്നെ നാശം വരുത്തിവെക്കുന്ന ആളുകളിൽ അത് പ്രഖ്യാപനം ചെയ്‌വാൻ പരമകാരുണികനായ അല്ലാഹു നബി തിരുമേനിയോട് കൽപിക്കുകയാണ്. അതിലെ ഓരോ വാക്കും ഒന്ന് പരിശോധിച്ചുനോക്കുക!

يَا عِبَادِيَ (എന്റെ അടിയാന്മാരേ) എന്ന കാരുണ്യത്തിന്റെ സംജ്ഞ നൽകിക്കൊണ്ടാണ് അല്ലാഹു അവരെ വിളിക്കുന്നത്. ഏതു മഹാ പാപിക്കും ആശ്വാസം നൽകുന്നതും അകം നിറഞ്ഞ ആവേശത്തോടുകൂടി സ്വയം പശ്ചാത്തപിച്ചു പിൻമടങ്ങുവാൻ പ്രേരിപ്പിക്കുന്നതുമായ ഒരു മുഖവുരയോടുകൂടിയാണ് അവരെ അത് കേൾപിക്കുന്നതും. അതെ, لَا تَقْنَطُوا مِن رَّحْمَةِ اللَّهِ (നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ടുപോകരുത്) എന്ന്!. തുടർന്നുകൊണ്ട് അവരെ അറിയിക്കുന്നതോ?! നിശ്ചയമായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. (إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا) പാപങ്ങൾ പൊറുക്കുന്നതിൽ യാതൊരു പിശുക്കും അവന്നില്ല. അത്രയുമല്ല, അതവന് വളരെ ഇഷ്ടവും കൂടിയാണ്. അവന്റെ അടിയാന്മാർക്ക് പാപമോചനം നൽകുവാനും, കരുണ ചെയ്‌വാനും അവനല്ലാതെ മറ്റാരാണുള്ളത്?! ആരും ഇല്ല. إِنَّهُ هُوَ الْغَفُورُ الرَّحِيمُ (നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയും) എത്ര മഹത്തായ സന്തോഷവാർത്ത!

ഒരു ആയത്തിൽ അല്ലാഹു പറയുന്നു: എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കയാണ്. (وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ – الاعراف :١٥٦) അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തിന്റെ നൂറിൽ ഒരംശം മാത്രമേ ഈ ഭൂമിയിലേക്ക് അവൻ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളൂവെന്നും, ആ ഒരംശം നിമിത്തമാണ് ഈ ഭൂമുഖത്തുള്ള വസ്തുക്കളെല്ലാം പരസ്പരം കാണിക്കുന്ന ദയയെന്നും ബാക്കി തൊണ്ണൂറ്റി ഒമ്പതു ഭാഗവും കിയാമത്തുനാളിൽ അല്ലാഹു പ്രത്യക്ഷപ്പെടുത്തുമെന്നും നബി ﷺ അരുളിച്ചെയ്യുന്ന ഒരു ഹദീഥ് ഇമാം ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ കാരുണ്യത്തിലും ദയവിലും നിരാശപ്പെടുവാൻ ഒരു സത്യവിശ്വാസിക്കും പാടില്ലാത്തതാകുന്നു. അത് അല്ലാഹുവിനെക്കുറിച്ചുള്ള തെറ്റായ ധാരണകളിൽ നിന്ന് ഉളവാകുന്നതും, സ്വന്തം ഭാവിയെ അപകടത്തിലാക്കുന്നതുമാകുന്നു. അതുകൊണ്ടാണ് ഇബ്റാഹീം നബി (അ) ഇങ്ങിനെ പറഞ്ഞത്: وَمَن يَقْنَطُ مِن رَّحْمَةِ رَبِّهِ إِلَّا الضَّالُّونَ – الحجر : ٥٦ (ആരാണ് തന്റെ റബ്ബിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുക-വഴിപിഴച്ചവരല്ലാതെ?!) യഅ്ക്വൂബ് നബി (അ) പറഞ്ഞു: إِنَّهُ لَا يَيْأَسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ – يوسف : ٨٧ (അല്ലാഹുവിൽ നിന്നുള്ള ആശ്വാസത്തെക്കുറിച്ച് അവിശ്വാസികളല്ലാതെ ആശ മുറിയുന്നതല്ല) അല്ലാഹു പറഞ്ഞതായി നബി ﷺ ഇങ്ങിനെ ഉദ്ധരിക്കുന്നു: انا عند ظن عبدي بي - متفق (എന്റെ അടിയാൻ എന്നെപ്പറ്റി ധരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ. (ബു; മു.)

അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുവാൻ പാടില്ലെന്നും, എല്ലാ പാപങ്ങളും അവൻ പൊറുക്കുമെന്നും പറഞ്ഞതുകൊണ്ട് ഓരോരുത്തനും ഇഷ്ടംപോലെ പാപം ചെയ്യാമെന്നോ, ചെയ്തു കഴിഞ്ഞ പാപങ്ങളെക്കുറിച്ച് ഒന്നും ഭയപ്പെടേണ്ടതില്ലെന്നോ അതിനർത്ഥമില്ല. അത് കേവലം മൗഢ്യവും ധിക്കാരവുമത്രെ. എന്തുതന്നെ തെറ്റുകുറ്റങ്ങൾ ഒരാൾ ചെയ്തുപോയിട്ടുണ്ടെങ്കിലും അവന് നിരാശക്ക് അവകാശമില്ല. അവൻ പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും ചെയ്താൽ അല്ലാഹു അതെല്ലാം വിട്ടുകൊടുത്തു മാപ്പ് നൽകും എന്നത്രെ ആ പറഞ്ഞതിന്റെ ഉദ്ദേശ്യം. മാത്രമല്ല, പശ്ചാത്തപിക്കുന്നവർക്ക് മാപ്പ് നൽകുന്നതിൽ അല്ലാഹുവിന് യാതൊരു വൈമനസ്യമോ പിശുക്കോ ഇല്ല; അതവന് വളരെ ഇഷ്ടവും കൂടിയാണ്താനും. മനുഷ്യൻ പശ്ചാത്തപിച്ചു മടങ്ങുന്നതിൽ അല്ലാഹുവിനുള്ള സന്തോഷത്തിന്റെ ആധിക്യത്തെ ഒരു ഉദാഹരണത്തിലൂടെ നബിﷺ ഒരു ഹദീഥിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു: 'ഒരാളുടെ വാഹനമായ ഒട്ടകം ഒരു മരുഭൂമിയിൽവെച്ച് വിറളിയെടുത്തു ഓടിപ്പോയി. അവന്റെ ഭക്ഷണപാനീയങ്ങളെല്ലാം അതിന്റെ പുറത്തായിരുന്നു. അവൻ നിരാശയോടും ക്ഷീണത്തോടുംകൂടി ഒരു മരത്തണലിൽ അഭയം തേടി. (ഒട്ടകത്തെ കണ്ടുകിട്ടാത്തപക്ഷം അവന്റെ ഭാവി അപകടത്തിലാണല്ലോ) അങ്ങനെയിരിക്കെ, പെട്ടെന്ന് ആ കാണാതായ വാഹനം അതിന്റെ പുറത്തുള്ള സാധനങ്ങളോടുകൂടി മുമ്പിൽ പ്രത്യക്ഷപ്പെടുകയും തന്റെ ഹിതത്തിന് വഴങ്ങുകയും ചെയ്തു. അപ്പോൾ ആ വാഹനക്കാരൻ സന്തോഷാധിക്യം നിമിത്തം മതിമറന്നു അബദ്ധത്തിൽ ഇങ്ങിനെ പറഞ്ഞുപോയി: അല്ലാഹുവേ, നീ എന്റെ അടിമയാണ്, ഞാൻ നിന്റെ രക്ഷിതാവും. ഈ മനുഷ്യനുണ്ടാകുന്ന സന്തോഷത്തെക്കാൾ കൂടുതൽ സന്തോഷമായിരിക്കും അല്ലാഹുവിന്റെ അടിയാൻ പശ്ചാത്തപിച്ചു മടങ്ങുന്നതിൽ അല്ലാഹുവിനുള്ള സന്തോഷം'. (كما في مسلم) ഏതൊരു പാപത്തിൽനിന്നും പശ്ചാത്തപിച്ചു മടങ്ങുന്നത് മരണം വന്നെത്തുന്നതിന് മുമ്പായിരിക്കേണ്ടതുണ്ട്. മരണവേളയിലെ പശ്ചാത്താപം സ്വീകാര്യമായിരിക്കയില്ല, അല്ലാഹു പറയുന്നു:

إِنَّمَا التَّوْبَةُ عَلَى اللَّهِ لِلَّذِينَ يَعْمَلُونَ السُّوءَ بِجَهَالَةٍ ثُمَّ يَتُوبُونَ مِن قَرِيبٍ فَأُولَـٰئِكَ يَتُوبُ اللَّهُ عَلَيْهِمْ وَكَانَ اللَّهُ عَلِيماً حَكِيماً ٥ وَلَيْسَتِ التَّوْبَةُ لِلَّذِينَ يَعْمَلُونَ السَّيِّئَاتِ حَتَّى إِذَا حَضَرَ أَحَدَهُمُ الْمَوْتُ قَالَ إِنِّي تُبْتُ الآنَ وَلاَ الَّذِينَ يَمُوتُونَ وَهُمْ كُفَّارٌ أُولَـٰئِكَ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا – النساء: ١٧، ١٨

(സാരം : വിഡ്ഢിത്തത്തിൽ തിന്മ പ്രവർത്തിക്കുകയും, പിന്നീട് ഉടനെ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നവർക്ക് മാത്രമേ തൗബഃ (പശ്ചാത്താപം സ്വീകരിക്കൽ)അല്ലാഹുവിന്റെ മേൽ ബാധ്യതയുള്ളൂ. അക്കൂട്ടരിൽ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നതാണ്. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു. മരണം ആസന്നമാകുന്നതുവരെ തിൻമകൾ പ്രവർത്തിച്ചുകൊണ്ടിരുന്നിട്ട് അന്നേരം, ഞാനിപ്പോൾ ഖേദിച്ചു മടങ്ങി എന്ന് പറയുന്നവർക്കും, അവിശ്വാസികളായുംകൊണ്ട് മരണമടയുന്നവർക്കും അല്ല തൗബഃയുള്ളത്. അക്കൂട്ടർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു (സൂ: നിസാഉ് 17, 18)

സൂ: നിസാഇലെ ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത മൂന്നാമതൊരു തരക്കാരുടെ കാര്യം അവശേഷിക്കുന്നതായി കാണാം. അതായത്, വിഡ്ഢിത്തത്തിലല്ലാതെ ദേഹേച്ഛകൾക്കും മറ്റും വശംവദരായിക്കൊണ്ടും, കൽപിച്ചുകൂട്ടിയും–അക്രമങ്ങളും പാപ

ങ്ങളും ചെയ്തുകൊണ്ടിരിക്കുകയും അവയെപ്പറ്റി ഖേദിച്ചുമടങ്ങാതിരിക്കുകയും ചെയ്ത വർ. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് ഇവിടെ സ്വന്തം ആത്മാക്കളോട് അതിരു കവി ഞ്ഞവർ (الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ) എന്നു പറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടിയി രിക്കുന്നു. അവരെ അഭിമുഖീകരിച്ചുകൊണ്ടാണ് അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുതെന്നും, എല്ലാ പാപങ്ങളും അല്ലാഹു പൊറുക്കുമെന്നും പറയു ന്നതും, സൂ: നിസാഇലെ ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ട രണ്ട് തരക്കാരിലും – പശ്ചാത്താപം സ്വീകരിക്കൽ ഒരു ബാധ്യതയായി അല്ലാഹു ഏറ്റെടുത്തിട്ടുള്ളവരിലും, പശ്ചാത്താപം സ്വീകരിക്കുകയില്ലെന്ന് അല്ലാഹു തീർത്തു പറഞ്ഞിട്ടുള്ളവരിലും–ഇവർ ഉൾപ്പെടുന്നില്ലെന്ന് സ്പഷ്ടമാണല്ലോ. ചുരുക്കത്തിൽ, പാപങ്ങളുടെ പെരുപ്പമോ കാഠി ന്യമോ നിമിത്തം ആരും നിരാശപ്പെടേണ്ടതില്ല. വന്നുപോയതിനെപ്പറ്റി പാപമോചനം തേടി ഖേദിച്ചു മടങ്ങുന്ന പക്ഷം നിശ്ചയമായും അല്ലാഹു പൊറുത്തുകൊടുക്കും എന്ന് താൽപര്യം.

'നിങ്ങൾ ആകാശഭൂമികൾ നിറക്കുമാറ് തെറ്റുകുറ്റങ്ങൾ ചെയ്താലും, പിന്നീട് നിങ്ങൾ അല്ലാഹുവിനോട് പാപമോചനം തേടിയാൽ അവൻ നിങ്ങൾക്ക് പൊറുത്തുതരും' (لو اخطاتم حتي تملأ خطايا كم مابين السماء و الارض ثم استغفر تم الله لغفر لكم الخ- احمد) എന്നതുപോലെയുള്ള നബിവചനങ്ങളും ഇതാണ് ചൂണ്ടിക്കാട്ടുന്നത്. എന്നാൽ, എല്ലാ പശ്ചാത്താപവും മരണം ആസന്നമാകുന്നതിന് മുമ്പായിരുന്നെങ്കിൽ മാത്രമേ അത് സ്വീകാ ര്യമാവുകയുള്ളൂ. അതിന് മുമ്പായി ഖേദിച്ചു മടങ്ങാത്ത പാപങ്ങളെ അവന്റെ ദയവു കൊണ്ടുമാത്രം പൊറുത്തുകൊടുത്തെങ്കിൽ ഭാഗ്യമെന്നല്ലാതെ, മറ്റൊരു പ്രതീക്ഷക്കും അവകാശമില്ലതന്നെ. കുഫ്ർ, ശിർക്ക് (അവിശ്വാസം, ബഹുദൈവവിശ്വാസം) എന്നീ പാപങ്ങളാകട്ടെ, സത്യവിശ്വാസം സ്വീകരിക്കുക വഴി മരണത്തിന് മുമ്പ് ബോധാവസ്ഥ യിൽ തന്നെ അതിൽ നിന്ന് വിരമിക്കാത്ത പക്ഷം അവ അല്ലാഹു ഒരിക്കലും പൊറുക്കു ന്നതല്ലെന്നും, സത്യവിശ്വാസത്തോടുകൂടിയല്ലാത്ത സൽക്കർമങ്ങളെ അല്ലാഹു സ്വീക രിക്കുന്നതല്ലെന്നും ഖുർആൻ ആവർത്തിച്ചു പ്രസ്താവിക്കാറുള്ളതാണ്. സൂ: നിസാഇ് 116–ൽ അല്ലാഹു പറയുന്നത് കാണുക :

إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ وَمَن يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلَالًا بَعِيدًا

– النساء : 116

(നിശ്ചയമായും അല്ലാഹു അവനോട് പങ്ക്ചേർക്കപ്പെടുന്നത് പൊറുക്കുകയില്ല. അത ല്ലാത്തത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുത്തേക്കും. അല്ലാഹുവി നോട് ആർ പങ്ക് ചേർക്കുന്നുവോ അവൻ തീർച്ചയായും വിദൂരമായ വഴിപിഴവ് പിഴച്ചു പോയി) അല്ലാഹു നമ്മുടെ പാപങ്ങൾ പൊറുത്തുതരുകയും, അവന്റെ വിശാലമായ കാരുണ്യം സിദ്ധിക്കുന്ന ഭാഗ്യവാൻമാരിൽ നമ്മെ ഉൾപ്പെടുത്തുകയും ചെയ്യട്ടെ. ആമീൻ.

وَأَنِيبُوٓا۟ إِلَىٰ رَبِّكُمْ وَأَسْلِمُوا۟ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

54 നിങ്ങളുടെ രക്ഷിതാവി ങ്കലേക്ക് നിങ്ങൾ (വിനയപ്പെട്ട്) മടങ്ങു കയും, അവനു കീഴൊതുങ്ങുകയും ചെയ്യുവിൻ–നിങ്ങൾക്ക് ശിക്ഷ വരുന്ന തിനു മുമ്പായി.(അത് വന്നാൽ) പിന്നെ, നിങ്ങൾക്ക് സഹായം ലഭിക്കുകയില്ല.

وَٱتَّبِعُوٓاْ أَحۡسَنَ مَآ أُنزِلَ إِلَيۡكُم مِّن رَّبِّكُم مِّن قَبۡلِ أَن يَأۡتِيَكُمُ ٱلۡعَذَابُ بَغۡتَةً وَأَنتُمۡ لَا تَشۡعُرُونَ ﴿٥٥﴾

﴾55﴿ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ നല്ലതിനെ നിങ്ങൾ പിൻപറ്റുകയും ചെയ്യുവിൻ-നിങ്ങൾ അറിയാത്ത നിലയിൽ പെട്ടെന്ന് ശിക്ഷ നിങ്ങൾക്ക് വന്നെത്തുന്നതിന് മുമ്പായി.

﴾54﴿ وَأَنِيبُوا നിങ്ങൾ മടങ്ങുക(വിനയപ്പെടുക, ഭക്തിപ്പെടുക)യും ചെയ്യുവിൻ إِلَىٰ رَبِّكُمْ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് وَأَسْلِمُوا നിങ്ങൾ കീഴൊതുങ്ങുക (അനുസരണം കാണിക്കുക)യും ചെയ്യുവിൻ لَهُ അവന്ന്, അവനിലേക്ക് مِن قَبْلِ മുമ്പായി أَن يَأْتِيَكُمُ നിങ്ങൾക്ക് വരുന്നതിന് الْعَذَابُ ശിക്ഷ ثُمَّ പിന്നെ لَا تُنصَرُونَ നിങ്ങൾ സഹായിക്കപ്പെടുകയില്ല. ﴾55﴿ وَاتَّبِعُوا നിങ്ങൾക്ക് പിൻപറ്റുകയും ചെയ്യുവിൻ أَحْسَنَ مَا യാതൊന്നിൽ നല്ലതിനെ أُنزِلَ إِلَيْكُم നിങ്ങൾക്ക് ഇറക്കപ്പെട്ട مِّن رَّبِّكُم നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് مِّن قَبْلِ أَن يَأْتِيَكُمُ നിങ്ങൾക്ക് വരുന്നതിന് മുമ്പ് الْعَذَابُ ശിക്ഷ بَغْتَةً പെട്ടെന്ന്, യാദൃശ്ചികമായി وَأَنتُمْ നിങ്ങൾ لَا تَشْعُرُونَ അറിയാത്ത നിലയിൽ

അല്ലാഹുവിങ്കൽ നിന്ന് കാരുണ്യവും പാപമോചനവും ലഭിക്കുന്നതിനുള്ള ഉപാധികൾ ഈ വചനങ്ങളിൽ അല്ലാഹു എടുത്തു കാട്ടുന്നു :

1) മാനസാന്തരപ്പെട്ടുകൊണ്ടും, ഭയഭക്തിയോടുകൂടിയും അല്ലാഹുവിങ്കലേക്ക് മടങ്ങുക

2) അവന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അവന് കീഴ്പ്പെട്ടു ജീവിക്കുക

3) അവന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു അതനുസരിച്ച് വർത്തിച്ചു പോരുക, ഇവയാണത്.

അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതെല്ലാം നല്ലതുതന്നെയായിരിക്കുമെന്നതിൽ സംശയമില്ല. എങ്കിലും വ്യക്തിയുടെയോ, പരിതഃസ്ഥിതിയോടെയോ, സന്ദർഭത്തിന്റെയോ വ്യത്യാസമനുസരിച്ച് ചിലപ്പോൾ അവയിൽ ചിലത് നന്മയിൽ ഏറ്റക്കുറവും വ്യത്യാസവും ഉള്ളതായെന്നു വരാം. രണ്ടുപ്രകാരത്തിൽ അനുഷ്ഠിക്കുന്നതിന് വിരോധമില്ലാത്ത ഒരു കാര്യം അവയിൽ കൂടുതൽ ഗുണകരമായത് എപ്രകാരമായിരിക്കുമോ അപ്രകാരം ചെയ്യുക. കൂടുതൽ സൂക്ഷ്മവും സംശയരഹിതവുമായിട്ടുള്ളതേതോ അത് സ്വീകരിക്കുക, എന്നിങ്ങിനെ സ്വന്തം ഗുണവും പൊതു നന്മയും ഗൗനിച്ചുകൊണ്ട് അല്ലാഹുവിന്റെ നിയമങ്ങളും ഉപദേശങ്ങളും പിൻപറ്റുന്നതിനെ ഉദ്ദേശിച്ചായിരിക്കാം وَاتَّبِعُوا أَحْسَنَ مَا أُنزِلَ إِلَيْكُم(നിങ്ങൾക്ക് ഇറക്കപ്പെട്ടതിൽ നല്ലതിനെ പിൻപറ്റുവിൻ) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിനറിയാം.

أَن تَقُولَ نَفْسٌ يَـٰحَسْرَتَىٰ عَلَىٰ مَا فَرَّطتُ فِى جَنۢبِ ٱللَّهِ وَإِن كُنتُ لَمِنَ ٱلسَّـٰخِرِينَ ﴿٥٦﴾

﴿56﴾ വല്ല ആളും പറഞ്ഞേക്കുമെന്നതിനാൽ (അഥവാ പറയാതിരിക്കുവാൻ വേണ്ടി) ഹാ! അല്ലാഹുവിന്റെ പക്ഷത്ത് (ചെയ്യേണ്ടുന്ന കടമയിൽ) ഞാൻ വീഴ്ചവരുത്തിയതിൽ എന്റെ സങ്കടമേ ! നിശ്ചയമായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽ ആയിപ്പോയല്ലോ!

أَوْ تَقُولَ لَوْ أَنَّ ٱللَّهَ هَدَىٰنِى لَكُنتُ مِنَ ٱلْمُتَّقِينَ ﴿٥٧﴾

﴿57﴾ അല്ലെങ്കിൽ (ഒരാൾ ഇങ്ങിനെ) പറഞ്ഞേക്കുമെന്നതിനാൽ : (ഹാ!) അല്ലാഹു എന്നെ സൻമാർഗത്തിലാക്കിയിരുന്നുവെങ്കിൽ, ഞാൻ സൂക്ഷ്മതയുള്ളവരിൽ പെട്ടവനാകുമായിരുന്നുവല്ലോ!

أَوْ تَقُولَ حِينَ تَرَى ٱلْعَذَابَ لَوْ أَنَّ لِى كَرَّةً فَأَكُونَ مِنَ ٱلْمُحْسِنِينَ ﴿٥٨﴾

﴿58﴾ അല്ലെങ്കിൽ ശിക്ഷ കാണുന്ന സമയത്ത് (ഇങ്ങിനെ)പറഞ്ഞേക്കുമെന്നതിനാൽ: എനിക്ക് ഒരു (ഒറ്റ)മടക്കം കിട്ടിയിരുന്നെങ്കിൽ ! എന്നാൽ, ഞാൻ സുകൃതവാന്മാരിൽ പെട്ടവനാകുമായിരുന്നുവല്ലോ!

﴿56﴾ أَن تَقُولَ പറഞ്ഞേക്കുന്നതിനാൽ (പറയാതിരിക്കുവാൻ) نَفْسٌ വല്ല ആത്മാവും (ഓരോ ആളും, ദേഹം) يَا حَسْرَتَى എന്റെ സങ്കടമേ (കഷ്ടമേ) عَلَىٰ مَا فَرَّطتُ ഞാൻ വീഴ്ചവരുത്തിയതിൽ فِي جَنبِ اللَّهِ അല്ലാഹുവിന്റെ പക്ഷത്ത് (കാര്യത്തിൽ) وَإِن كُنتُ നിശ്ചയമായും ഞാൻ ആയിരിക്കുന്നു لَمِنَ السَّاخِرِينَ കളിയാക്കുന്ന (പരിഹസിക്കുന്ന)വരിൽപെട്ട(വൻ) ﴿57﴾ أَوْ تَقُولَ അല്ലെങ്കിൽ അത് പറയുന്നതിനാൽ لَوْ أَنَّ اللَّهَ അല്ലാഹു ആയിരുന്നെങ്കിൽ هَدَانِي എന്നെ സന്മാർഗത്തിലാക്കി(യിരുന്നുവെങ്കിൽ) لَكُنتُ ഞാൻ ആകുമായിരുന്നു مِنَ الْمُتَّقِينَ സൂക്ഷ്മതയുള്ളവരിൽപെട്ട(വൻ) ﴿58﴾ أَوْ تَقُولَ അല്ലെങ്കിൽ അത് പറഞ്ഞേക്കുന്നതിനാൽ حِينَ تَرَى അത് കാണുമ്പോൾ الْعَذَابَ ശിക്ഷ لَوْ أَنَّ لِي എനിക്കുണ്ടായിരുന്നെങ്കിൽ كَرَّةً ഒരു മടക്കം, ചാട്ടം, ഓട്ടം فَأَكُونَ എന്നാൽ ഞാനാകുമായിരുന്നു مِنَ الْمُحْسِنِينَ സുകൃതവാൻമാരിൽ.

അവസരം പാഴാകുന്നതിനുമുമ്പ് – അഥവാ മരണത്തിന് മുമ്പ് – ഖേദിച്ചു മടങ്ങാത്ത പക്ഷം അവസാനം ഇങ്ങിനെയെല്ലാം വിലപിക്കേണ്ടതായി വരും ; ആ വിലാപം കൊണ്ട് യാതൊരു ഫലവും ഉണ്ടാകുന്നതുമല്ല. അതിന് ഇടം വരുത്താതിരിക്കുവാനാണ് ഇത്രയും ബലമായി താക്കീത് ചെയ്യുന്നത് എന്ന് സാരം. കുറ്റവാളികൾ പറയുന്ന മൂന്ന് വിലാപ

വാക്യങ്ങളാണ് അല്ലാഹു ഇവിടെ ഉദ്ധരിച്ചത്. ഒന്നാമത്തേത്, അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിൽ തങ്ങൾ വീഴ്ച വരുത്തിയതിനെക്കുറിച്ചുള്ള സങ്കടവും, മൂന്നാമത്തേത് തങ്ങളെ ഐഹിക ജീവിതത്തിലേക്ക് ഒരു പ്രാവശ്യംകൂടി മടക്കിക്കിട്ടിയാൽ കൊള്ളാമെന്ന വ്യാമോഹവുമാണ്. രണ്ടാമത്തെ വാക്യമാകട്ടെ, തങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള മാർഗദർശനം ലഭിക്കാത്തത് കൊണ്ടാണ് തങ്ങൾക്ക് ഈ ദുരവസ്ഥ വന്നെത്തുവാൻ കാരണമെന്ന ഒരു ആരോപണമാകുന്നു : എല്ലാറ്റിനും - പ്രത്യേകിച്ച് രണ്ടാമത്തേതിനും - അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള മറുപടി ഇതാണ്:

بَلَىٰ قَدْ جَآءَتْكَ ءَايَٰتِى فَكَذَّبْتَ بِهَا وَٱسْتَكْبَرْتَ وَكُنتَ مِنَ ٱلْكَٰفِرِينَ ﴿٥٩﴾

﴿59﴾ ഇല്ലാതെ! തീർച്ചയായും എന്റെ ആയത്തുകൾ [സന്ദേശങ്ങളും ലക്ഷ്യങ്ങളും] നിനക്ക് വരികയുണ്ടായി; എന്നിട്ട് നീ അവയെ വ്യാജമാക്കുകയും, നീ അഹംഭാവം നടിക്കുകയും ചെയ്തു; നീ അവിശ്വാസികളിൽ പെട്ടവനുമായിരുന്നു (ഇതാണ് കാരണം).

وَيَوْمَ ٱلْقِيَٰمَةِ تَرَى ٱلَّذِينَ كَذَبُوا۟ عَلَى ٱللَّهِ وُجُوهُهُم مُّسْوَدَّةٌ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْمُتَكَبِّرِينَ ﴿٦٠﴾

﴿60﴾ ക്വിയാമത്ത് നാളിലാകട്ടെ, അല്ലാഹുവിന്റെ മേൽ വ്യാജം പറഞ്ഞിട്ടുള്ളവരെ, അവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്ക് കാണാവുന്നതാണ്. അഹംഭാവികൾക്ക് ജഹന്നമിൽ [നരകത്തിൽ] പാർപ്പിടമില്ലയോ?!

وَيُنَجِّى ٱللَّهُ ٱلَّذِينَ ٱتَّقَوْا۟ بِمَفَازَتِهِمْ لَا يَمَسُّهُمُ ٱلسُّوٓءُ وَلَا هُمْ يَحْزَنُونَ ﴿٦١﴾

﴿61﴾ സൂക്ഷ്മത പാലിച്ചവരെ, അവരുടെ സൗഭാഗ്യം നിമിത്തം അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്യും. അവരെ തിന്മ സ്പർശിക്കുകയില്ല; അവർ വ്യസനപ്പെടുകയുമില്ല.

﴿59﴾ بَلَىٰ ഇല്ലാതെ (ഉണ്ട്) قَدْ جَاءَتْكَ നിനക്ക് വരികയുണ്ടായിട്ടുണ്ട് آيَاتِي എന്റെ ആയത്തുകൾ فَكَذَّبْتَ بِهَا എന്നിട്ട് നീ അതിനെ വ്യാജമാക്കി وَاسْتَكْبَرْتَ നീ അഹംഭാവം (ഗർവ്വ്)നടിക്കുകയും ചെയ്തു وَكُنْتَ നീ ആകുകയും ചെയ്തു, ആയിരുന്നു താനും مِنَ الْكَافِرِينَ അവിശ്വാസികളിൽ ﴿60﴾ وَيَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിലോ تَرَى നിനക്കുകാണാം, നീ കാണും الَّذِينَ كَذَبُوا വ്യാജം(കളവ്) പറഞ്ഞവരെ عَلَى اللَّهِ അല്ലാ

ഹുവിന്റെമേൽ وُجُوهُهُمْ അവരുടെ മുഖങ്ങൾ مُسْوَدَّةٌ കറുത്തിരുണ്ടവയായിരിക്കും أَلَيْسَ فِي جَهَنَّمَ ജഹന്നമിൽ ഇല്ലേ مَثْوًى പാർപ്പിടം, താമസസ്ഥലം لِلْمُتَكَبِّرِينَ അഹംഭാവികൾക്ക് ﴾61﴿ وَيُنَجِّي اللَّهُ അല്ലാഹു രക്ഷപ്പെടുത്തും الَّذِينَ اتَّقَوْا സൂക്ഷിച്ചവരെ بِمَفَازَتِهِمْ അവരുടെ ഭാഗ്യം(വിജയം)കൊണ്ട് لَا يَمَسُّهُمُ അവരെ സ്പർശിക്കയില്ല السُّوءُ തിന്മ, കെടുതൽ وَلَا هُمْ അവരില്ലതാനും يَحْزَنُونَ വ്യസനപ്പെടും.

ഇബ്നുമസ്ഊദ് (റ) പറഞ്ഞതായി മുസ്‌ലിം (റ) ഉദ്ധരിക്കുന്നു:'ഹൃദയത്തിൽ ഒരു അണു അളവ് അഹംഭാവമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കയില്ല. എന്ന് നബിപറയുകയുണ്ടായി. അപ്പോൾ ഒരാൾ ചോദിച്ചു: ഒരു മനുഷ്യൻ അവന്റെ വസ്ത്രം നല്ലതായിരിക്കുവാനും, ചെരുപ്പ് നല്ലതായിരിക്കുവാനും, ഇഷ്ടപ്പെടുന്നു (ഇത് അഹംഭാവമാകുമോ?) തിരുമേനി പറഞ്ഞു: 'നിശ്ചയമായും അല്ലാഹു സുന്ദരനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. അഹംഭാവമെന്നത് യാഥാർത്ഥ്യത്തോട് ധിക്കാരവും, ജനങ്ങളോട് അവഗണനയും കാണിക്കലാണ്'. (إن الله جميل يحب الجمال الكبر بطر الحق وغمط الناس) മറ്റൊരു നബി വചനത്തിൽ ഇപ്രകാരം കാണാം. 'അഹങ്കാരമായി തുണി (നിലത്ത്) ഇഴച്ചു നടക്കുന്നവനിലേക്ക് (അല്ലാഹു കോപം നിമിത്തം) നോക്കുകയില്ല' (ബു. മു.)

اللَّهُ خَالِقُ كُلِّ شَيْءٍ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ وَكِيلٌ ﴿٦٢﴾

﴾62﴿ അല്ലാഹു എല്ലാ വസ്തുവിന്റെ [എല്ലാറ്റിന്റെ]യും സ്രഷ്ടാവാകുന്നു: അവൻ എല്ലാ വസ്തുവിന്റെ [എല്ലാറ്റിന്റെ] മേലും കൈകാര്യം നടത്തുന്നവനുമാകുന്നു.

﴾62﴿ اللَّهُ അല്ലാഹു خَالِقُ كُلِّ شَيْءٍ എല്ലാ വസ്തുവിന്റെ, (എല്ലാറ്റിന്റെ)യും സ്രഷ്ടാവാണ് وَهُوَ അവൻ عَلَىٰ كُلِّ شَيْءٍ എല്ലാ വസ്തുവി(എല്ലാറ്റി)ന്റെ മേലും وَكِيلٌ കൈകാര്യം നടത്തുന്നവനാണ് (അധികാരക്കാരനാണ്)

شَيْءٍ (ശൈഉ്) എന്ന വാക്കിന് സാധാരണമായി വസ്തു അല്ലെങ്കിൽ കാര്യം എന്നൊക്കെയാണ് മലയാളത്തിൽ വിവർത്തനം നൽകപ്പെടാറുള്ളത്. ഇതൊന്നും വാസ്തവത്തിൽ അതിന്റെ ശരിയായ അർത്ഥം ദ്യോതിപ്പിക്കുന്നില്ല. അതിന്റെ അർത്ഥം ശരിക്കും സ്ഫുരിക്കുന്ന ഒറ്റവാക്ക് മലയാളത്തിൽ കാണപ്പെടുന്നില്ല. ഏതൊന്നിനെ, അറിയുവാനും, അതിനെക്കുറിച്ച് വർത്തമാനം പറയപ്പെടുവാനും സാധിക്കുമോ (ما يصح ان يعلم و يخبر عنه) അങ്ങിനെയുള്ളത് എന്നാണ് ആ വാക്കി(شَيْءٍ) ന് ഭാഷാ നിഘണ്ടുക്കൾ അർത്ഥം കൊടുക്കുന്നത്. ചുരുക്കത്തിൽ, എല്ലാ പദാർത്ഥത്തിനും, ഓരോ സംഗതിക്കും-അഥവാ ഓരോ സാധനത്തിനും കാര്യത്തിനുമെല്ലാംതന്നെ - ഉപയോഗിക്കുന്ന ഒരു പദമാണത്. كُلِّ شَيْءٍ (എല്ലാ വസ്തുവും) എന്ന് പറയുമ്പോൾ, അതിൽ അടങ്ങാത്ത - ചെറുതോ വലുതോ ആയ - ഒരു വസ്തുവും ബാക്കി ഉണ്ടായിരിക്കുന്നതുമല്ല. وَهُوَ بِكُلِّ شَيْءٍ عَلِيمٌ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ (അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാണ്)

(അവൻ എല്ലാറ്റിനെക്കുറിച്ചും അറിയുന്നവനാണ്) എന്നിങ്ങിനെയുള്ള വാക്യങ്ങളെല്ലാം ഇതനുസരിച്ചാണ്താനും. ഇതേ വാക്ക് ഉപയോഗിച്ചുകൊണ്ടുതന്നെയാണ് അല്ലാഹു എല്ലാറ്റിന്റെയും സ്രഷ്ടാവാണെന്നും അവൻ എല്ലാറ്റിന്റെയും കൈകാര്യക്കാരനാണെന്നും ഈ ആയത്തിലും അല്ലാഹു പ്രസ്താവിക്കുന്നത്. അപ്പോൾ, അല്ലാഹുവിന്റെ അറിവിലും, കഴിവിലുമെന്നപോലെത്തന്നെ, അവന്റെ സൃഷ്ടിയിലും കൈകാര്യ നടത്തിപ്പിലും ഉൾപ്പെടാത്തതായി ഒരു വസ്തുവോ, ഒരു കാര്യമോ അവശേഷിക്കുന്നില്ല എന്ന് സ്പഷ്ടമാകുന്നു *(*)*

لَّهُۥ مَقَالِيدُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱلَّذِينَ كَفَرُوا۟ بِـَٔايَـٰتِ ٱللَّهِ أُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿٦٣﴾

《63》 ആകാശങ്ങളുടെയും, ഭൂമിയുടെയും ഖജനാക്കൾ (അഥവാ താക്കോലുകൾ) അവന്റേതാകുന്നു. അല്ലാഹുവിന്റെ ആയത്തുകളിൽ [ലക്ഷ്യങ്ങളിലും, വചനങ്ങളിലും] അവിശ്വസിച്ചവരാകട്ടെ, അവർ തന്നെയാണ് നഷ്ടക്കാർ.

വിഭാഗം - 7

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّىٓ أَعْبُدُ أَيُّهَا ٱلْجَـٰهِلُونَ ﴿٦٤﴾

《64》 (നബിയേ) പറയുക: എന്നിരിക്കെ, അല്ലാഹു അല്ലാത്തവരെയാണോ ഞാനാരാധിക്കണമെന്ന് നിങ്ങളെന്നോട് കല്പിക്കുന്നത്, ഹേ, (അറിവില്ലാത്ത) വിഡ്ഢികളേ?!

《63》 لَهُ അവന്നാണ്, അവന്റേതാണ് مَقَالِيدُالسَّمَاوَاتِ ആകാശങ്ങളുടെ ഖജനാക്കൾ, താക്കോലുകൾ (ഭരണകാര്യങ്ങൾ) وَالأَرْضِ ഭൂമിയുടെയും وَالَّذِينَ كَفَرُوا അവിശ്വസിച്ചവർ بِآيَاتِاللَّهِ അല്ലാഹുവിന്റെ ആയത്തുകളിൽ أُولَٰئِكَهُمُ അവർ തന്നെയാണ് الْخَاسِرُونَ നഷ്ടപ്പെട്ടവർ 《64》 قُلْ നീ പറയുക أَفَغَيْرَاللَّهِ എന്നിരിക്കെ (അപ്പോൾ) അല്ലാഹു അല്ലാത്തവരെയോ تَأْمُرُونِّي നിങ്ങളെന്നോട് കൽപിക്കുന്നു أَعْبُدُ ഞാനാരാധിക്കുവാൻ أَيُّهَاالْجَاهِلُونَ ഹേ വിഡ്ഢികളേ, അറിവില്ലാത്തവരേ

സകല വസ്തുക്കളുടെയും സൃഷ്ടിയും, കൈകാര്യവും, ഭരണാധിപത്യവും അല്ലാഹുവിനാണ് എന്നിരിക്കെ, അവനെ അല്ലാതെ മറ്റേതിനെയെങ്കിലും ആരാധിക്കണമെന്ന് പറയുന്നതിനെക്കാൾ വിഡ്ഢിത്തവും, മൂഢത്വവും മറ്റെന്താണ്?!

(*) ഈ പരമാർത്ഥത്തെ മൂടിവെച്ചുകൊണ്ട് മനുഷ്യപ്രവർത്തനങ്ങൾ അല്ലാഹുവിന്റെ സൃഷ്ടിയിൽപെട്ടതല്ലെന്നും മറ്റും വാദിക്കുന്ന ചില തൽപര കക്ഷികളുണ്ട്. കൂടുതൽ വിവരം സൂറത്തുൽ ഹദീദിന്റെ അവസാനത്തിൽ ക്വളാ-ക്വദ്റിന്റെ വ്യാഖ്യാനക്കുറിപ്പിൽ വരുന്നതാണ്. إنْ شَاءَ اللّٰهُ

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٦٥﴾

﴿65﴾ (നബിയേ) നിനക്കും, നിന്റെ മുമ്പുള്ളവരിലേക്കും തീർച്ചയായും വഹ്‌യ് [ദിവ്യസന്ദേശം] നൽകപ്പെട്ടിട്ടുണ്ട്; നീ (അല്ലാഹുവിനോട്)പങ്കുചേർത്തുവെങ്കിൽ, നിശ്ചയമായും നിന്റെ കർമം (മുഴുവനും) നിഷ്ഫലമായിപ്പോകും; നിശ്ചയമായും നീ നഷ്ടക്കാരിൽ പെട്ടവനായിത്തീരുകയും ചെയ്യും എന്ന്.

بَلِ ٱللَّهَ فَٱعْبُدْ وَكُن مِّنَ ٱلشَّٰكِرِينَ ﴿٦٦﴾

﴿66﴾ പക്ഷേ, നീ അല്ലാഹുവിനെത്തന്നെ ആരാധിച്ചുകൊള്ളുക. നീ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിരിക്കയും ചെയ്യുക.

﴿65﴾ وَلَقَدْأُوحِيَ തീർച്ചയായും വഹ്‌യ് നൽകപ്പെട്ടിട്ടുണ്ട് إِلَيْكَ നിനക്ക്, നിന്നിലേക്ക് وَإِلَى الَّذِينَ مِنْ قَبْلِكَ നിന്റെ മുമ്പുള്ളവരിലേക്കും لَئِنْ أَشْرَكْتَ നീ ശിർക്ക് ചെയ്തുവെങ്കിൽ لَيَحْبَطَنَّ നിശ്ചയമായും നിഷ്ഫലമാകും, പൊളിയും عَمَلُكَ നിന്റെ കർമം, പ്രവൃത്തി وَلَتَكُونَنَّ നീ ആകുകയും ചെയ്യും مِنَ الْخَاسِرِينَ നഷ്ടപ്പെട്ടവരിൽ ﴿66﴾ بَلِ اللَّهَ എങ്കിലും (പക്ഷേ) അല്ലാഹുവിനെത്തന്നെ فَاعْبُدْ നീ ആരാധിക്കുക وَكُنْ നീ ആകുകയും ചെയ്യുക مِنَ الشَّاكِرِينَ നന്ദിയുള്ളവരിൽ (പെട്ടവൻ)

അവർ പരദൈവങ്ങളെ സ്വീകരിക്കുകയും, ആരാധിക്കുകയും ചെയ്യുന്നതിനും, തൗഹീദ് സ്വീകരിക്കാതിരിക്കുന്നതിനുമുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦ وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَٰمَةِ وَٱلسَّمَٰوَٰتُ مَطْوِيَّٰتٌۢ بِيَمِينِهِۦ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٦٧﴾

﴿67﴾ അല്ലാഹുവിന്ന് അവന്റെ യഥാർത്ഥ നിലപാട് (അഥവാ മഹത്വം) അവർ കൽപിച്ചിട്ടില്ല. ഭൂമി മുഴുവനും കിയാമത്ത്നാളിൽ അവന്റെ പിടിയിലടങ്ങിയിരിക്കും; ആകാശങ്ങളാകട്ടെ, അവന്റെ വലങ്കയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവൻ മഹാപരിശുദ്ധനും, അത്യുന്നതി പ്രാപിച്ചവനുമത്രെ!

﴿67﴾ وَمَاقَدَرُوا അവർ കണക്കാക്കിയില്ല, വക വെച്ചില്ല, കല്പിച്ചില്ല اللَّهَ അല്ലാഹുവിനെ حَقَّ قَدْرِهِ അവനെ കണക്കാക്കേണ്ട പ്രകാരം, അവന്റെ യഥാർത്ഥനിലപാട് (മഹ

ത്വം) وَالْأَرْضُ جَمِيعًا ഭൂമിമുഴുവനും قَبْضَتُهُ അവന്റെ (ഒരു) പിടി (പിടിയിലടങ്ങിയത്)ആയിരിക്കും يَوْمَ الْقِيَامَةِ ക്വിയാമത്ത്നാളിൽ وَالسَّمَاوَاتُ ആകാശങ്ങൾ مَطْوِيَّاتٌ ചുരുട്ടിപ്പിടിക്കപ്പെട്ടവയായിരിക്കും بِيَمِينِهِ അവന്റെ വലങ്കൈയിൽ سُبْحَانَهُ അവൻ മഹാപരിശുദ്ധൻ, അവനെ പരിശുദ്ധപ്പെടുത്തുന്നു وَتَعَالَى അവൻ അത്യുന്നതി പ്രാപിക്കയും ചെയ്തിരിക്കുന്നു عَمَّا يُشْرِكُونَ അവർ പങ്ക് ചേർക്കുന്നതിൽ നിന്ന്

അല്ലാഹുവിന് കൽപിക്കേണ്ടുന്ന യഥാർത്ഥ നിലപാടും മഹത്വവും അവർ കൽപിച്ചില്ല (وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ) എന്ന വാക്യം വളരെ ശ്രദ്ധേയമാകുന്നു. സൂ: അൻആം 91-ലും, സൂ: ഹജ്ജ് 74-ലും ഈ വാക്യം ആവർത്തിക്കപ്പെട്ടിട്ടുണ്ട്. പരദൈവങ്ങളെ സ്വീകരിക്കുന്നവരും, സൃഷ്ടികളെ വിളിച്ചു പ്രാർത്ഥിക്കുന്നവരും മാത്രമല്ല, അല്ലാഹു ഈ ലോകത്ത് നടത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളെയോ, നിയമനിർദ്ദേശങ്ങളെയോ-അവ തങ്ങളുടെ യുക്തിക്കും ഹിതത്തിനും ഇണങ്ങുന്നില്ലെന്ന കാരണത്താൽ-ചോദ്യം ചെയ്വാൻ മുതിരുന്നവരും വാസ്തവത്തിൽ അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലയും വിലയും കൽപിക്കാത്തവരത്രെ. അഥവാ, സൃഷ്ടിക്കളെ കണക്കാക്കുന്ന അതേ മാനദണ്ഡം കൊണ്ടുതന്നെ അല്ലാഹുവിനെയും കണക്കാക്കുകയാണവർ ചെയ്യുന്നത്.

ക്വിയമാത്ത്നാളിൽ ഭൂമി മുഴുവനും അല്ലാഹുവിന്റെ പിടിയിലടങ്ങിയതായിരിക്കുമെന്നും, ആകാശങ്ങൾ അവന്റെ വലങ്കയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടതായിരിക്കുമെന്നും പറഞ്ഞതിന്റെ യഥാർത്ഥ വ്യാഖ്യാനം എന്താണെന്ന് നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനെ സംബന്ധിക്കുന്ന ഇത്തരം പ്രസ്താവനകളുടെ സാക്ഷാൽ ഉദ്ദേശ്യം അല്ലാഹുവിനറിയാമെന്നുവെക്കലാണ് പൗരാണിക മഹാൻമാർ സ്വീകരിച്ച നയം. ഇതിന് تفويض(അല്ലാഹുവിങ്കലേക്ക് വിട്ടേക്കുക) എന്ന് പറയപ്പെടുന്നു. സന്ദർഭമനുസരിച്ച് അനുയോജ്യമായ വ്യാഖ്യാനം നൽകുകയാണ് പിൻഗാമികളായ പല മഹാൻമാരും ചെയ്യാറുള്ളത്. ഇതിന് تَأْوِيل (വ്യാഖ്യാനം നൽകുക) എന്നും പറയപ്പെടും. മുൻഗാമികൾ സ്വീകരിച്ചുവന്ന നയമാണ് കൂടുതൽ സുരക്ഷിതമായിട്ടുള്ളത്. (സൂ: ത്വാഹാ 5-ാം വചനത്തിന്റെ വിവരണത്തിൽ ഇതിനെപ്പറ്റി നാം വിവരിച്ചിട്ടുണ്ട്)

ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഇന്ന് കേവലം നാമമാത്രമാണെങ്കിലും - ഒരു പ്രകാരത്തിലല്ലെങ്കിലും മറ്റൊരു പ്രകാരത്തിൽ - ഭൂമിയിൽ പലരും അധികാരാവകാശങ്ങൾ നടത്തിവരുന്നുണ്ട്. ക്വിയാമത്ത് നാളിൽ പ്രത്യക്ഷത്തിലോ, പരോക്ഷത്തിലോ ആർക്കും തന്നെ യാതൊരു അധികാരമോ, അവകാശമോ, കൈകാര്യമോ ഉണ്ടായിരിക്കുകയില്ല لِّمَنِ الْمُلْكُ الْيَوْمَ لِلَّهِ الْوَاحِدِ الْقَهَّارِ (അന്ന് ആർക്കാണ് രാജാധികാരം ? ഏകനായ സർവ്വാധികാരിയായ അല്ലാഹുവിനു തന്നെ!) ഇമാം ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ചിട്ടുള്ള ഒരു നബിവചനം ഇപ്രകാരമാകുന്നു. يَقْبِضُ اللَّهُ الْأَرْضَ وَيَطْوِي السَّمَوَاتِ بِيَمِينِهِ ثُمَّ يَقُولُ أَنَا الْمَلِكُ أَيْنَ مُلُوكُ الْأَرْضِ – متفق عليه (അല്ലാഹു ഭൂമിയെ എടുത്തു പിടിക്കും. ആകാശത്തെ അവന്റെ വലങ്കൈകൊണ്ട് ചുരുട്ടിപ്പിടിക്കയും ചെയ്യും. എന്നിട്ട് അവൻ പറയും : ഞാനത്രെ രാജാവ് ! ഭൂമിയിലെ രാജാക്കൾ എവിടെ ?!)

അടുത്ത വചനത്തിൽ ലോകാവസാനഘട്ടത്തെയും, ഓരോരുത്തനും അവനവന്റെ കർമഫലങ്ങൾക്കനുസരിച്ച് സ്വർഗത്തിലോ, നരകത്തിലോ പ്രവേശനം ലഭിക്കുന്നത് വരെക്കുള്ള ചില ഗൗരവഘട്ടങ്ങളെയും കുറിച്ച് പ്രസ്താവിക്കുന്നു:

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۖ ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ ﴿٦٨﴾

﴾68﴿ കാഹളത്തിൽ ഊതപ്പെടും, അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും - അല്ലാഹു ഉദ്ദേശിച്ചവരൊഴികെ - ബോധംകെട്ട് (അഥവാ മരണമടഞ്ഞു) പോകുന്നതാണ്. പിന്നീട് അതിൽ മറ്റൊന്ന് (കൂടി)ഊതപ്പെടും. അപ്പോൾ അവരതാ, എഴുന്നേറ്റ് നോക്കുന്നവരായിരിക്കും.

﴾68﴿ وَنُفِخَ ഊതപ്പെടും فِي الصُّورِ കാഹളത്തിൽ, കൊമ്പിൽ فَصَعِقَ അപ്പോൾ ബോധംകെട്ട് പോകും, സ്തംഭിക്കും (നാശമടയും) مَنْ فِي السَّمَاوَاتِ ആകാശത്തിലുള്ളവർ وَمَنْ فِي الأَرْضِ ഭൂമിയിലുള്ളവരും إِلا مَنْ യാതൊരുവരൊഴികെ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ച ثُمَّ نُفِخَ പിന്നെ ഊതപ്പെടും فِيهِ അതിൽ أُخْرَى മറ്റൊന്ന് فَإِذَا هُمْ അപ്പോൾ അവരതാ قِيَامٌ എഴുന്നേറ്റ് നിൽക്കുന്നവരായിരിക്കും يَنظُرُونَ നോക്കിക്കൊണ്ട്

ലോകാവസാന സമയത്ത് ജീവജാലങ്ങളെല്ലാം മരണമടഞ്ഞ് പോകുന്നതിനുള്ള കാഹളം ഊത്തിനെക്കുറിച്ചാണ് ആദ്യം പ്രസ്താവിച്ചത്. അതിനുശേഷം പുനർജീവിതം നൽകുന്നതിനുള്ള ഊത്താണ് മറ്റൊരു ഊത്ത് എന്നു പറഞ്ഞത്. ഇവ രണ്ടിനും മുമ്പായി, സൃഷ്ടികളെല്ലാം പേടിച്ചുനടുങ്ങുമാറുള്ള മറ്റൊരു ഊത്തുകൂടി ഉണ്ടായിരിക്കുമെന്ന് ചില മഹാൻമാർ അഭിപ്രായപ്പെടുന്നു. ഖുർആനിൽ നിന്നും ഹദീഥിൽ നിന്നുമായി ചില തെളിവുകളും അവർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതിനെക്കുറിച്ചും മറ്റും സൂ: നംല്, 87-ാം വചനത്തിന്റെ വിവരണത്തിൽ നാം വിവരിച്ചിരിക്കുന്നു.

ഇടിമിന്നൽ പോലെ പെട്ടെന്ന് വല്ല അപായവും സംഭവിക്കുന്നത് മൂലം സ്തംഭിച്ചു മരണപ്പെടുകയോ, ബോധക്ഷയം നേരിടുകയോ ചെയ്യുന്നതിനാണ് صَعِق എന്ന പറയുന്നത്. ഇവിടെ മരണം തന്നെയാണ് ഉദ്ദേശ്യം. ഈ മരണത്തിൽ നിന്ന് അല്ലാഹു ഉദ്ദേശിച്ച ചിലരെ അവൻ ഒഴിവാക്കുന്നു. ഇവർ ആരായിരിക്കുമെന്ന് നമുക്കറിവില്ല. ചില പ്രത്യേക മലക്കുകളാണെന്നും, സ്വർഗലോകത്തുള്ളവരാണെന്നും മറ്റും ചില വ്യാഖ്യാനങ്ങൾ പ്രസ്താവിച്ചു കാണാം. ഒന്നും നിർണയിച്ചു പറയത്തക്ക തെളിവുകളില്ല. അതുകൊണ്ടാണ് ഖത്താദഃ(റ) മുതലായവർ അവരെപ്പറ്റി لا نَدْرِي مَنْ هُمْ (അവർ ആരാണെന്ന് നമുക്കറിയുകയില്ല) എന്ന് പറഞ്ഞത്. രണ്ട് ഊത്തുകൾക്കിടയിൽ എത്ര കാലതാമസമുണ്ടായിരിക്കുമെന്ന കാര്യവും അല്ലാഹുവിനറിയാം.

وَأَشْرَقَتِ ٱلْأَرْضُ بِنُورِ رَبِّهَا وَوُضِعَ ٱلْكِتَٰبُ وَجِاْىٓءَ بِٱلنَّبِيِّۦنَ

﴾69﴿ ഭൂമി, അതിന്റെ രക്ഷിതാവിന്റെ പ്രകാശം കൊണ്ട് പ്രശോഭിക്കും. (കർമങ്ങൾ രേഖപ്പെടുത്തപ്പെട്ട) ഗ്രന്ഥം (കൊണ്ടുവന്നു) വെക്കപ്പെടുകയും, പ്രവാചകൻമാരെയും സാക്ഷികളെയും കൊണ്ടുവരപ്പെടു

وَٱلشُّهَدَآءِ وَقُضِىَ بَيْنَهُم بِٱلْحَقِّ وَهُمْ لَا يُظْلَمُونَ ﴿٦٩﴾

കയും ചെയ്യും. അവർക്കിടയിൽ [ജനങ്ങളിൽ] യഥാർത്ഥ പ്രകാരം വിധി നടത്തപ്പെടുകയും ചെയ്യും. അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

وَوُفِّيَتْ كُلُّ نَفْسٍ مَّا عَمِلَتْ وَهُوَ أَعْلَمُ بِمَا يَفْعَلُونَ ﴿٧٠﴾

《70》 ഓരോ ദേഹത്തിനും [ആൾക്കും] അത് പ്രവർത്തിച്ചത് [കർമഫലം] നിറവേറ്റിക്കൊടുക്കപ്പെടുന്നതാണ്. അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ ഏറ്റവും അറിയുന്നവനാണ്താനും.

《69》 وَأَشْرَقَتِ പ്രശോഭിക്കുന്നതുമാണ് الأَرْضُ ഭൂമി بِنُورِ رَبِّهَا അതിന്റെ റബ്ബിന്റെ പ്രകാശംകൊണ്ട് وَوُضِعَ വെക്കപ്പെടുകയും ചെയ്യും الْكِتَابُ ഗ്രന്ഥം, രേഖ وَجِيءَ വരപ്പെടും بِالنَّبِيِّينَ പ്രവാചകൻമാരെകൊണ്ട് وَالشُّهَدَاءِ സാക്ഷികളെയും وَقُضِيَ بَيْنَهُمْ അവരുടെ ഇടയിൽ വിധി നടത്തപ്പെടും بِالْحَقِّ യഥാർത്ഥം(മുറ, ന്യായം, സത്യം) പ്രകാരം وَهُمْ അവർ لَا يُظْلَمُونَ അക്രമം (അനീതി) ചെയ്യപ്പെടുകയില്ല 《70》 وَوُفِّيَتْ നിറവേറ്റിക്കൊടുക്കപ്പെടുകയും ചെയ്യും كُلُّ نَفْسٍ എല്ലാ ആൾക്കും, ദേഹത്തിനും, ആത്മാവിനും مَا عَمِلَتْ അത് പ്രവർത്തിച്ചത് وَهُوَ أَعْلَمُ അവൻ ഏറ്റവും അറിയുന്നവനുമാണ് بِمَا يَفْعَلُونَ അവർ ചെയ്യുന്നതിനെപ്പറ്റി

പുനരുത്ഥാനത്തിന് ശേഷം സൃഷ്ടികളുടെ ന്യായവിസ്താരത്തെക്കുറിച്ച് വിവരിക്കുകയാണ്. എല്ലാവരും വിചാരണാ നിലയത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. ലോകരക്ഷിതാവും, രാജാധിരാജനും, നീതിമാൻമാരിൽവെച്ച് ഏറ്റവും വലിയ നീതിമാനും, ന്യായാധിപൻമാരിൽ വെച്ച് ഏറ്റവും വലിയ ന്യായാധിപനുമായ അല്ലാഹു അവരുടെ വിചാരണ നടത്തും. ഓരോരുത്തന്റെയും സകലകർമങ്ങളും, ചെയ്തികളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള രേഖാ ഗ്രന്ഥങ്ങൾ ഹാജരാക്കപ്പെട്ടിരിക്കും. അതതു സമുദായത്തിലെ പ്രവാചകൻമാരടക്കം പല തരത്തിലുള്ള സാക്ഷികളെയും സദസ്സിൽ കൊണ്ടുവരപ്പെടും. യാതൊരുവിധ സാക്ഷിയുടെയോ, രേഖയുടെയോ സഹായം കൂടാതെത്തന്നെ, ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും സസൂക്ഷ്മം അറിയുന്നവനാണ് അല്ലാഹു. എന്നിരുന്നാലും ഓരോരുത്തരെയും സംബന്ധിക്കുന്ന വിഷയങ്ങൾ തെളിവുകളും സാക്ഷികളും മുഖേന സ്ഥാപിച്ചു അവരവരെ ബോധ്യപ്പെടുത്തി – അണുത്തൂക്കം അനീതിയോ അഴിമതിയോ ഇല്ലാതെ- ശരിക്ക് ശരിയായി വിധി നടത്തി തിരുമാനമെടുക്കുന്നതാണ്.

നബി തിരുമേനിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു : ‘നിങ്ങളിൽ ഒരാളും തന്നെ, അവനോട് അവന്റെ റബ്ബ് സംസാരിക്കാതിരിക്കയില്ല. അവന്റെയും തന്റെയും ഇടക്ക് ഒരു അഭിഭാഷകനാകട്ടെ, ഒരു മറയാകട്ടെ ഉണ്ടായിരിക്കയില്ല. അപ്പോൾ അവൻ വലത്തോട്ട് നോക്കും, താൻ മുൻ ചെയ്തുവെച്ച കർമമല്ലാതെ അവൻ കാണുകയില്ല. ഇടത്തോട്ടും നോക്കും, അപ്പോഴും മുൻചെയ്തതല്ലാതെ കാണുകയില്ല. മുമ്പോട്ടും നോക്കും അപ്പോൾ അവന്റെ മുഖത്തിന് നേരെ നരകമല്ലാതെ ഒന്നും കാണുകയില്ല. അതുകൊണ്ട് നിങ്ങൾ

ഒരു കാരക്കക്കീറു (ധർമം ചെയ്തു) കൊണ്ടെങ്കിലും നരകത്തെ സൂക്ഷിച്ചുകൊള്ളുക (ബു. മു.) വിചാരണക്ക് ശേഷമുണ്ടാകുന്ന നടപടി ഇപ്രകാരമായിരിക്കും:

വിഭാഗം - 8

وَسِيقَ ٱلَّذِينَ كَفَرُوٓاْ إِلَىٰ جَهَنَّمَ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا فُتِحَتۡ أَبۡوَٰبُهَا وَقَالَ لَهُمۡ خَزَنَتُهَآ أَلَمۡ يَأۡتِكُمۡ رُسُلٌ مِّنكُمۡ يَتۡلُونَ عَلَيۡكُمۡ ءَايَٰتِ رَبِّكُمۡ وَيُنذِرُونَكُمۡ لِقَآءَ يَوۡمِكُمۡ هَٰذَا ۚ

﴾71﴿ അവിശ്വസിച്ചവർ ജഹന്നമി [നരകത്തി]ലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ, അവർ അതിന്നടുത്തുവന്നാൽ, അതിന്റെ വാതിലുകൾ തുറക്കപ്പെടും; അതിലെ കാവൽക്കാർ അവരോട് (ഇപ്രകാരം) പറയുകയും ചെയ്യും: നിങ്ങൾക്ക് നിങ്ങളുടെ റബ്ബിന്റെ ആയത്തുകൾ [സന്ദേശങ്ങളും ലക്ഷ്യങ്ങളും] ഓതിത്തരുകയും, നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെക്കുറിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു കൊണ്ട് നിങ്ങളിൽനിന്നുള്ള (ദൈവ)ദൂതൻമാർ നിങ്ങൾക്ക് വന്നിരുന്നില്ലേ ?!

قَالُواْ بَلَىٰ وَلَٰكِنۡ حَقَّتۡ كَلِمَةُ ٱلۡعَذَابِ عَلَى ٱلۡكَٰفِرِينَ ﴿٧١﴾

അവർ പറയും : ഇല്ലാതേ! [വന്നിരുന്നു] പക്ഷേ, അവിശ്വാസികളുടെ മേൽ ശിക്ഷയുടെ വാക്ക് (യഥാർത്ഥമായി)സ്ഥിരപ്പെട്ടുപോയി!

قِيلَ ٱدۡخُلُوٓاْ أَبۡوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئۡسَ مَثۡوَى ٱلۡمُتَكَبِّرِينَ ﴿٧٢﴾

﴾72﴿ (അവരോട്)പറയപ്പെടും: ജഹന്നമിൽ നിത്യവാസികളെന്ന നിലയിൽ അതിന്റെ വാതിലുകളിൽകൂടി നിങ്ങൾ പ്രവേശിക്കുവിൻ! അപ്പോൾ, അഹംഭാവികളുടെ പാർപ്പിടം എത്ര ചീത്ത !

﴾71﴿ وَسِيقَ നയിക്ക(തെളിക്ക)പ്പെടും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِلَىٰ جَهَنَّمَ ജഹന്നമിലേക്ക് زُمَرًا സമൂഹങ്ങളായി, കൂട്ടമായി حَتَّىٰ إِذَا جَاءُوهَا അങ്ങനെ അവർ അതിന്നടുക്കൽ വന്നാൽ فُتِحَتْ തുറക്കപ്പെടും أَبْوَابُهَا അതിന്റെ വാതിലുകൾ وَقَالَ لَهُمْ അവരോട് പറയുകയും ചെയ്യും خَزَنَتُهَا അതിന്റെ കാവൽക്കാർ أَلَمْ يَأْتِكُمْ നിങ്ങൾക്ക്വന്നില്ലേ رُسُلٌ مِّنكُمْ നിങ്ങളിൽ നിന്നുള്ള ദൂതൻമാർ يَتْلُونَ عَلَيْكُمْ നിങ്ങൾക്ക് ഓതിത്തരു

ന്ന, ഓതിത്തന്നും കൊണ്ട് آيَاتِ رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ ആയത്തുകളെ وَيُنذِرُونَكُمْ നിങ്ങൾക്ക് അവർ മുന്നറിയിപ്പു(താക്കീത്)നൽകുകയും لِقَاءَ يَوْمِكُمْ നിങ്ങളുടെ ദിവസത്തെ കാണുന്നതിനെപ്പറ്റി هَٰذَا ഈ قَالُوا അവർ പറയും بَلَىٰ ഇല്ലാതെ (അതെ) وَلَٰكِنْ حَقَّتْ പക്ഷേ യഥാർത്ഥമായി, സ്ഥിരപ്പെട്ടു كَلِمَةُ الْعَذَابِ ശിക്ഷയുടെ വാക്ക് عَلَى الْكَافِرِينَ അവിശ്വാസികളുടെ മേൽ ﴿72﴾ قِيلَ പറയപ്പെടും ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ أَبْوَابَ جَهَنَّمَ നരകത്തിന്റെ വാതിലുകളിൽകൂടി خَالِدِينَ فِيهَا അതിൽ നിത്യ വാസികൾ(ശാശ്വതന്മാർ) ആയ നിലക്ക് فَبِئْسَ അപ്പോൾ എത്ര ചീത്ത مَثْوَى പാർപ്പിടം الْمُتَكَبِّرِينَ അഹംഭാവികളുടെ

ദൈവദൂതൻമാർ വരാത്തതുകൊണ്ടോ, അല്ലാഹുവിന്റെ ലക്ഷ്യങ്ങളും സന്ദേശങ്ങളും ലഭിക്കാത്തതുകൊണ്ടോ അല്ല തങ്ങൾ പിഴച്ചുപോയിട്ടുള്ളതെന്നും, പക്ഷേ, തങ്ങളുടെ അവിശ്വാസം നിമിത്തം തങ്ങൾ ശിക്ഷക്ക് ബാധ്യസ്ഥരായതാണെന്നും അവർ ഇപ്പോൾ സമ്മതിച്ചു പറയുന്നു. എന്നാൽ, അവർ സത്യനിഷേധികളായിത്തീരുവാനുള്ള മൂലകാരണം സത്യത്തിന് നേരെ കണ്ണടച്ച് അഹംഭാവം കൈക്കൊണ്ടതാണെന്ന് അവസാനത്തെ വാക്യത്തിൽ അല്ലാഹു സൂചിപ്പിക്കുന്നു.

وَسِيقَ الَّذِينَ اتَّقَوْا رَبَّهُمْ إِلَى الْجَنَّةِ زُمَرًا ۖ حَتَّىٰ إِذَا جَاءُوهَا وَفُتِحَتْ أَبْوَابُهَا وَقَالَ لَهُمْ خَزَنَتُهَا سَلَامٌ عَلَيْكُمْ طِبْتُمْ فَادْخُلُوهَا خَالِدِينَ ﴿٧٣﴾

﴿73﴾ തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചുവന്നിട്ടുള്ളവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും, അങ്ങനെ, അവർ അതിന്നടുത്തു വരുകയും, അതിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുകയും ചെയ്താൽ...![ഹാ അവർക്ക് ലഭിക്കുവാനിരിക്കുന്നത് അവർണനീയം!] അതിന്റെ കാവൽക്കാർ അവരോട് ഇപ്രകാരം പറയുകയും ചെയ്യും: നിങ്ങൾക്ക് സലാം! [സമാധാന ശാന്തി!] നിങ്ങൾ (സുകൃതം ചെയ്ത്)പരിശുദ്ധരായി. ആകയാൽ, നിത്യവാസികളായ നിലയിൽ നിങ്ങളിതിൽ പ്രവേശിച്ചുകൊള്ളുവിൻ !

وَقَالُوا الْحَمْدُ لِلَّهِ الَّذِي صَدَقَنَا وَعْدَهُ وَأَوْرَثَنَا الْأَرْضَ نَتَبَوَّأُ

﴿74﴾ അവർ പറയും: അല്ലാഹുവിന് സർവ്വ സ്തുതിയും ! (അതെ) തന്റെ വാഗ്ദാനം ഞങ്ങൾക്ക് സത്യമാക്കിത്തരുകയും സ്വർഗത്തിൽ നിന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നിടത്ത് ഞങ്ങൾക്ക് വസിക്കുവാൻ സൗകര്യ

مِنَ ٱلْجَنَّةِ حَيْثُ نَشَآءُ ۖ فَنِعْمَ أَجْرُ ٱلْعَٰمِلِينَ ﴿٧٤﴾

പ്പെടുമാറ് (ഈ സ്വർഗ)ഭൂമിയെ ഞങ്ങൾക്ക് അവകാശപ്പെടുത്തിത്തരുകയും ചെയ്തിട്ടുള്ളവന് (സ്തുതി). അപ്പോൾ (സൽക്കർമങ്ങൾ) പ്രവർത്തിച്ചവരുടെ പ്രതിഫലം എത്ര നല്ലത് !

﴾73﴿ وَسِيقَ നയിക്കപ്പെടും الَّذِينَ اتَّقَوْا സൂക്ഷിച്ചവരെ رَبَّهُمْ തങ്ങളുടെ റബ്ബിനെ إِلَى الْجَنَّةِ സ്വർഗത്തിലേക്ക് زُمَرًا കൂട്ടങ്ങളായി حَتَّى إِذَا جَاءُوهَا അങ്ങനെ അവർ അതിനടുത്തുവന്നാൽ وَفُتِحَتْ തുറക്കപ്പെടുകയും أَبْوَابُهَا അതിന്റെ വാതിലുകൾ وَقَالَ لَهُمْ അവരോട് പറയുകയും ചെയ്യും خَزَنَتُهَا അതിന്റെ കാവൽക്കാർ سَلَامٌ സലാം, സമാധാനം, ശാന്തി عَلَيْكُمْ നിങ്ങൾക്ക് طِبْتُمْ നിങ്ങൾ നന്നായി, പരിശുദ്ധരായി فَادْخُلُوهَا ആകയാൽ അതിൽ പ്രവേശിക്കുവിൻ خَالِدِينَ നിത്യവാസികളായ നിലയിൽ ﴾74﴿ وَقَالُوا അവർ പറയുന്നതുമാണ് الْحَمْدُ സ്തുതി (സർവ്വസ്തുതിയും) لِلَّهِ അല്ലാഹുവിനാണ് الَّذِي صَدَقَنَا ഞങ്ങൾക്ക് സത്യമാക്കിത്തന്ന, ഞങ്ങളോട് സത്യം പറഞ്ഞ وَعْدَهُ തന്റെ വാഗ്ദാനം وَأَوْرَثَنَا ഞങ്ങൾക്ക് അവകാശപ്പെടുത്തുകയും ചെയ്ത الأَرْضَ (ഈ)ഭൂമി نَتَبَوَّأُ ഞങ്ങൾ വസിക്കുമാറ്, സൗകര്യപ്പെടുമാറ് مِنَ الْجَنَّةِ സ്വർഗത്തിൽ നിന്ന് حَيْثُ نَشَاءُ ഞങ്ങൾ ഉദ്ദേശിക്കുന്നിടത്ത് فَنِعْمَ അപ്പോൾ എത്ര നല്ലത്, വളരെ നല്ലത് أَجْرُ പ്രതിഫലം, കൂലി الْعَامِلِينَ പ്രവർത്തിച്ചവരുടെ

അവിശ്വാസികൾ നരകത്തിലേക്കും, സത്യവിശ്വാസികൾ സ്വർഗത്തിലേക്കും കൂട്ടം കൂട്ടമായി നയിക്കപ്പെടുമെന്ന് പറഞ്ഞതുകൊണ്ട് രണ്ട്കൂട്ടരുടെയും വരവ് ഒരേ പ്രകാരത്തിലായിരിക്കുമെന്ന് ധരിക്കാവതല്ല. അവിശ്വാസികൾ, കുറ്റവാളികളും നിന്ദ്യരുമായികൊണ്ട് അവരെ നരകത്തിലേക്ക് നിർബ്ബന്ധപൂർവ്വം ബലം പ്രയോഗിച്ചായിരിക്കും കൊണ്ടുവരുന്നത്. നേരെമറിച്ച് സത്യവിശ്വാസികളെ സ്വർഗത്തിലേക്ക് വളരെ മാന്യമായ നിലയിൽ സ്വാഗതം ചെയ്തുകൊണ്ടായിരിക്കും കൊണ്ടുപോകുന്നത്. ഭയഭക്തൻമാരായുള്ളവരെ അതിഥികളെന്ന നിലയിൽ ഒരുമിച്ചുകൂട്ടുമെന്നും, കുറ്റവാളികളെ ദാഹിച്ച നിലയിൽ തെളിച്ചുകൊണ്ട് വരുമെന്നും സൂ: മർയം. 85, 86 ലും വ്യാജവാദികളെ നരകത്തിലേക്ക് പിടിച്ചുതള്ളുമെന്ന് സൂ: ത്വൂർ 13 ലും കാണാം.

നരകം കുറ്റവാളികൾക്കുള്ള കാരാഗൃഹമാണല്ലോ. അവരെ നരകത്തിന്റെ പടിവാതുക്കൽ കൊണ്ടുചെല്ലുമ്പോൾ മാത്രമാണ് അതിന്റെ കവാടം തുറക്കപ്പെടുന്നത്. സ്വർഗമാകട്ടെ, സജ്ജനങ്ങളുടെ ആതിഥേയ സ്ഥാനവും അതിനാൽ അവരുടെ വരവ് പ്രമാണിച്ച് അത് നേരത്തെത്തന്നെ അവരെ സ്വാഗതം ചെയ്വാനായി തുറന്നുവെച്ചിരിക്കും. അവിശ്വാസികൾ നരകത്തിൽ ചെന്നാൽ വാതിലുകൾ തുറക്കപ്പെടും. (إِذَا جَاءُوهَا فُتِحَتْ أَبْوَابُهَا) എന്നും, സജ്ജനങ്ങൾ സ്വർഗത്തിങ്കൽ വരുകയും അതിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുകയും ചെയ്താൽ (إِذَا جَاءُوهَا وَفُتِحَتْ أَبْوَابُهَا) എന്നും വ്യത്യസ്ത രൂപത്തിൽ പറഞ്ഞിരിക്കുന്നത് ഇതാണ് സൂചിപ്പിക്കുന്നത്. അവിശ്വാസികൾ

നരകത്തിൽ ചെല്ലുമ്പോൾ അതിലെ പാറാവുകാർ അവരോട് ചോദിക്കുന്ന ചോദ്യം അവർക്ക് കൂടുതൽ നിരാശയും സങ്കടവും ഉണ്ടാക്കുമല്ലോ. നിത്യവാസികളെന്ന നിലക്കാണ് നിങ്ങളുടെ പ്രവേശനം- അഥവാ നിങ്ങൾക്ക് എനി രക്ഷയില്ല-എന്ന വാക്ക് കേൾക്കുമ്പോൾ വിശേഷിച്ചും. നേരെ മറിച്ച് സ്വർഗത്തിലേക്ക് വരുന്നവരോട് അതിലെ പാറാവുകാർ പറയുന്നതോ ? അനുമോദനത്തിന്റെയും ആശംസയുടെയും ശാന്തിയുടെയും വാക്യങ്ങളാണ്. നിത്യവാസികളെന്ന അനുമോദനമാകട്ടെ, മേൽക്കുമേൽ സന്തോഷവും അന്തസ്സും വർദ്ധിപ്പിക്കുന്നു. സ്വർഗത്തിന്റെ ആളുകൾ സ്വർഗത്തിലും, നരകത്തിന്റെ ആളുകൾ നരകത്തിലും പ്രവേശിച്ചു കഴിഞ്ഞാൽ, 'ഹേ, സ്വർഗക്കാരേ, എനി മരണമില്ല, ഹേ, നരകക്കാരെ എനി മരണമില്ല എന്ന് പ്രഖ്യാപനം ചെയ്യുമെന്നും, അപ്പോൾ സ്വർഗക്കാർക്ക് അവരുടെ സന്തോഷത്തിനുമേൽ സന്തോഷവും, നരകക്കാർക്ക് അവരുടെ വ്യസനത്തിനുമേൽ വ്യസനവും വർദ്ധിക്കുമെന്ന്' നബിﷺ പറഞ്ഞതായി ഹദീഥിൽ വന്നിട്ടുണ്ട്'. (ബു: മു)

നരകത്തിന് ഏഴു വാതിലുകളാണുള്ളതെന്നും, ഓരോ വാതിലിലൂടെയും പ്രവേശിക്കുന്നവർ കുറ്റവാളികളിൽ നിന്നുള്ള ഓരോ പ്രത്യേക വിഭാഗക്കാരായിരിക്കുമെന്നും (لَهَا سَبْعَةُ أَبْوَابٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ– الحجر : ٤٤) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സ്വർഗത്തിന്റെ വാതിലുകൾ എട്ടെണ്ണമാണെന്നും, ഓരോന്നിലൂടെയും പ്രവേശിക്കുന്നവർ അവരവരുടെ കർമങ്ങൾക്കനുസരിച്ച് സ്ഥാനവ്യത്യാസമുള്ളവരായിരിക്കുമെന്നും നബി വചനങ്ങളിൽ നിന്നും മനസ്സിലാക്കാം. നമസ്കാരം, നോമ്പ്, ദാനധർമം, ധർമസമരം ആദിയായ സൽകർമങ്ങളിൽ നിരതരായവർക്ക് അതതിന്റെ പേരിൽ നിശ്ചയിക്കപ്പെട്ട പ്രത്യേകം കവാടങ്ങളിൽ നിന്ന് സ്വാഗതം ലഭിക്കുമെന്നും എല്ലാ വാതിലുകളിൽനിന്നും വിളിച്ചു സ്വാഗതം ചെയ്യപ്പെടുന്ന ആളുകളും ഉണ്ടായിരിക്കുമെന്നും അബൂബക്ർ (റ) അക്കൂട്ടത്തിൽ ഉൾപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു എന്നും നബിﷺ ഒരു ഹദീഥിൽ പ്രസ്താവിച്ചിരിക്കുന്നു. (ബു: മു)

സ്വർഗത്തിന്റെയും നരകത്തിന്റെയും വാതിലുകളെപ്പറ്റി പറയുമ്പോൾ, അവ രണ്ടും കേവലം രണ്ടു വമ്പിച്ച കെട്ടിടങ്ങൾ മാത്രമായിരിക്കുമെന്നു ധരിക്കാവതല്ല. സ്വർഗത്തിന്റെ വിശാലത ആകാശഭൂമികളുടെ വിശാലതപോലെയാണ്. (عَرْضُهَا كَعَرْضِ السَّمَاءِ وَالْأَرْضِ– الحديد : ٢١) എന്നത്രെ അല്ലാഹു പറയുന്നത്. ഹദീഥിലും ഇതു സംബന്ധിച്ച് പലതും കാണാം. ചുരുക്കത്തിൽ സ്വർഗം മനുഷ്യന്റെ ഭാവനക്കും അനുമാനത്തിനും അതീതവും അതിവിശാലവുമായ ഒരു മഹാലോകമത്രെ. സ്വർഗത്തിന്റെ ഓരോ വാതിലിന്റെ വിസ്താരം മക്കാ, ബുസ്വ്റാ എന്നീ രാജ്യങ്ങൾ തമ്മിലുള്ള ദൂരംപോലെയാണ് (ബു.) എന്നും, നാൽപത് കൊല്ലത്തെ വഴി ദൂരമുണ്ടെന്നും (മു.) മറ്റുമുള്ള ഹദീഥുകളും ഇവിടെ സ്മരണീയമാകുന്നു. അപ്പോൾ, വാതിലുകൾ എന്ന് പറഞ്ഞത് വമ്പിച്ച ചില പ്രവേശനമാർഗങ്ങളെയാണ് കുറിക്കുന്നതെന്ന് മനസ്സിലാക്കാം. നരകത്തിന്റെ വിശാലതയെ സംബന്ധിച്ചും തന്നെ ഏറെക്കുറെ ഇപ്പറഞ്ഞതിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

സമസ്ത സൃഷ്ടികളുടെയും വിചാരണയും വിധിയും അവസാനിച്ചു. അവരവരുടെ വിധി എന്നെന്നേക്കുമായി നടപ്പിൽ വരുത്തുകയും ചെയ്തു. എനിയൊരു പുനർവിചാരണയുടെയോ അപ്പീൽ കോടതിയുടെയോ നാമം പോലും പറയുവാനില്ല. ഗൗരവമേറിയ - അതിലപ്പുറം ഗൗരവമേറിയ ഒരു സംഭവവും നടക്കാനില്ലതന്നെ- ആ ഘട്ടത്തിൽ മലക്കുകളുടെ പ്രതികരണമെന്തായിരിക്കുമെന്ന് അടുത്ത വചനത്തിൽ അല്ലാഹു പ്രസ്താ

വിക്കുന്നു. അല്ലാഹു അറിയിച്ചുതന്നത് പോലെ, സത്യവിശ്വാസികളുടെ നന്മയിൽ താൽപര്യമുള്ളവരും അവർക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നവരുമാണല്ലോ മലക്കുകൾ. അല്ലാഹു പറയുന്നു:

وَتَرَى ٱلْمَلَٰٓئِكَةَ حَآفِّينَ مِنْ حَوْلِ ٱلْعَرْشِ يُسَبِّحُونَ بِحَمْدِ رَبِّهِمْ ۖ وَقُضِىَ بَيْنَهُم بِٱلْحَقِّ وَقِيلَ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٧٥﴾

﴾75﴿ അർശിന്റെ [രാജകീയ സിംഹാസനത്തിന്റെ] ചുറ്റുപാടിലും പൊതിഞ്ഞു നില്ക്കുന്നവരായി മലക്കുകളെ നിനക്ക് കാണാം: അവർ തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചു കൊണ്ട് തസ്ബീഹ് [സ്തോത്ര കീർത്തനം] നടത്തുന്നതാണ്. അവർക്കിടയിൽ [സൃഷ്ടികളിൽ] യഥാർത്ഥപ്രകാരം (കാര്യം)തീരുമാനിക്കപ്പെട്ടും കഴിഞ്ഞു. (സർവ്വരാലും) പറയപ്പെടും: ലോകരുടെ രക്ഷിതാവായ അല്ലാഹുവിന് സർവ്വസ്തുതിയും.

﴾75﴿ وَتَرَى നിനക്ക് കാണുകയും ചെയ്യാം الْمَلَائِكَةَ മലക്കുകളെ حَافِّينَ പൊതിഞ്ഞവരായി, ചുറ്റിലും നിൽക്കുന്നവരായി مِنْ حَوْلِ الْعَرْشِ അർശിന്റെ ചുറ്റുപാടിൽകൂടി يُسَبِّحُونَ അവർ തസ്ബീഹ് (സ്തോത്ര കീർത്തനം, മഹത്വം ഉൽഘോഷിക്കൽ)നടത്തും بِحَمْدِ رَبِّهِمْ തങ്ങളുടെ റബ്ബിനെ സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ وَقُضِيَ തീരുമാനിക്കപ്പെടുക (വിധിക്ക)പ്പെടുകയും ചെയ്തു بَيْنَهُمْ അവർക്കിടയിൽ بِالْحَقِّ യഥാർത്ഥ(ന്യായ, മുറ) പ്രകാരം وَقِيلَ പറയപ്പെടുകയും ചെയ്യും الْحَمْدُ (സർവ്വ) സ്തുതി لِلَّهِ അല്ലാഹുവിനാണ് رَبِّ الْعَالَمِينَ ലോകരുടെ റബ്ബായ

അല്ലാഹു അവന്റെ അതിവിശാലമായ കാരുണ്യകൊണ്ടും, അവന്റെ അതിമഹത്തായ ദയവുകൊണ്ടും നമ്മെയെല്ലാം അവന്റെ പ്രീതി ലഭിച്ച് സ്വർഗം പൂകുന്ന നല്ല അടിയാൻമാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

﴾الحمدُ لله رَبِّ العَالمِين وَلَهُ الفضل و المنة﴿

سورة المؤمن

40. സൂറതുൽ മുഅ്മിൻ

[സൂറതുൽ ഗ്വാഫിർ എന്നും ഇതിനു പേരുണ്ട്]

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 85 - വിഭാഗം (റുകൂഉ്) 9

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

﴾1﴿ ഹാമീം

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡعَلِيمِ ﴿٢﴾

﴾2﴿ (ഈ) വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് പ്രതാപശാലിയായ, സർവ്വജ്ഞനായ അല്ലാഹുവിങ്കൽ നിന്നത്രെ.

غَافِرِ ٱلذَّنۢبِ وَقَابِلِ ٱلتَّوۡبِ شَدِيدِ ٱلۡعِقَابِ ذِي ٱلطَّوۡلِۖ لَآ إِلَٰهَ إِلَّا هُوَۖ إِلَيۡهِ ٱلۡمَصِيرُ ﴿٣﴾

﴾3﴿ പാപം പൊറുക്കുന്നവനും, പശ്ചാത്താപം സ്വീകരിക്കുന്നവരുമായുള്ളവൻ: കഠിനമായി ശിക്ഷാ നടപടി എടുക്കുന്നവൻ: യോഗ്യതയുള്ളവൻ, അവനല്ലാതെ ആരാധ്യനേ ഇല്ല. അവങ്കലേക്കാണ് (എല്ലാവരുടെയും) തിരിച്ചുചെല്ലൽ

﴾1﴿ حم ഹാമീം ﴾2﴿ تَنزِيلُ الْكِتَابِ ഗ്രന്ഥം അവതരിപ്പിച്ചത് مِنَ اللَّهِ അല്ലാഹുവിങ്കൽനിന്നാണ് الْعَزِيزِ പ്രതാപശാലിയായ الْعَلِيمِ സർവ്വജ്ഞനായ ﴾3﴿ غَافِرِ الذَّنْبِ പാപം പൊറുക്കുന്നവൻ وَقَابِلِ التَّوْبِ പശ്ചാത്താപം സ്വീകരിക്കുന്നവനും شَدِيدِ الْعِقَابِ ശിക്ഷാ നടപടി കഠിനമായവൻ ذِي الطَّوْلِ യോഗ്യതയു(ഔദാര്യം, കഴിവു)ള്ളവൻ لاَ إِلَٰهَ ഒരാരാധ്യനുമില്ല إِلاَّ هُوَ അവനല്ലാതെ إِلَيْهِ അവങ്കലേക്കാണ് الْمَصِيرُ തിരിച്ചെത്തൽ

സന്തോഷവാർത്ത അറിയിക്കലും, ഭയവാർത്ത അറിയിക്കലുമാണ് മൊത്തത്തിൽ ക്വുർആനിലെ മുഖ്യവിഷയങ്ങൾ. അതുപോലെ, ആ വേദഗ്രന്ഥം അവതരിപ്പിച്ച അല്ലാഹുവിന്റെ അപാരമായ ശക്തിപ്രഭാവങ്ങളെയും അവന്റെ അതിരറ്റ കാരുണ്യത്തെയും ഓർമിപ്പിക്കുന്ന രണ്ടുഗുണവിശേഷങ്ങളെയും ഇവിടെ ഇടകലർത്തി ഓർമിപ്പിച്ചിരിക്കുന്നു. ذِي الطَّوْلِ എന്ന വാക്കിന് 'യോഗ്യതയുള്ളവൻ' എന്ന് നാം വിവർത്തനം നൽകിയിട്ടുണ്ടെങ്കിലും കൂടുതൽ വ്യാപകമായ അർത്ഥം ഉൾക്കൊള്ളുന്നതാണ് ആ വാക്ക്. ശ്രേഷ്ഠത, ഔദാര്യം, കഴിവ്, സമ്പത്ത്, മികവ് എന്നീ അർത്ഥങ്ങളിലെല്ലാം طَوْل എന്ന പദം ഉപയോഗിക്കപ്പെടുന്നു. സൽക്കർമികൾക്ക് മഹത്തായ പ്രതിഫലവും, പാപികൾക്ക് ഉദാരമായ മാപ്പും നൽകുന്ന അതിവിശാല മനസ്ക്കനും, വമ്പിച്ച അനുഗ്രഹശാലിയും എന്നത്രെ പല മുഫസ്സിറുകളും അതിന് വിവക്ഷ നൽകുന്നത്.

മേൽ പ്രസ്താവിച്ച ഗുണഗണങ്ങളാൽ സമ്പൂർണനായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥം ഏതെങ്കിലും വിധേനയുള്ള ന്യൂനതയോ, കോട്ടമോ ഉള്ളതായിരിക്കുവാൻ അവകാശമില്ല. എന്നിരിക്കെ, അതിൽ ദുസ്തർക്കം നടത്തുവാൻ മുതിരുന്നവർ സത്യനിഷേധികളായ അവിശ്വാസികളായിരിക്കുവാനേ നിവൃത്തിയുള്ളൂ. അല്ലാഹു പറയുന്നു:

مَا يُجَٰدِلُ فِيٓ ءَايَٰتِ ٱللَّهِ إِلَّا ٱلَّذِينَ كَفَرُواْ فَلَا يَغۡرُرۡكَ تَقَلُّبُهُمۡ فِي ٱلۡبِلَٰدِ ﴿٤﴾

﴾4﴿ അവിശ്വസിച്ചവരല്ലാതെ അല്ലാഹുവിന്റെ ആയത്തുകളിൽ [സന്ദേശലക്ഷ്യങ്ങളിൽ] തർക്കം നടത്തുകയില്ല. എന്നാൽ, അവർ (യഥേഷ്ടം) രാജ്യങ്ങളിൽകൂടി സൈ്വരവിഹാരം ചെയ്യുന്നത് നിന്നെ വഞ്ചിച്ചുപോകരുത്.

﴾4﴿ مَا يُجَادِلُ തർക്കം നടത്തുകയില്ല فِي آيَاتِ اللَّهِ അല്ലാഹുവിന്റെ ആയത്തുകളിൽ إِلا الَّذِينَ كَفَرُوا യാതൊരുകൂട്ടരൊഴികെ അവിശ്വസിച്ചവരൊഴികെ فَلا يَغْرُرْكَ എന്നാൽ നിന്നെ വഞ്ചിച്ചുകളയരുത് تَقَلُّبُهُمْ അവരുടെ തിരിഞ്ഞു മറിഞ്ഞു നടക്കൽ (സൈ്വരവിഹാരം കൊള്ളൽ) فِي الْبِلَادِ രാജ്യങ്ങളിൽ

തൽക്കാലം അല്ലാഹു അവരെ അയച്ചുവിട്ടിരിക്കുകയാണെന്നുമാത്രം. വഴിയെ അവർക്ക് അവൻ തക്ക പ്രതിഫലം കൊടുക്കും. അതുകൊണ്ട് ആ കുതർക്കികൾ ഇപ്പോൾ യഥേഷ്ടം ഭൂമിയിൽ കൂത്താടി നടക്കുന്നത് കണ്ടു വഞ്ചിതരാകേണ്ടതില്ല എന്നു സാരം. സത്യത്തെ മറക്കുവാനും, സ്വേച്ഛാതാൽപര്യങ്ങൾ നേടിയെടുക്കുവാനും വേണ്ടിയുള്ള വാദപ്രതിവാദങ്ങളും, കുതർക്കങ്ങളുമാണിവിടെ ഉദ്ദേശ്യം. അല്ലാതെ, സത്യം ഗ്രഹിക്കുവാൻ വേണ്ടിയുള്ള അന്വേഷണങ്ങളോ, ചർച്ചകളോ അല്ല. അടുത്ത വചനങ്ങൾ നോക്കുക :

كَذَّبَتۡ قَبۡلَهُمۡ قَوۡمُ نُوحٖ وَٱلۡأَحۡزَابُ مِنۢ بَعۡدِهِمۡۖ وَهَمَّتۡ

﴾5﴿ ഇവർക്ക് മുമ്പ് നൂഹിന്റെ ജനതയും, അവരുടെ ശേഷം (പല)സഖ്യകക്ഷികളും വ്യാജമാക്കുകയുണ്ടായി. എല്ലാ (സമുദായവും) തങ്ങളുടെ

كُلُّ أُمَّةٍۭ بِرَسُولِهِمْ لِيَأْخُذُوهُ ۖ وَجَـٰدَلُوا۟ بِٱلْبَـٰطِلِ لِيُدْحِضُوا۟ بِهِ ٱلْحَقَّ فَأَخَذْتُهُمْ ۖ فَكَيْفَ كَانَ عِقَابِ ﴿٥﴾

റസൂലിനെപ്പറ്റി, അദ്ദേഹത്തെ പിടി(ച്ചു ശിക്ഷി)ക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. വ്യർത്ഥമായതുകൊണ്ട് യഥാർത്ഥത്തെ (ഉന്മൂലനം ചെയ്തു) നീക്കിക്കളയുവാൻ വേണ്ടി അതുമായി അവർ തർക്കം നടത്തുകയും ചെയ്തു. അതിനാൽ ഞാൻ [അല്ലാഹു] അവരെ പിടിച്ചു (ശിക്ഷിച്ചു) അപ്പോൾ, എന്റെ പ്രതികാരശിക്ഷ എങ്ങിനെയായി ?!

﴾5﴿ كَذَّبَتْ قَبْلَهُمْ അവ(ഇവ)രുടെ മുമ്പ് വ്യാജമാക്കി قَوْمُ نُوحٍ നൂഹിന്റെ ജനതയും وَالْأَحْزَابُ സഖ്യകക്ഷികളും مِن بَعْدِهِمْ അവരുടെ ശേഷം وَهَمَّتْ ഉദ്യമിക്കുക (വിചാരിക്കുക)യും ചെയ്തു كُلُّ أُمَّةٍ എല്ലാസമുദായവും بِرَسُولِهِمْ തങ്ങളുടെ റസൂലിനെപ്പറ്റി لِيَأْخُذُوهُ അവർ അദ്ദേഹത്തെ പിടിക്കുവാൻ وَجَادَلُوا അവർ തർക്കം നടത്തി بِالْبَاطِلِ വ്യർത്ഥ(നിരർത്ഥ-അന്യായ)മായതുകൊണ്ട് لِيُدْحِضُوا അവർ നീക്കുവാൻ, ഉൻമൂലനം ചെയ്വാൻ بِهِ അതുകൊണ്ട്, അതു വഴി الْحَقَّ യഥാർത്ഥം, സത്യത്തെ فَأَخَذْتُهُمْ അപ്പോൾ ഞാൻ അവരെ പിടിച്ചു فَكَيْفَ كَانَ അപ്പോൾ (എന്നിട്ട്)എങ്ങിനെ ആയി, ഉണ്ടായി عِقَابِ എന്റെ ശിക്ഷാ നടപടി, പ്രതികാര ശിക്ഷ

അതെ, അത് കുറിക്കു കൊള്ളുകയും, അവർ അമ്പേ പരാജയമടയുകയും ചെയ്തു. സഖ്യകക്ഷികൾ (الْأَحْزَابُ) എന്നു പറഞ്ഞത്, ആദ്, ഥമൂദ്, ഫിർഔന്റെ ആൾക്കാർ മുതലായവരാകുന്നു. (സൂ: സ്വാദ് 12,13)

وَكَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ كَفَرُوٓا۟ أَنَّهُمْ أَصْحَـٰبُ ٱلنَّارِ ﴿٦﴾

﴾6﴿ അപ്രകാരം, (ഈ) അവിശ്വസിച്ചിട്ടുള്ളവരുടെമേലും നിന്റെ റബ്ബിന്റെ വാക്ക് യഥാർത്ഥമായി(സ്ഥിരപ്പെട്ടി)രിക്കുന്നു; അവർ നരകത്തിന്റെ ആൾക്കാരാണെന്ന്!

﴾6﴿ وَكَذَٰلِكَ അപ്രകാരം حَقَّتْ യഥാർത്ഥമായി, സ്ഥാപിതമായി, സ്ഥിരപ്പെട്ടു كَلِمَةُ رَبِّكَ നിന്റെ റബ്ബിന്റെ വാക്ക് عَلَى الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ മേൽ أَنَّهُمْ അവരാണെന്ന് أَصْحَابُ النَّارِ നരകത്തിന്റെ ആൾക്കാർ, നരകക്കാർ

അതുകൊണ്ട് ആ സമുദായങ്ങളിലെ തർക്കികളും നിഷേധികളുമായ ആളുകളിൽ നടത്തപ്പെട്ട അതേ നടപടി ക്രമം ഈ സമുദായത്തിലെ തർക്കികൾക്കും നിഷേധികൾക്കും ബാധകം തന്നെ എന്നു സാരം. സത്യനിഷേധികളെക്കുറിച്ച് പ്രസ്താവിച്ച ശേഷം, സത്യവിശ്വാസികൾക്ക് ഉന്നതലോകത്തുനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ചില അദ്ദ്യ

ശ്യനേട്ടങ്ങളെപ്പറ്റി ഉണർത്തുന്നു:

﴿7﴾ അർശ് രാജകീയ [സിംഹാസനം] വഹിക്കുന്നവരും, അതിന്റെ ചുറ്റുപാടിലുള്ളവരും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്ര കീർത്തനങ്ങൾ] നടത്തുന്നു. അവർ, അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു. (അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ ! കാരുണ്യംകൊണ്ടും, അറിവുകൊണ്ടും നീ എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു. [നിന്റെ കാരുണ്യവും അറിവും എല്ലാറ്റിനും വിശാലമാണ്] അതുകൊണ്ട് പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിൻപറ്റുകയും ചെയ്തവർക്ക് നീ പൊറുത്തുകൊടുക്കുകയും, ജ്വലിക്കുന്ന നരകശിക്ഷയിൽ നിന്ന് അവരെ നീ കാത്തുകൊടുക്കുകയും ചെയ്യേണമേ!

ٱلَّذِينَ يَحۡمِلُونَ ٱلۡعَرۡشَ وَمَنۡ حَوۡلَهُۥ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ وَيُؤۡمِنُونَ بِهِۦ وَيَسۡتَغۡفِرُونَ لِلَّذِينَ ءَامَنُواْ رَبَّنَا وَسِعۡتَ كُلَّ شَيۡءٖ رَّحۡمَةٗ وَعِلۡمٗا فَٱغۡفِرۡ لِلَّذِينَ تَابُواْ وَٱتَّبَعُواْ سَبِيلَكَ وَقِهِمۡ عَذَابَ ٱلۡجَحِيمِ ﴿٧﴾

﴿8﴾ ഞങ്ങളുടെ രക്ഷിതാവേ ! നീ അവർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിന്റെ സ്വർഗങ്ങളിൽ അവരെ നീ പ്രവേശിപ്പിക്കുകയും ചെയ്യേണമേ ! അവരുടെ പിതാക്കൾ, ഇണകൾ [ഭാര്യാഭർത്താക്കൾ] സന്തതികൾ എന്നിവരിൽ നിന്ന് നന്നായിത്തീർന്നവരെയും (പ്രവേശിപ്പിക്കേണമേ) നിശ്ചയമായും, നീയത്രെ, അഗാധജ്ഞനായ പ്രതാപശാലി.

رَبَّنَا وَأَدۡخِلۡهُمۡ جَنَّٰتِ عَدۡنٍ ٱلَّتِي وَعَدتَّهُمۡ وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۚ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ ﴿٨﴾

﴿9﴾ അവരെ നീ തിന്മകളിൽ നിന്ന് കാക്കുകയും ചെയ്യേണമേ ! അന്നത്തെ ദിവസം [ക്വിയാമത്തുനാളിൽ] നീ ഏതൊരുവനെ തിന്മകളിൽ നിന്ന് കാക്കുന്നുവോ അവനു തീർച്ച

وَقِهِمُ ٱلسَّيِّـَٔاتِۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوۡمَئِذٖ فَقَدۡ رَحِمۡتَهُۥۚ وَذَٰلِكَ هُوَ

ٱلْفَوْزُ ٱلْعَظِيمُ ﴿٩﴾ യായും നീ കരുണ ചെയ്തു. അതു തന്നെയാണ് മഹത്തായ ഭാഗ്യവും!

﴿7﴾ الَّذِينَ يَحْمِلُونَ വഹിക്കുന്നവൻ الْعَرْشَ അർശ്(സിംഹാസനം)രാജകീയ പീഠം وَمَنْ حَوْلَهُ അതിന്റെ ചുറ്റിലുള്ളവരും يُسَبِّحُونَ അവർ തസ്ബീഹ് നടത്തുന്നു بِحَمْدِ رَبِّهِمْ തങ്ങളുടെ റബ്ബിനെ സ്തുതിച്ചു കൊണ്ട്, സ്തുതിയോടുകൂടി وَيُؤْمِنُونَ അവർ വിശ്വസിക്കയും ചെയ്യുന്നു بِهِ അവനിൽ وَيَسْتَغْفِرُونَ അവർ പാപമോചനം തേടുകയും ചെയ്യുന്നു لِلَّذِينَ آمَنُوا വിശ്വസിച്ചവർക്ക് رَبَّنَا ഞങ്ങളുടെ റബ്ബേ وَسِعْتَ നീ വിശാലമായിരിക്കുന്നു كُلَّ شَيْءٍ എല്ലാ വസ്തുവിനും رَحْمَةً കാരുണ്യംകൊണ്ട്, കാരുണ്യത്താൽ وَعِلْمًا അറിവുകൊണ്ടും ജ്ഞാനത്താലും فَاغْفِرْ ആകയാൽ നീ പൊറുക്കണേ لِلَّذِينَ تَابُوا പശ്ചാത്തപിച്ചവർക്ക് وَاتَّبَعُوا പിൻപറ്റുകയും ചെയ്ത سَبِيلَكَ നിന്റെ മാർഗം وَقِهِمْ അവരെ കാക്കുക (തടുക്കുക)യും വേണമേ عَذَابَ الْجَحِيمِ ജ്വലിക്കുന്ന നരകശിക്ഷ(യിൽനിന്ന്) ﴿8﴾ رَبَّنَا ഞങ്ങളുടെ റബ്ബേ وَأَدْخِلْهُمْ അവരെ നീ പ്രവേശിപ്പിക്കുകയും വേണമേ جَنَّاتِ عَدْنٍ സ്ഥിരവാസത്തിന്റെ സ്വർഗങ്ങളിൽ الَّتِي وَعَدْتَهُمْ നീ അവരോട് (അവർക്ക്) വാഗ്ദാനം ചെയ്ത وَمَنْ صَلَحَ നന്നായിത്തീർന്നവരെയും, പറ്റിയവരെയും مِنْ آبَائِهِمْ അവരുടെ പിതാക്കളിൽ നിന്നും وَأَزْوَاجِهِمْ അവരുടെ ഇണകളിൽനിന്നും وَذُرِّيَّاتِهِمْ അവരുടെ സന്തതികളിൽ നിന്നും إِنَّكَ أَنْتَ നിശ്ചയമായും നീയത്രെ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞൻ, തത്വജ്ഞൻ ﴿9﴾ وَقِهِمُ അവരെ കാക്കുകയും വേണമേ السَّيِّئَاتِ തിൻമകളെ وَمَنْ تَقِ നീ ആരെ(യാതൊരുത്തനെ) കാത്തുവോ السَّيِّئَاتِ തിന്മകളെ يَوْمَئِذٍ അന്നത്തെ ദിവസം فَقَدْ رَحِمْتَهُ എന്നാൽ നീ അവന് കരുണ ചെയ്തു وَذَٰلِكَ هُوَ അതുതന്നെയാണ്താനും الْفَوْزُ ഭാഗ്യം, വിജയം, നേട്ടം الْعَظِيمُ മഹത്തായ, വമ്പിച്ച

അർശ് (الْعَرْش) എന്നാൽ സിംഹാസനം, രാജകീയ പീഠം എന്നൊക്കെ വാക്കർത്ഥം. അല്ലാഹുവിന്റെ അർശ് എങ്ങിനെയുള്ളതാണെന്ന് നമുക്കറിവില്ല. അതിനെ വഹിക്കുന്ന മലക്കുകൾ ഏതാണ്. എങ്ങിനെയാണ്. എന്തിനുവേണ്ടിയാണ് അവരത് വഹിക്കുന്നത് എന്നും നമുക്കറിഞ്ഞുകൂടാ. ക്വിയാമത്തുനാളിൽ എട്ടു പേരായിരിക്കും അർശ് വഹിക്കുക എന്ന് സൂറത്തുൽ ഹാക്ക്വഃയിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَانِيَةٌ - الحاقة) ഇത് പോലെയുള്ള അദൃശ്യകാര്യങ്ങളെക്കുറിച്ച് അല്ലാഹു ക്വുർആനിലോ, നബി ﷺ ഹദീഥിലോ പ്രസ്താവിച്ചു കണ്ടതിനപ്പുറം-നമ്മുടെ യുക്തികൊണ്ടോ ബുദ്ധികൊണ്ടോ ഒന്നും അനുമാനിക്കുവാനും, രൂപപ്പെടുത്തുവാനും നിവൃത്തിയില്ല. നാം പരിപൂർണമായും അതിൽ വിശ്വസിക്കുകയും, അവയുടെ ബാഹ്യാർത്ഥം കൊണ്ട് മനസ്സമാധാനപ്പെടുകയും ചെയ്യുന്നു. അവയുടെ യാഥാർത്ഥ്യങ്ങളെയും, വിശദീകരണങ്ങളെയും അല്ലാഹുവിലേക്ക് വിട്ടേക്കുകയും ചെയ്യുന്നു. ചിലർ ചെയ്യാറുള്ളതുപോലെ എന്തെങ്കിലും വ്യാഖ്യാനം നൽകി തൃപ്തിപ്പെടുകയോ മറ്റു ചിലരെപ്പോലെ അതെല്ലാം വെറും അലങ്കാര പ്രയോഗങ്ങളും ഉപമകളുമാക്കി തള്ളിക്കളയുകയോ ചെയ്‌വാൻ നാം മുതിരുന്നുമില്ല.

അർശിന്റെ വാഹകൻമാരായ മലക്കുകൾ, മലക്കുകളിൽവെച്ച് ഉയർന്ന പദവിയുള്ള വരാണെന്ന് പൊതുവിൽ അറിയപ്പെട്ടിട്ടുള്ളതാണ്. അവരും അർശിന്റെ ചുറ്റുപാടിലുള്ള മലക്കുകളും അല്ലാഹുവിന് നിത്യേന സ്തോത്രകീർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും, അവർ സത്യവിശ്വാസികളുടെ പാപമോചനത്തിനും, ഗുണത്തിനും വേണ്ടി പ്രാർത്ഥിക്കുന്നുവെന്നുമാണല്ലോ അല്ലാഹു ഇവിടെ പ്രസ്താവിച്ചതിന്റെ ചുരുക്കം. അല്ലാഹുവിനെ ആരാധിക്കുന്നതിൽ മലക്കുകൾക്ക് ക്ഷീണവും കുഴക്കും ബാധിക്കുകയില്ലെന്നും, അവർ രാവും പകലും തളരാതെ തസ്ബീഹു നടത്തുന്നുവെന്നും സൂറത്തുൽ അൻബിയാഉ് 19, 20 ലും, സൂ: ഫുസ്സിലത്ത് 38 ലും, സൂ: അഅ്റാഫ് 206 ലും കാണാം. ഹംദ്, തസ്ബീഹ് മുതലായ സ്തോത്രകീർത്തനങ്ങളുടെ പ്രാധാന്യം ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

മലക്കുകളും മനുഷ്യരും തമ്മിലും, ആത്മീയലോകവും ഭൗതികലോകവും തമ്മിലും നമുക്കറിഞ്ഞുകൂടാത്ത ചില അദൃശ്യബന്ധങ്ങളുണ്ടെന്നും, മനുഷ്യന്റെ മോക്ഷത്തിൽ മലക്കുകൾക്കും താല്പര്യമുണ്ടെന്നും ഈ വചനങ്ങളിൽ നിന്നു വ്യക്തമാണ്. സൂ: ശൂറാ 5 ൽ പറയുന്നു: وَالْمَلَائِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَن فِي الْأَرْضِ – الشورى : ٥ (മലക്കുകൾ തങ്ങളുടെ റബ്ബിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് നടത്തുകയും, ഭൂമിയിലുള്ളവർക്ക്വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു) കൂടാതെ, മനുഷ്യരെ കാത്തു രക്ഷിക്കുക, അവരുടെ നൻമതിൻമകളെ രേഖപ്പെടുത്തുക, അവരിൽ സൽപ്രേരണകൾ ഉണ്ടാക്കിത്തീർക്കുക, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് ഭൂമിയിൽ ചില കാര്യങ്ങൾ നടപ്പിൽ വരുത്തുക എന്നിങ്ങിനെ പല നിലക്കും മലക്കുകൾക്ക് ഭൂലോകവുമായി ബന്ധമുണ്ട്. പല ക്വുർആൻ വചനങ്ങളിൽനിന്നും നബിവചനങ്ങളിൽ നിന്നും ഇതു മനസ്സിലാക്കാം. അതിന്റെയെല്ലാം യഥാർത്ഥ രൂപമെന്താണെന്നു നമുക്കറിഞ്ഞുകൂടാ. ഭൗതിക കാഴ്ചപ്പാടു മാത്രമുള്ളവർക്ക് ഇതെല്ലാം നേർക്കുനേരെ ശരിവെക്കുവാൻ കഴിഞ്ഞേക്കുകയില്ലെങ്കിലും, യഥാർത്ഥ സത്യവിശ്വാസികൾക്ക് ഇതൊന്നും നിരസിക്കുവാൻ നിവൃത്തിയില്ല. ഇതിനുമുമ്പ് (32:11; 35:1 മുതലായ) ചില വചനങ്ങളിൽ ചിലതെല്ലാം നാം കണ്ടുവല്ലോ. എനിയും ചില വിവരങ്ങൾ താഴെ വരുന്നതാണ്. إِنْ شَاءَ الله ചില ഹദീഥുകൾ ഇവിടെ ചൂണ്ടിക്കാട്ടുന്നു :

1. 'ജമാഅത്ത്' (സംഘം ചേർന്നുള്ള) നമസ്കാരത്തിൽ പങ്കെടുക്കുന്നതിന്റെ പുണ്യങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാണ് : ഒരാൾ നല്ലപോലെ വുദ്വു (ചെറിയ ശുദ്ധി) എടുത്തു നമസ്കാരത്തെ മാത്രം ഉന്നംവെച്ച് പള്ളിയിലേക്ക് പോയാൽ അയാളുടെ ഓരോ കാലടി വെക്കുന്നതിനും അയാൾക്കു പ്രതിഫലം ലഭിക്കും. അയാൾ വുദ്വു നഷ്ടപ്പെടാതെ നമസ്കാരസ്ഥലത്തായിരിക്കുമ്പോൾ മലക്കുകൾ അയാൾക്ക് ഗുണത്തിനുവേണ്ടി പ്രാർത്ഥികൊണ്ടിരിക്കുകയും ചെയ്യും. (ബു; മു)

2. എല്ലാ ദിവസവും രണ്ടു മലക്കുകൾ ഭൂമിയിൽ വന്ന് അവരിലൊരാൾ اللهم اعط منفقا خلفا(അല്ലാഹുവേ, ധനം ചിലവഴിക്കുന്നവനു നീ പകരം നൽകേണമേ) എന്നും മറ്റെയാൾ (اللهم اعط ممسكا تلفا) അല്ലാഹുവേ ധനം ചിലവഴിക്കാതെ പിടിച്ചു വെക്കുന്നവന്ന് നാശം-നഷ്ടം-നൽകേണമേ!) എന്നും പറയുന്നതാണ് (ബു; മു;)

3. ഒരാൾ തന്റെ സഹോദരന്റെ അഭാവത്തിൽ അവനുവേണ്ടി പ്രാർത്ഥിക്കുമ്പോഴൊക്കെ അവനിൽ നിയോഗിക്കപ്പെട്ട മലക്ക്; പ്രാർത്ഥനക്ക് ഉത്തരം ലഭിക്കട്ടെ എന്നും, നിനക്കും അതേമാതിരി ലഭിക്കട്ടെ എന്നും (آمين ولك المثل) പറയാതിരിക്കയില്ല (മു.)

4. സംഘം ചേർന്നു നമസ്കരിക്കുമ്പോൾ (സൂ: ഫാതിഹഃ കഴിഞ്ഞശേഷം) ഇമാമിന്റെ ഒന്നിച്ചു ആമീൻ പറയേണ്ടതാണ്. കാരണം, അപ്പോൾ, മലക്കുകളും ആമീൻ പറയുന്നതായിരിക്കും.... (ബു. മു.)

5. മനുഷ്യനിൽ, പിശാചിനും മലക്കിനും ഓരോ പ്രകാരത്തിലുള്ള പ്രവേശനം (പ്രചോദനം നൽകൽ) ഉണ്ട്. പിശാചിന്റേത് തിൻമയെ സംബന്ധിച്ച വാഗ്ദാനവും, യഥാർത്ഥത്തെ വ്യാജമാക്കലുമായിരിക്കും. മലക്കിന്റെതാകട്ടെ. നൻമയെക്കുറിച്ചുള്ള വാഗ്ദാനവും, യഥാർത്ഥത്തെ സത്യമാക്കലുമായിരിക്കും. ആർക്കെങ്കിലും ഇത്-മലക്കിന്റേത്-അനുഭവപ്പെട്ടാൽ അവൻ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. മറ്റേത്-പിശാചിന്റേത്-അനുഭവപ്പെട്ടാൽ അവൻ പിശാചിൽനിന്നും അല്ലാഹുവിനോട് ശരണം തേടിക്കൊള്ളട്ടെ. (തി.)

6. നിങ്ങളിൽ ഒരാൾക്കുംതന്നെ, ജിന്നുകളിൽനിന്നുള്ള (പിശാചാകുന്ന)ഒരു തുണയും, മലക്കുകളിൽ നിന്നുള്ള ഒരു തുണയും ഉണ്ടാകാതിരിക്കുകയില്ല (മു.)

ഇതുപോലെയുള്ള കുറെ ഉദാഹരണങ്ങൾ എടുത്തു കാട്ടികൊണ്ട് ശൈഖ് ശാഹ്‌വലിയ്യുല്ലാഹിദ്ദഹ്‌ലവി (റ) പ്രസ്താവിച്ചിട്ടുള്ള ഒരു പ്രസ്താവനയുടെ രത്നച്ചുരുക്കം ഇവിടെ അറിയുന്നത് നന്നായിരിക്കും. മതത്തിൽ പരസ്യമായി അറിയപ്പെട്ട ചില കാര്യങ്ങളാണിവ എന്ന് ഉണർത്തിക്കൊണ്ട് അദ്ദേഹം പറയുന്നു : 'ശ്രേഷ്ഠൻമാരും, അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രത്യേക സ്ഥാനമുള്ളവരുമായ ചില അടിയാന്മാരുണ്ട്. മനസ്സിനെ പരിശുദ്ധമാക്കുകയും, ജനങ്ങളെ സംസ്കരിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് വേണ്ടി അവർ പ്രാർത്ഥിക്കും. ആ പ്രാർത്ഥനകൾ അവർക്ക് ബർക്കത്തുകൾ (അല്ലാഹുവിങ്കൽ നിന്നുള്ള ആശീർവാദങ്ങളും അഭിവൃദ്ധിയും) വരുവാൻ കാരണമാകുന്നു. അല്ലാഹുവോട് അനുസരണക്കേട് കാണിക്കുകയും, കുഴപ്പമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരെ അവർ ശപിക്കുകയും ചെയ്യും. അത് അവരുടെ മനസ്സിൽ ഖേദവും, ദുഃഖവും ഉണ്ടാകുവാനും, സമുദായത്തിന് അവരോട് വെറുപ്പു വരുവാനും കാരണമായേക്കുന്നതാണ്. ആ അടിയാൻമാർ (മലക്കുകൾ) അല്ലാഹുവിനും അവന്റെ അടിയാൻമാർക്കും (മനുഷ്യർക്കും) ഇടയിലുള്ള ഒരു തരം ദൂതൻമാരാണ്. മനുഷ്യ ഹൃദയങ്ങളിൽ നല്ല വിചാരം തോന്നുവാൻ അവർ കാരണമായിത്തീരുന്നതായിരിക്കും. അല്ലാഹു ഉദ്ദേശിക്കുന്ന സമയത്തും, സ്ഥലത്തും അവർ സമ്മേളിക്കാറുണ്ട്. ആ നിലക്ക് അവർക്ക് الندي الاعلى،الملأ الاعلى،الرفيق الاعلى (ഉന്നത സദസ്സ്, ഉന്നത സമൂഹം, ഉന്നത സുഹൃത്തുക്കൾ)എന്നൊക്കെ പറയപ്പെടുന്നു. ഉൽകൃഷ്ടരായ മനുഷ്യാത്മാക്കൾക്കും, അവർക്കും തമ്മിൽ ചില ബന്ധങ്ങളുണ്ടായിരിക്കും' (من حجة الله البالغة) ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ നന്മക്കുവേണ്ടി നമ്മുടെ ബാഹ്യദൃഷ്ടിക്കും ബുദ്ധിക്കും അതീതമായി ചില അദൃശ്യകാരണങ്ങളും അല്ലാഹു നിശ്ചയിച്ചു നിയന്ത്രിച്ചുവരുന്നുണ്ട്.

മലക്കുകൾ സത്യവിശ്വാസികൾക്ക് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ആ ദീർഘമായ പ്രാർത്ഥനയിലെ വാക്യങ്ങൾ മനസ്സിരുത്തി ആലോചിച്ചു നോക്കുക ! സത്യവിശ്വാസികളെയും, അവരുടെ കുടുംബങ്ങളെയും, സ്വർഗത്തിൽ ഒന്നിച്ചു ചേർക്കുന്നതുവരെയുള്ള പല കാര്യങ്ങൾക്കും വേണ്ടി അവർ പ്രാർത്ഥിക്കുന്നു. സത്യവിശ്വാസികളുടെ ഗുണത്തിലും നൻമയിലും അവർക്കുള്ള ആത്മാർത്ഥമായ താൽപര്യത്തെയാണത് കുറിക്കുന്നത്. എന്നാൽ, ഒരു സംഗതി ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു. സത്യവിശ്വാസികളെയും അവരുടെ കുടുംബങ്ങളെയും എന്നു പറയാതെ, കുടുംബങ്ങളിൽ നന്നായി

ത്തീർന്നവരെയും (ومن صلح) എന്നാണ് പറയുന്നത്. ഓരോരുത്തനും ചെയ്യുന്ന കർമ ങ്ങൾക്ക് അവനവൻ മാത്രമാണ് ഉത്തരവാദി എന്നും, ഒരാളുടെ നൻമകൊണ്ട് മറ്റൊ രാൾക്ക് മോക്ഷം ലഭിക്കുകയില്ലെന്നുമുള്ളതാണ് അതിന് കാരണം. ഇത് ക്വുർആൻ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ള ഒരു മൗലിക തത്വമാണല്ലോ. അപ്പോൾ, സ്വന്തം നൻമ കൊണ്ട് തന്നെ സ്വർഗത്തിൽ പ്രവേശിക്കുവാൻ ഭാഗ്യമുണ്ടാകുന്ന കുടുംബാംഗങ്ങളെ സംബന്ധിച്ചാണ്-അഥവാ സ്വർഗ പ്രവേശത്തിന് അർഹരല്ലാത്ത അംഗങ്ങളെ സത്യവി ശ്വാസികളോടൊപ്പം സ്വർഗസ്ഥരാക്കണമെന്നല്ല-ഈ പ്രാർത്ഥനകൊണ്ടുദ്ദേശ്യം. കുടും ബങ്ങൾ പരസ്പരം സന്തോഷത്തിലും, നിത്യസമ്പർക്കത്തിലും കഴിഞ്ഞുകൂടുവാനുള്ള സാഹചര്യം അവർക്ക് സ്വർഗത്തിലും ഉണ്ടാക്കിക്കൊടുക്കണമെന്നായിരിക്കും അതിന്റെ താൽപര്യം. പക്ഷേ, അംഗങ്ങൾ തമ്മിലുണ്ടായേക്കാവുന്ന സ്ഥാന പദവികളുടെ ഏറ്റ ക്കുറവുകൾ അതിനു തടസ്സമാരാതിരിക്കത്തക്കവണ്ണം, താഴേ കിടയിലുള്ളവരെ മേലേ കിടയിലുള്ളവരുടെ പദവിയിലേക്ക് അല്ലാഹു-അവന്റെ ഔദാര്യംകൊണ്ട്-ഉയർത്തിക്കൊ ടുത്തേക്കാം الله اعلم

അല്ലാഹു പറയുന്നു :

وَالَّذِينَ آمَنُوا وَاتَّبَعَتْهُمْ ذُرِّيَّتُهُم بِإِيمَانٍ أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ وَمَا أَلَتْنَاهُم مِّنْ عَمَلِهِم مِّن شَيْءٍ كُلُّ امْرِئٍ بِمَا كَسَبَ رَهِينٌ - الطور : 21

(വിശ്വസിക്കുകയും, സത്യവിശ്വാസത്തോടെ തങ്ങളുടെ സന്താനങ്ങൾ തങ്ങളെ പിൻതുടരുകയും ചെയ്തിട്ടുള്ളവർക്ക് അവരുടെ സന്താനങ്ങളെ നാം അവരോട് ചേർത്തു കൊടുക്കുന്നതാണ്. അവരുടെ കർമങ്ങളിൽ നിന്ന് യാതൊന്നും തന്നെ നാം അവർക്ക് കുറവു വരുത്തുന്നതുമല്ല. എല്ലാ മനുഷ്യനും അവനവൻ സമ്പാദിച്ചുണ്ടാക്കിയതിന് പണ യമാകുന്നു. (സൂ:ത്വൂർ) അല്ലാഹു നമ്മെയും, നമ്മുടെ മാതാപിതാക്കൾ, സന്താനങ്ങൾ, ഭാര്യാഭർത്താക്കൾ മുതലായവരെയും സ്വർഗത്തിൽ ഒരുമിച്ചു ചേരുന്ന സൽഭാഗ്യവാൻമാ രിൽ ഉൾപ്പെടുത്തട്ടെ ആമീൻ.

വിഭാഗം - 2

إِنَّ الَّذِينَ كَفَرُوا يُنَادَوْنَ لَمَقْتُ اللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى الْإِيمَانِ فَتَكْفُرُونَ ﴿١٠﴾

﴾10﴿ അവിശ്വസിച്ചവരോട് വിളിച്ചുപറയപ്പെടും: നിശ്ചയമായും (നിങ്ങളോട്) അല്ലാഹുവിനുള്ള ക്രോധം, നിങ്ങൾക്ക് നിങ്ങളോടുതന്നെയുള്ള ക്രോധത്തെക്കാൾ വലുതാണ്-(കാരണം) സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ നിങ്ങൾ (അത് നിരസിച്ചു) അവിശ്വസിക്കുകയായിരുന്നു.

﴾10﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും അവിശ്വസിച്ചവർ يُنَادَوْنَ അവരോട് വിളിച്ചുപറ

യപ്പെടും لَمَقْتُ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ ക്രോധം أَكْبَرُ കൂടുതൽ വലുതാണ് مِن مَّقْتِكُمْ നിങ്ങളുടെ ക്രോധത്തെക്കാൾ أَنفُسَكُمْ നിങ്ങളുടെ ആത്മാക്കളോട്, നിങ്ങളോട് തന്നെ إِذْ تُدْعَوْنَ നിങ്ങൾ ക്ഷണിക്കപ്പെട്ടിരുന്നപ്പോൾ إِلَى الْإِيمَانِ സത്യവിശ്വാസത്തിലേക്ക് فَتَكْفُرُونَ അപ്പോൾ നിങ്ങൾ അവിശ്വസിച്ചിരുന്നു.

ഖിയാമത്ത്നാളിലെ ശിക്ഷകൾ അനുഭവപ്പെടുമ്പോൾ, അതിനു ഇടവരുത്തിയതിൽ അവർക്ക് തങ്ങളോട്തന്നെ കഠിനമായ കോപവും വെറുപ്പും തോന്നുന്നതാണ്. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അപ്പോൾ പറയപ്പെടുന്നതാണിത്. സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നപ്പോൾ നിങ്ങളതു നിരസിച്ചതിൽ അല്ലാഹുവിന് നിങ്ങളോടുള്ള കോപം ഇതിലും വലുതാണ്. അന്ന് സത്യവിശ്വാസം സ്വീകരിക്കാത്തതിന്റെ ഫലമാണ് ഇതെല്ലാം ഇപ്പോൾ നിങ്ങൾ അനുഭവിക്കേണ്ടിവന്നത്.

قَالُوا رَبَّنَا أَمَتَّنَا اثْنَتَيْنِ وَأَحْيَيْتَنَا اثْنَتَيْنِ فَاعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ﴿١١﴾

﴾11﴿ അവർ പറയും: ഞങ്ങളുടെ റബ്ബേ ! ഞങ്ങളെ നീ രണ്ടു പ്രാവശ്യം മരണപ്പെടുത്തി; രണ്ടു പ്രാവശ്യം ജീവിപ്പിക്കുകയും ചെയ്തു. ഇപ്പോൾ, ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾ (ഇതാ)ഏറ്റു പറഞ്ഞു: എനി, (ഇവിടെനിന്ന്) ഒന്ന് പുറത്ത്പോകേണ്ടതിലേക്ക് വല്ല മാർഗവും ഉണ്ടോ?!

﴾11﴿ قَالُوا അവർ പറയും رَبَّنَا ഞങ്ങളുടെ റബ്ബേ أَمَتَّنَا നീ ഞങ്ങളെ മരണപ്പെടുത്തി اثْنَتَيْنِ രണ്ടു(പ്രാവശ്യം) وَأَحْيَيْتَنَا നീ ഞങ്ങളെ ജീവിപ്പിക്കയും ചെയ്തു اثْنَتَيْنِ രണ്ടു (വട്ടം) فَاعْتَرَفْنَا എന്നാൽ (ഇപ്പോൾ)ഞങ്ങൾ ഏറ്റു പറഞ്ഞു, കുറ്റസമ്മതം ചെയ്യുന്നു بِذُنُوبِنَا ഞങ്ങളുടെ പാപങ്ങളെപ്പറ്റി فَهَلْ ആകയാൽ ഉണ്ടോ إِلَىٰ خُرُوجٍ ഒരു പുറത്തുപോക്കിന് (ഒന്ന് രക്ഷപ്പെടുവാൻ) مِّن سَبِيلٍ വല്ലമാർഗവും, വഴിയും

ആദ്യം നിർജ്ജീവാവസ്ഥയിലായിരുന്നശേഷം ഞങ്ങൾ ജീവികളായിത്തീർന്നു, വീണ്ടും നിർജ്ജീവാവസ്ഥയിലേക്ക് മടങ്ങി. അഥവാ മരണപ്പെട്ടു. വീണ്ടും രണ്ടാമതും ജീവിപ്പിക്കപ്പെട്ടു. ഞങ്ങളുടെ പക്കൽ വന്ന തെറ്റുകുറ്റങ്ങൾ ഞങ്ങൾക്ക് തികച്ചും ബോധ്യമായി. അത് ഞങ്ങൾ ഇതാ ഏറ്റു പറയുന്നു. അതുകൊണ്ട് ഇവിടെനിന്ന് രക്ഷപ്പെട്ട് ഐഹികജീവിതത്തിലേക്ക് ഒന്നുകൂടി മടങ്ങി നല്ലവരായിത്തീരുവാൻ ഞങ്ങൾക്ക് അവസരം തന്നെങ്കിൽ നന്നായിരുന്നു എന്നു സാരം.

ذَٰلِكُم بِأَنَّهُ إِذَا دُعِيَ اللَّهُ وَحْدَهُ كَفَرْتُمْ ۖ وَإِن يُشْرَكْ بِهِ تُؤْمِنُوا ۚ

﴾12﴿ അല്ലാഹുവിനെ മാത്രം വിളി(ച്ചു പ്രാർത്ഥി) ക്കപ്പെട്ടാൽ നിങ്ങൾ അവിശ്വസിച്ചു വന്നതുകൊണ്ടാണ് അത്. അവനോട് പങ്കുചേർക്ക

فَٱلۡحُكۡمُ لِلَّهِ ٱلۡعَلِيِّ ٱلۡكَبِيرِ ﴿١٢﴾

പ്പെടുകയാണെങ്കിലോ, നിങ്ങള്‍ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. [ഇതാണ് നിങ്ങള്‍ക്ക് ഈ അനുഭവത്തിന് കാരണം] എന്നാല്‍, (ഇപ്പോള്‍) വിധികല്‍പിക്കല്‍, ഉന്നതനും മഹാനുമായ അല്ലാഹുവിന് (അധികാരപ്പെട്ടത്)ആകുന്നു.

هُوَ ٱلَّذِى يُرِيكُمۡ ءَايَٰتِهِۦ وَيُنَزِّلُ لَكُم مِّنَ ٱلسَّمَآءِ رِزۡقًاۚ وَمَا يَتَذَكَّرُ إِلَّا مَن يُنِيبُ ﴿١٣﴾

《13》 തന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങള്‍ക്ക് കാണിച്ചുതരുകയും, ആകാശത്തുനിന്ന് നിങ്ങള്‍ക്ക് (മഴമൂലം) ആഹാരം ഇറക്കിത്തരുകയും ചെയ്യുന്നവനത്രെ അവന്‍. (അല്ലാഹുവിലേക്ക് ഭക്തിപ്പെട്ടു)മടക്കം കാണിക്കുന്നവരല്ലാതെ ഉറ്റാലോചിക്കുന്നില്ല.

فَٱدۡعُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ وَلَوۡ كَرِهَ ٱلۡكَٰفِرُونَ ﴿١٤﴾

《14》 ആകയാല്‍, മതം [അഥവാ കീഴ്‌വണക്കം] അല്ലാഹുവിന് (മാത്രം) നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങള്‍ അവനെ വിളിച്ചു (പ്രാര്‍ത്ഥിച്ചു)കൊള്ളുവിന്‍, അവിശ്വാസികള്‍ക്ക് (അത്) അതൃപ്തിയായിരുന്നാലും ശരി.

《12》 ذَٰلِكُم അത് بِأَنَّهُ ഇതുകൊണ്ടാണ് إِذَادُعِيَ ٱللَّهُ അല്ലാഹുവിളിക്കപ്പെട്ടാല്‍ وَحۡدَهُ അവനെമാത്രം كَفَرۡتُمۡ നിങ്ങള്‍ അവിശ്വസിക്കും وَإِن يُشۡرَكۡ بِهِ അവനോട് പങ്ക് ചേര്‍ക്കപ്പെടുന്ന പക്ഷം تُؤۡمِنُوا۟ നിങ്ങള്‍ വിശ്വസിക്കുകയും ചെയ്യും فَٱلۡحُكۡمُ എന്നാല്‍ (ഇനി) വിധി, കല്പന لِلَّهِ അല്ലാഹുവിനാണ് ٱلۡعَلِيِّ ഉന്നതനായ ٱلۡكَبِيرِ വലിയ (മഹാനായ) 《13》 هُوَ അവന്‍ ٱلَّذِي يُرِيكُمۡ നിങ്ങള്‍ക്ക് കാട്ടിത്തരുന്നവനത്രെ ءَايَٰتِهِ തന്റെ ദൃഷ്ടാന്തങ്ങള്‍ وَيُنَزِّلُ لَكُم നിങ്ങള്‍ക്ക് ഇറക്കിത്തരുകയും ചെയ്യുന്നു مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് رِزۡقًا ആഹാരം وَمَا يَتَذَكَّرُ ഉറ്റാലോചിക്കുന്നതല്ല إِلَّا അല്ലാതെ مَن يُنِيبُ വിനയപ്പെടുന്ന (ഭക്തിപ്പെട്ടു) മടങ്ങുന്നവര്‍ 《14》 فَٱدۡعُوا ٱللَّهَ ആകയാല്‍, നിങ്ങള്‍ അല്ലാഹുവിനെ വിളിക്കുവിന്‍ مُخۡلِصِينَ لَهُ അവനു നിഷ്കളങ്കമാക്കി(മാത്രമാക്കി)ക്കൊണ്ട് ٱلدِّينَ മതം, അനുസരണം, കീഴ്‌വണക്കം وَلَوۡ كَرِهَ വെറുത്താലും (അതൃപ്തിപ്പെട്ടാലും) ശരി ٱلۡكَافِرُونَ അവിശ്വാസികള്‍

ഇമാം തിര്‍മുദി(റ) യും മറ്റും ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥില്‍ ഇപ്രകാരം വന്നിട്ടുണ്ട് : 'നിങ്ങള്‍ ഉത്തരം കിട്ടുമെന്ന് ഉറപ്പിച്ചുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യണം (പ്രാര്‍ത്ഥിക്കണം) ബോധരഹിതവും ശ്രദ്ധയില്ലാത്തതുമായ ഹൃദയത്തില്‍നിന്നുള്ള

പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകുകയില്ല എന്ന് നിങ്ങൾ അറിഞ്ഞേക്കുക'.

رَفِيعُ ٱلدَّرَجَـٰتِ ذُو ٱلْعَرْشِ يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ ﴿١٥﴾

﴿15﴾ പദവികൾ ഉയർന്നവനാണ്, അർശിന്റെ [സിംഹാസനത്തിന്റെ] ഉടമസ്ഥനാണ് (അവൻ). തന്റെ അടിയാൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ കല്പനയാകുന്ന ആത്മാവ് (അഥവാ ജീവൻ) അവൻ ഇട്ടുകൊടുക്കുന്നു; പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെക്കുറിച്ച് അദ്ദേഹം താക്കീതു നൽകുവാൻ വേണ്ടി;

يَوْمَ هُم بَـٰرِزُونَ ۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌ ۚ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿١٦﴾

﴿16﴾ അതായത്, അവർ [ജനങ്ങൾ] വെളിക്ക് വരുന്ന ദിവസം, അവരിൽനിന്ന് യാതൊരു കാര്യവും അല്ലാഹുവിന് (അജ്ഞാതമായി) മറഞ്ഞുപോകുന്നതല്ല, അന്ന് ആർക്കാണ് രാജാധിപത്യം?! ഏകനായ, സർവ്വാധിപതിയായ അല്ലാഹുവിന് തന്നെ!

﴿15﴾ رَفِيعُ ഉയർന്നവനാണ് الدَّرَجَاتِ പദവികൾ ذُو الْعَرْشِ അർശുള്ളവനാണ്, അർശിന്റെ ഉടമസ്ഥനാണ് يُلْقِي അവൻ ഇട്ടുകൊടുക്കുന്നു الرُّوحَ ആത്മാവ്, ജീവൻ مِنْ أَمْرِهِ അവന്റെ കല്പനയാൽ, കല്പനയാകുന്ന, കാര്യത്തെക്കുറിച്ച് عَلَىٰ مَنْ يَشَاءُ അവനുദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ തന്റെ അടിയാൻമാരിൽ നിന്ന് لِيُنْذِرَ അദ്ദേഹം താക്കീത് (മുന്നറിയിപ്പ്)നൽകുവാൻ يَوْمَ التَّلَاقِ പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെ ﴿16﴾ يَوْمَ هُمْ അവരാകുന്ന ദിവസം بَارِزُونَ വെളിക്കുവരുന്നവർ, പ്രത്യക്ഷപ്പെടുന്നവർ لَا يَخْفَىٰ മറയുകില്ല (അജ്ഞാതമാകുകയില്ല) عَلَى اللَّهِ അല്ലാഹുവിന്റെമേൽ مِنْهُمْ അവരിൽ നിന്ന് شَيْءٌ യാതൊന്നും لِمَنِ ആർക്കാണ് الْمُلْكُ രാജത്വം, ആധിപത്യം الْيَوْمَ അന്ന് لِلَّهِ الْوَاحِدِ ഏകനായ അല്ലാഹുവിനാണ് الْقَهَّارِ സർവ്വാധികാരിയായ

ആത്മാവ്(الرُّوح) കൊണ്ട് ഇവിടെ വിവക്ഷ വഹ്‌യാകുന്ന ദൈവിക സന്ദേശങ്ങളാകുന്നു. അത് ആത്മാക്കൾക്ക് ജീവൻ നൽകുന്നതാണല്ലോ. പരസ്പരം കണ്ടുമുട്ടുന്ന ദിവസം (يَوْمَ التَّلَاقِ) കൊണ്ടുദ്ദേശ്യം, സൃഷ്ടികൾ സ്രഷ്ടാവിനെയും, സമസ്ത സൃഷ്ടികൾ തമ്മതമ്മിലും കണ്ടുമുട്ടുന്ന ദിവസം - ക്വിയാമത്തുനാൾ- ആകുന്നു. എല്ലാവരും അന്ന് ക്വബ്‌റുകളിൽ നിന്ന് വെളിക്കു വരുകയും മഹ്ശറിൽ വന്ന് സമ്മേളിക്കുകയും ചെയ്യുന്നു. (وَبَرَزُوا لِلَّهِ جَمِيعًا– ابراهيم : ٢١) അന്ന് പ്രത്യക്ഷമായോ പരോക്ഷമായോ, യഥാർത്ഥമായോ നാമമാത്രമായോ - ഒന്നും തന്നെ - മറ്റാർക്കും യാതൊരു വിധത്തിലുള്ള ആധിപത്യവും, അധികാരവും ഉണ്ടായിരിക്കുകയുമില്ല. എല്ലാം സർവ്വാധിപതി

യായ ഏകനായ അല്ലാഹുവിന് മാത്രം.

നബിപ്രസ്താവിച്ചതായി അബൂഹുറയ്റഃ(റ) ഉദ്ധരിക്കുന്നു : ഖിയാമത്തുനാളിൽ അല്ലാഹു ഭൂമിയെ കയ്യിലെടുക്കും. ആകാശത്തെ വലങ്കയ്യിൽ ചുരുട്ടിപ്പിടിക്കുകയും ചെയ്യും. പിന്നീട് പറയും : ഞാനത്രെ രാജാവ് ! ഭൂമിയിലെ രാജാക്കൾ എവിടെ ?! (انا الملك اين ملوك الارض) (ബു. മു.) അല്ലാഹു ആകാശഭൂമികളെ കയ്യിൽ എടുക്കുമെന്ന് പറഞ്ഞതിനെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായം 67-ാം വചനത്തിലും അതിന്റെ വിവരണത്തിലും പ്രസ്താവിച്ചത് ഓർക്കുക.

ٱلْيَوْمَ تُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ ۚ لَا ظُلْمَ ٱلْيَوْمَ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿١٧﴾

《17》 അന്ന് എല്ലാ (ഓരോ) ആൾക്കും അവരവർ സമ്പാദിച്ചുവെച്ചതനുസരിച്ച് പ്രതിഫലം നൽകപ്പെടും, അന്ന് യാതൊരു അനീതിയും ഇല്ല. നിശ്ചയമായും, അല്ലാഹു വിചാരണ വേഗം നടത്തുന്നതാണ്.

《17》 اَلْيَوْمَ അന്ന് تُجْزَىٰ പ്രതിഫലം നൽകപ്പെടും كُلُّ نَفْسٍ എല്ലാ ആൾക്കും, ആത്മാവിനും, ദേഹത്തിനും بِمَا كَسَبَتْ അത് സമ്പാദിച്ച (പ്രവർത്തിച്ചുവെച്ച) തനുസരിച്ച് لَا ظُلْمَ അനീതിയേ ഇല്ല, അക്രമമില്ല اَلْيَوْمَ അന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَرِيعُ വേഗതയുള്ള (വേഗം ചെയ്യുന്ന) വനാണ് الْحِسَاب വിചാരണ, വിസ്താരം

അല്ലാഹു പ്രസ്താവിച്ചതായി നബിഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു. അബൂദർറ്(റ) നിവേദനം ചെയ്തിരിക്കുന്നു: എന്റെ അടിയാൻമാരേ, എന്റെ സ്വന്തം പേരിൽ തന്നെ ഞാൻ അക്രമം നിരോധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാൻ അക്രമം നിരോധിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അക്രമം ചെയ്യരുത്... എന്റെ അടിയാൻമാരേ, നിങ്ങളുടെ കർമങ്ങൾ മാത്രമാണുള്ളത്. (അവയെ ആസ്പദമാക്കിയാണ് നടപടി എടുക്കപ്പെടുക) നിങ്ങളുടെ പേരിൽ അവയെ ഞാൻ കണക്കുവെക്കുന്നു. പിന്നീട് അവയെ നിങ്ങൾക്ക് ഞാൻ (പ്രതിഫലം നൽകി) പൂർത്തിയാക്കിത്തരുന്നു. അതുകൊണ്ട് ആരെങ്കിലും നൻമകണ്ടാൽ, അവൻ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. മറ്റു വല്ലതും കണ്ടാൽ അവൻ അവനെത്തന്നെയല്ലാതെ ആക്ഷേപിക്കാതിരുന്നുകൊള്ളട്ടെ. (മുസ്ലിം) അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരാളുടെ വിചാരണകൊണ്ടു മറ്റൊരാളുടെ വിചാരണക്ക് തടസ്സം നേരിടുന്നതല്ല. വിചാരണ ചെയ്യപ്പെടുന്നവരുടെ ആധിക്യംകൊണ്ട് സമയം ദീർഘിച്ചുപോകുന്നതുമല്ല.

وَأَنذِرْهُمْ يَوْمَ ٱلْـَٔازِفَةِ إِذِ ٱلْقُلُوبُ لَدَى ٱلْحَنَاجِرِ كَـٰظِمِينَ ۚ مَا

《18》 (നബിയേ) അവർക്ക് (ആ) ആസന്ന സംഭവത്തിന്റെ ദിവസത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുക : അതായത്, (അവർ) ശ്വാസം അടക്കിപ്പിടിച്ചവരായിക്കൊണ്ടു ഹൃദയങ്ങൾ

لِلظَّـٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ﴿١٨﴾

തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന അവസരം. അക്രമികൾക്ക് യാതൊരു ഉറ്റ ബന്ധവും ഇല്ല ; അനുസരിക്കപ്പെടുന്ന (സ്വീകാര്യനായ)ഒരു ശുപാർശകനും ഇല്ല.

يَعْلَمُ خَآئِنَةَ ٱلْأَعْيُنِ وَمَا تُخْفِى ٱلصُّدُورُ ﴿١٩﴾

《19》 ചതിക്കണ്ണുകളെധകള്ളനോട്ടങ്ങളെപയും, ഹൃദയങ്ങൾ മറച്ചുവെക്കുന്നതിനെയും അവൻ [അല്ലാഹു] അറിയുന്നു.

《18》 وَأَنْذِرْهُمْ അവർക്ക് മുന്നറിയിപ്പു (താക്കീത്)നൽകുക يَوْمَ الآزِفَةِ ആസന്ന സംഭവത്തിന്റെ (അടുത്തുണ്ടാകുന്ന വിപത്തിന്റെ) ദിവസത്തെക്കുറിച്ച് إِذِ الْقُلُوبُ അതായത് ഹൃദയങ്ങളാകുമ്പോൾ لَدَى الْحَنَاجِرِ തൊണ്ടക്കുഴികളുടെ അടുക്കൽ كَاظِمِينَ ശ്വാസം (വീർപ്പ്) അടക്കിക്കൊണ്ട്, സങ്കടം നിറഞ്ഞവരായി مَا لِلظَّالِمِينَ അക്രമികൾക്കില്ല مِنْ حَمِيمٍ ഒരു ഉറ്റ ബന്ധുവും, ചങ്ങാതിയും وَلَا شَفِيعٍ ഒരു ശുപാർശകനുമില്ല يُطَاعُ അനുസരിക്കപ്പെടുന്ന 《19》 يَعْلَمُ അവൻ അറിയുന്നു خَائِنَةَ الأَعْيُنِ ചതിക്കണ്ണുകളെ (കള്ളനോട്ടങ്ങളെ) وَمَا تُخْفِي മറച്ചു(ഒളിച്ചു)വെക്കുന്നതും الصُّدُورُ നെഞ്ചുകൾ(ഹൃദയങ്ങൾ)

يَوْمَ الآزِفَةِ (ആസന്ന സംഭവത്തിന്റെ ദിവസം) എന്നു പറഞ്ഞത് ക്വിയാമത്തുനാളിനെ ഉദ്ദേശിച്ചാകുന്നു. ആസന്നഭാവിയിൽ ഉറപ്പായും വരാനിരിക്കുന്ന മഹാ വിപത്തായതു കൊണ്ടാണ് അതിന് ഈ പേർ നൽകിയിരിക്കുന്നത്. اقْتَرَبَتِ السَّاعَةُ (അന്ത്യഘട്ടം അടുത്തെത്തി) اقْتَرَبَ لِلنَّاسِ حِسَابُهُمْ (ജനങ്ങൾക്ക് അവരുടെ വിചാരണ സമീപിച്ചിരിക്കുന്നു) أَزِفَتِ الآزِفَةُ (ആസന്ന സംഭവം ആസന്നമായി) എന്നൊക്കെ ചില സൂറത്തുകളിലെ പ്രസ്താവനകളിൽ നിന്ന് ഇതു മനസ്സിലാക്കാം. അന്ന് ഭയത്തിന്റെയും പരിഭ്രമത്തിന്റെയും കാഠിന്യം നിമിത്തം ഹൃദയങ്ങൾ തൊണ്ടക്കുഴിയിൽ വരുകയും, സംസാരിക്കാനോ, ശ്വാസം വിടുവാനോ കഴിയാതെ കുഴങ്ങുകയും ചെയ്യുന്നു.

നോക്കിക്കാണുവാൻ പാടില്ലാത്തതിലേക്ക് മറ്റുള്ളവർ അറിയാതെ തക്കത്തിൽ ദൃഷ്ടി പതിക്കുന്നതും, ആരെയും അറിയിക്കാതെ മനസ്സിൽ ഗൂഢമായി ഒളിച്ചുവെക്കുന്ന വിഷയവും അടക്കം, ചെറുതും വലുതുമായ എല്ലാ രഹസ്യങ്ങളും അല്ലാഹു അറിയുന്നു. അന്യവീടുകളിൽവെച്ചോ, വഴികളിൽവെച്ചോ സൗന്ദര്യവതികളായ സ്ത്രീകളെ കണ്ടുമുട്ടുമ്പോൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽ പെട്ടേക്കുമെന്നുകണ്ടാൽ അങ്ങോട്ടു നോക്കാതെ കണ്ണടക്കുകയും, അവർ ശ്രദ്ധിക്കുന്നില്ലെന്ന് കണ്ടാൽ ദൃഷ്ടി പതിക്കുകയും ചെയ്യുന്നത് കള്ളനോട്ടത്തി (خَائِنَةَ الأَعْيُنِ)ന്നും, മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞു സൗകര്യം ലഭിക്കുന്നപക്ഷം അവരുമായി ദുർവൃത്തി ചെയ്വാൻ ഉദ്ദേശ്യം വെക്കുന്നത് ഹൃദയങ്ങൾ മറച്ചുവെക്കുന്നതി(وَمَا تُخْفِي الصُّدُورُ) ന്നും ഉദാഹരണമായി ഇബ്നുഅബ്ബാസ് (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. (ابن ابي حاتم وغيره)

وَٱللَّهُ يَقۡضِي بِٱلۡحَقِّۖ وَٱلَّذِينَ يَدۡعُونَ مِن دُونِهِۦ لَا يَقۡضُونَ بِشَيۡءٍۗ إِنَّ ٱللَّهَ هُوَ ٱلسَّمِيعُ ٱلۡبَصِيرُ ﴿٢٠﴾

﴾20﴿ അല്ലാഹു യഥാർത്ഥ(ന്യായ) പ്രകാരം തീരുമാനം നടത്തുന്നു. അവനു പുറമെ അവർ വിളി(ച്ചു പ്രാർത്ഥി) ക്കുന്നവരാകട്ടെ, യാതൊന്നും തന്നെ തീരുമാനിക്കുകയില്ല. നിശ്ചയമായും അല്ലാഹുതന്നെയാണ് (എല്ലാം) കേൾക്കുന്നവനും കണ്ടറിയുന്നവനുമായുള്ളവർ.

വിഭാഗം – 3

۞ أَوَلَمۡ يَسِيرُواْ فِي ٱلۡأَرۡضِ فَيَنظُرُواْ كَيۡفَ كَانَ عَٰقِبَةُ ٱلَّذِينَ كَانُواْ مِن قَبۡلِهِمۡۚ كَانُواْ هُمۡ أَشَدَّ مِنۡهُمۡ قُوَّةً وَءَاثَارًا فِي ٱلۡأَرۡضِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمۡ وَمَا كَانَ لَهُم مِّنَ ٱللَّهِ مِن وَاقٖ ﴿٢١﴾

﴾21﴿ ഇവർ ഭൂമിയിൽ സഞ്ചരിക്കാറില്ലേ, അപ്പോൾ ഇവർക്കു കാണാമല്ലോ, ഇവരുടെ മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന്! ശക്തിയിലും, ഭൂമിയിലെ അവശിഷ്ടങ്ങളിലും (അഥവാ കാല്പാടുകളിലും) ഇവരെക്കാൾ ഊക്കേറിയവർ അവരായിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു). അല്ലാഹുവിൽ നിന്ന് അവരെ തടു(ത്തു രക്ഷി)ക്കുന്ന ഒരാളും അവർക്ക് ഉണ്ടായതുമില്ല.

ذَٰلِكَ بِأَنَّهُمۡ كَانَت تَّأۡتِيهِمۡ رُسُلُهُم بِٱلۡبَيِّنَٰتِ فَكَفَرُواْ فَأَخَذَهُمُ ٱللَّهُۚ إِنَّهُۥ قَوِيّٞ شَدِيدُ ٱلۡعِقَابِ ﴿٢٢﴾

﴾22﴿ അത്, അവരുടെ അടുക്കൽ അവരുടെ റസൂലുകൾ [ദൈവദൂതൻമാർ] തെളിവുകളുമായി ചെല്ലാറുണ്ടായിരുന്നു, എന്നിട്ടവർ അവിശ്വസിച്ചു എന്നുള്ളതുകൊണ്ടാണ്. അപ്പോൾ: അല്ലാഹു അവരെ പിടിച്ചു(ശിക്ഷിച്ചു). നിശ്ചയമായും അവൻ ശക്തനാണ്; പ്രതികാര(ശിക്ഷാ)നടപടി കഠിനമായുള്ളവനാണ്.

﴾20﴿ وَاللَّهُ يَقْضِي അല്ലാഹു വിധി (തീരുമാനം) നടത്തുന്നു بِالْحَقِّ യഥാർത്ഥം (മുറ, ന്യായം) അനുസരിച്ചു وَالَّذِينَ يَدْعُونَ അവർ വിളിക്കുന്നവരാകട്ടെ مِنْ دُونِهِ അവനു പുറമെ

لا يَقْضُونَ അവർ വിധിക്കുകയില്ല بِشَيْءٍ യാതൊന്നും إِنَّ اللَّهَ നിശ്ചയമായും അല്ലാഹു
هُوَ السَّمِيعُ അവൻ തന്നെയാണ് കേൾക്കുന്നവൻ الْبَصِيرُ കണ്ടറിയുന്നവൻ ﴾21﴿
فَيَنظُرُوا അവർ (ഇവർ)സഞ്ചരിക്കാറില്ലേ, നടന്നിട്ടില്ലേ فِي الْأَرْضِ ഭൂമിയിൽ أَوَلَمْ يَسِيرُوا
അപ്പോൾ ഇവർക്ക് കാണാം كَيْفَ كَانَ എങ്ങിനെ ആയി, ഉണ്ടായി عَاقِبَةُ الَّذِينَ
യാതൊരുവരുടെ പര്യവസാനം, കലാശം كَانُوا مِن قَبْلِهِمْ ഇവരുടെ മുമ്പുണ്ടായിരുന്ന
كَانُوا هُمْ അവർ തന്നെയായിരുന്നു أَشَدَّ مِنْهُمْ ഇവരെക്കാൾ ഊക്കു(കാഠിന്യം) കൂടിയവർ
قُوَّةً ശക്തിയിൽ, കഴിവാൽ وَآثَارًا അവശിഷ്ടങ്ങളിലും (ശേഷിച്ച അടയാളങ്ങളിൽ)
فِي الْأَرْضِ ഭൂമിയിൽ فَأَخَذَهُمُ اللَّهُ എന്നിട്ട് അല്ലാഹു അവരെ പിടിച്ചു بِذُنُوبِهِمْ അവരുടെ
പാപങ്ങൾ നിമിത്തം وَمَا كَانَ لَهُمْ അവർക്കുണ്ടായതുമില്ല (ഇല്ലാതാനും) مِنَ اللَّهِ അല്ലാഹു
വിൽ നിന്ന് مِن وَاقٍ ഒരു തടുക്കുന്ന(കാക്കുന്ന)വനും ﴾22﴿ ذَٰلِكَ അത് بِأَنَّهُمْ അവരാ
ണെന്നതുകൊണ്ടാണ് كَانَت تَّأْتِيهِمْ അവർക്കു വന്നിരുന്നു رُسُلُهُم അവരുടെ റസൂലുകൾ
بِالْبَيِّنَاتِ തെളിവുകളും കൊണ്ട് فَكَفَرُوا അപ്പോൾ അവർ അവിശ്വസിച്ചു (അതുകൊ
ണ്ടാണ്) فَأَخَذَهُمُ اللَّهُ അപ്പോൾ അല്ലാഹു അവരെ പിടിച്ചു إِنَّهُ നിശ്ചയമായും അവൻ قَوِيٌّ
ശക്തനാണ് شَدِيدُ الْعِقَابِ പ്രതികാര (ശിക്ഷ) കഠിനമായവനാണ്.

മൂസാ നബി(അ)യുടെയും, അദ്ദേഹത്തിന്റെ ശത്രുക്കളായിരുന്ന ഫിർഔൻ, ഹാമാൻ, ക്വാറൂൻ എന്നിവരുടെയും കഥയെ അനുസ്മരിപ്പിച്ചുകൊണ്ട് അടുത്ത വചനത്തിൽ അല്ലാഹു നബി തിരുമേനിയെ ധൈര്യപ്പെടുത്തുകയും, സമാധാനിപ്പിക്കുകയും ചെയ്യുന്നു.

وَلَقَدْ أَرْسَلْنَا مُوسَىٰ بِآيَاتِنَا وَسُلْطَانٍ مُّبِينٍ ﴿٢٣﴾

﴾23﴿ തീർച്ചയായും, നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ അധികാര പ്രമാണവുമായി നാം മൂസായെ അയക്കുകയുണ്ടായി:

إِلَىٰ فِرْعَوْنَ وَهَامَانَ وَقَارُونَ فَقَالُوا سَاحِرٌ كَذَّابٌ ﴿٢٤﴾

﴾24﴿ ഫിർഔന്റെയും ഹാമാന്റെയും, ക്വാറൂന്റെയും അടുക്കലേക്ക്, എന്നിട്ട് അവർ പറഞ്ഞു ഒരു കള്ളവാദിയായ ജാലവിദ്യക്കാരൻ എന്ന് !

﴾23﴿ وَلَقَدْ أَرْسَلْنَا തീർച്ചയായും നാ അയക്കയുണ്ടായി مُوسَىٰ മൂസായെ بِآيَاتِنَا
നമ്മുടെ ദൃഷ്ടാന്തങ്ങളുമായി وَسُلْطَانٍ അധികാര പ്രമാണവും, അധികൃതരേഖയും مُّبِينٍ
പ്രത്യക്ഷമായ ﴾24﴿ إِلَىٰ فِرْعَوْنَ ഫിർഔന്റെ അടുക്കലേക്ക് وَهَامَانَ وَقَارُونَ ഹാമാന്റെയും,
ക്വാറൂന്റെയും فَقَالُوا എന്നിട്ടവർ പറഞ്ഞു سَاحِرٌ ജാലവിദ്യക്കാരൻ, ആഭിചാരി, كَذَّابٌ
കള്ളവാദിയായ.

ഫിർഔന്റെ മന്ത്രിയായിരുന്ന ഹാമാനെയും, വമ്പിച്ച ധനികനും, ധിക്കാരിയുമായിരുന്ന ക്വാറൂനെയും സംബന്ധിച്ച വിവരങ്ങൾ ഇതിനുമുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്.

فَلَمَّا جَآءَهُم بِٱلۡحَقِّ مِنۡ عِندِنَا
قَالُواْ ٱقۡتُلُوٓاْ أَبۡنَآءَ ٱلَّذِينَ ءَامَنُواْ
مَعَهُۥ وَٱسۡتَحۡيُواْ نِسَآءَهُمۡۚ وَمَا
كَيۡدُ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٖ ٢٥

《25》 അങ്ങനെ, നമ്മുടെ പക്കൽ നിന്നുള്ള യഥാർത്ഥവും കൊണ്ട് അവരുടെ അടുക്കൽ അദ്ദേഹം ചെന്നപ്പോൾ അവർ പറഞ്ഞു: അവന്റെ കൂടെ വിശ്വസിച്ചവരുടെ ആൺമക്കളെ നിങ്ങൾ കൊന്നുകളയുവിൻ; അവരിലുള്ള സ്ത്രീകളെ (കൊലപ്പെടുത്താതെ) ജീവിക്കുവാൻ വിട്ടേക്കുകയും ചെയ്യുവിൻ. അവിശ്വാസികളുടെ ഉപായം വഴിപിഴവിലല്ലാതെ ഇല്ല. [അതു പാഴാകാതിരിക്കയില്ല]

《25》 فَلَمَّا جَاءَهُمْ അങ്ങനെ അദ്ദേഹം അവരിൽ ചെന്നപ്പോൾ بِالْحَقِّ യഥാർത്ഥവും കൊണ്ട് مِنْ عِنْدِنَا നമ്മുടെ പക്കൽ നിന്ന് قَالُوا അവർ പറഞ്ഞു اقْتُلُوا നിങ്ങൾ കൊലപ്പെടുത്തുവിൻ أَبْنَاءَ الَّذِينَ യാതൊരു കൂട്ടരുടെ ആൺകുട്ടികളെ آمَنُوا مَعَهُ അവന്റെ കൂടെ വിശ്വസിച്ച وَاسْتَحْيُوا നിങ്ങൾ ജീവിക്കുമാറാക്കുക (ബാക്കിയാക്കുക)യും ചെയ്യുവിൻ نِسَاءَهُمْ അവരുടെ സ്ത്രീകളെ, പെണ്ണുങ്ങളെ وَمَا അല്ല (ഇല്ല) كَيْدُ الْكَافِرِينَ അവിശ്വാസികളുടെ ഉപായം, തന്ത്രം إِلَّا فِي ضَلَالٍ വഴിപിഴവിൽ (പാഴിൽ) അല്ലാതെ

മൂസാ നബി(അ)യുടെ ജനനകാലത്ത് ഇസ്റാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ ഫിർഔൻ ചെയ്തിരുന്ന പ്രഖ്യാപനമല്ല ഇവിടെ ഉദ്ദേശ്യം. അതിനുശേഷം, മൂസാ നബി(അ)ക്ക് പ്രവാചകത്വം കിട്ടിയപ്പോൾ ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നത് തടയുവാൻവേണ്ടി പിന്നീട് അവൻ ചെയ്ത പ്രഖ്യാപനമാണ് ഇത്.

وَقَالَ فِرۡعَوۡنُ ذَرُونِيٓ أَقۡتُلۡ
مُوسَىٰ وَلۡيَدۡعُ رَبَّهُۥٓۖ إِنِّيٓ أَخَافُ أَن
يُبَدِّلَ دِينَكُمۡ أَوۡ أَن يُظۡهِرَ فِي
ٱلۡأَرۡضِ ٱلۡفَسَادَ ٢٦

《26》 ഫിർഔൻ (വീണ്ടും) പറയുകയാണ്: എന്നെ വിട്ടേക്കുവിൻ [അനുവദിക്കുവിൻ]. ഞാൻ മൂസായെ കൊലപ്പെടുത്തട്ടെ, അവൻ അവന്റെ റബ്ബിനെ വിളിക്കുകയും ചെയ്യട്ടെ! നിശ്ചയമായും ഞാൻ ഭയപ്പെടുന്നു; അവൻ നിങ്ങളുടെ മതം മാറ്റി മറിക്കുകയോ, അല്ലെങ്കിൽ അവൻ ഭൂമിയിൽ കുഴപ്പം പുറപ്പെടുവിക്കുകയോ ചെയ്തേക്കുമെന്ന്!

وَقَالَ مُوسَىٰٓ إِنِّي عُذۡتُ بِرَبِّي وَرَبِّكُم مِّن كُلِّ مُتَكَبِّرٖ لَّا يُؤۡمِنُ بِيَوۡمِ ٱلۡحِسَابِ ﴿٢٧﴾

﴿27﴾ മൂസാ പറഞ്ഞു : (എന്നാൽ) ഞാൻ എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായുള്ളവനോട് ന്യായ വിസ്താരത്തിൽ വിശ്വസിക്കാത്ത എല്ലാ അഹംഭാവികളിൽ നിന്നും ശരണം തേടുന്നു.

﴿26﴾ وَقَالَ فِرۡعَوۡنُ ഫിർഔൻ പറയുകയാണ്, പറഞ്ഞു ذَرُونِي എന്നെ വിട്ടേക്കുവിൻ أَقۡتُلۡ ഞാൻ കൊല്ലാം, കൊല്ലട്ടെ مُوسَىٰ മൂസായെ وَلۡيَدۡعُ അവൻ വിളിക്ക(പ്രാർത്ഥിക്ക)യും ചെയ്യട്ടെ رَبَّهُۥٓ അവന്റെ റബ്ബിനെ إِنِّيٓ أَخَافُ നിശ്ചയം ഞാൻ ഭയപ്പെടുന്നു أَن يُبَدِّلَ അവൻ മാറ്റിമറിക്കുന്നത് دِينَكُمۡ നിങ്ങളുടെ മതം, ആചാരം أَوۡ أَن يُظۡهِرَ അല്ലെങ്കിൽ അവൻ പുറപ്പെടുവിക്കുമെന്ന്, പ്രത്യക്ഷപ്പെടുത്തുമെന്ന് فِي ٱلۡأَرۡضِ ഭൂമിയിൽ ٱلۡفَسَادَ കുഴപ്പം **﴿27﴾** وَقَالَ مُوسَىٰ മൂസാ പറഞ്ഞു إِنِّي عُذۡتُ നിശ്ചയമായും ഞാൻ ശരണം (രക്ഷ) പ്രാപിക്കുന്നു. بِرَبِّي എന്റെ وَرَبِّكُمറബ്ബിൽ നിങ്ങളുടെയും റബ്ബ് مِّن كُلِّ مُتَكَبِّرٖ എല്ലാ അഹംഭാവികളിൽ നിന്ന് لَّا يُؤۡمِنُ വിശ്വസിക്കാത്ത بِيَوۡمِ ٱلۡحِسَابِ വിചാരണ (ന്യായവിസ്താര) ദിവസത്തിൽ

മൂസാ കേവലം ഒരു ജാലവിദ്യക്കാരൻമാത്രമാണ്. നമ്മുടെ എതിരാളി എന്ന നിലക്ക് അവനെ കൊലപ്പെടുത്തുന്നത് നമ്മുടെ അന്തസ്സിന് ചേർന്നതല്ല ; അതു തെററുദ്ധാരണകൾക്ക് കാരണവുമാണ്; അതുകൊണ്ട് അവനെ കൊല്ലുന്നത് നന്നല്ല എന്നൊക്കെ ചിലർ ഫിർഔനെ ഉപദേശിച്ചിരുന്നതുകൊണ്ടാണ് എന്നെ വിട്ടേക്കിൻ, ഞാൻ മൂസായെ കൊലപ്പെടുത്തട്ടെ (ذَرُونِي أَقۡتُلۡ مُوسَىٰ) എന്ന് അവൻ പറഞ്ഞതെന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു. ഒരു പക്ഷേ, ആരോ ചിലർ തന്നെ മുടക്കിയതുകൊണ്ടുമാത്രം താൻ മൂസായെ കൊല്ലാതിരിക്കുകയാണെന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി പറഞ്ഞതാണെന്നും വരാം. അല്ലാഹുവിനറിയാം. ഏതായാലും, മൂസായെ അവന്റെ പുതിയ വാദവുമായി വിട്ടേക്കുന്നപക്ഷം തങ്ങളുടെ മതം അപകടത്തിലാണെന്നും, അവർ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാക്കിത്തീർക്കുമെന്നുമാണ് ഫിർഔൻ വധശിക്ഷക്ക് ന്യായം പറയുന്നത്. ഇത് ഒരർത്ഥത്തിൽ ശരിയുമാണ്. ശിർക്കും സ്വേച്ഛാധിപത്യവും നിഷ്കാസനം ചെയ്ത് പകരം തൗഹീദും, സദാചാരവും പ്രചരിപ്പിക്കുകയാണല്ലോ മൂസാ നബി(അ)യുടെ ദൗത്യലക്ഷ്യം. അതു പ്രയോഗികമാകുന്നതോടെ നാട്ടിന്റെ സ്വഭാവം മാറുകയും ചെയ്യും. ഈ ലക്ഷ്യം പരാജയപ്പെടുത്തുവാൻ ഫിർഔൻ ഉപയോഗിക്കുന്ന ആയുധം, കയ്യൂക്കും, അക്രമവുമാണെങ്കിൽ, അതിനെ ചെറുക്കുവാനുള്ള മൂസാ (അ)യുടെ ആയുധം അല്ലാഹുവിനോടുള്ള സഹായാർത്ഥനയാകുന്നു. വധോദ്യമത്തിനെതിരിൽ ഈ വമ്പിച്ച ആയുധ പ്രയോഗം തന്നെയാണ് അദ്ദേഹം നടത്തിയതും. അതാണ് 27-ാം വചനത്തിൽ നാം കാണുന്നത്.

സത്യത്തിന് സഹായകനില്ലാതാവുകയില്ല (لا يعدم الحق ناصرا) എന്നൊരു പഴമൊഴിയുണ്ട്. അതുപോലെ - ഇതാ - ഈ അവസരത്തിൽ ഒരു മാന്യൻ മുമ്പോട്ട് വരുന്നു! നിഷ്പക്ഷമായും, വസ്തുനിഷ്ഠമായും കാര്യങ്ങളെ വിലയിരുത്തിക്കൊണ്ട് അദ്ദേഹം ആ വധോദ്യമത്തെ സധീരം ഗുണദോഷിക്കുന്നു:

വിഭാഗം - 4

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ ءَالِ فِرْعَوْنَ يَكْتُمُ إِيمَـٰنَهُۥٓ أَتَقْتُلُونَ رَجُلًا أَن يَقُولَ رَبِّىَ ٱللَّهُ وَقَدْ جَآءَكُم بِٱلْبَيِّنَـٰتِ مِن رَّبِّكُمْ ۖ وَإِن يَكُ كَـٰذِبًا فَعَلَيْهِ كَذِبُهُۥ ۖ وَإِن يَكُ صَادِقًا يُصِبْكُم بَعْضُ ٱلَّذِى يَعِدُكُمْ ۖ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ مُسْرِفٌ كَذَّابٌ ﴿٢٨﴾

﴿28﴾ ഫിർഔന്റെ ആൾക്കാരിൽ, തന്റെ വിശ്വാസം മറച്ചു വെച്ചു കൊണ്ടിരുന്ന ഒരു സത്യവിശ്വാസി യായ പുരുഷൻ പറഞ്ഞു: (ഹേ, കൂട്ട രേ,) ഒരു പുരുഷൻ എന്റെ റബ്ബ് അല്ലാ ഹുവാണ് എന്നു പറയുന്നതിനാൽ നിങ്ങളദ്ദേഹത്തെ കൊലചെയ്യു കയോ?! അദ്ദേഹം നിങ്ങൾക്കു നിങ്ങ ളുടെ റബ്ബിങ്കൽ നിന്നു തെളിവുകൾ കൊണ്ടുവന്നിട്ടുമുണ്ട് (എന്നിട്ടും)! അദ്ദേഹം വ്യാജം പറയുന്നവനാണെ ങ്കിൽ, തന്റെ വ്യാജം തന്റെ മേൽ തന്നെ (ദോഷകരം) ആയിരിക്കുന്നതു മാണ്; അദ്ദേഹം സത്യം പറയുന്നവനാ ണെങ്കിലോ, നിങ്ങളോടദ്ദേഹം താക്കീതു ചെയ്യുന്ന ചിലതു നിങ്ങൾക്ക് ബാധിക്കുകയും ചെയ്യും. നിശ്ചയമായും അതിരു കവിഞ്ഞവ നും, വ്യാജവാദിയുമായുള്ള ഒരുവനെ അല്ലാഹു സൻമാർഗത്തിലാക്കുന്നതല്ല.

يَـٰقَوْمِ لَكُمُ ٱلْمُلْكُ ٱلْيَوْمَ ظَـٰهِرِينَ فِى ٱلْأَرْضِ فَمَن يَنصُرُنَا مِنۢ بَأْسِ ٱللَّهِ إِن جَآءَنَا ۚ قَالَ فِرْعَوْنُ مَآ أُرِيكُمْ إِلَّا مَآ أَرَىٰ وَمَآ أَهْدِيكُمْ إِلَّا سَبِيلَ ٱلرَّشَادِ ﴿٢٩﴾

﴿29﴾ എന്റെ ജനങ്ങളേ ! ഭൂമിയിൽ പ്രത്യക്ഷരായി (മികച്ചു)ക്കൊണ്ടിരി ക്കുമാറ് ഇന്നു നിങ്ങൾക്കാണ് രാജ ത്വമുള്ളത്, എന്നാൽ, അല്ലാഹുവിന്റെ ദണ്ഡന [ശിക്ഷ] നമുക്കുവന്നെങ്കിൽ അതിൽനിന്നു നമ്മെ ആർ സഹാ യിക്കും?! ഫിർഔൻ പറയുകയാണ്: ഞാൻ (നല്ലതെന്ന്) കാണുന്ന കാര്യ മല്ലാതെ, നിങ്ങൾക്കു ഞാൻ കാട്ടിത്ത രുന്നില്ല; ശരിയായ (തന്റേടത്തിന്റെ)വ ഴിക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കു ന്നുമില്ല.

﴿28﴾ وَقَالَ رَجُلٌ ഒരു പുരുഷൻ പറഞ്ഞു مُؤْمِنٌ സത്യവിശ്വാസിയായ مِنْ آلِ فِرْعَوْنَ ഫിർഔന്റെ ആൾക്കാരിൽപെട്ട يَكْتُمُ അദ്ദേഹം മറച്ചുവെച്ചിരുന്നു إِيمَانَهُ തന്റെ വിശ്വാസം أَتَقْتُلُونَ നിങ്ങൾകൊല്ലുകയോ رَجُلًا ഒരു പുരുഷനെ (മനുഷ്യനെ) أَنْ يَقُولَ അയാൾ പറ

യുന്നതിനാൽ رَبِّيَ اللَّهُ എന്റെ റബ്ബ് അല്ലാഹുവാണ് എന്ന് وَقَدْ جَاءَكُم അദ്ദേഹം നിങ്ങൾക്ക് വന്നിട്ടുമുണ്ട് بِالْبَيِّنَاتِ തെളിവുകളും കൊണ്ട് مِن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്ന് وَإِن يَكُ അദ്ദേഹം ആണെങ്കിൽ كَاذِبًا കളവ്, (വ്യാജം) പറയുന്നവൻ فَعَلَيْهِ എന്നാൽ അദ്ദേഹത്തിന്റെ മേൽ തന്നെ كَذِبُهُ തന്റെ വ്യാജം وَإِن يَكُ അദ്ദേഹമാണെങ്കിൽ صَادِقًا സത്യം പറയുന്നവൻ يُصِبْكُم നിങ്ങൾക്കു എത്തും , ബാധിക്കും بَعْضُ الَّذِي യാതൊ ന്നിൽ ചിലത് يَعِدُكُمْ അദ്ദേഹം നിങ്ങളോട് വാഗ്ദത്തം (താക്കീതു) ചെയ്യുന്ന إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَهْدِي അവൻ നേർമാർഗത്തിലാക്കുകയില്ല مَنْ യാതൊരു വനെ هُوَ അവൻ مُسْرِفٌ അതിരു കവിഞ്ഞവനാണ് كَذَّابٌ കള്ളവാദിയാണ്, വ്യാജക്കാ രനാണ് ﴿29﴾ يَا قَوْمِ എന്റെ ജനങ്ങളെ لَكُمُ നിങ്ങൾക്കാണ്, നിങ്ങൾക്കുണ്ട് الْمُلْكُ രാജത്വം, ഭരണാധിപത്യം الْيَوْمَ ഇന്ന് ظَاهِرِينَ പ്രത്യക്ഷരായ (മികച്ച, വിജയികളാ യ)നിലക്ക് فِي الْأَرْضِ ഭൂമിയിൽ فَمَن يَنصُرُنَا എന്നാൽ നമ്മെ ആർ സഹായിക്കും, നമ്മെ രക്ഷിക്കുന്നതാരാണ് مِن بَأْسِ اللَّهِ അല്ലാഹുവിന്റെ ദണ്ഡന(ശിക്ഷ)യിൽ നിന്ന് إِن جَاءَنَا അതു നമുക്ക് വന്നാൽ قَالَ فِرْعَوْنُ ഫിർഔൻ പറഞ്ഞു مَا أُرِيكُمْ ഞാൻ നിങ്ങൾക്ക് കാട്ടിത്തരുന്നില്ല إِلَّا مَا യാതൊന്നല്ലാതെ أَرَىٰ ഞാൻ കാണുന്ന, അഭിപ്രായപ്പെടുന്ന وَمَا أَهْدِيكُمْ ഞാൻ നിങ്ങളെ നയിക്കുന്നുമില്ല إِلَّا سَبِيلَ വഴിക്കല്ലാതെ الرَّشَادِ ശരിയുടെ (തന്റേടത്തിന്റെ, നൻമയുടെ)

ഫിർഔന്റെ കക്ഷിയിൽപെട്ട ഈ മാന്യപുരുഷൻ യഥാർത്ഥത്തിൽ ഒരു സത്യവി ശ്വാസിയാണ്. എങ്കിലും, പ്രത്യക്ഷത്തിൽ അദ്ദേഹം മൂസാ നബി(അ)യിൽ വിശ്വസിക്കാ ത്തവരുടെ കൂട്ടത്തിലായിരുന്നു. അതിനാൽ അദ്ദേഹത്തിന് – നിഷ്പക്ഷനായ ഒരു ഗുണ കാംക്ഷി എന്ന നിലക്ക്-കാര്യങ്ങൾ കൂടുതൽ തുറന്നു കാണിക്കുവാൻ അവസരം ലഭി ക്കുമല്ലോ. മൂസാ (അ) സത്യവാദിയാണെന്ന് അദ്ദേഹം തീർത്തു പറഞ്ഞില്ലെങ്കിലും അതി ലേക്കുള്ള സൂചനകൾ അദ്ദേഹം നൽകുന്നുണ്ട്. മൂസാ (അ) സത്യവാദിയാണെങ്കിൽ, അദ്ദേഹത്തിൽ വിശ്വസിക്കാത്ത പക്ഷം ഉണ്ടായേക്കുന്ന ഭവിഷ്യത്തുകളെപ്പറ്റി ചിന്തിച്ചു നോക്കുവാൻ അദ്ദേഹം ഗൗരവപൂർവ്വം താക്കീതും ചെയ്തിരിക്കുന്നു. മനസ്സാക്ഷിയു ള്ളവരുടെ ഹൃദയങ്ങളിലേക്ക് തുളച്ചു ചെല്ലുവാൻ പോരുന്നതാണ് ആ പ്രസ്താവന. അതിന്റെ ഉൾക്കനം മനസ്സിലാക്കിയതുകൊണ്ടായിരിക്കണം ഫിർഔൻ-അദ്ദേഹത്തോട് കയർക്കുകയോ, തർക്കിക്കുകയോ ചെയ്യാതെ-എന്റെ അഭിപ്രായത്തിൽ നന്നായിത്തോ ന്നുന്നത് മാത്രമാണ് ഞാൻ നിങ്ങളോട് പറയുന്നതെന്നും, ഞാൻ നിങ്ങളെ ശരിയായ വഴിക്കു തന്നെയാണ് നയിക്കുന്നതെന്നും സൗമ്യ സ്വരത്തിൽ പ്രസ്താവിക്കുന്നത്.

അല്ലാഹുവിന്റെ അസ്തിത്വത്തെയും, അവന്റെ രക്ഷാകർതൃത്വത്തെയും, നിഷേധിക്കു ന്നവരായിരുന്നില്ല യഥാർത്ഥത്തിൽ ഫിർഔനും കൂട്ടരും എന്ന് ഈ പ്രസ്താവന യിൽനിന്നും മറ്റും മനസ്സിലാക്കാവുന്നതാണ്. പക്ഷേ, ധിക്കാരവും, അധികാരപ്രമത്ത തയും നിമിത്തം മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് അവൻ സത്യത്തെ വാഗ്മൂലവും, പ്രവൃ ത്തിമൂലവും നിഷേധിക്കുകയാണ് ചെയ്തത്. ക്രമേണ ഔദ്ധത്യം വർദ്ധിക്കുകയും, ഞാന ല്ലാതെ നിങ്ങൾക്ക് വേറെ ഒരു ആരാധ്യനുള്ളതായി എനിക്കറിവില്ല (مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي) എന്നും ഞാനാണ് നിങ്ങളുടെ ഏറ്റവും ഉന്നതനായ റബ്ബ്

(أَنَا رَبُّكُمُ الأَعْلَى) എന്നും പ്രഖ്യാപിക്കുവാൻ അവൻ ചങ്കൂറ്റം കാണിക്കുകയും ചെയ്തു. സത്യം മനസ്സിലാവാത്തതുകൊണ്ടോ, ദൃഷ്ടാന്തങ്ങൾ ബോധ്യപ്പെടാത്തതുകൊണ്ടോ അല്ല, നേരെമറിച്ച് ധിക്കാരവും അഹങ്കാരവും കാരണം മനസ്സാക്ഷിയെ മറച്ചുവെച്ചതു കൊണ്ടാണ് ഫിർഔനും ജനതയും മൂസാ നബി(അ)യെയും, തൗഹീദിനെയും നിഷേധിച്ചതെന്നു അല്ലാഹു വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കുന്നു. മൂസാ നബി(അ)ക്ക് നൽകപ്പെട്ടിരുന്ന ഒമ്പതു ദൃഷ്ടാന്തങ്ങളെക്കുറിച്ച് പ്രസ്താവിച്ചശേഷം അവരെപ്പറ്റി സൂ: നംല് 14 ൽ അല്ലാഹു പറയുന്നു: وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا (തങ്ങളുടെ മനസ്സുകൾ അവയെ ദൃഢമായി ഉറപ്പിച്ചിരിക്കെ അക്രമവും, പൊങ്ങച്ചവുമായിക്കൊണ്ട് അവരതിനെ നിഷേധിച്ചു)

മൂസാ നബി(അ)യുടെ ജനത അദ്ദേഹത്തെ വധിക്കുവാൻ ശ്രമിച്ചപ്പോൾ, എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞതിന്റെ പേരിൽ നിങ്ങൾ ഒരാളെ കൊലപ്പെടുത്തുകയാണോ എന്ന് അവരുടെ കൂട്ടത്തിൽപ്പെട്ട ഒരു സത്യവിശ്വാസി ആക്ഷേപിച്ചതുപോലെ, നമ്മുടെ നബി തിരുമേനിﷺയുടെ ജനത തിരുമേനിയെ കൊല ചെയ്വാൻ ഉദ്ദേശിച്ച അവസരത്തിൽ അതേ വാക്ക് പറഞ്ഞുകൊണ്ട് തിരുമേനിയെ സഹായിച്ച ഒരു സത്യവിശ്വാസി ആ ജനതയിലും ഉണ്ടായിട്ടുണ്ട്. അതെ, അബൂബക്ർ സിദ്ദീക് (റ) ഇമാം ബുഖാരി (റ) ഉദ്ധരിക്കുന്നു : ഉർവത്തുബ്നു സുബൈർ (റ) പറയുകയാണ് : റസൂൽ തിരുമേനിയെക്കൊണ്ട് മുശ്രിക്കുകൾ പ്രവർത്തിച്ച ഏറ്റവും കഠിനകൃത്യം ഏതായിരുന്നുവെന്ന് ഞാൻ അബ്ദുല്ലാഹിബ്നു അംറ് (റ) നോട് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു റസൂൽകഅ്ബഃയുടെ മുറ്റത്ത് നമസ്ക്കരിച്ചുകൊണ്ടിരിക്കെ ഉക്ബത്തുബ്നു അബീ മുഅയ്ത്വ് (عقبة بن ابي معيط) മുന്നോട്ട് വന്ന് തിരുമേനിയുടെ ചുമലിൽ പിടിച്ചു. തന്റെ വസ്ത്രം തിരുമേനിയുടെ കഴുത്തിൽ ചുറ്റിപ്പിടിച്ചു ഊക്കോടെ കുടുക്കി വലിച്ചു. ഈ അവസരത്തിൽ അബൂബക്ർ (റ) മുന്നോട്ട് ചെന്നു. ഉക്ബത്തിന്റെ ചുമലിൽ പിടിച്ചു അവനെ നബിയിൽ നിന്ന് തട്ടിമാറ്റി. എന്നിട്ട് പറഞ്ഞു: 'ഒരു മനുഷ്യൻ എന്റെ റബ്ബ് അല്ലാഹുവാണെന്നു പറയുന്നതിനാൽ നിങ്ങളദ്ദേഹത്തെ കൊലചെയ്യുകയോ?! അദ്ദേഹം നിങ്ങൾക്കു തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്താനും'! (أَتَقْتُلُونَ رَجُلاً أَن يَقُولَ الخ) അബൂബക്ർ(റ) ഇത്തരം ചില രംഗങ്ങളെപ്പറ്റി പ്രശംസിച്ചുകൊണ്ട് അലി (റ) ഒരിക്കൽ പറയുകയുണ്ടായി: അബൂബക്റിന്റെ ഒരു നാഴിക സമയം, ഫിർഔന്റെ ആൾക്കാരിലെ ആ സത്യവിശ്വാസിയെപ്പോലുള്ളവനെക്കാൾ എത്രയോ ഉത്തമമായിരുന്നു. ആ മാന്യൻ തന്റെ ഈമാൻ (വിശ്വാസം) മറച്ചുവെച്ചിരിക്കയായിരുന്നു. എന്നിട്ടും അല്ലാഹു അദ്ദേഹത്തെപ്പറ്റി അവന്റെ കിതാബിൽ പ്രശംസിച്ചു. അബൂബക്റാകട്ടെ, തന്റെ ഈമാൻ പരസ്യമാക്കുകയും, തന്റെ ധനവും രക്തവും ചിലവഴിക്കുകയും ചെയ്ത പുരുഷനാണ് (البزار وابونعيم) ആ സത്യവിശ്വാസിയുടെ പ്രസ്താവനയുടെ ബാക്കി ഭാഗം അല്ലാഹു തുടർന്ന് ഉദ്ധരിക്കുന്നു:

وَقَالَ ٱلَّذِىٓ ءَامَنَ يَـٰقَوْمِ إِنِّىٓ أَخَافُ
عَلَيْكُم مِّثْلَ يَوْمِ ٱلْأَحْزَابِ ﴿٣٠﴾

﴾30﴿ (ആ) വിശ്വസിച്ചിട്ടുള്ള ആൾ (വീണ്ടും) പറഞ്ഞു: എന്റെ ജനങ്ങളേ! നിശ്ചയമായും, നിങ്ങളുടെ മേൽ സഖ്യകക്ഷികളുടെ ദിവസം പോലെയുള്ള(ശിക്ഷാ ദിവസം വരുന്ന)തിനെ ഞാൻ ഭയപ്പെടുന്നു:

مِثْلَ دَأْبِ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَٱلَّذِينَ مِنۢ بَعْدِهِمْ ۚ وَمَا ٱللَّهُ يُرِيدُ ظُلْمًا لِّلْعِبَادِ ﴿٣١﴾

﴿31﴾ അതായത്, നൂഹിന്റെ ജനതയുടെയും, ആദിന്റെയും, ഥമൂദിന്റെയും, അവർക്ക് ശേഷമുള്ളവരുടെയും പതിവുപോലെയുള്ളതിനെ, അല്ലാഹു അടിയാൻമാരോട് യാതൊരു അക്രമവും ചെയ്‌വാൻ ഉദ്ദേശിക്കുകയില്ലതാനും. [അവരുടെ പ്രവൃത്തിദോഷമാണവർക്ക് ശിക്ഷ വരുത്തുന്നത്]

وَيَٰقَوْمِ إِنِّىٓ أَخَافُ عَلَيْكُمْ يَوْمَ ٱلتَّنَادِ ﴿٣٢﴾

﴿32﴾ എന്റെ ജനങ്ങളെ! പരസ്പരം (നില)വിളി കൂട്ടുന്ന ദിവസത്തെ നിശ്ചയമായും നിങ്ങളിൽ ഞാൻ ഭയപ്പെടുന്നു.

يَوْمَ تُوَلُّونَ مُدْبِرِينَ مَا لَكُم مِّنَ ٱللَّهِ مِنْ عَاصِمٍ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٣﴾

﴿33﴾ അതായത്, നിങ്ങൾ പിന്നോക്കം തിരിഞ്ഞോടുന്ന ദിവസം! അല്ലാഹുവിൽനിന്ന് രക്ഷ നൽകുന്ന ഒരാളും നിങ്ങൾക്കില്ല, അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കുന്നുവോ അവന് മാർഗദർശനം നൽകുന്ന ഒരാളും ഇല്ല.

﴿30﴾ وَقَالَ പറഞ്ഞു الَّذِي آمَنَ വിശ്വസിച്ച ആൾ يَاقَوْمِ എന്റെ ജനങ്ങളെ إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عَلَيْكُمْ നിങ്ങളുടെ മേൽ مِثْلَ يَوْمِ ദിവസംപോലെയുള്ളത് الْأَحْزَابِ സഖ്യ(മിത്ര)കക്ഷികളുടെ ﴿31﴾ مِثْلَ دَأْبِ അതായത് സമ്പ്രദായം (പതിവ്)പോലെ قَوْمِ نُوحٍ നൂഹിന്റെ ജനതയുടെ وَعَادٍ وَثَمُودَ ആദിന്റെയും ഥമൂദിന്റെയും وَالَّذِينَ യാതൊരുവരുടെയും مِنْ بَعْدِهِمْ അവരുടെ ശേഷമുള്ള وَمَا اللَّهُ അല്ലാഹു ഇല്ല يُرِيدُ ഉദ്ദേശിക്കും ظُلْمًا അക്രമം, അനീതി لِلْعِبَادِ അടിയാൻമാർക്ക് ﴿32﴾ وَيَاقَوْمِ എന്റെ ജനങ്ങളേ إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عَلَيْكُمْ നിങ്ങളുടെ മേൽ يَوْمَ التَّنَادِ അന്യോന്യം വിളി (നിലവിളി) കൂട്ടുന്ന ദിവസത്തെ ﴿33﴾ يَوْمَ تُوَلُّونَ അതായത് നിങ്ങൾ തിരിഞ്ഞോടുന്ന ദിവസം مُدْبِرِينَ പിന്നോക്കം വെച്ചവരായി مَا لَكُمْ നിങ്ങൾക്ക് ഇല്ല, ഇല്ലാത്ത നിലയിൽ مِنَ اللَّهِ അല്ലാഹുവിൽ നിന്ന് مِنْ عَاصِمٍ യാതൊരു രക്ഷകനും, കാക്കുന്നവനും وَمَنْ يُضْلِلِ ആരെയെങ്കിലും വഴിപിഴവിലാക്കിയാൽ اللَّهُ അല്ലാഹു فَمَا لَهُ എന്നാൽ അവന്നില്ല مِنْ هَادٍ യാതൊരു വഴികാട്ടിയും, മാർഗദർശനം

സത്യവിശ്വാസി ആദ്യം ചൂണ്ടിക്കാണിച്ചത് ഇഹലോകത്ത്‌വെച്ച് സംഭവിക്കാവുന്ന പൊതുശിക്ഷയും, രണ്ടാമത്തേത് പരലോകശിക്ഷയും ആകുന്നു. അല്ലാഹു വഴിപിഴവി

ലാക്കിയവർ എന്നു പറഞ്ഞതു ആരെ ഉദ്ദേശിച്ചാണെന്ന് അടുത്ത വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. ആ ജനത വളരെ മുമ്പ് മുതൽക്കേ സത്യത്തിൽനിന്ന് വ്യതിചലിച്ച് പോയിട്ടുള്ള ഒരു ജനതയാണെന്നും, അതുകൊണ്ട് എനിയെങ്കിലും ആ നില അവർ മാറ്റേണ്ടതുണ്ടെന്നും അദ്ദേഹം അവരെ ഓർമിപ്പിക്കുന്നു. അദ്ദേഹം തുടരുന്നു:-

وَلَقَدْ جَآءَكُمْ يُوسُفُ مِن قَبْلُ بِٱلْبَيِّنَٰتِ فَمَا زِلْتُمْ فِى شَكٍّ مِّمَّا جَآءَكُم بِهِۦ ۖ

《34》 മുമ്പ് യൂസുഫ് നിങ്ങൾക്കു തെളിവുകളുമായി വരുകയുണ്ടായിട്ടുണ്ട്. എന്നിട്ട്, അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെപ്പറ്റി നിങ്ങൾ സംശയത്തിലായിക്കൊണ്ടേയിരുന്നു.

حَتَّىٰٓ إِذَا هَلَكَ قُلْتُمْ لَن يَبْعَثَ ٱللَّهُ مِنۢ بَعْدِهِۦ رَسُولًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ ﴿٣٤﴾

അങ്ങനെ, അദ്ദേഹം (മരണമടഞ്ഞ്) കാലം ചെന്നപ്പോൾ നിങ്ങൾ പറഞ്ഞു: ഇയാളുടെ ശേഷം അല്ലാഹു (എനി) ഒരു റസൂലിനെയും നിയോഗിക്കുന്നതേ അല്ല എന്ന്! അപ്രകാരം, ഏതൊരുവൻ അതിരുകവിഞ്ഞവനും സംശയാലുവുമാണോ അവനെ അല്ലാഹു വഴിപിഴവിലാക്കുന്നു.

《34》 وَلَقَدْ جَاءَكُمْ നിങ്ങൾക്കു വരികയുണ്ടായിട്ടുണ്ട് يُوسُفُ യൂസുഫ് مِن قَبْلُ മുമ്പ് بِالْبَيِّنَاتِ തെളിവുകളുമായിട്ട് فَمَا زِلْتُمْ എന്നിട്ട് നിങ്ങളായിക്കൊണ്ടിരുന്നു فِي شَكٍّ സംശയത്തിൽ مِمَّا യാതൊന്നിനെപ്പറ്റി جَاءَكُم بِهِ അദ്ദേഹം കൊണ്ടുവന്ന حَتَّىٰ إِذَا هَلَكَ അങ്ങനെ അദ്ദേഹം നാശമടഞ്ഞ(കാലംചെന്ന)പ്പോൾ قُلْتُمْ നിങ്ങൾ പറഞ്ഞു لَن يَبْعَثَ اللَّهُ അല്ലാഹു നിയോഗിക്ക(എഴുന്നേല്പിക്ക)യില്ലതന്നെ مِن بَعْدِهِ അദ്ദേഹത്തിന് ശേഷം رَسُولًا ഒരു റസൂലിനെയും, ദൂതനെയും كَذَٰلِكَ അപ്രകാരം يُضِلُّ اللَّهُ അല്ലാഹു വഴിപിഴപ്പിക്കുന്നു مَنْ هُوَ യാതൊരുവനെ مُسْرِفٌ അവൻ അതിരുകവിഞ്ഞവനാണ് مُرْتَاب സംശയാലുവാണ്, സന്ദേഹിയാണ്.

ഈജിപ്തിൽ നിലവിലുള്ള ക്വിബ്ത്വീ വർഗത്തിന്റെയും ഫറോവ രാജകുടുംബത്തിലെ പൂർവ്വ പിതാക്കളുടെയും കാലത്തായിരുന്നു യൂസുഫ് നബി (അ) ഈജിപ്തിൽ ഭരണമേധാവിയായിരുന്നതും, അദ്ദേഹത്തിന്റെ കുടുംബ അവിടെ കുടി താമസമാക്കിയതും. അക്കാലത്ത് ഇവരുടെ പൂർവ്വപിതാക്കൾ യൂസുഫ് നബി(അ)യെ ഭരണനേതാവെന്ന നിലക്ക് അനുസരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ദൗത്യമാകുന്ന തൗഹീദിൽ വേണ്ടതുപോലെ ഉറച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശേഷമാകട്ടെ, അവർ കൂടുതൽ കൂടുതൽ അതിൽ നിന്ന് അകന്നുംകൊണ്ടിരുന്നു. അദ്ദേഹത്തിനുശേഷം, ഒരു റസൂൽ വന്നേക്കുമെന്ന പ്രതീക്ഷയാകട്ടെ, വന്നാൽ സ്വീകരിക്കുവാനുള്ള സന്നദ്ധതയാകട്ടെ, വന്നാൽ കൊള്ളാമെന്ന ആഗ്രഹമാകട്ടെ, അവർക്കില്ലായിരുന്നു. അങ്ങിനെ, സത്യത്തിൽ സംശ

യാലുക്കളും, ദുർമാർഗത്തിൽ അതിരുകവിഞ്ഞവരുമായിക്കൊണ്ട് ഒരു ദീർഘകാല പാരമ്പര്യം പുലർത്തിവന്ന ജനതയായിരുന്നു അത്. ഇങ്ങിനെയുള്ള ജനത നന്നായിത്തീരുക പ്രയാസമാണല്ലോ.

സംശയാലുക്കളും അതിരു കവിഞ്ഞവരുമെന്ന് പറഞ്ഞത് ഏതു തരക്കാരെ ഉദ്ദേശിച്ചാണ്? ഇവരെ അല്ലാഹു നേർവഴിയിലാക്കുകയില്ല എന്നു പറയുവാൻ കാരണം എന്താണ്? അടുത്ത വചനം നോക്കുക:-

ٱلَّذِينَ يُجَـٰدِلُونَ فِىٓ ءَايَـٰتِ ٱللَّهِ بِغَيْرِ سُلْطَـٰنٍ أَتَىٰهُمْ ۖ كَبُرَ مَقْتًا عِندَ ٱللَّهِ وَعِندَ ٱلَّذِينَ ءَامَنُوا۟ ۚ كَذَٰلِكَ يَطْبَعُ ٱللَّهُ عَلَىٰ كُلِّ قَلْبِ مُتَكَبِّرٍ جَبَّارٍ ﴿٣٥﴾

﴾35﴿ അതായത്, തങ്ങൾക്കു വന്നു കിട്ടിയിട്ടുള്ള യാതൊരു അധികൃതലക്ഷ്യവും കൂടാതെ അല്ലാഹുവിന്റെ ആയത്തുകളിൽ [ദൃഷ്ടാന്തങ്ങളിൽ] തർക്കം നടത്തുന്നവർ. അതു [തർക്കം] അല്ലാഹുവിങ്കലും, വിശ്വസിച്ചിട്ടുള്ളവരുടെ അടുക്കലും ക്രോധത്തിൽ വളരെ വമ്പിച്ചതത്രെ! അപ്രകാരം, അഹംഭാവികളും സ്വേച്ഛാലുക്കളുമായവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്ര വെക്കുന്നതാണ്. [സത്യബോധം അവയിൽ പ്രവേശിക്കാതായിത്തീരും].

﴾35﴿ الَّذِينَ يُجَادِلُونَ അതായത് തർക്കം നടത്തുന്നവർ فِي آيَاتِ اللَّهِ അല്ലാഹുവിന്റെ ആയത്ത് (ദൃഷ്ടാന്തം)കളിൽ بِغَيْرِ سُلْطَانٍ ഒരു അധികൃത ലക്ഷ്യവും (പ്രമാണവും)കൂടാതെ أَتَاهُمْ തങ്ങൾക്ക് വന്നിട്ടുള്ള, കിട്ടിയിട്ടുള്ള كَبُرَ അത് വളരെ വലുതാണ്, വമ്പിച്ചതായിരുന്നു مَقْتًا ക്രോധത്തിൽ, ക്രോധത്താൽ عِندَ اللَّهِ അല്ലാഹുവിങ്കൽ وَعِندَ الَّذِينَ آمَنُوا വിശ്വസിച്ചവരുടെ അടുക്കലും كَذَٰلِكَ അപ്രകാരം يَطْبَعُ اللَّهُ അല്ലാഹു മുദ്രവെക്കുന്ന عَلَىٰ كُلِّ قَلْبِ എല്ലാ ഹൃദയങ്ങളുടെമേലും مُتَكَبِّرٍ അഹംഭാവിയുടെ جَبَّارٍ സ്വേച്ഛാലുവായ (ക്രൂരമനസ്കനായ)

സത്യം ഗ്രഹിക്കുവാൻ വേണ്ടിയോ, കൂടുതൽ വിജ്ഞാനം ലഭിക്കുവാൻ വേണ്ടിയോ അന്വേഷണബുദ്ധ്യാ ചർച്ച നടത്തുന്നത് നല്ല സ്വഭാവം തന്നെ. നേരെ മറിച്ച് - അഞ്ചാം വചനത്തിൽ കണ്ടതുപോലെ - സത്യത്തെ പരാജയപ്പെടുത്തുവാനും, സ്വന്തം താൽപര്യങ്ങളെ ന്യായീകരിക്കുവാനും വേണ്ടി തർക്കം നടത്തുന്നത് എത്രമാത്രം അപലപനീയമാണെന്ന് ഇതുപോലെയുള്ള ക്വുർആൻ വചനങ്ങളിൽ നിന്ന് നല്ലപോലെ മനസ്സിലാക്കാം. അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും കടുത്ത ശാപകോപങ്ങൾക്ക് അതു കാരണമായിത്തീരുന്നു. മാത്രമല്ല, ഹൃദയത്തിലേക്ക് നന്മയുടെ പ്രവേശനം പോലും തടയപ്പെടുകയും അത് മൂലം തടയപ്പെടുന്നു.അതെ ഇഹത്തിൽ അത് മനുഷ്യനെ മൃഗീയതയിലേക്ക് അധഃപതിപ്പിക്കുകയും, പരത്തിൽ കാലാകാല ദൗർഭാഗ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

بِغَيْرِ سُلْطَانٍ أَتَاهُمْ (തങ്ങൾക്ക് വന്നുകിട്ടിയ അധികൃതലക്ഷ്യമൊന്നും കൂടാതെ) എന്നു പറഞ്ഞതു ശ്രദ്ധേയമാണ്. മതകാര്യങ്ങളിലും, ദൈവീക സന്ദേശങ്ങളിലും അവലംബമാക്കേണ്ടത്, അല്ലാഹുവിൽ നിന്ന് അവന്റെ ദൂതൻമാരായ പ്രവാചകൻമാർ മുഖേന ലഭിക്കുന്ന പ്രമാണങ്ങളാണ് - അഥവാ യുക്തിവാദങ്ങളൊ, ശാസ്ത്രീയാഭിപ്രായങ്ങളോ, മറ്റേതെങ്കിലും സിദ്ധാന്തങ്ങളോ അല്ല - എന്നു ഇതിൽ നിന്നു മനസ്സിലാക്കാം. وَعِندَ الَّذِينَ آمَنُوا (സത്യവിശ്വാസികളുടെ അടുക്കലും) എന്നു പറഞ്ഞതിൽ നിന്ന് സത്യവിശ്വാസികൾക്ക് ഒട്ടും യോജിക്കാത്ത സ്വഭാവമാണ് തർക്കം എന്നും വ്യക്തമാകുന്നു. തർക്കം നടത്തുന്നതിനെക്കുറിച്ച് അതിരു കവിഞ്ഞവൻ (مُّسْرِف), സംശയാലു (مُّرْتَابٌ) അഹംഭാവി (مُتَكَبِّرٍ),സ്വേച്ഛാലു (جَبَّار),എന്നിങ്ങിനെയുള്ള ഓരോ പ്രയോഗവും അല്ലാഹുവിന് അവരോടുള്ള വെറുപ്പിന്റെ കാഠിന്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. നബി ﷺ പറയുന്നു:

١) ما ضل قوم بعد هدي كانوا عليه إلا أوتوا الجدل–أحمد و الترمدي و ابن ماجه

٢) من تعلم صرف الكلام ليسبي به قلوب الرجال أو الناس لم يقبل الله منه يوم القيامة صرفا ولا عدلا– أبوا داود

(സാരം 1. ഏതൊരു ജനതയും തന്നെ അവർ സൻമാർഗത്തിലായിരുന്നതിനുശേഷം തർക്കവാസന ഉണ്ടായിത്തീർന്നല്ലാതെ വഴിപിഴച്ചുപോയിട്ടില്ല. (അ: തി: ജ.) 2. ഏതൊരുവൻ പുരുഷൻമാരുടെ - അല്ലെങ്കിൽ *(*)* മനുഷ്യരുടെ ഹൃദയങ്ങളെ അധീനപ്പെടുത്തുവാൻ വേണ്ടി തിരിച്ചുമറിച്ചു സംസാരിക്കുവൻ പഠിച്ചുവോ അവനിൽ നിന്ന് കിയാമത്തുനാളിൽ അല്ലാഹു നിർബ്ബന്ധ കർമവും, ഐച്ഛിക കർമവും സ്വീകരിക്കുന്നതല്ല. (ദാ) തർക്കം നടത്തുന്നത് ഇത്രയും ആപൽകരവും ശപിക്കപ്പെട്ടതും ആയതുകൊണ്ടു തന്നെയാണ് എത്രയോ ക്വുർആൻ വചനങ്ങളിൽ അല്ലാഹു അതിനെപ്പറ്റി ശക്തിയായ ഭാഷയിൽ ആവർത്തിച്ചാക്ഷേപിക്കുന്നതും.

وَقَالَ فِرْعَوْنُ يَٰهَٰمَٰنُ ٱبْنِ لِى صَرْحًا لَّعَلِّىٓ أَبْلُغُ ٱلْأَسْبَٰبَ ﴿٣٦﴾

﴾36﴿ ഫിർഔൻ പറയുകയാണ് : ഓ ഹാമാൻ, നീ എനിക്കൊരു ഉന്നത സൗധം കെട്ടിയുണ്ടാക്കുക, ഞാൻ (ആ) മാർഗങ്ങളിൽ എത്തിച്ചേർന്നേക്കാം.

أَسْبَٰبَ ٱلسَّمَٰوَٰتِ فَأَطَّلِعَ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّى لَأَظُنُّهُۥ كَٰذِبًا

﴾37﴿ അതായത് ആകാശങ്ങളുടെ മാർഗങ്ങളിൽ; എന്നിട്ട് (അവിടെച്ചെന്ന്) മൂസായുടെ ഇലാഹിലേക്ക് ഞാൻ എത്തിനോക്കാം. നിശ്ചയമായും അവൻ കളവു പറയുന്നവനാണെന്ന് ഞാൻ വിചാരിക്കുന്നു.

(*) നിവേദകന്റെ സംശയമാണിത്, നബിഉപയോഗിച്ച പദം ഈ രണ്ടിലൊന്നായിരുന്നു എന്നു താല്പര്യം.

وَكَذَٰلِكَ زُيِّنَ لِفِرْعَوْنَ سُوٓءُ عَمَلِهِۦ وَصُدَّ عَنِ ٱلسَّبِيلِ ۚ وَمَا كَيْدُ فِرْعَوْنَ إِلَّا فِى تَبَابٍ ﴿٣٧﴾

ഇപ്രകാരം, ഫിർഔന് അവന്റെ ദുഷ്പ്രവൃത്തി ഭംഗിയായി കാണിക്കപ്പെട്ടു ; അവൻ (നേരായ) വഴിയിൽ നിന്നു തടയപ്പെടുകയും ചെയ്തു. ഫിർഔന്റെ തന്ത്രം നാശനഷ്ടത്തിലല്ലാതെ ഇല്ല.

وَقَالَ فِرْعَوْنُ ﴿36﴾ ഫിർഔൻ പറഞ്ഞു يَاهَامَانُ ഹാമാനേ ابْنِ لِي നീ എനിക്ക് നിർമിക്കുക, കെട്ടിപ്പടുക്കുക صَرْحًا ഒരു ഉന്നത സൗധം, സ്തംഭം لَعَلِّي أَبْلُغُ ഞാൻ എത്തിയേക്കാം, എത്തിച്ചേരാൻ الْأَسْبَابَ മാർഗങ്ങളിൽ, കാരണങ്ങളിൽ ﴿37﴾ أَسْبَابَ السَّمَاوَاتِ അതായത് ആകാശങ്ങളുടെ മാർഗങ്ങളിൽ فَأَطَّلِعَ എന്നിട്ട് (അങ്ങിനെ) ഞാൻ എത്തിനോക്കാം, നോക്കിക്കാണാം إِلَىٰ إِلَٰهِ مُوسَىٰ മൂസായുടെ ഇലാഹിലേക്ക് وَإِنِّي നിശ്ചയമായും ഞാൻ لَأَظُنُّهُ അവനെ വിചാരിക്കുന്നു كَاذِبًا കളവ് പറയുന്നവനെന്ന് وَكَذَٰلِكَ അപ്രകാരം زُيِّنَ لِفِرْعَوْنَ ഫിർഔന് അലങ്കാരമായി (ഭംഗിയായി)കാണിക്കപ്പെട്ടു سُوءُ عَمَلِهِ അവന്റെ ദുഷ്പ്രവൃത്തി وَصُدَّ അവൻ തടയപ്പെടുകയും ചെയ്തു عَنِ السَّبِيلِ വഴിയിൽനിന്ന് وَمَا كَيْدُ فِرْعَوْنَ ഫിർഔന്റെ തന്ത്രം (ഉപായം) അല്ല إِلَّا فِي تَبَابٍ (നാശത്തിൽ, നഷ്ടത്തിൽ) അല്ലാതെ

ഒരു വമ്പിച്ച സൗധം കെട്ടിപ്പോക്കിയാൽ അതിന്റെ മുകളിൽ കയറിച്ചെന്ന് ആകാശത്തിൽ പ്രവേശിക്കാമെന്നും മൂസാ നബി(അ)യുടെ ഇലാഹായ അല്ലാഹുവിനെ കാണുവാൻ കഴിയുമെന്നും ഫിർഔൻ യഥാർത്ഥത്തിൽ ധരിച്ചിരിക്കുമെന്ന് തോന്നുന്നില്ല. കേവലം പൊതുജനങ്ങളെ കബളിപ്പിക്കുവാനും, മൂസാ (അ)നെ പരിഹസിക്കുവാനും ഉദ്ദേശിച്ചുകൊണ്ടുമായിരിക്കും അത്. كَيْدُ فِرْعَوْنَ (ഫിർഔന്റെ ഉപായം–അഥവാ തന്ത്രം) എന്ന് അതിനെക്കുറിച്ച് പറഞ്ഞതിൽ നിന്നു ഇത് മനസ്സിലാക്കാവുന്നതാണ്.

തന്റെ ആത്മാർത്ഥമായ ഉപദേശങ്ങൾക്ക് അവരുടെ ഇടയിൽ സ്വീകരണം ലഭിക്കുന്നില്ലെന്നു കണ്ടപ്പോൾ, ആസത്യവിശ്വാസിയായ മാന്യൻ, അവരെ വീണ്ടും വീണ്ടും ഉപദേശിച്ചുനോക്കുന്നു. നശ്വരമായ ഈ ജീവിത താല്പര്യത്തിൽ മുഴുകി വഞ്ചിതരാകാതെ, ശാശ്വതമായ പാരത്രികജീവിതത്തിലെ സൗഭാഗ്യത്തിനുവേണ്ടി അതിന്റേതായ സത്യമാർഗം കൈക്കൊള്ളുവാൻ ആഹ്വാനം ചെയ്കയും ചെയ്യുന്നു. ഹൃദയസ്പർശിയായ അതിലെ ഓരോ വാചകവും അദ്ദേഹത്തിന്റെ വിശ്വാസദാർഢ്യതയും, അദ്ദേഹത്തിന് ആ ജനതയുടെ നൻമയിലുള്ള ഗുണകാംക്ഷയും എത്രത്തോളമാണെന്നു വെളിപ്പെടുത്തുന്നു:-

വിഭാഗം - 5

وَقَالَ ٱلَّذِىٓ ءَامَنَ يَٰقَوْمِ

﴿38﴾ (ആ) വിശ്വസിച്ചവർ പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ എന്നെ പിൻതുടരുവിൻ, ഞാൻ

اتَّبِعُونِ أَهْدِكُمْ سَبِيلَ الرَّشَادِ ﴿٣٨﴾	നിങ്ങൾക്ക് ശരിയായ (തന്റേടത്തിന്റെ) മാർഗം കാട്ടിത്തരാം.
يَٰقَوْمِ إِنَّمَا هَٰذِهِ الْحَيَوٰةُ الدُّنْيَا مَتَٰعٌ وَإِنَّ الْآخِرَةَ هِيَ دَارُ الْقَرَارِ ﴿٣٩﴾	﴿39﴾ എന്റെ ജനങ്ങളേ! നിശ്ചയമായും ഈ ഐഹിക ജീവിതം ഒരു (താൽക്കാലിക)വിഭവം മാത്രമാണ്; നിശ്ചയമായും പരലോകമത്രെ സ്ഥിര വാസത്തിന്റെ ഭവനം.
مَنْ عَمِلَ سَيِّئَةً فَلَا يُجْزَىٰ إِلَّا مِثْلَهَا ۖ وَمَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰٓئِكَ يَدْخُلُونَ الْجَنَّةَ يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ﴿٤٠﴾	﴿40﴾ ആരെങ്കിലും ഒരു തിൻമ പ്രവർത്തിച്ചാൽ, അതിന്റെ അത്രക്കല്ലാതെ അവന് പ്രതിഫലം [ശിക്ഷ] കൊടുക്കപ്പെടുന്നതല്ല ; ആണിൽ നിന്നോ, പെണ്ണിൽ നിന്നോ ആരെങ്കിലും - അയാൾ സത്യവിശ്വാസിയായിക്കൊണ്ട്-സൽക്കർമം പ്രവർത്തിച്ചാലോ, എന്നാൽ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർക്ക് അവിടെവെച്ച് ഒരു കണക്കും കൂടാതെ (സുഭിക്ഷമായി) ഉപജീവനം ലഭിച്ചുകൊണ്ടിരിക്കും.

﴿38﴾ وَقَالَ പറഞ്ഞു الَّذِي آمَنَ വിശ്വസിച്ചവൻ يَاقَوْمِ എന്റെ ജനങ്ങളേ اتَّبِعُونِ എന്നെ
പിൻപറ്റുവിൻ أَهْدِكُمْ ഞാൻ നിങ്ങളെ നയിക്കാം, നിങ്ങൾക്ക് കാട്ടിത്തരും سَبِيلَ الرَّشَادِ
ശരിയായ (തന്റേടത്തിന്റെ)വഴി ﴿39﴾ يَاقَوْمِ എന്റെ ജനങ്ങളേ إِنَّمَا هَٰذِهِ الْحَيَاةُ നിശ്ചയ
മായും ഈ ജീവിതം الدُّنْيَا ഐഹിക, ഇഹത്തിലെ مَتَاعٌ ഒരു വിഭവം(ഉപകരണം) മാത്ര
മാകുന്നു وَإِنَّ الْآخِرَةَ നിശ്ചയമായും പരലോകം هِيَ അതത്രെ دَارُ الْقَرَارِ സ്ഥിരവാസ
ത്തിന്റെ ഭവനം, താമസിക്കുവാനുള്ള വീട് ﴿40﴾ مَنْ عَمِلَ ആരെങ്കിലും പ്രവർത്തിച്ചാൽ
سَيِّئَةً ഒരു തിൻമ فَلَا يُجْزَىٰ എന്നാലവന് പ്രതിഫലം കൊടുക്കപ്പെടുകയില്ല إِلَّا مِثْلَهَا
അതുപോലുള്ളതിന് (അതിന്റെ അത്രക്ക്)അല്ലാതെ وَمَنْ عَمِلَ ആരെങ്കിലും പ്രവർത്തി
ച്ചാൽ صَالِحًا സൽക്കർമം, നല്ലത് مِنْ ذَكَرٍ ആണിൽ നിന്ന് أَوْ أُنْثَىٰ അല്ലെങ്കിൽ പെണ്ണിൽ
നിന്ന് وَهُوَ مُؤْمِنٌ അവൻ സത്യവിശ്വാസിയായിരിക്കെ فَأُولَٰئِكَ എന്നാൽ അക്കൂട്ടർ
يَدْخُلُونَ الْجَنَّةَ അവർ സ്വർഗത്തിൽ പ്രവേശിക്കും يُرْزَقُونَ അവർക്ക് നൽകപ്പെടും, ഉപ
ജീവനം ലഭിക്കും فِيهَا അതിൽ بِغَيْرِ حِسَابٍ ഒരു കണക്കും കൂടാതെ.

﴿41﴾ എന്റെ ജനങ്ങളേ! എനിക്കെന്താണ്?! നിങ്ങളെ ഞാൻ രക്ഷ(യുടെ വഴി)യിലേക്ക് ക്ഷണിക്കുന്നു; നിങ്ങളെന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു! (ഇതെന്താശ്ചര്യം!)

۞ وَيَٰقَوۡمِ مَا لِيٓ أَدۡعُوكُمۡ إِلَى ٱلنَّجَوٰةِ وَتَدۡعُونَنِيٓ إِلَى ٱلنَّارِ ﴿٤١﴾

﴿42﴾ (അതെ) ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും, എനിക്ക് യാതൊരു അറിവുമില്ലാത്ത വസ്തുവെ അവനോട് പങ്കുചേർക്കുവാനുമായി നിങ്ങൾ എന്നെ ക്ഷണിക്കുന്നു; ഞാനാകട്ടെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലിയായുള്ളവനിലേക്ക് നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു!

تَدۡعُونَنِي لِأَكۡفُرَ بِٱللَّهِ وَأُشۡرِكَ بِهِۦ مَا لَيۡسَ لِي بِهِۦ عِلۡمٞ وَأَنَا۠ أَدۡعُوكُمۡ إِلَى ٱلۡعَزِيزِ ٱلۡغَفَّٰرِ ﴿٤٢﴾

﴿41﴾ وَيَاقَوْمِ എന്റെ ജനങ്ങളേ مَالِي എനിക്കെന്താണ് (എന്തുപറ്റി) أَدْعُوكُمْ ഞാൻ നിങ്ങളെ ക്ഷണി(വിളി)ക്കുന്നു إِلَى النَّجَاةِ രക്ഷയിലേക്ക്, മുക്തിയിലേക്ക് وَتَدْعُونَنِي നിങ്ങൾ എന്നെ വിളിക്കയും ചെയ്യുന്നു إِلَى النَّارِ നരകത്തിലേക്ക് ﴿42﴾ تَدْعُونَنِي നിങ്ങൾ എന്നെ ക്ഷണിക്കുന്നു, വിളിക്കുന്നു لِأَكْفُرَ ഞാൻ അവിശ്വസിക്കുവാൻ بِاللَّهِ അല്ലാഹുവിൽ وَأُشْرِكَ بِهِ ഞാനവനോട് പങ്ക് ചേർക്കുവാനും مَا യാതൊന്നിനെ لَيْسَ لِي എനിക്കില്ല بِهِ عِلْمٌ അതിനെപ്പറ്റി ഒരു അറിവും وَأَنَا أَدْعُوكُمْ ഞാനാകട്ടെ നിങ്ങളെ ക്ഷണിക്കുന്നു إِلَى الْعَزِيزِ പ്രതാപശാലിയിലേക്ക് الْغَفَّارِ വളരെ പൊറുക്കുന്നവനായ

നമ്മുടെ സത്യവിശ്വാസി ആദ്യത്തിൽ തന്റെ സത്യവിശ്വാസം മൂടിവെക്കുകയായിരുന്നുവെങ്കിലും ക്രമേണ അദ്ദേഹം അതു തുറന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങനെ, വ്യക്തമായ ഭാഷയിൽ തന്നെ അദ്ദേഹം അവരെ തൗഹീദിലേക്ക് ക്ഷണിക്കുകയും, ശിർക്കിനെ ആക്ഷേപിക്കുകയും ചെയ്യുന്നു. അല്ലാഹുവിന് യാതൊരു പങ്കുകാരും ഉള്ളതായി എനിക്കറിവില്ല; വല്ലവരും ഉണ്ടെന്ന് എനിക്കറിവുണ്ടായിരുന്നെങ്കിൽ ഞാനവനെ ആരാധിക്കുമായിരുന്നു; പക്ഷേ ആരും ഇല്ലല്ലോ; എന്നിരിക്കെ ഇല്ലാത്ത ഒന്നിനെ ഞാൻ എങ്ങിനെ അവനോട് പങ്കുചേർക്കും? എന്നൊക്കെയാണ് അദ്ദേഹം അവരെ ഓർമിപ്പിക്കുന്നത്, അദ്ദേഹം തുടരുന്നു:-

﴿43﴾ അല്ല - (സത്യമെന്ന്) സ്ഥാപിതമായിരിക്കുന്നു: നിങ്ങൾ യാതൊന്നിലേക്ക് എന്നെ ക്ഷണിക്കുന്നുവോ അതിന് ഇഹത്തിലാകട്ടെ, പരത്തിലാകട്ടെ യാതൊരു ക്ഷണവും (ഉണ്ടായിരിക്കുവാൻ) പാടില്ലെന്നും - നമ്മുടെ

لَا جَرَمَ أَنَّمَا تَدۡعُونَنِيٓ إِلَيۡهِ لَيۡسَ لَهُۥ دَعۡوَةٞ فِي ٱلدُّنۡيَا وَلَا فِي ٱلۡأٓخِرَةِ

وَأَنَّ مَرَدَّنَآ إِلَى ٱللَّهِ وَأَنَّ ٱلْمُسْرِفِينَ هُمْ أَصْحَٰبُ ٱلنَّارِ ﴿٤٣﴾

(യെല്ലാം)തിരിച്ചുചെല്ലൽ അല്ലാഹുവിങ്കലേക്കാണെന്നും, അതിരുകവിഞ്ഞവർതന്നെയാണ് നരകത്തിന്റെ ആൾക്കാർ എന്നും.

﴿43﴾ لَا جَرَمَ അല്ല- സ്ഥാപിതമായിരിക്കുന്നു(തീർച്ചപ്പെട്ടിരിക്കുന്നു)തെറ്റല്ല(സത്യം തന്നെ) أَنَّمَا تَدْعُونَنِي إِلَيْهِ നിങ്ങൾ എന്നെ യാതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതാണെന്ന് لَيْسَ لَهُ അതിനില്ല (പാടില്ല-അർഹതയില്ല) دَعْوَةٌ ക്ഷണം, വിളിച്ചു പ്രാർത്ഥിക്കൽ فِي الدُّنْيَا ഇഹത്തിൽ وَلَا فِي الْآخِرَةِ പരത്തിലും ഇല്ല وَأَنَّ مَرَدَّنَا നമ്മുടെ തിരിച്ചുചെല്ലൽ ആണെന്നും إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَأَنَّ الْمُسْرِفِينَ അതിരുകവിഞ്ഞവരാണെന്നും هُمْ അവർ തന്നെ أَصْحَابُ النَّارِ നരകത്തിന്റെ ആൾക്കാർ

لَا جَرَمَ (ലാ ജറമ) എന്ന വാക്കിനാണ് നാമിവിടെ അല്ല, സ്ഥാപിതമായിരിക്കുന്നുവെന്ന് അർത്ഥം കൽപ്പിച്ചത്. لَا എന്ന അവ്യയം അല്ല-കാര്യം അപ്രകാരമല്ല എന്ന നിഷേധത്തെ കുറിക്കുന്നു. جَرَمَ എന്ന ക്രിയ സ്ഥാപിതമായി-അഥവാ താഴെ പറയുന്ന കാര്യം തീർച്ചപ്പെട്ടതാണ് (حق وثبت) എന്നു ഉറപ്പിക്കുകയും ചെയ്യുന്നു. തുടർന്നുള്ള വാക്കുകൾ ഇതിന്റെ കർത്തൃസ്ഥാനത്ത് നിലകൊള്ളുന്നു. വേറെ പ്രകാരത്തിലും ചിലർ അതിന് അർത്ഥം കല്പിക്കാറുണ്ട്. ഏതായാലും തുടർന്നു പറയുന്ന കാര്യം യഥാർത്ഥമെന്ന് (حَقًّا) തീർത്തുപറയുകയാണ് ആ പ്രയോഗത്തിന്റെ താൽപര്യം. അല്ലാഹുവിനെയല്ലതെ, മറ്റേതൊന്നിനെ ആരാധിക്കുവാൻ വേണ്ടി നിങ്ങളെന്നെ ക്ഷണിക്കുന്നതായാലും ശരി, അവയ്ക്കൊന്നും തന്നെ ഇഹത്തിലും പരത്തിലും ആരാധനക്ക് അർഹതയില്ല. അവയുടെ ആരാധക്കുവേണ്ടി ക്ഷണമോ പ്രചാരണമോ നടത്തപ്പെടുവാൻ പാടുള്ളതുമല്ല ; നാമെല്ലാം മരണാന്തരം തിരിച്ചെത്തുന്നത് അല്ലാഹുവിലേക്കല്ലാതെ മറ്റാരുടെ അടുക്കലേക്കുമല്ല ; അപ്പോൾ അവന് പങ്കുകാരെ സ്വീകരിച്ചുവന്ന അതിക്രമികൾ ആരൊക്കെയാണോ അവർ തന്നെയായിരിക്കും നരകശിക്ഷക്ക് വിധേയരാകുന്നതും എന്നിങ്ങിനെയുള്ള വസ്തുതകൾ നിങ്ങൾ മനസ്സിരുത്തണം - യാതൊരു നീക്കുപോക്കും അതിലില്ല-എന്നു സാരം. ആ മാന്യ പുരുഷൻ തന്റെ ജനതയുടെ നിലപാടിൽ വികാരഭരിതനായിക്കൊണ്ട് ആ സദുപദേശം ഇങ്ങിനെ സമാപിക്കുന്നു.

فَسَتَذْكُرُونَ مَآ أَقُولُ لَكُمْ ۚ وَأُفَوِّضُ أَمْرِىٓ إِلَى ٱللَّهِ ۚ إِنَّ ٱللَّهَ بَصِيرٌۢ بِٱلْعِبَادِ ﴿٤٤﴾

﴿44﴾ 'എന്നാൽ, നിങ്ങളോടു ഞാൻ പറയുന്നത് വഴിയെ നിങ്ങൾ ഓർത്തുകൊള്ളും! എന്റെ കാര്യം ഞാൻ അല്ലാഹുവിങ്കലേക്ക് വിട്ടുകൊടുക്കുകയും ചെയ്യുന്നു. നിശ്ചയമായും, അല്ലാഹു അടിയാന്മാരെപ്പറ്റി കണ്ടറിയുന്നവനാണ്.'

﴿44﴾ فَسَتَذْكُرُونَ എന്നാൽ നിങ്ങൾ വഴിയെ ഓർത്തുകൊള്ളും مَا أَقُولُ ഞാൻ പറ

യുന്നത് لَكُمْ നിങ്ങളോട് وَأُفَوِّضُ ഞാൻ വിട്ടുകൊടുക്കുക(ഭരമേല്പിക്കുക)യും ചെയ്യുന്നു أَمْرِي എന്റെ കാര്യം إِلَى اللَّهِ അല്ലാഹുവിലേക്ക് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു بَصِيرٌ കണ്ടറിയുന്നവനാണ് بِالْعِبَادِ അടിയാൻമാരെപ്പറ്റി

ഹൃദയം നൊന്തുകൊണ്ട് ആ മാന്യൻ ചെയ്ത അവസാനത്തെ താക്കീതാണിത്. പക്ഷേ, അതൊന്നും ചെവിക്കൊള്ളുവാൻ അവർക്ക് സൻമനസ്സുണ്ടായില്ല. അദ്ദേഹത്തെ ഏതോ പ്രകാരത്തിൽ അക്രമിക്കുവാൻപോലും ഗൂഢമായി പരിപാടിയിടുകയാണ് അവർ ചെയ്തത് എന്നത്രെ മനസ്സിലാകുന്നത്. അല്ലാഹു പറയുന്നത് നോക്കുക:

فَوَقَىٰهُ ٱللَّهُ سَيِّـَٔاتِ مَا مَكَرُواْ ۖ وَحَاقَ بِـَٔالِ فِرْعَوْنَ سُوٓءُ ٱلْعَذَابِ ﴿٤٥﴾

《45》 അപ്പോൾ, അവർ കുതന്ത്രം ചെയ്തതിന്റെ തിന്മകൾ അദ്ദേഹത്തിന് (ബാധിക്കാതെ) അല്ലാഹു കാത്തു. ഫിർഔന്റെ ആൾക്കാരിൽ കടുത്ത ശിക്ഷ(വന്നു) വലയം ചെയ്കയും ചെയ്തു.

《45》 فَوَقَاهُ اللَّهُ അപ്പോൾ (എന്നിട്ട്) അല്ലാഹു അദ്ദേഹത്തെ കാത്തു سَيِّئَاتِ مَا യാതൊന്നിന്റെ തിൻമകളെ(കെടുതികളിൽനിന്ന്) مَكَرُوا അവർ കുതന്ത്രം ചെയ്ത وَحَاقَ വന്നിറങ്ങുക(വലയം ചെയ്യുക)യും ചെയ്തു بِآلِ فِرْعَوْنَ ഫിർഔന്റെ ആൾക്കാരിൽ سُوءُ الْعَذَابِ കടുത്ത ശിക്ഷ

അവർ പരിപാടിയിട്ടിരുന്ന ആ കുതന്ത്രം എന്തായിരുന്നുവെന്ന് അല്ലാഹുവിനറിയാം, ഏതായാലും അതൊന്നും ബാധിക്കാതെ അല്ലാഹു അദ്ദേഹത്തെ കാത്തുരക്ഷിച്ചു. പരലോകത്തും അല്ലാഹു അദ്ദേഹത്തിന് രക്ഷ നൽകുമെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ സ്വീകരിക്കുന്നതിന് പകരം അദ്ദേഹത്തിന്റെ നേരെ അക്രമത്തിന് വട്ടം കൂട്ടിയ ഫിർഔന്നും ജനതക്കും സംഭവിച്ചതോ ? ഈ ലോകത്തുവെച്ചും ശിക്ഷ, പിന്നീട് ഖിയാമത്തുനാൾവരെയും ശിക്ഷ, അവസാനം കാലാകാലം ഒഴിവില്ലാത്ത ശിക്ഷയും ! ഈ മൂന്നിൽ ആദ്യത്തേതിനെക്കുറിച്ചാണ് ഫിർഔന്റെ ആൾക്കാരിൽ കടുത്ത ശിക്ഷ വന്നു വലയം ചെയ്തു എന്നു പറഞ്ഞത്. അതെ, അവരെല്ലാം ചെങ്കടലിൽ അതിദാരുണമാംവണ്ണം മുങ്ങി നശിച്ചു. തുടർന്നുള്ള രണ്ടു ശിക്ഷയെക്കുറിച്ചും അടുത്ത വചനത്തിൽ പറയുന്നു:

ٱلنَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا ۖ وَيَوْمَ تَقُومُ ٱلسَّاعَةُ أَدْخِلُوٓاْ ءَالَ فِرْعَوْنَ أَشَدَّ ٱلْعَذَابِ ﴿٤٦﴾

《46》 നരകം! രാവിലെയും, വൈകുന്നേരവും അവർ അതിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. (ഖിയാമത്താകുന്ന) അന്ത്യഘട്ടം നിലവിൽ വരുന്ന ദിവസമാകട്ടെ, (കൽപനയുണ്ടാകും:) ഫിർഔന്റെ ആൾക്കാരെ ഏറ്റവും കഠിനശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ (എന്ന്)!

﴾46﴿ النَّارُ നരകം, അഗ്നി يُعْرَضُونَ അവർ പ്രദർശിപ്പിക്കപ്പെടുന്നു عَلَيْهَا അതിൽ, അതിന്നടുക്കൽ غُدُوًّا രാവിലെ وَعَشِيًّا വൈകുന്നേരവും يَوْمَ تَقُومُ നിലവിൽ വരുന്ന (സംഭവിക്കുന്ന)ദിവസം السَّاعَةُ അന്ത്യഘട്ടം (ക്വിയാമത്തു) أَدْخِلُوا പ്രവേശിപ്പിക്കുവിൻ آلَ فِرْعَوْنَ ഫിർഔന്റെ ആൾക്കാരെ أَشَدَّ الْعَذَابِ ഏറ്റവും കഠിന ശിക്ഷയിൽ.

രാവിലെയും വൈകുന്നേരവും അവർ നരകത്തിൽ പ്രദർശിപ്പിക്കപ്പെടുക എപ്രകാരമായിരിക്കുമെന്ന് നമുക്ക് തിട്ടപ്പെടുത്തുക സാധ്യമല്ല. അദൃശ്യലോകത്ത്വെച്ച് നടക്കുന്ന സംഭവമാണല്ലോ അത്. ഈ പ്രദർശനം ഉണ്ടാകുന്നത് മരണത്തെതുടർന്ന് ഐഹിക ബന്ധം അവസാനിച്ച ശേഷമാണെന്ന് വ്യക്തമാണ്. ക്വിയാമത്തുനാളിൽ അവരെ ഏറ്റവും കടുത്ത ശിക്ഷയാകുന്ന നരകശിക്ഷയിൽ പ്രവേശിപ്പിക്കുവാൻ കൽപനയുണ്ടാകുമെന്ന് പറഞ്ഞിരിക്കകൊണ്ട് അത് ക്വിയാമത്തുനാളിന് മുമ്പുണ്ടാകുന്നതാണെന്ന് വ്യക്തമാണ്. അതെ, ഐഹികജീവിതത്തിലും, പുനരുത്ഥാനത്തിനും, ഇടയ്ക്കുള്ള ഘട്ടത്തിൽ (عالم البرزخ ൽ) വെച്ച് നടക്കുന്നതാണ്. നൻമതിൻമകളുടെ യഥാർത്ഥ പ്രതിഫലങ്ങളും, രക്ഷാശിക്ഷകളും അനുഭവപ്പെടുന്നത് ക്വിയാമത്തുനാളിലാണെങ്കിലും, ക്വബ്റുകളിൽവെച്ച് - മേൽ പ്രസ്താവിച്ച ഇടക്കാലത്തിൽ ആത്മീയലോകത്തുവെച്ച്-ഓരോരുത്തന്റെ കർമങ്ങളുടെ അനന്തരഫലമെന്നോണം സുഖദുഃഖങ്ങളുടെ പല അനുഭവങ്ങളും സംഭവിക്കുന്നതാണെന്ന് പ്രബലമായ പല ഹദീഥുകളിലും നബിﷺയും പ്രസ്താവിച്ചിട്ടുള്ളതാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ട രക്തസാക്ഷി (الشُّهَدَاء) കളെക്കുറിച്ച് അവർ മരണപ്പെട്ടവരാണെന്ന് ധരിക്കരുതെന്നും അവർ തങ്ങളുടെ റബ്ബിന്റെ അടുക്കൽ സന്തോഷത്തോടെ ജീവിച്ചിരിക്കുന്നവരാണെന്നും മറ്റും സൂറത്തുൽ ബഖറ: 154 ലും സൂ: ആലു ഇംറാൻ 169 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (وَلَا تَقُولُوا لِمَنْ يُقْتَلُ فِي سَبِيلِ اللَّهِ أَمْوَاتٌ الخ– البقرة - وَلَا تَحْسَبَنَّ الَّذِينَ قُتِلُوا فِي سَبِيلِ اللَّهِ أَمْوَاتًا بَلْ أَحْيَاءٌ عِنْدَ رَبِّهِمْ يُرْزَقُونَ الخ ال عمران–ഇതിന്റെ വ്യാഖ്യാനമായി, അവരുടെ ആത്മാക്കൾ ഹരിതവർണത്തിലുള്ള പക്ഷികളുടെ ഉള്ളങ്ങളിലായിക്കൊണ്ട് സ്വർഗത്തിൽ വിഹരിച്ചുകൊണ്ടിരിക്കുമെന്നും മറ്റും നബി തിരുമേനിﷺയും അരുളിച്ചെയ്യുന്നു. (**اخرجه مسلم و غيره**) അപ്പോൾ, മരണശേഷം ക്വിയാമത്തുനാളിന് മുമ്പുള്ള കാലത്ത് ശിർക്കിന്റെ നേതാക്കൾക്ക് ചില ശിക്ഷാപരമായ അനുഭവങ്ങളുണ്ടാകുമെന്നും നേരെ മറിച്ച് തൗഹീദിന്റെ നേതാക്കൾക്ക് ചില സുഖാനുഭവങ്ങൾ ഉണ്ടാകുമെന്നും ക്വുർആൻകൊണ്ടുതന്നെ തെളിയുന്നു. സത്യവിശ്വാസികളിൽപെട്ട പാപികൾക്കും ക്വബ്റിൽവെച്ച് ചില ശിക്ഷാനുഭവങ്ങൾ ഉണ്ടാകുമെന്ന് ഹദീഥുകൊണ്ടും സ്ഥാപിതമായിരിക്കുന്നു. (ഈ വിഷയകമായി കൂടുതൽ വിശദീകരണത്തിന് സൂ: യാസീന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പ് കാണുക. മരണശേഷം എല്ലാവരും ക്വബ്റുകളിൽ ഉറങ്ങിക്കിടക്കുകയായിരിക്കുമെന്നും, ക്വബ്റിലെ ശിക്ഷയെക്കുറിച്ചും മറ്റും പറയപ്പെടുന്നതെല്ലാം നിരർത്ഥമാണെന്നും സമർത്ഥിക്കുന്ന യുക്തിവാദികൾക്കുള്ള ഖണ്ഡനങ്ങളും അതിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവിടെ കൂടുതൽ ദീർഘിപ്പിക്കുന്നില്ല) അടുത്ത വചനത്തിൽ നരകകാർ തമ്മിൽ നടക്കുന്ന ചില തർക്കങ്ങളെ സംബന്ധിച്ചും മറ്റും അല്ലാഹു വിവരിക്കുന്നു:

وَإِذْ يَتَحَآجُّونَ فِى ٱلنَّارِ فَيَقُولُ ٱلضُّعَفَٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا نَصِيبًا مِّنَ ٱلنَّارِ ﴿٤٧﴾

﴿47﴾ നരകത്തിൽ വെച്ച് അവർ [നരകവാസികൾ] അന്യോന്യം ന്യായവാദം ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭം (ഓർക്കുക)! അപ്പോൾ ദുർബ്ബലരായുള്ളവർ അഹംഭാവം നടിച്ചവരോട് പറയും: നിശ്ചയമായും ഞങ്ങൾ നിങ്ങളെ പിൻപറ്റിക്കൊണ്ടായിരുന്നു (ഉള്ളത്): ആകയാൽ, നരകത്തിൽ നിന്നുള്ള ഒരു പങ്കു ഞങ്ങളിൽനിന്ന് നിങ്ങൾ ഒഴിവാക്കിത്തരുന്നവരാണോ?!

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُلٌّ فِيهَآ إِنَّ ٱللَّهَ قَدْ حَكَمَ بَيْنَ ٱلْعِبَادِ ﴿٤٨﴾

﴿48﴾ അഹംഭാവം നടിച്ചവർ പറയും: നാം എല്ലാവരും അതിൽ തന്നെ; അല്ലാഹു അടിയാൻമാർക്കിടയിൽ വിധി കൽപിച്ചുകഴിഞ്ഞു!

﴿47﴾ وَإِذْيَتَحَاجُّونَ അവർ അന്യോന്യം ന്യായവാദം ചെയ്യുന്ന സന്ദർഭം فِي النَّارِ നരകത്തിൽ (അഗ്നിയിൽ)വെച്ചു فَيَقُولُ അപ്പോൾ പറയും الضُّعَفَاءُ ദുർബ്ബലൻമാർ, അശക്തർ لِلَّذِينَ اسْتَكْبَرُوا അഹംഭാവം നടിച്ചവരോട് إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു لَكُمْ تَبَعًا നിങ്ങൾക്ക് അനുഗാമികൾ, നിങ്ങളെ പിൻപറ്റിക്കൊണ്ട് فَهَلْ أَنتُمْ ആകയാൽ നിങ്ങളാണോ مُغْنُونَ عَنَّا ഞങ്ങൾക്ക് ആവശ്യമില്ലാതാകുന്ന (ഒഴിവാക്കുന്ന)വർ نَصِيبًا ഒരു പങ്കു, വല്ല വിഹിതവും مِنَ النَّارِ നരകത്തിൽ നിന്ന് ﴿48﴾ قَالَ الَّذِينَ യാതൊരു കൂട്ടർ പറയും اسْتَكْبَرُوا അഹംഭാവം നടിച്ച إِنَّا كُلٌّ നിശ്ചയമായും നാം എല്ലാവരും فِيهَا അതിലാണ്, ഇതിലാണ് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു قَدْ حَكَمَ അവൻ വിധി കൽപിച്ചിട്ടുണ്ട് بَيْنَ الْعِبَادِ അടിയാൻമാർക്കിടയിൽ

എനി രക്ഷാമാർഗമില്ലെന്ന് അവർക്കറിയാമെങ്കിലും ശിക്ഷയുടെ കാഠിന്യം നിമിത്തം ന്യായവാദം ചെയ്തു നോക്കുകയാണ്. അസത്യത്തിന്റെ നേതാക്കൻമാരെ പിൻപറ്റി വഴിപിഴച്ചുപോകുന്ന ജനങ്ങൾക്ക് ഈ സംഭാഷണം ഒരു താക്കീതത്രെ. രണ്ടുകൂട്ടരും ചിലപ്പോൾ മലക്കുകളോടും രക്ഷക്കപേക്ഷിച്ചുനോക്കും. അല്ലാഹു പറയുന്നു:

وَقَالَ ٱلَّذِينَ فِى ٱلنَّارِ لِخَزَنَةِ جَهَنَّمَ ٱدْعُوا۟ رَبَّكُمْ يُخَفِّفْ عَنَّا يَوْمًا مِّنَ

﴿49﴾ നരകത്തിലുള്ളവർ ജഹന്നമിന്റെ കാവൽക്കാരോട് പറയും: നിങ്ങൾ നിങ്ങളുടെ റബ്ബിനോട് (ഒന്ന്) പ്രാർത്ഥിക്കുവിൻ, ശിക്ഷയിൽനി

ٱلۡعَذَابِ ﴿٤٩﴾

ന്നുള്ള ഒരു ദിവസം അവൻ ഞങ്ങൾക്ക് ലഘുവാക്കിത്തരട്ടെ! [അന്നെങ്കിലും ഒരു വിശ്രമം കിട്ടുമല്ലോ]

قَالُوٓاْ أَوَلَمۡ تَكُ تَأۡتِيكُمۡ رُسُلُكُم بِٱلۡبَيِّنَٰتِۖ قَالُواْ بَلَىٰۚ قَالُواْ فَٱدۡعُواْۗ وَمَا دُعَٰٓؤُاْ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٍ ﴿٥٠﴾

《50》 അവർ പറയും: നിങ്ങൾക്കു നിങ്ങളുടെ റസൂലുകൾ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നില്ലേ?! അവർ [നരകക്കാർ] പറയും: ഇല്ലാതേ! (വന്നിരുന്നു) അവർ [കാവൽക്കാർ] പറയും: എന്നാൽ നിങ്ങൾ (തന്നെ) പ്രാർത്ഥിച്ചുകൊള്ളുവിൻ! അവിശ്വാസികളുടെ പ്രാർത്ഥന വ്യർത്ഥവിലല്ലാതെ അല്ലതാനും.

《49》 وَقَالَ പറയും ٱلَّذِينَ فِي ٱلنَّارِ നരകത്തിലുള്ളവർ لِخَزَنَةِ പാറാവുകാരോട്, കാവൽക്കാരോട് جَهَنَّمَ ജഹന്നമിന്റെ (നരകത്തിന്റെ) ٱدۡعُوا۟ നിങ്ങൾ പ്രാർത്ഥിക്കുവിൻ رَبَّكُمۡ നിങ്ങളുടെ റബ്ബിനോട് يُخَفِّفۡ عَنَّا ഞങ്ങൾക്ക് അവൻ ലഘുവാക്കിത്തരട്ടെ يَوۡمًا ഒരു ദിവസം مِنَ ٱلۡعَذَابِ ശിക്ഷയിൽ നിന്നുള്ള 《50》 قَالُوٓا۟ അവർ പറയും أَوَلَمۡ تَكُ ആയിരുന്നില്ലേ, ഉണ്ടായില്ലേ تَأۡتِيكُمۡ നിങ്ങൾക്ക് വന്നുകൊണ്ടിരിക്കുക رُسُلُكُم നിങ്ങളുടെ റസൂലുകൾ بِٱلۡبَيِّنَاتِ തെളിവുകളുമായി قَالُوا۟ അവർ പറയും بَلَىٰ ഇല്ലാതേ, അതെ قَالُوا۟ അവർ പറയും فَٱدۡعُوا۟ എന്നാൽ നിങ്ങൾ പ്രാർത്ഥിച്ചുകൊള്ളുവിൻ وَمَا അല്ല (ഇല്ല) താനും دُعَٰٓؤُا۟ ٱلۡكَٰفِرِينَ അവിശ്വാസികളുടെ പ്രാർത്ഥന إِلَّا فِي ضَلَٰلٍ പാഴിൽ (വ്യർത്ഥാവിൽ, വഴികേടിൽ) അല്ലാതെ

അല്ലാഹുവിന്റെ ദൂതൻമാരായ മുർസലുകൾ വേണ്ടത്ര തെളിവുകൾസഹിതം നിങ്ങളെ ഉപദേശിച്ചിട്ടും നിങ്ങൾ അവരെ വ്യാജമാക്കി നിഷേധിച്ചതുനിമിത്തമാണല്ലോ ഈ ഗതി നിങ്ങൾക്ക് എത്തിയത്. നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അപേക്ഷിക്കുവാനും യാതൊരു മാർഗവുമില്ല. വേണമെങ്കിൽ നിങ്ങൾതന്നെ പ്രാർത്ഥിച്ചേക്കുവിൻ. യാതൊരു ഫലവും പ്രാർത്ഥനകൊണ്ട് എനി നിങ്ങൾക്ക് ലഭിക്കുവാൻ പോകുന്നില്ല. എന്നു സാരം. نعوذ بالله. അടുത്ത വചനത്തിൽ സത്യവിശ്വാസികളെക്കുറിച്ച് പറയുന്നു:

വിഭാഗം - 6

إِنَّا لَنَنصُرُ رُسُلَنَا وَٱلَّذِينَ ءَامَنُواْ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَيَوۡمَ يَقُومُ

《51》 നിശ്ചയമായും, നമ്മുടെ റസൂലുകളെയും, വിശ്വസിച്ചിട്ടുള്ളവരെയും ഐഹിക ജീവിതത്തിലും, സാക്ഷികൾ നിൽക്കുന്ന [രംഗത്ത്

ٱلْأَشْهَـٰدُ ﴿٥١﴾

വരുന്ന] ദിവസവും നാം സഹായിക്കുകതന്നെ ചെയ്യും.

يَوْمَ لَا يَنفَعُ ٱلظَّـٰلِمِينَ مَعْذِرَتُهُمْ ۖ وَلَهُمُ ٱللَّعْنَةُ وَلَهُمْ سُوٓءُ ٱلدَّارِ ﴿٥٢﴾

﴾52﴿ അതായത്, അക്രമികൾക്ക് അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യാത്ത ദിവസം (മാത്രമല്ല) അവർക്ക് ശാപവുമുണ്ടായിരിക്കും; അവർക്കത്രെ കടുത്ത ഭവനവും!

﴾51﴿ إِنَّالَنَنصُرُ നിശ്ചയം നാം സഹായിക്കുകതന്നെ ചെയ്യും رُسُلَنَا നമ്മുടെ ദൂതൻമാരെ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും فِي الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിൽ وَيَوْمَ يَقُومُ എഴുന്നേൽക്കുന്ന (നിൽക്കുന്ന) ദിവസവും الْأَشْهَادُ സാക്ഷികൾ, സാക്ഷ്യങ്ങൾ ﴾52﴿ يَوْمَ لَا يَنفَعُ അതായത് ഉപകാരം ചെയ്യാത്ത ദിവസം الظَّالِمِينَ അക്രമികൾക്ക് مَعْذِرَتُهُمْ അവരുടെ ഒഴികഴിവ് وَلَهُمُ അവർക്കുണ്ട് (അവർക്കാണ്) താനും اللَّعْنَةُ ശാപം وَلَهُمْ അവർക്ക് തന്നെ سُوءُ الدَّارِ കടുത്ത(മോശമായ)ഭവനം, (ആ) ഭവനത്തിന്റെ കെടുതി.

ഓരോരുത്തരുടെയും സകല കർമങ്ങളും സാക്ഷ്യപ്പെടുത്തുന്നതിന് പ്രവാചകൻമാർ, മലക്കുകൾ, അവയവങ്ങൾ തുടങ്ങിയ പലതരം സാക്ഷികൾ രംഗത്ത് വരുന്ന ദിവസമാണല്ലോ ക്വിയാമത്തുനാൾ. അതുകൊണ്ടാണ് അതിന് സാക്ഷികൾ നിൽക്കുന്ന ദിവസം (وَيَوْمَ يَقُومُ الْأَشْهَادُ) എന്നു പറഞ്ഞത്. പാരത്രിക ജീവിതത്തിൽ മുർസലുകൾക്കും, സത്യവിശ്വാസികൾക്കും ലഭിക്കുന്ന സഹായം വ്യക്തമാണ്. എന്നാൽ, ഈ ലോകത്ത് അവർക്ക് ലഭിക്കുന്ന സഹായം എന്തായിരിക്കും ? അത് പല പ്രകാരത്തിലും ആയേക്കാം ; സുലൈമാൻ (അ), ദാവൂദ് (അ) എന്നിവർക്ക് ലഭിച്ചതുപോലെ, അവിശ്വാസികളെ കീഴൊതുക്കി ആധിപത്യം നടത്തത്തക്ക പ്രതാപവും ഭരണവും ലഭിക്കുക, നമ്മുടെ നബി തിരുമേനിﷺക്ക് സിദ്ധിച്ചതുപോലെ അവിശ്വാസികളിൽ പൊതുശിക്ഷ ഇറക്കി തങ്ങൾക്ക് വിജയം നൽകുക. അതുമല്ലെങ്കിൽ അവിശ്വാസികൾ തമ്മിൽ കൂട്ടിമുട്ടി ബലഹീനമായിത്തീരുക ഇങ്ങിനെ പലവിധത്തിലും ആകാവുന്നതാണ്. الله اعلم

മൂസാ നബി(അ)യുടെയും ഫിർഔന്റെയും വർത്തമാനങ്ങളും, നരകവാസികളുടെ സ്ഥിതിഗതികളും വിവരിച്ചതിനെത്തുടർന്നാണല്ലോ ഈ വചനങ്ങളിൽ റസൂലുകളുടെയും സത്യവിശ്വാസികളുടെയും വിജയത്തെക്കുറിച്ചുള്ള വാഗ്ദാനം അല്ലാഹു പ്രസ്താവിച്ചത്. ഈ വാഗ്ദാനം അവൻ നിറവേറ്റാറുണ്ടെന്നതിന് ഒരു ഉദാഹരണമെന്നോണം മൂസാ നബി(അ)യുടെയും അദ്ദേഹത്തിന്റെ സമുദായത്തിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് ക്ഷമ കൈകൊള്ളുവാനും, പ്രസ്തുത വാഗ്ദാനത്തിൽ വിശ്വാസവും പ്രതീക്ഷയും അർപ്പിക്കുവാനും നബിയെ ഉപദേശിക്കുന്നു:

وَلَقَدْ ءَاتَيْنَا مُوسَى ٱلْهُدَىٰ وَأَوْرَثْنَا

﴾53﴿ തീർച്ചയായും, മൂസാക്ക് നാം മാർഗ ദർശനം നൽകുകയുണ്ടായി; ഇസ്റാഈൽ സന്തതി

بَنِيٓ إِسۡرَٰٓءِيلَ ٱلۡكِتَٰبَ ﴿٥٣﴾

هُدٗى وَذِكۡرَىٰ لِأُوْلِي ٱلۡأَلۡبَٰبِ ﴿٥٤﴾

فَٱصۡبِرۡ إِنَّ وَعۡدَ ٱللَّهِ حَقّٞ وَٱسۡتَغۡفِرۡ لِذَنۢبِكَ وَسَبِّحۡ بِحَمۡدِ رَبِّكَ بِٱلۡعَشِيِّ وَٱلۡإِبۡكَٰرِ ﴿٥٥﴾

കൾക്ക് നാം വേദഗ്രന്ഥം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

《54》 ബുദ്ധിമാൻമാർക്ക് മാർഗദർശനം (ഉപദേശ)സ്മരണയുമായിക്കൊണ്ട്.

《55》 ആകയാൽ, (നബിയേ) നീ ക്ഷമിക്കുക, നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാകുന്നു. നിന്റെ പാപത്തിന് വേണ്ടി പാപമോചനം തേടുകയും, വൈകുന്നേരവും കാലത്തും നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്ര കീർത്തനം] നടത്തുകയും ചെയ്യുക.

《53》 وَلَقَدْ آتَيْنَا നാം കൊടുത്തിട്ടുണ്ട് مُوسَى മൂസാക്ക് الْهُدَى മാർഗദർശനം, നേർമാർഗം وَأَوْرَثْنَا നാം അവകാശപ്പെടുത്തുകയും ചെയ്തു بَنِي إِسْرَائِيل ഇസ്റാഈൽ സന്തതികൾക്ക് الْكِتَاب വേദഗ്രന്ഥം 《54》 هُدًى മാർഗദർശനമായി, വഴികാട്ടിയായി وَذِكْرَى ഉപദേശമായും, സ്മരണയായും لأُولِي الأَلْبَاب ബുദ്ധിമാൻമാർക്ക് 《55》 فَاصْبِرْ ആകയാൽ നീ ക്ഷമിക്കുക إِنَّ وَعْدَ اللهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യഥാർത്ഥമാണ്, ശരിയായതാണ് وَاسْتَغْفِرْ പാപമോചനംതേടുകയും ചെയ്യുക لِذَنْبِكَ നിന്റെ പാപത്തിന് വേണ്ടി وَسَبِّحْ തസ്ബീഹും നടത്തുക بِحَمْدِ رَبِّكَ നിന്റെ റബ്ബിന് സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ بِالْعَشِيِّ വൈകുന്നേരം, സന്ധ്യക്ക് وَالإِبْكَار കാലത്തും, രാവിലെയും

ആ കൽപന പ്രത്യക്ഷത്തിൽ നബിയോടാണെങ്കിലും, സമുദായത്തിനാകമാനം ബാധകമാണെന്ന് വ്യക്തമാണ്. പാപമോചനം തേടുന്ന കാര്യം പ്രത്യേകിച്ചും. നബിയാണെങ്കിൽ എല്ലാ പാപങ്ങളും പൊറുക്കപ്പെട്ട ആളും പാപരഹിതനുമാകുന്നു. എന്നിട്ട്പോലും പാപങ്ങൾക്ക് പൊറുതി തേടണമെന്ന് കൽപ്പിക്കുമ്പോൾ നമ്മെ സംബന്ധിച്ചിടത്തോളം ആ കൽപന എത്രമാത്രം ഗൗരവപ്പെട്ടതായിരിക്കും?! ആലോചിച്ചു നോക്കുക! നബി തിരുമേനിﷺ അല്ലെങ്കിൽ മറ്റുള്ള പ്രവാചകൻമാർ-പൊതുജനങ്ങളെപ്പോലെ, അക്രമപരമോ, കുറ്റകരമോ ആയ പാപങ്ങൾ ചെയ്യാറുണ്ടെന്നും, അതുകൊണ്ടാണ് പാപമോചനം തേടുവാൻ കൽപ്പിച്ചതെന്നും, ഈ വചനത്തിൽ നിന്നോ മറ്റോ ധരിച്ചുകൂടാ. സാധാരണകാര്യങ്ങൾ പോലും പ്രവാചകൻമാരുടെ സ്ഥാനപദവികൾ വെച്ചു നോക്കുമ്പോൾ കേവലം മര്യാദകേടായി ഗണിക്കപ്പെട്ടേക്കും. അല്ലെങ്കിൽ, ഏതെങ്കിലും ഒരു വിഷയത്തിൽ ഏറ്റവും അഭികാമ്യമായ ഒരു നയത്തിന് പകരം, അതിന്റെ താഴെ കിടയിലുള്ള മറ്റൊരു നയം-സാധാരണക്കാരെ അപേക്ഷിച്ചു ഈ നയം അനുവദനീയമായിരിക്കാമെങ്കിലും-അവർ സ്വീകരിച്ചുവെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അതു

നന്നായി ഗണിക്കപ്പെടുകയില്ല. ഇങ്ങിനെയുള്ള നിസ്സാര സംഗതികളായിരിക്കും പ്രവാചകൻമാരുടെ പാപങ്ങൾ നല്ല ആളുകളുടെ നൻമകളായി ഗണിക്കപ്പെടുന്ന ചില കാര്യങ്ങൾ അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിച്ച മഹാൻമാരുടെ തിൻമകളായി ഗണിക്കപ്പെട്ടേക്കും. (**حسنات الابرار سيأت المقربين**) എന്ന് പറയുന്നത് ഈ അടിസ്ഥാനത്തിലാണ്. അങ്ങിനെയുള്ള നിസ്സാരങ്ങളായ പോരായ്മയിൽനിന്നും അവർ സംശുദ്ധരായിരിക്കുവാൻ വേണ്ടിയാണ് അല്ലാഹു അവരോട് പാപമോചനം തേടുവാൻ കൽപ്പിക്കുന്നത്. (ഈ വിഷയകമായി സൂ:സ്വാദ് 34-38 ന്റെ വിവരണത്തിൽ വായിച്ച വിവരങ്ങൾ ഇവിടെയും ഓർക്കുക)

നബിമാരുടെ പാപമോചനം തേടലിനെപ്പറ്റി പ്രസ്താവിക്കുന്നതിലും, അവരോട് അതിന് കൽപിക്കുന്നതിലും മറ്റൊരു രഹസ്യം കൂടി അടങ്ങിയിരിക്കുന്നു. എല്ലാ വിഷയത്തിലും പ്രവാചകൻമാർ സമുദായത്തിന് മാതൃക നൽകേണ്ടതുണ്ടല്ലോ. അതുകൊണ്ട് പാപങ്ങളെ സൂക്ഷിക്കുന്നതിലും, അവയെപ്പറ്റി സദാ മോചനം തേടിക്കൊണ്ടിരിക്കുന്നതിലും അവർ സമുദായത്തിന് മാതൃകാ പുരുഷൻമാരായിരിക്കുവാനുമുള്ള ഒരു പ്രത്യേക പ്രോത്സാഹനം കൂടിയാണത്. നബിയുടെ ഒരു തിരുവചനം കാണുക : 'ഹേ, മനുഷ്യരേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിക്കുക, ഞാൻ തന്നെ അവനിലേക്ക് ദിവസം നൂറു പ്രാവശ്യം പശ്ചാത്തപിക്കുന്നു' (أيها الناس توبوا إلى الله فإني أتوب إليه في يوم مائة مرة – رواه مسلم يا)

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ (4,5 വചനങ്ങളിൽ) അല്ലാഹുവിന്റെ ദൃഷ്ടാന്ത ലക്ഷ്യങ്ങളിൽ തർക്കം നടത്തുന്നവരെപ്പറ്റി പറയുകയുണ്ടായി. പിന്നീട് 35-ാം വചനത്തിലും അതാവർത്തിക്കുകയും, വിഷയത്തിൽ അല്ലാഹുവിനുള്ള കഠിനമായ കോപം രേഖപ്പെടുത്തുകയും, അഹംഭാവത്തിൽ നിന്നും സ്വേച്ഛാപരമായ ധിക്കാരത്തിൽ നിന്നുമാണ് തർക്ക സ്വഭാവം ഉണ്ടാകുന്നതെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. തുടർന്നുകൊണ്ട് ഫിർഔന്റെയും, അവന്റെ ഗർവ്വിന്റെ കഥ വിവരിക്കുകയും ചെയ്തു. വീണ്ടും അടുത്ത വചനത്തിലും അതാ, ഈ വിഷയം അല്ലാഹു ആവർത്തിക്കുന്നു!

إِنَّ ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ بِغَيْرِ سُلْطَٰنٍ أَتَىٰهُمْ ۙ إِن فِى صُدُورِهِمْ إِلَّا كِبْرٌ مَّا هُم بِبَٰلِغِيهِ ۚ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿٥٦﴾

﴾56﴿ നിശ്ചയമായും, അല്ലാഹുവിന്റെ 'ആയത്തു'കളിൽ (സന്ദേശലക്ഷ്യങ്ങളിൽ) തങ്ങൾക്ക് വന്നുകിട്ടിയ യാതൊരു അധികൃത ലക്ഷ്യവും കൂടാതെ തർക്കം നടത്തുന്നവർ, അവരുടെ ഹൃദയങ്ങളിൽ, തങ്ങൾ എത്തിച്ചേർന്നിട്ടില്ലാത്ത [അർഹരാകാത്ത] അഹംഭാവം അല്ലാതെ (മറ്റൊന്നും) ഇല്ല. ആകയാൽ, അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക, നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും കാണുന്നവനും.

﴾56﴿ إِنَّ നിശ്ചയമായും الَّذِينَ يُجَادِلُونَ തർക്കം നടത്തുന്നവർ فِي آيَاتِ اللَّهِ അല്ലാഹു

വിന്റെ ആയത്തുകളിൽ بِغَيْرِ سُلْطَانٍ ഒരു അധികൃത ലക്ഷ്യവും (പ്രമാണവും) ഇല്ലാതെ أَتَاهُمْ തങ്ങൾക്ക് വന്നിട്ടുള്ള إِنْ فِي صُدُورِهِمْ അവരുടെ നെഞ്ചുകളിൽ (ഹൃദയങ്ങളിൽ)ഇല്ല إِلَّا كِبْرٌ അഹംഭാവം (ഗർവ്വ്) അല്ലാതെ مَاهُمْ അവരല്ല بِبَالِغِيهِ അതിന്എത്തിയവർ (അതിന്ന് തക്ക അർഹതയുള്ളവർ) فَاسْتَعِذْ ആകയാൽ നീ ശരണം തേടുക بِاللَّهِ അല്ലാഹുവിൽ, അല്ലാഹുവിനോട് إِنَّهُ هُوَ നിശ്ചയമായും അവൻ തന്നെ السَّمِيعُ കേൾക്കുന്നവൻ الْبَصِيرُ കാണുന്നവൻ

അല്ലാഹുവിന്റെ സന്ദേശലക്ഷ്യങ്ങളിലും, ദൃഷ്ടാന്തങ്ങളിലും അവൻ ദുസ്തർക്കം നടത്തുവാനുള്ള കാരണം അവരുടെ ഗർവ്വും അഹംഭാവവും മാത്രമാണ്. എന്നാൽ, അങ്ങിനെ ഗർവ് നടിക്കുവാൻ തക്ക അർഹതയോ, യോഗ്യതയോ, ന്യായമോ അവർക്കുണ്ടോ? ഇല്ല. അതിനുമാത്രം അവരില്ല. എന്നിരിക്കെ, അതിനെച്ചൊല്ലി പരിഭവിക്കേണ്ടതില്ല. അവർ മൂലവും, അല്ലാതെയും ഉണ്ടാകാവുന്ന കെടുതികളിൽ നിന്ന് അല്ലാഹുവിൽ ശരണം തേടുക മാത്രമേ വേണ്ടൂ. അവൻ എല്ലാം കേട്ടും കണ്ടും കൊണ്ടിരിക്കുന്നവനാണല്ലോ.

لَخَلْقُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ أَكْبَرُ مِنْ خَلْقِ ٱلنَّاسِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٥٧﴾

﴿57﴾ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യംതന്നെ. എങ്കിലും മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

وَمَا يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَلَا ٱلْمُسِىٓءُ ۚ قَلِيلًا مَّا تَتَذَكَّرُونَ ﴿٥٨﴾

﴿58﴾ അന്ധനും, കാഴ്ചയുള്ളവനും സമമാകുകയില്ല; വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരും, ദുഷ്ക്കർമിയുമാകട്ടെ, (അവരും സമമാകുക) ഇല്ല. എന്തോ (വളരെ) കുറച്ചേ നിങ്ങൾ ഉറ്റാലോചിക്കുന്നുള്ളൂ!

إِنَّ ٱلسَّاعَةَ لَـَٔاتِيَةٌ لَّا رَيْبَ فِيهَا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿٥٩﴾

﴿59﴾ നിശ്ചയമായും, അന്ത്യഘട്ടം വരുന്നതുതന്നെ-അതിൽ സന്ദേഹമേ ഇല്ല. എങ്കിലും, മനുഷ്യരിൽ അധികമാളും വിശ്വസിക്കുന്നില്ല.

﴾57﴿ لَخَلْقُ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിക്കൽ وَالأَرْضِ ഭൂമിയും أَكْبَرُ അധികം വലുത് (തന്നെ) مِنْ خَلْقِ النَّاسِ മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കാൾ وَلَٰكِنَّ എങ്കിലും, പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല ﴾58﴿ وَمَا يَسْتَوِي സമമാവുക(ഒക്കുക)യില്ല الأَعْمَى അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും وَالَّذِينَ آمَنُوا വിശ്വസിച്ചവരും وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത وَلَا الْمُسِيءُ ദുഷ്ക്കർമിയും (തിന്മ ചെയ്യുന്നവരും)ഇല്ല قَلِيلًا مَا എത്രയോ (വളരെ) കുറച്ചു (മാത്രം) تَتَذَكَّرُونَ നിങ്ങൾ ഉറ്റാലോചിക്കുന്നു. ﴾59﴿ إِنَّ السَّاعَةَ നിശ്ചയമായും അന്ത്യഘട്ടം, നാഴിക لَآتِيَةٌ വരുന്നത് തന്നെ لَا رَيْبَ സന്ദേഹമേ ഇല്ല فِيهَا അതിൽ وَلَٰكِنَّ أَكْثَرَ النَّاسِ എങ്കിലും മനുഷ്യരിൽ അധികവും لَا يُؤْمِنُونَ വിശ്വസിക്കുന്നില്ല.

അടുത്ത വചനം മനസ്സിരുത്തുക. പ്രാർത്ഥനയാകുന്ന ദുആ യെ സംബന്ധിച്ചു പലതും അതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്:

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾

﴾60﴿ (ഹേ, മനുഷ്യരേ) നിങ്ങളുടെ റബ്ബ് പറയുന്നു: നിങ്ങൾ എന്നെ വിളിക്കുവിൻ [എന്നോട് പ്രാർത്ഥിക്കുവിൻ], ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. നിശ്ചയമായും, എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ നിന്ദ്യരായ നിലയിൽ (താമസംവിനാ) ജഹന്നമിൽ പ്രവേശിക്കുന്നതാണ്.

﴾60﴿ وَقَالَ رَبُّكُمُ നിങ്ങളുടെ റബ്ബ് പറയുന്നു, പറയുകയാണ് ادْعُونِي നിങ്ങളെന്നെ വിളിക്കുവിൻ, പ്രാർത്ഥിക്കുവിൻ أَسْتَجِبْ لَكُمْ നിങ്ങൾക്ക് ഞാൻ ഉത്തരം നൽകാം, നൽകും إِنَّ നിശ്ചയമായും الَّذِينَ يَسْتَكْبِرُونَ അഹംഭാവം നടിക്കുന്നവർ عَنْ عِبَادَتِي എനിക്ക് ആരാധന ചെയ്യുന്നതിന് سَيَدْخُلُونَ അവർ അടുത്ത് പ്രവേശിക്കും جَهَنَّمَ ജഹന്നമിൽ, നരകത്തിൽ دَاخِرِينَ നന്ദ്യരായി, നിസ്സാരൻമാരായി.

ഈ വചനങ്ങളിൽ നിന്നും പലതും മനസ്സിലാക്കുവാനുണ്ട് :

1) അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുവിൻ എന്നു പറയാതെ, നിങ്ങളുടെ റബ്ബ് പറയുന്നു, എന്നെ വിളിച്ചു പ്രാർത്ഥിക്കുവിൻ (وَقَالَ رَبُّكُمُ ادْعُونِي) എന്നത്രെ അല്ലാഹു പറഞ്ഞത്. ഞാൻ നിങ്ങളുടെ റബ്ബും-രക്ഷിതാവും-നിങ്ങൾ എല്ലാവരും എന്റെ അടിയാൻമാരുമായ സ്ഥിതിക്ക് നിങ്ങൾ എന്നെ വിളിച്ചു പ്രാർത്ഥിക്കാതിരിക്കുവാൻ നിർവ്വാഹമില്ല, അതു നിങ്ങളുടെ സ്വാഭാവികമായ ഒരു കടമയാണ്. മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് അവകാശമോ, ന്യായമോ, ആവശ്യമോ ഇല്ല. എന്ന് താൽപര്യം.

2) പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുവാൻ അല്ലാഹു എപ്പോഴും സന്നദ്ധനാണ്. അതിൽ യാതൊരു വൈമനസ്യവും അവന്നില്ല. ഞാൻ നിങ്ങൾക്ക് ഉത്തരം

നൽകാം (أَسْتَجِبْ لَكُمْ) എന്നുള്ള നിരുപാധികമായ വാഗ്ദാനം അതാണ് ചൂണ്ടിക്കാട്ടുന്നത്

3) ദുആ ഇബാദത്താണ്. അത് ആരാധനയിൽപെട്ടതാണ്. പ്രാർത്ഥനയും തുടർന്നുള്ള വാക്യത്തിൽ എന്നെ വിളിച്ചു പ്രാർത്ഥിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ എന്നു പറയാതെ എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ (إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي) എന്ന പ്രയോഗം ഇതാണ് കാട്ടിത്തരുന്നത്

4) അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കാതെയും, അവന് ആരാധന ചെയ്യാതെയും ഇരിക്കുന്നതും, ആ രണ്ടിലും അവന് പുറമെ മറ്റുള്ളവരെകൂടി പങ്ക് ചേർക്കുന്നതും വാസ്തവത്തിൽ ഗർവ്വും, അംഹഭാവവുമാണ്. സ്രഷ്ടാവും രക്ഷിതാവും അവനായിരിക്കെ, മറ്റുള്ളവരെല്ലാം അവന്റെ അടിമകളും സൃഷ്ടികളുമായിരിക്കെ, അതിനുള്ള കാരണം വ്യക്തമാണല്ലോ. എന്നെ ആരാധിക്കാത്തവർ എന്നോ മറ്റോ പറയാതെ എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിച്ചവർ എന്ന വാക്കിൽ നിന്ന്, ഇതു മനസ്സിലാക്കാം.

ആരാധകളെല്ലാം അല്ലാഹുവിനെമാത്രമേ പാടുള്ളൂവെന്ന് പറയേണ്ടതില്ല. അല്ലാഹുവിനല്ലാത്ത ആരാധന കുഫ്റും ശിർക്കും (അവിശ്വാസവും, ബഹുദൈവവിശ്വാസവും) ആയിരിക്കുന്നതാണ്. അപ്പോൾ, ആരാധനയുടെ ഒരു ഇനമായ-അതിലെ പ്രധാന ഇനമായ -വിളിച്ചു പ്രാർത്ഥിക്കലും അങ്ങിനെത്തന്നെ എന്ന് സ്പഷ്ടമാണ്. താഴെ കാണുന്ന ഹദീഥുകൾ ഇവിടെ സ്മർത്തവ്യമാകുന്നു :

1)قال النبي صلي الله عليه وسلم من لم يدع الله يغضب عليه ـ احمد والحاكم

2)وقال صـ الدعاء هو العبادة وقرأ هذه الآية – احمد والترمذى والنسائى وابوداود

3)وقال الدعاء مخ العبادة – الترمذى

4)سئل صـ اى العبادة افضل قال دعآء المرأة لنفسه – البخاري فى الادب

5)وقال يستجاب للعبد مالم يدع باثم اوقطيعة رحم مالم يستعجل قيل ما الاستعجال قال يقول قد دعوة وقد دعوت فلم أر يستجاب لي فيستحسر عند ذلك ويدع الدعاء– مسلم

സാരം: 1. നബിﷺ പറഞ്ഞു: ആർ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നില്ലയോ അവന്റെമേൽ അല്ലാഹു കോപിക്കുന്നതാണ്. (അ; ഹാ)

2. തിരുമേനിﷺ പറഞ്ഞു: ദുആ തന്നെയാണ് ഇബാദത്ത് തുടർന്നുകൊണ്ട് തിരുമേനി ഈ ആയത്ത് ഓതുകയും ചെയ്തു (അ; തി; ദാ; ന.)

3. തിരുമേനിﷺ പറഞ്ഞു: ദുആ ഇബാദത്തിന്റെ മജ്ജയാണ് (തി)

4. ഇബാദത്തിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായതേതെന്ന് തിരുമേനിﷺയോട് ചോദിക്കപ്പെട്ടു. അവിടുന്നു പറഞ്ഞു: മനുഷ്യൻ തനിക്കുവേണ്ടി പ്രാർത്ഥിക്കലാകുന്നു. (ബുഖാരി-അദ്ദേഹത്തിന്റെ അൽ അദബിൽ)

5. തിരുമേനിﷺ പറഞ്ഞു: പാപകരമായതിനോ, കുടുംബബന്ധം മുറിക്കുന്നതിനോ പ്രാർത്ഥിക്കാതിരിക്കുമ്പോൾ-ധൃതികൂട്ടാതിരിക്കുന്ന പക്ഷം - മനുഷ്യന് പ്രാർത്ഥനക്ക്

ഉത്തരം ലഭിക്കുന്നതാണ്. അപ്പോൾ ചോദിക്കപ്പെട്ടു ധൃതികൂട്ടുക എന്നാലെന്താണ്? അവിടുന്നു പറഞ്ഞു : ഞാൻ ദുആ ചെയ്തു, ഞാൻ ദുആ ചെയ്തു എന്നിട്ട് എനിക്ക് ഉത്തരം കിട്ടുന്നതായി കാണുന്നില്ല എന്നു (അക്ഷമനായി)പറയുകയും, അങ്ങനെ അന്നേരം മനസ്സു മടുത്ത് ദുആ ഉപേക്ഷിക്കുകയും ചെയ്യുക ഇതാണ് ധൃതികൂട്ടൽ (മു.) ദുആയും ഇബാദത്തും ചെയ്യപ്പെടുവാനുള്ള അർഹത അല്ലാഹുവിന് മാത്രമാകുവാൻ കാരണം അടുത്ത ആയത്തിൽ കാണാം:

വിഭാഗം - 7

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٦١﴾

(61) അല്ലാഹുവത്രെ നിങ്ങൾ അടങ്ങിയിരിക്കുവാൻ വേണ്ടി രാത്രിയെയും, (കണ്ണു)കാണാവുന്ന നിലയിൽ [പ്രകാശിതമായിക്കൊണ്ട്]പകലിനെയും നിങ്ങൾക്ക് ഉണ്ടാക്കിത്തന്നവൻ. നിശ്ചയമായും, അല്ലാഹു ജനങ്ങളുടെമേൽ ദയവ് (അഥവാ അനുഗ്രഹം) ഉള്ളവൻതന്നെയാണ്. എങ്കിലും, മനുഷ്യരിൽ അധികമാളും നന്ദി ചെയ്യുന്നില്ല.

ذَٰلِكُمُ ٱللَّهُ رَبُّكُمْ خَٰلِقُ كُلِّ شَىْءٍ لَّآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٦٢﴾

(62) അങ്ങിനെയുള്ളവനെത്രെ, എല്ലാ വസ്തുവിന്റെയും സ്രഷ്ടാവായ നിങ്ങളുടെ റബ്ബ് ആയ അല്ലാഹു. അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങിനെയാണ് നിങ്ങൾ (സത്യംവിട്ട്) തെറ്റിക്കപ്പെടുന്നത്?!

كَذَٰلِكَ يُؤْفَكُ ٱلَّذِينَ كَانُوا۟ بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ﴿٦٣﴾

(63) അല്ലാഹുവിന്റെ ആയത്തുകളെ [ലക്ഷ്യദൃഷ്ടാന്തങ്ങളെ] നിഷേധിച്ചുകൊണ്ടിരിക്കുന്നവർ അപ്രകാരം (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതാണ്.

---

(61) اللَّهُ الَّذِي അല്ലാഹു യാതൊരുവനത്രെ جَعَلَ لَكُمُ നിങ്ങൾക്ക് ഉണ്ടാക്കി (ഏർപ്പെടുത്തി)ത്തന്ന اللَّيْلَ രാത്രിയെ لِتَسْكُنُوا فِيهِ നിങ്ങളതിൽ അടങ്ങിയിരിക്കുവാൻ വേണ്ടി وَالنَّهَارَ പകലിനെയും مُبْصِرًا കാണാവുന്നതായി, കാണത്തക്കതായി إِنَّ اللَّهَ നിശ്ചയമായും, അല്ലാഹു لَذُو فَضْلٍ ദയവ് (അനുഗ്രഹം)ഉള്ളവൻതന്നെ عَلَى النَّاسِ മനുഷ്യരുടെ മേൽ وَلَٰكِنَّ أَكْثَرَ النَّاسِ എങ്കിലും മനുഷ്യരിൽ അധികവും, മിക്കവരും لَا يَشْكُرُونَ നന്ദി

ചെയ്യുന്നില്ല ﴾62﴿ ذَٰلِكُمُ (അങ്ങിനെയുള്ള) അവൻ, അവനത്രെ ٱللَّهُ അല്ലാഹു رَبُّكُمْ
നിങ്ങളുടെ റബ്ബായ, രക്ഷിതാവ് خَالِقُ സൃഷ്ടിച്ചവൻ كُلِّ شَيْءٍ എല്ലാവസ്തുവെയും لاَ إِلَٰهَ
ആരാധ്യനേയില്ല إِلاَّ هُوَ അവനല്ലാതെ فَأَنَّىٰ അപ്പോൾ എങ്ങിനെ, എങ്ങോട്ടാണ് تُؤْفَكُونَ
നിങ്ങൾ തെറ്റിക്കപ്പെടുന്നു ﴾63﴿ كَذَٰلِكَ അപ്രകാരം يُؤْفَكُ തെറ്റിക്കപ്പെടുന്നു ٱلَّذِينَ كَانُوا
ആയിരുന്നവർ بِآيَاتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ يَجْحَدُونَ നിഷേധിച്ചുകൊണ്ടിരിക്കും

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ قَرَارًا وَٱلسَّمَآءَ بِنَآءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ۚ

﴾64﴿ അല്ലാഹുവത്രെ, നിങ്ങൾക്കു ഭൂമിയെ വാസസ്ഥലവും, ആകാശത്തെ ഒരു കെട്ടിടവും [മേല്പുരയും] ആക്കിത്തന്നവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും, എന്നിട്ട് നിങ്ങളുടെ രൂപങ്ങളെ നന്നാക്കുകയും ചെയ്തു; നിങ്ങൾക്ക് വിശേഷപ്പെട്ട വസ്തുക്കളിൽ നിന്ന് അവൻ ആഹാരം (അഥവാ ഉപജീവനം) നൽകുകയും ചെയ്തു.

ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ فَتَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٦٤﴾

അങ്ങിനെയുള്ളവനാണ് നിങ്ങളുടെ റബ്ബായ അല്ലാഹു അപ്പോൾ, (സർവ്വ) ലോകരക്ഷിതാവായ അല്ലാഹു എത്രയോ മാഹാത്മ്യമേറിയവനാകുന്നു!

هُوَ ٱلْحَىُّ لَآ إِلَٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۗ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٦٥﴾

﴾65﴿ അവനത്രെ ജീവത്തായുള്ളവൻ. അവനല്ലാതെ ആരാധ്യനേ ഇല്ല. അതിനാൽ, മതം (അഥവാ കീഴ്‌വണക്കം) അവന് (മാത്രം) നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുവിൻ. ലോകരുടെ രക്ഷിതാവായ അല്ലാഹുവിനാണ് സർവ്വസ്തുതിയും!

﴾64﴿ ٱللَّهُ അല്ലാഹു ٱلَّذِي جَعَلَ ആക്കിയവനത്രെ لَكُمُ നിങ്ങൾക്ക് الأَرْضَ ഭൂമിയെ
قَرَارًا താവളം(താമസസ്ഥലം) وَالسَّمَاءَ ആകാശത്തെ بِنَاءً കെട്ടിടം, എടുപ്പ് وَصَوَّرَكُمْ
നിങ്ങളെ അവൻ രൂപപ്പെടുത്തുകയും ചെയ്തു فَأَحْسَنَ എന്നിട്ടവൻ നന്നാക്കി (ഭംഗിയാക്കി) صُوَرَكُمْ നിങ്ങളുടെ രൂപങ്ങളെ وَرَزَقَكُمْ നിങ്ങൾക്കവൻ (ആഹാരം ഉപജീവനം)നൽകുകയും ചെയ്തു مِنَ الطَّيِّبَاتِ വിശിഷ്ട(നല്ല, പരിശുദ്ധ)മായവയിൽ നിന്ന്

فَتَبَارَكَ അതത്രെ (അവനാണ്) അല്ലാഹു رَبُّكُمْ നിങ്ങളുടെ റബ്ബ്, റബ്ബായ ذَٰلِكُمُ اللَّهُ അപ്പോൾ മാഹാത്മ്യം (നൻമ, മേൻമ) ഏറിയിരിക്കുന്നു اللَّهُ അല്ലാഹു رَبُّ الْعَالَمِينَ ലോക (രുടെ) രക്ഷിതാവായ ﴾65﴿ هُوَ الْحَيُّ അവനത്രെ ജീവത്തായുള്ളവൻ, (സാക്ഷാൽ) ജീവിക്കുന്നവൻ لَا إِلَٰهَ ആരാധ്യനേ ഇല്ല إِلَّا هُوَ അവനല്ലാതെ فَادْعُوهُ ആകയാൽ അവനെ വിളിക്കുക, പ്രാർത്ഥിക്കുക مُخْلِصِينَ لَهُ അവന് നിഷ്കളങ്കമാക്കിക്കൊണ്ട് الدِّينَ മതം, കീഴ്വണക്കം الْحَمْدُ (സർവ്വ) സ്തുതി لِلَّهِ അല്ലാഹുവിനാണ് رَبِّ الْعَالَمِينَ ലോകരക്ഷിതാവായ

പ്രാർത്ഥനയും, ആരാധനയും അല്ലാഹുവിനു മാത്രമേ പാടുള്ളൂവെന്നതിനുള്ള കാരണങ്ങൾ പലതും വിവരിച്ചശേഷം, അതുകൊണ്ട് അവനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുകയും, ആരാധിക്കുകയും വേണമെന്ന് വീണ്ടും ഉൽബോധിപ്പിക്കുന്നു. അതോടുകൂടി, തക്കതായ ദൃഷ്ടാന്തങ്ങൾ മുഖേന സംശയാതീതമായി ഈ യാഥാർത്ഥ്യം സ്ഥാപിച്ചു കഴിഞ്ഞതിന്റെ പേരിൽ അല്ലാഹുവിന് സ്തുതി രേഖപ്പെടുത്തുകയും ചെയ്യുന്നു.

۞ قُلْ إِنِّي نُهِيتُ أَنْ أَعْبُدَ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَمَّا جَآءَنِيَ ٱلْبَيِّنَٰتُ مِن رَّبِّي وَأُمِرْتُ أَنْ أُسْلِمَ لِرَبِّ ٱلْعَٰلَمِينَ ﴿٦٦﴾

﴾66﴿ (നബിയേ) പറയുക: എന്റെ രക്ഷിതാവിൽ നിന്ന് എനിക്ക് തെളിവുകൾ വന്നിരിക്കെ, അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു(പ്രാർത്ഥിച്ചു) വരുന്നവരെ ഞാൻ ആരാധിക്കുന്നത് എന്നോട് വിരോധിക്കപ്പെട്ടിരിക്കുന്നു; ലോകരുടെ രക്ഷിതാവിന് ഞാൻ കീഴൊതുങ്ങണമെന്ന് എന്നോട് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

﴾66﴿ قُلْ നീ പറയുക إِنِّي نُهِيتُ നിശ്ചയമായും ഞാൻ നിരോധിക്കപ്പെട്ടിരിക്കുന്നു أَنْ أَعْبُدَ ഞാൻ ആരാധിക്കൽ الَّذِينَ تَدْعُونَ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവരെ مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ لَمَّا جَاءَنِيَ എനിക്ക് വന്നിരിക്കെ الْبَيِّنَاتُ തെളിവുകൾ مِن رَّبِّي എന്റെ റബ്ബിന്റെ പക്കൽ നിന്ന് وَأُمِرْتُ ഞാൻ (എന്നോട്)കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു أَنْ أُسْلِمَ ഞാൻ കീഴൊതുങ്ങുവാൻ, അനുസരിക്കണമെന്ന് لِرَبِّ الْعَالَمِينَ ലോകരുടെ രക്ഷിതാവിന്

അതുകൊണ്ട് ആരാധനയിൽ നിങ്ങളുടെ കൂട്ടത്തിൽ ചേരുവാനോ, അതു സമ്മതിക്കുവാനോ എനിക്ക് നിവൃത്തിയില്ല എന്ന് താൽപര്യം.

هُوَ ٱلَّذِي خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ يُخْرِجُكُمْ

﴾67﴿ അവനത്രെ, നിങ്ങളെ മണ്ണിൽനിന്നും, പിന്നെ ഇന്ദ്രിയത്തുള്ളിയിൽ [ശുക്ലബീജത്തിൽ] നിന്നും, പിന്നീടു രക്തപിണ്ഡത്തിൽ നിന്നുമായി സൃഷ്ടിച്ചവൻ, പിന്നീട്,

طِفۡلٗا ثُمَّ لِتَبۡلُغُوٓاْ أَشُدَّكُمۡ ثُمَّ لِتَكُونُواْ شُيُوخٗاۚ وَمِنكُم مَّن يُتَوَفَّىٰ مِن قَبۡلُۖ وَلِتَبۡلُغُوٓاْ أَجَلٗا مُّسَمّٗى وَلَعَلَّكُمۡ تَعۡقِلُونَ ﴿٦٧﴾

നിങ്ങളെ അവൻ ശിശുക്കളായി പുറത്തുവരുത്തുന്നു; പിന്നെ, നിങ്ങൾ നിങ്ങളുടെ പൂർണശക്തി (യൗവനം) പ്രാപിക്കും വരേക്കും (വളർത്തിക്കൊണ്ടുവരുന്നു); പിന്നെ, നിങ്ങൾ വൃദ്ധൻമാരായിത്തീരുന്നതുവരേക്കും (അവശേഷിപ്പിക്കുന്നു) . (അതിന്) മുമ്പേ, കാലം തീർന്ന് (മരണപ്പെട്ട്) പോകുന്നവരും നിങ്ങളിലുണ്ട്; നിർണയിക്കപ്പെട്ട ഒരവധിയിൽ നിങ്ങൾ എത്തിച്ചേരേണ്ടതിനും, നിങ്ങൾ മനസ്സിരുത്തുവാൻ വേണ്ടിയും ആകുന്നു (ഇതെല്ലാം)

﴾67﴿ هُوَ അവൻ الَّذِي خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവൻ مِنْ تُرَابٍ മണ്ണിനാൽ, മണ്ണിൽനിന്ന് ثُمَّ مِنْ نُطْفَةٍ പിന്നെ ഇന്ദ്രിയത്തുള്ളിയിൽനിന്നും ثُمَّ مِنْ عَلَقَةٍ പിന്നെ രക്തപിണ്ഡത്തിൽ നിന്നും ثُمَّ يُخْرِجُكُمْ പിന്നെ നിങ്ങളെ അവൻ പുറപ്പെടുവിക്കുന്നു طِفْلًا ശിശുക്കളായി ثُمَّ لِتَبْلُغُوا പിന്നെ നിങ്ങൾ എത്തുന്നതിനുവേണ്ടിയും, നിങ്ങൾ പ്രാപിക്കുന്നതുവരേക്കും أَشُدَّكُمْ നിങ്ങളുടെ ഏറ്റവും ശക്തമായ അവസരം, പൂർണശക്തി ثُمَّ لِتَكُونُوا പിന്നെ നിങ്ങൾ ആകുന്നതിനും, ആകുംവരേക്കും شُيُوخًا വൃദ്ധൻമാർ, വയസ്സൻമാർ وَمِنْكُمْ നിങ്ങളിലുണ്ട് مَنْ يُتَوَفَّى കാലംകഴിയുന്നവർ مِنْ قَبْلُ മുമ്പ്, മുമ്പേ وَلِتَبْلُغُوا നിങ്ങൾ എത്തുന്നതിനും, എത്തുന്നതുവരേക്കും أَجَلًا ഒരവധിയിൽ مُسَمًّى നിർണയിക്കപ്പെട്ട وَلَعَلَّكُمْ നിങ്ങളായേക്കുവാൻ വേണ്ടിയും, ആയേക്കുകയും ചെയ്യാം تَعْقِلُونَ മനസ്സിരുത്തു(വാൻ), ബുദ്ധികൊടുക്കുന്ന, ചിന്തിക്കുന്ന(വർ)

സൂ: ഹജ്ജ് 5 ലും, സൂ: മുഅ്മിനൂൻ 12-16 ലും അവയുടെ വ്യാഖ്യാനത്തിലും പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുക, നിർണയിക്കപ്പെട്ട അവധി (أجل مسمّى) എന്നു പറഞ്ഞത് ഓരോ വ്യക്തിയുടെ ആയുഷ്ക്കാലമായി നിശ്ചയിക്കപ്പെട്ട അവധിയായിരിക്കും. അല്ലെങ്കിൽ-ചിലർ പറയുന്നതുപോലെ-മനുഷ്യ സമുദായത്തിന്റെ മൊത്തത്തിലുള്ള അവധിയാകുന്ന അന്ത്യനാളും ആയിരിക്കാവുന്നതാണ്. الله اعلم

هُوَ ٱلَّذِى يُحۡىِۦ وَيُمِيتُۖ فَإِذَا قَضَىٰٓ أَمۡرٗا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٦٨﴾

﴾68﴿ അവൻതന്നെയാണ് ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നവൻ. എന്നാൽ, ഒരു കാര്യം അവൻ തീരുമാനിച്ചാൽ, അതിനെക്കുറിച്ച് ഉണ്ടാകുക എന്നു അവൻ പറയുകമാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നതാണ്.

﴾68﴿ هُوَ ٱلَّذِي അവൻ യാതൊരുവൻ يُحۡيِۦ അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരണ പ്പെടുത്തുകയും ചെയ്യുന്നു فَإِذَا قَضَىٰٓ എന്നാൽ അവൻ തീരുമാനിച്ചാൽ, വിധിച്ചാൽ أَمۡرٗا ഒരു കാര്യം فَإِنَّمَا يَقُولُ എന്നാലവൻ പറയുക മാത്രം ചെയ്യുന്നു لَهُۥ അതിനെക്കുറിച്ച് كُن ഉണ്ടാവുക എന്ന് فَيَكُونُ അപ്പോഴത് ഉണ്ടാകും.

അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്ന ധിക്കാരികളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ മൂന്ന് പ്രാവശ്യം ഇതിനുമുമ്പ് അല്ലാഹു ആവർത്തിച്ച് ആക്ഷേപിക്കുക യുണ്ടായി. അടുത്ത ആയത്തിൽ എനിയും -നാലാമതൊരു പ്രാവശ്യംകൂടി - അതാ അവരെക്കുറിച്ച് വളരം ശക്തമായി ആക്ഷേപിക്കുന്നു! അവരുടെ അന്തരംഗം എന്താണെന്ന് വെളിപ്പെടുത്തുകയും, അതോടൊപ്പം അവർക്ക് നേരിടുവാനിരിക്കുന്ന ഭാവിയെപ്പറ്റി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു!

വിഭാഗം - 8

أَلَمۡ تَرَ إِلَى ٱلَّذِينَ يُجَٰدِلُونَ فِيٓ ءَايَٰتِ ٱللَّهِ أَنَّىٰ يُصۡرَفُونَ ﴿٦٩﴾

﴾69﴿ അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്നവരിലേക്ക് നീ (നോക്കി) കാണുന്നില്ലേ, അവർ എങ്ങിനെയാണ് (സത്യത്തിൽ നിന്ന്) തിരിച്ചുവിടപ്പെടുന്നത്?!

ٱلَّذِينَ كَذَّبُواْ بِٱلۡكِتَٰبِ وَبِمَآ أَرۡسَلۡنَا بِهِۦ رُسُلَنَاۖ فَسَوۡفَ يَعۡلَمُونَ ﴿٧٠﴾

﴾70﴿ വേദഗ്രന്ഥത്തെയും, നമ്മുടെ റസൂലുകളെ [ദൂതൻമാരെ] നാം ഏതൊന്നുമായി അയച്ചുവോ അതിനെയും വ്യാജമാക്കുന്നവരത്രെ (അവർ). എന്നാൽ, വഴിയെ അവർക്ക് അറിയാറാകും!

إِذِ ٱلۡأَغۡلَٰلُ فِيٓ أَعۡنَٰقِهِمۡ وَٱلسَّلَٰسِلُ يُسۡحَبُونَ ﴿٧١﴾

﴾71﴿ (അതെ) അവരുടെ കഴുത്തുകളിൽ ആമങ്ങളാകുമ്പോൾ; ചങ്ങലകളും! (അവയുമായി) അവർ വലിച്ചിഴക്കപ്പെടും.

فِي ٱلۡحَمِيمِ ثُمَّ فِي ٱلنَّارِ يُسۡجَرُونَ ﴿٧٢﴾

﴾72﴿ ചുട്ടുതിളക്കുന്ന വെള്ളത്തിൽ! പിന്നീട് അവരെ നരകത്തിൽ (ഇട്ട്) കത്തിക്കപ്പെടും.

ثُمَّ قِيلَ لَهُمۡ أَيۡنَ مَا كُنتُمۡ تُشۡرِكُونَ ﴿٧٣﴾

﴾73﴿ പിന്നെ, അവരോട് പറയപ്പെടും നിങ്ങൾക്ക് പങ്കുചേർത്തുവന്നിരുന്നവർ എവിടെ?

مِن دُونِ ٱللَّهِ ۖ قَالُوا۟ ضَلُّوا۟ عَنَّا بَل لَّمْ نَكُن نَّدْعُوا۟ مِن قَبْلُ شَيْـًٔا ۚ كَذَٰلِكَ يُضِلُّ ٱللَّهُ ٱلْكَٰفِرِينَ ﴿٧٤﴾

《74》 അല്ലാഹുവിന് പുറമെ (പങ്കു ചേർത്തിരുന്നവർ)! അവർ പറയും : അവർ ഞങ്ങളെ വിട്ട്(മറഞ്ഞ്) കാണാതായിപ്പോയി! (അല്ല-) പക്ഷെ, ഞങ്ങൾ മുമ്പ് യാതൊന്നിനെയും വിളിച്ചു (പ്രാർത്ഥി)ച്ചിരുന്നില്ല. ഇതുപോലെ അല്ലാഹു അവിശ്വാസികളെ വഴിപിഴവിലാക്കുന്നു.

《69》 أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى الَّذِينَ يُجَادِلُونَ തർക്കം നടത്തുന്നവരി
ലേക്ക് فِي آيَاتِ اللَّهِ അല്ലാഹുവിന്റെ ആയത്തുകളിൽ أَنَّىٰ എങ്ങിനെ يُصْرَفُونَ അവർ തിരിച്ചു
വിടപ്പെടുന്നു (തെറ്റിപ്പോകുന്നു) 《70》 الَّذِينَ كَذَّبُوا വ്യാജമാക്കിയവരാണ് بِالْكِتَابِ വേദ
ഗ്രന്ഥത്തെ وَبِمَا യാതൊന്നിനെയും أَرْسَلْنَا بِهِ അതുമായി (അതുകൊണ്ട്) നാമയച്ചു رُسُلَنَا
നമ്മുടെ റസൂലുകളെ فَسَوْفَ എന്നാൽ (അതിനാൽ) വഴിയെ يَعْلَمُونَ അവർക്ക് അറിയാം,
അറിയും 《71》 إِذِ الْأَغْلَالُ ആമങ്ങൾ (വിലങ്ങുകൾ) ആകുമ്പോൾ فِي أَعْنَاقِهِمْ അവരുടെ
കഴുത്തുകളിൽ وَالسَّلَاسِلُ ചങ്ങലകളും يُسْحَبُونَ അവർ വലിച്ചിഴക്കപ്പെടും 《72》 فِي الْحَمِيمِ
ചുട്ടുതിളക്കുന്ന വെള്ളത്തിൽ ثُمَّ فِي النَّارِ പിന്നെ നരകത്തിൽ, അഗ്നിയിൽ يُسْجَرُونَ അവരെ
ഇട്ടു കത്തിക്കപ്പെടും 《73》 ثُمَّ قِيلَ പിന്നെ പറയപ്പെടും لَهُمْ അവരോട് أَيْنَ എവിടെ مَا كُنتُمْ
നിങ്ങൾ ആയിരുന്നത് تُشْرِكُونَ പങ്കുചേർത്തു വരുക 《74》 مِن دُونِ اللَّهِ അല്ലാഹുവിന്
പുറമെ قَالُوا അവർ പറയും ضَلُّوا عَنَّا അവർ ഞങ്ങളെ വിട്ടുപോയി(മറഞ്ഞു, കാണാതാ
യി) بَل പക്ഷെ, എങ്കിലും لَمْ نَكُن نَّدْعُو ഞങ്ങൾ വിളിച്ചിരുന്നില്ല, പ്രാർത്ഥിക്കുമായിരു
ന്നില്ല مِن قَبْلُ മുമ്പ് شَيْئًا യാതൊന്നിനെയും كَذَٰلِكَ അതു (ഇതു)പോലെ, അപ്രകാരം
يُضِلُّ اللَّهُ അല്ലാഹു വഴിപിഴവിലാക്കുന്നു الْكَافِرِينَ അവിശ്വാസികളെ

അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചാരാധിച്ചിരുന്ന ദൈവങ്ങളൊക്കെ എവിടെ പ്പോയി? ആരും നിങ്ങളെ സഹായിക്കാനില്ലേ ? എന്നൊക്കെ അവരോട് പരിഹാസപൂർവ്വം ചോദിക്കപ്പെടും. അപ്പോൾ അവർ പറയുന്ന മറുപടികളാണിത്: അവർ ഞങ്ങളെ വിട്ട് എവിടെയോ മറഞ്ഞുപോയി ; അവരെക്കൊണ്ട് ഒരു ഉപകാരവും ഞങ്ങൾക്ക് കിട്ടിയിട്ടില്ല. അത്രയുമല്ല, വാസ്തവത്തിൽ, ഞങ്ങൾ ആരെയും വിളിച്ചു പ്രാർത്ഥിച്ചിട്ടേയില്ല എന്നൊക്കെ ആദ്യം തങ്ങളുടെ ദൈവങ്ങളെ അവർ പഴിക്കുകയും, പിന്നീട് അവയുടെ ആരാധനയെത്തന്നെ നിഷേധിക്കയും ചെയ്യുന്നു. സൂ: അൻആമിൽ ഈ രംഗം വിവരിച്ച സ്ഥലത്ത് അവരെക്കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു: പിന്നീട് അവരുണ്ടാകുന്ന കുഴപ്പം, ഞങ്ങളുടെ റബ്ബായ അല്ലാഹുതന്നെയാണ (സത്യം)! ഞങ്ങൾ മുശ്‌രിക്കുകൾ ആയിരുന്നില്ല എന്നു പറയുന്നതല്ലാതെ മറ്റൊന്നുമായിരിക്കയില്ല. അവർ അവരുടെ സ്വന്തം പേരിൽ തന്നെ കളവു പറയുന്നത് എപ്രകാരമാണെന്ന് നോക്കുക! അവർ കെട്ടിച്ചമച്ചിരുന്നവ അവരിൽ നിന്നും മറഞ്ഞു കാണാതാവുകയും ചെയ്യുന്നതാണ്. (ثُمَّ لَمْ تَكُن فِتْنَتُهُمْ – الى قوله : مَّا كَانُوا يَفْتَرُونَ – الانعام : ٢٢-٢٤) ഇത്രയും ദുരവസ്ഥക്ക്

അവർ വിധേയരാകുവാനുണ്ടായ ഹേതു എന്താണെന്ന് അല്ലാഹു അവരെ ഓർമപ്പെടുത്തുന്നു:

ذَٰلِكُم بِمَا كُنتُمْ تَفْرَحُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَمْرَحُونَ ﴿٧٥﴾

﴾75﴿ 'അതൊക്കെ, ഭൂമിയിൽവെച്ച് ന്യായമില്ലാത്ത വിധത്തിൽ നിങ്ങൾ ആഹ്ളാദം കൊണ്ടിരുന്നത്കൊണ്ടും, നിങ്ങൾ അഹന്ത കാണിച്ചിരുന്നതുകൊണ്ടുമാകുന്നു (സംഭവിച്ചത്)

ٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ﴿٧٦﴾

﴾76﴿ 'നരകത്തിന്റെ വാതിലുകളിൽക്കൂടി, - അതിൽ നിത്യവാസികളെന്ന നിലയിൽ-നിങ്ങൾ പ്രവേശിച്ചുകൊള്ളുവിൻ. എന്നാൽ, അഹംഭാവികളുടെ പാർപ്പിടം വളരെ ചീത്ത തന്നെ!'

فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ ۚ فَإِمَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا يُرْجَعُونَ ﴿٧٧﴾

﴾77﴿ അതുകൊണ്ട് (നബിയേ) ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാകുന്നു. എനി, നാം അവരോട് താക്കീത് ചെയ്യുന്നതിൽ ചിലത് (ഒരുപക്ഷെ)നിനക്ക് നാം കാണിച്ചു തന്നേക്കുന്നതായാലും, അല്ലെങ്കിൽ, (അതിന്മുമ്പായി നിന്റെ കാലം കഴിച്ച്) നിന്നെ നാം പിടിച്ചെടുക്കുന്നതായാലും, നമ്മുടെ അടുക്കലേക്കു തന്നെ അവർ മടക്കപ്പെടുന്നതാണ്.

﴾75﴿ ذَٰلِكُمْ അത് بِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ടാണ് تَفْرَحُونَ ആഹ്ളാദം (പുളകം, സന്തോഷം) കൊള്ളുക فِي الْأَرْضِ ഭൂമിയിൽ بِغَيْرِ الْحَقِّ ന്യായം (അർഹത) ഇല്ലാതെ وَبِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ടും تَمْرَحُونَ അഹന്ത (അഹങ്കാരം) കാണിക്കുക **﴾76﴿** ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ أَبْوَابَ جَهَنَّمَ ജഹന്നമിന്റെ വാതിലുകളിൽ خَالِدِينَ فِيهَا അതിൽ ശാശ്വതൻമാർ (സ്ഥിരവാസികൾ) ആയിക്കൊണ്ട് فَبِئْسَ അപ്പോൾ എത്രയോ ചീത്ത مَثْوَى الْمُتَكَبِّرِينَ അഹംഭാവികളുടെ പാർപ്പിടം **﴾77﴿** فَاصْبِرْ അതുകൊണ്ട് ക്ഷമിക്കുക إِنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യഥാർത്ഥം (സത്യം, ന്യായം) ആണ് فَإِمَّا نُرِيَنَّكَ എന്നാൽ നിനക്ക് നാം കാട്ടിത്തന്നേക്കുന്നതായാൽ بَعْضَ ചിലത് الَّذِي نَعِدُهُمْ നാമവരോട് വാഗ്ദത്തം (താക്കീത്)ചെയ്യുന്ന أَوْ نَتَوَفَّيَنَّكَ അല്ലെ

ങ്കിൽ നിന്നെ നാം പിടിച്ചെടുക്കുന്ന (കാലം കഴിയുമാറാക്കുന്നതായാൽ فَإِلَيْنَا എന്നാൽ നമ്മിലേക്ക്തന്നെ يُرْجَعُونَ അവർ മടക്കപ്പെടുന്നു.

അല്ലാഹുവിന്റെ ലക്ഷ്യങ്ങളിലും ദൃഷ്ടാന്തങ്ങളിലും കുതർക്കം നടത്തി സംതൃപ്ത രായിക്കൊണ്ടിരിക്കുന്ന അഹങ്കാരികളുടെ ചെയ്തികളും, സ്ഥിതിഗതികളും, വിസ്തരിച്ച് പറഞ്ഞശേഷം-അതാണല്ലോ ഈ സൂറത്തിലെ പ്രധാന സംസാര വിഷയം-ക്ഷമിച്ചു കൊണ്ട് സത്യപ്രബോധനം തുടരുവാനും, അവരുടെ പേരിലുള്ള ശിക്ഷാ നടപടി അല്ലാഹു എടുത്തുകൊള്ളുമെന്ന് സമാധാനിക്കുവാനും അല്ലാഹു നബിയെ ഉപദേശി ക്കുന്നു. മറ്റൊരിടത്ത് അല്ലാഹു ഇങ്ങിനെ പറയുന്നു: وَإِن مَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ- الرعد (നാം അവരോട് താക്കീത് ചെയ്യുന്ന തിൽ ചിലത് നിനക്ക് നാം കാണിച്ചുതരുന്നതായാലും, അല്ലെങ്കിൽ– അതിനുമ്പ് - നിന്നെ നാം പിടിച്ചെടുക്കുന്നതായാലും പ്രബോധനം ചെയ്യൽ മാത്രമാണ് നിന്റെ മേൽ - ബാധ്യ ത-ഉള്ളത്. വിചാരണ നമ്മുടെ മേലുമാണ് - ബാധ്യത - ഉള്ളത് (സൂ: റഅ്ദ് : 40) നബി യുടെ ജീവിതകാലത്തുതന്നെ അവർക്ക് വല്ല ശിക്ഷകളും ബാധിച്ചെന്നുവരാം. അല്ലെ ങ്കിൽ അതിനുമുമ്പായി അവിടുത്തെ കാലം കഴിഞ്ഞുപോയെന്നും വരാം-രണ്ടായാലും ശരി-അവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ടുന്ന നയം ഒന്നുതന്നെ, അതിൽ മാറ്റമില്ല എന്നു സാരം. എന്നാൽ, ബദ്ർ യുദ്ധത്തിൽ അവരുടെ നട്ടെല്ല് ഒടിഞ്ഞുപോയതും, അധികം താമസിയാതെ അറേബ്യാ ഉപദ്വീപിൽ ശിർക്കിന്റെയും കുഫ്റിന്റെയും തേർവാഴ്ച അവസാനിച്ച് അറബികളെല്ലാം ഇസ്‌ലാമിന്റെ പതാകയിൻകീഴിൽ അണി നിരന്നതും നബിയുടെ ജീവിതകാലത്തുതന്നെയാണല്ലോ. മേൽ വിവരിച്ചതെല്ലാം ഈ സമുദായത്തിന്റെ മാത്രം സ്വഭാവമല്ല, മുൻപ്രവാചകൻമാരുടെയും, അവരുടെ സമുദായ ങ്ങളുടെയും കാലത്തെ സ്ഥിതിഗതികളും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല എന്നു അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു.

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ ۗ وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِـَٔايَةٍ إِلَّا بِإِذْنِ ٱللَّهِ ۚ فَإِذَا جَآءَ أَمْرُ ٱللَّهِ قُضِىَ بِٱلْحَقِّ وَخَسِرَ هُنَالِكَ ٱلْمُبْطِلُونَ ﴿٧٨﴾

﴿78﴾ നിനക്ക് മുമ്പ് പല റസൂലു കളെ [ദൂതൻമാരെ]യും നാം അയക്കു കയുണ്ടായിട്ടുണ്ട്. നിനക്ക് നാം കഥനം ചെയ്തു (വിവരിച്ചു) തന്നിട്ടു ള്ളവർ അവരിലുണ്ട്. ഏതൊരു റസൂ ലിനും അല്ലാഹുവിന്റെ അനുമതിയോ ടെയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടു വരാൻ (നിവൃത്തി)ഇല്ല.

എന്നാൽ, അല്ലാഹുവിന്റെ കല്പന വന്നാൽ, യഥാർത്ഥം അനുസരിച്ച് വിധി നടത്തപ്പെടും; അവിടെവെച്ച് വ്യർത്ഥകാരികൾ നഷ്ടത്തിലാവു കയും ചെയ്യും.

مِن قَبْلِكَ ﴿78﴾ തീർച്ചയായും നാം അയച്ചിട്ടുണ്ട് رُسُلًا പല ദൂതൻമാരെ وَلَقَدْ أَرْسَلْنَا
നിന്റെ മുമ്പ് مِنْهُم അവരിലുണ്ട് مَن قَصَصْنَا നാം കഥനം ചെയ്ത് (വിവരിച്ച്)തന്നവർ
عَلَيْكَ നിനക്ക് وَمِنْهُم مَّن അവരിലുണ്ട് لَّمْ نَقْصُصْ നാം കഥനം ചെയ്യാത്ത عَلَيْكَ നിനക്ക്
أَن يَأْتِيَ ഇല്ല, ഉണ്ടായിരുന്നില്ല, പാടില്ല لِرَسُولٍ ഒരു റസൂലിനും, ദൂതനും وَمَا كَانَ വരൽ,
വരുവാൻ بِآيَةٍ ഒരു ദൃഷ്ടാന്തവും കൊണ്ട് إِلَّا بِإِذْنِ اللَّهِ അല്ലാഹുവിന്റെ അനുമതിയോടെ
യല്ലാതെ فَإِذَا جَاءَ എന്നാൽ (അങ്ങനെ)വന്നാൽ أَمْرُ اللَّهِ അല്ലാഹുവിന്റെ കല്പന قُضِيَ
വിധി നടത്തപ്പെടും, തീരുമാനം ചെയ്യപ്പെടും بِالْحَقِّ യഥാർത്ഥ പ്രകാരം, മുറയനുസരിച്ച്
وَخَسِرَ നഷ്ടപ്പെടുകയും ചെയ്യും هُنَالِكَ അവിടെവെച്ച് (അപ്പോൾ) الْمُبْطِلُونَ വ്യർത്ഥ
കാരികൾ (അന്യായം പ്രവർത്തിക്കുന്നവർ)

ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവരും, പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്തവരുമായി എത്രയോ ദൈവദൂതൻമാർ മനുഷ്യ സമുദായത്തിൽ മുമ്പ് വരുകയുണ്ടായിട്ടുണ്ട്. ഇരുപത്തഞ്ചു പ്രവാചകൻമാരെപ്പറ്റി മാത്രമേ ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളൂ. ആദം, ഇദ്‌രീസ്, നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്വ്, ഇബ്‌റാഹീം, ഇസ്ഹാക്വ്, ഇസ്മാഈൽ, യഅ്ക്വൂബ്, യൂനുസ്, യൂസുഫ്, മൂസാ, ഹാറൂൻ, യൂശഉ്, ശുഐബ്, അയ്യൂബ്, അൽയസഉ്, ദുൽകിഫ്ൽ, ദാവൂദ്, സുലൈമാൻ, സകരിയ്യാ, യഹ്‌യാ, ഈസാ, മുഹമ്മദ് മുസ്ത്വഫ (عليهم الصلوة والسلام)എന്നിവരാണവർ. ഇവരിൽപോലും ചിലരുടെ പേരുകൾ മാത്രമോ, ചിലരെ സംബന്ധിച്ച ചുരുക്കം കഥകൾ മാത്രമോ ആണ് പറയപ്പെട്ടിട്ടുള്ളതും. അബൂദർറ്(റ) പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഇപ്രകാരം ഉദ്ധരിക്കുന്നു : പ്രവാചകൻമാരുടെ എണ്ണം എത്രയാണെന്ന് ഞാൻ റസൂൽ തിരുമേനിയോട് ചോദിച്ചു, തിരുമേനി പറഞ്ഞു : ഒരു ലക്ഷത്തി ഇരുപത്തിനാലായിരമാണ് ; അവരിൽ റസൂലുകളായുള്ളവർ മുന്നൂറ്റിപ്പതിമൂന്നും - (അതെ) ഒരു വമ്പിച്ച സംഘം-ആകുന്നു.

'ജനങ്ങൾക്ക് സത്യവിശ്വാസം സ്വീകരിക്കുവാനാവശ്യമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിട്ടില്ലാത്ത ഒരാളും പ്രവാചകൻമാരിൽ ഉണ്ടായിട്ടില്ല'. (ما من نبي من الأنبياء إلا قد اعطى من الايات مثله امن عليه البشر الخ—متفق عليه) എന്നു നബിഅരുളി ചെയ്തിട്ടുണ്ട്. എല്ലാ നബിമാർക്കും തന്നെ, ശത്രുക്കളും ഉണ്ടാകാതിരുന്നിട്ടില്ല. (സൂ: ഫുർക്വാൻ ; 31.) അവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും ഉണ്ടായിരുന്നാൽപോലും, ചില പ്രത്യേക അമാനുഷിക സംഭവങ്ങൾ തങ്ങൾക്ക് കാട്ടിത്തരണമെന്ന് അവർ പ്രവാചകൻമാരോട് ആവശ്യപ്പെടലും പതിവായിരുന്നു. അതുപോലെ, അറബി മുശ്‌രിക്കുകൾ നബിയോടും പലതും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ, അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ ഒന്നും തന്നെ പ്രവാചകൻമാർക്ക് സ്വന്തം നിലയിൽ കാണിച്ചുകൊടുക്കുവാൻ കഴിവോ, പ്രാപ്തിയോ ഇല്ലെന്നും, അല്ലാഹുവിന്റെ അനുമതിയും സഹായവും ഉണ്ടെങ്കിൽ മാത്രമേ അതു സാധ്യമാകുകയുള്ളൂവെന്നും അല്ലാഹു മറ്റു പലേടത്തുമെന്നപോലെ - ഈ വചനത്തിലും ഉണർത്തുകയാണ്.

നബിമാർ പ്രബോധനം ചെയ്യുന്ന തത്വങ്ങൾ ശരിയാണെന്ന് മനസ്സിലാക്കുവാൻ വേണ്ടുന്ന തെളിവുകളും, ദൃഷ്ടാന്തങ്ങളും ധാരാളം ഉണ്ടായിരിക്കെ, സത്യനിഷേധികൾ ആവശ്യപ്പെടുമ്പോൾ ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ അവർക്ക് കാണിച്ചുകൊടുക്കപ്പെടുന്നത് സത്യം സ്ഥാപിക്കുവാനുള്ള പുതിയ തെളിവുകളെന്ന നിലക്കല്ല. അവരെ സത്യ

ത്തിന് മുമ്പിൽ മുട്ടുകുത്തുമാറ് ഭയപ്പെടുത്തുകയും, തങ്ങൾക്ക് വേണ്ടത്ര തെളിവുകൾ ലഭിച്ചില്ലെന്ന് കുതർക്കം പറയുവാൻ അവസരമില്ലാതാക്കുകയുമാണ് അതിന്റെ ഉദ്ദേശ്യം. എന്നാൽ, മുൻകാലചരിത്രം പരിശോധിച്ചാൽ, സത്യനിഷേധികൾ ഇത്തരം ദൃഷ്ടാന്തങ്ങൾ കാണുന്ന വേളയിൽ സത്യത്തിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നതിന് പകരം അത് ആഭിചാരമാണ്, ജാലവിദ്യയാണ് എന്നിങ്ങിനെയുള്ള ഏതെങ്കിലും കുതർക്കം പറഞ്ഞു നിഷേധത്തിൽ തന്നെ മൂടുറക്കുകയാണ് ചെയ്തിരുന്നതെന്ന് കാണാം. ഒന്നാമതായി, സത്യാന്വേഷണമല്ല–പ്രവാചകന്മാർ അശക്തരാണെന്ന് വരുത്തി സത്യനിഷേധത്തെ അരക്കിട്ടുറപ്പിക്കലാണ് – അവരുടെ ലക്ഷ്യം. കൂടാതെ, ബുദ്ധിവിശാലയില്ലായ്മയും, ചിന്താശൂന്യതയും ഈ നിഷേധത്തിന് കാരണമാണ്. അങ്ങിനെ, അവർ ആ ദൃഷ്ടാന്തങ്ങളെ പരസ്യമായി നിഷേധിക്കുമ്പോൾ, അവരോട് താക്കീത്ചെയ്യപ്പെട്ടിരിക്കുന്ന പൊതുശിക്ഷക്ക് അവർ പാത്രമായിത്തീരുന്നതുമാണ്. ഇതിനി പല ഉദാഹരണങ്ങളും അല്ലാഹു ക്വുർആനിൽ വിവരിച്ചു തരുന്നുണ്ട്.മുൻ കാലത്തുള്ള ഓരോ റസൂലും ഏതെങ്കിലും ഒരു ജനതയിലേക്ക് മാത്രം നിയോഗിക്കപ്പെട്ടവരായിരുന്നുവല്ലോ. നബി തിരുമേനിയുടെ ദൗത്യം ലോകജനതക്ക് ആകമാനമായതുകൊണ്ട്, സമുദായം പൊതുശിക്ഷക്ക് ബാധകമാകുവാൻ സംഗതിയായിത്തീർന്നേക്കുന്ന ഇത്തരം ദൃഷ്ടാന്തങ്ങൾ അയക്കുന്നത് അല്ലാഹു നിറുത്തലാക്കിയിരിക്കുകയാണ്. സൂറത്തുൽ ഇസ്റാഇലെ ഒരു വചനത്തിൽനിന്നും മറ്റും ഈ വസ്തുത മനസ്സിലാക്കുവാൻ കഴിയും. അല്ലാഹു പറയുന്നു:

وَمَا مَنَعَنَا أَن نُّرْسِلَ بِالْآيَاتِ إِلَّا أَن كَذَّبَ بِهَا الْأَوَّلُونَ وَآتَيْنَا ثَمُودَ النَّاقَةَ مُبْصِرَةً فَظَلَمُوا بِهَا وَمَا نُرْسِلُ بِالْآيَاتِ إِلَّا تَخْوِيفًا– الاسراء

(സാരം : ദൃഷ്ടാന്തങ്ങളെ അയക്കുന്നതിന് നമുക്ക് തടസ്സമായത്, മുൻഗാമികൾ അവയെ വ്യാജമാക്കിയതല്ലാതെ മറ്റൊന്നുമല്ല. ഥമൂദ് ഗോത്രത്തിന് ഒട്ടകത്തെ കാണത്തക്ക ഒരു ദൃഷ്ടാന്തമായി നാം നൽകി. എന്നിട്ടവർ അതിനെക്കൊണ്ട് അക്രമം പ്രവർത്തിച്ചു. ഭയപ്പെടുത്തുവാൻ വേണ്ടിയല്ലാതെ നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നുമില്ല. (സൂ: ഇസ്റാഉ് : 59)

الآيَة (ആയത്ത്) എന്ന വാക്കിന് പ്രത്യക്ഷമായ അടയാളം (العلامة الظاهرة) അഥവാ ദൃഷ്ടാന്തം എന്നത്രെ വാക്കർത്ഥം. ഇതിന്റെ ബഹുവചനമാണ് الآيَات (ആയാത്ത്) ബാഹ്യേന്ദ്രിയങ്ങൾ മുഖേനയോ, ബുദ്ധികൊടുത്തോ ഒരു കാര്യത്തെപ്പറ്റി മനസ്സിലാക്കുവാൻ ഉതകുന്ന എല്ലാ അടയാളങ്ങൾക്കും – അവ സാധാരണങ്ങളോ അസാധാരണങ്ങളോ ആവട്ടെ – ആയത്തുകൾ എന്നു പറയാം. ക്വുർആൻ വചനങ്ങൾ പല നിലക്കും ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്നവയായതുകൊണ്ട് അതിലെ വചനങ്ങൾക്ക് –സൂക്തങ്ങൾക്ക് – ആയത്തുകൾ എന്നു പറയപ്പെടുന്നു. ചിലപ്പോൾ അദ്ധ്യായത്തെ–സൂറത്തിനെ – ഉദ്ദേശിച്ചും ആയത്തു എന്നു പറയാറുണ്ട്. ക്വുർആന്റെ പ്രസ്താവനകൾ പരിശോധിച്ചാൽ ഇതിനെല്ലാം ഉദാഹരണങ്ങൾ കാണാം. ഇവിടെ അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് നബിമാരുടെ സത്യതക്ക് തെളിവായി അല്ലാഹു വെളിപ്പെടുത്താറുള്ള അസാധാരണങ്ങളായ അമാനുഷിക ദൃഷ്ടാന്തങ്ങൾ (الْمُعْجِزَات) എന്നാണ്. ഇതിനെപ്പറ്റി മുഖവുരയിൽ നാം സംസാരിച്ചിട്ടുണ്ട്. എല്ലാവർക്കും സുപരിചിതമായതും, തുറന്ന ഹൃദയത്തോടെ ചിന്തിക്കുന്ന പക്ഷം അല്ലാഹുവിൽ വിശ്വസിക്കുവാൻ മനുഷ്യനെ നിർബന്ധിക്കുന്നതുമായ ചില ആയത്തുകളെ (ദൃഷ്ടാന്തങ്ങളെ) അടുത്ത വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

വിഭാഗം - 9

﴿79﴾ നിങ്ങൾക്ക് കാലികളെ - അവയിൽ നിന്ന് (ചിലതിൻമേൽ) നിങ്ങൾക്ക് സവാരി ചെയ്വാൻ വേണ്ടി - ഉണ്ടാക്കിത്തന്നിട്ടുള്ളവനത്രെ അല്ലാഹു. അവയിൽ നിന്ന് (ചിലതിനെ) നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَنْعَـٰمَ لِتَرْكَبُوا۟ مِنْهَا وَمِنْهَا تَأْكُلُونَ ﴿٧٩﴾

﴿80﴾ നിങ്ങൾക്ക് അവയിൽ പല (തരം)പ്രയോജനങ്ങളുമുണ്ട്. നിങ്ങളുടെ ഹൃദയങ്ങളിലുള്ള വല്ല ആവശ്യത്തിനും അവയുടെമേൽ (യാത്ര ചെയ്തുകൊണ്ട്) നിങ്ങൾ എത്തിച്ചേരുവാനും (സൗകര്യപ്പെടുത്തിയിരിക്കുന്നു). അവയുടെ മേലും, കപ്പലുകളിലുമായി നിങ്ങൾ വഹിക്കപ്പെടുകയും ചെയ്യുന്നു.

وَلَكُمْ فِيهَا مَنَـٰفِعُ وَلِتَبْلُغُوا۟ عَلَيْهَا حَاجَةً فِى صُدُورِكُمْ وَعَلَيْهَا وَعَلَى ٱلْفُلْكِ تُحْمَلُونَ ﴿٨٠﴾

﴿81﴾ തന്റെ (വിവിധ) ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാട്ടിത്തരുകയും ചെയ്യുന്നു. എന്നിരിക്കെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ നിഷേധിക്കുന്നത് ?!

وَيُرِيكُمْ ءَايَـٰتِهِۦ فَأَىَّ ءَايَـٰتِ ٱللَّهِ تُنكِرُونَ ﴿٨١﴾

﴿79﴾ اللَّهُ الَّذِي അല്ലാഹു യാതൊരുവനത്രെ جَعَلَ لَكُمُ നിങ്ങൾക്ക് ഉണ്ടാക്കി (ഏർപ്പെടുത്തി)ത്തന്ന الأَنْعَامَ കാലികളെ (ആടുമാടൊട്ടകങ്ങളെ) لِتَرْكَبُوا നിങ്ങൾക്ക് സവാരി ചെയ്യുവാൻ, വാഹനമേറുവാൻ വേണ്ടി مِنْهَا അവയിൽ നിന്ന്(ചിലത്) وَمِنْهَا അവയിൽ നിന്ന് تَأْكُلُونَ നിങ്ങൾ തിന്നുക(ഭക്ഷിക്കുക)യും ചെയ്യുന്നു. ﴿80﴾ وَلَكُمْ നിങ്ങൾക്കുണ്ട് فِيهَا അവയിൽ مَنَافِعُ പല പ്രയോജനങ്ങൾ وَلِتَبْلُغُوا നിങ്ങൾ എത്തേണ്ടതിനും, പ്രാപിക്കുന്നതിനും عَلَيْهَا അവയുടെ മേൽ حَاجَةً വല്ല ആവശ്യത്തിനും, ആവശ്യം فِي صُدُورِكُمْ നിങ്ങളുടെ നെഞ്ചു(ഹൃദയം)കളിലുള്ള وَعَلَيْهَا അവയുടെ മേലും وَعَلَى الْفُلْكِ കപ്പലുകളിലും تُحْمَلُونَ നിങ്ങൾ വഹിക്കപ്പെടുന്നു ﴿81﴾ وَيُرِيكُمْ നിങ്ങൾക്കവൻ കാട്ടിത്തരുകയും ചെയ്യുന്നു آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളെ فَأَيَّ അപ്പോൾ ഏതിനെ آيَاتِ اللَّهِ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ تُنْكِرُونَ നിങ്ങൾ നിഷേധിക്കുന്നു.

ഒട്ടകം, മാട്, ആട് എന്നീ മൂന്ന് വർഗങ്ങൾക്ക് പൊതുവിലും, ഒട്ടകത്തെമാത്രം ഉദ്ദേ

ശിച്ചും (الْأَنْعَام) എന്ന വാക്ക് ഉപയോഗിക്കാപ്പെടാറുണ്ട്. ഇവയിൽ സവാരിക്കും സാധന ങ്ങൾ വഹിക്കുന്നതിനും താരതമ്യേന കൂടുതൽ ഉപയോഗിക്കപ്പെടുന്നത് ഒട്ടകമാണെന്ന് പറയേണ്ടതില്ല. ഭക്ഷ്യവസ്തുക്കളായി മൂന്ന് വർഗവും സദാ ഉപയോഗിക്കപ്പെടുന്നു. മാടു വർഗത്തിൽപെട്ട കാളകളെ സവാരി ചെയ്യുന്നതിനും, വണ്ടി വലിക്കുന്നതിനും ഉപയോ ഗപ്പെടുത്തലും അപൂർവ്വമല്ല. ചില ധ്രുവപ്രദേശങ്ങളിൽ ആടുവർഗത്തെക്കൊണ്ട് ഒരു തരം വണ്ടി വലിപ്പിക്കുന്ന സമ്പ്രദായം ഇല്ലാതില്ല. അങ്ങിനെ നോക്കുമ്പോൾ, ഏറെ ക്കുറെ പ്രസ്തുത മൂന്നു വർഗവും വാഹനമായും ഭക്ഷ്യപദാർത്ഥമായും മനുഷ്യർ ഉപ യോഗിക്കുന്നുണ്ടെന്ന് കാണാം. പാൽ, രോമം, തോൽ മുതലായവയും അവമൂലം മനു ഷ്യന് ലഭിക്കുന്ന പ്രയോജനങ്ങളാകുന്നു.പലതരം പ്രയോജനങ്ങൾ (مَنَافِع) എന്നു പറ ഞ്ഞത് ഇതെല്ലാം സൂചിപ്പിച്ചുകൊണ്ടാണ്. കരയിൽ മൃഗങ്ങളെന്നപോലെ, കടലിൽ കപ്പലും അല്ലാഹു മനുഷ്യന് വാഹനമായി ഏർപ്പെടുത്തിയിരിക്കുന്നു. ഇതെല്ലാം അല്ലാ ഹുവിന്റെ അനുഗ്രഹത്തെയും, മഹത്വത്തെയുമാണ് ദൃഷ്ടാന്തീകരിക്കുന്നത്. കൂടാതെ, വാഹനങ്ങളിൽ യാത്ര ചെയ്തും, അല്ലാതെയും അല്ലാഹുവിന്റെ അനുഗ്രഹത്തിനും, മഹത്വത്തിനും വ്യക്തമായ വേറെ എത്രയോ ദൃഷ്ടാന്തങ്ങളും കണ്ടെത്തുവാൻ മനു ഷ്യന് നിത്യേന അവസരം ലഭിക്കുന്നു. അവയെല്ലാം നിഷേധിക്കുവാനും, അവരുടെ നേരെ കണ്ണടക്കുവാനും ചിന്താശൂന്യരായ ദുർഭഗൻമാർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَكْثَرَ مِنْهُمْ وَأَشَدَّ قُوَّةً وَءَاثَارًا فِى ٱلْأَرْضِ فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٨٢﴾

﴿82﴾ എന്നാലവർ ഭൂമിയിൽകൂടി സഞ്ചരിക്കുന്നില്ലേ? അപ്പോഴവർക്ക് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവ സാനം ഉണ്ടായതെങ്ങിനെയാണെന്ന് നോക്കിക്കാണാമല്ലോ! അവർ ഇവരെ ക്കാൾ അധികമുള്ളവരും, ശക്തി യിലും ഭൂമിയിലെ അവശിഷ്ടങ്ങ ളിലും (അഥവാ കാൽപാടുകളിലും) കൂടുതൽ ഊക്കുള്ളവരുമായിരുന്നു. എന്നിട്ടും അവർ പ്രവർത്തിച്ചുണ്ടാക്കി യത് അവർക്ക് ഉപകാരപ്പെട്ടില്ല.

فَلَمَّا جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ فَرِحُوا۟ بِمَا عِندَهُم مِّنَ ٱلْعِلْمِ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٨٣﴾

﴿83﴾ (എന്നുവെച്ചാൽ) അവർക്ക് അവരുടെ റസൂലു കൾ തെളിവകളു മായി വന്നപ്പോൾ, തങ്ങളുടെ പക്ക ലുള്ള അറിവുകൊണ്ട് അവർ തൃപ്തി യടഞ്ഞു; അവർ ഏതൊന്നിനെപ്പറ്റി പരിഹാസം കൊണ്ടിരുന്നുവോ അത് [ശിക്ഷ] അവരിൽ വന്നു വലയം ചെയ്കയും ചെയ്തു.

﴾82﴿ أَفَلَمْ يَسِيرُوا എന്നാലവർ സഞ്ചരി(നടക്കു)ന്നില്ലേ فِي الْأَرْضِ ഭൂമിയിൽ فَيَنظُرُوا അപ്പോഴവർക്ക് നോക്കിക്കാണാം كَيْفَ كَانَ എങ്ങിനെ ഉണ്ടായെന്ന്, ആയെന്ന് عَاقِبَةُ പര്യവസാനം, കലാശം الَّذِينَ مِن قَبْلِهِمْ അവരുടെ (ഇവരുടെ) മുമ്പുള്ളവരുടെ كَانُوا അവ രായിരുന്നു أَكْثَرَ مِنْهُمْ ഇവരെക്കാളധികം وَأَشَدَّ قُوَّةً ശക്തിയിൽ ഊക്കുള്ളവരും, (കഠി നൻമാരും) وَآثَارًا അവശിഷ്ടങ്ങളിലും, കാൽപാടുകളിലും فِي الْأَرْضِ ഭൂമിയിൽ فَمَا أَغْنَىٰ എന്നിട്ടും ഉപകരിച്ചില്ല, പര്യാപ്തമാക്കിയില്ല عَنْهُم അവർക്ക് مَا كَانُوا അവർ ആയിരുന്നത് يَكْسِبُونَ അവർ പ്രവർത്തിച്ചുണ്ടാക്കുക, സമ്പാദിക്കുക ﴾83﴿ فَلَمَّا جَاءَتْهُمْ അങ്ങിനെ (എന്നുവെച്ചാൽ) അവർക്ക് വന്നപ്പോൾ رُسُلُهُم അവരുടെ റസൂലുകൾ, ദൂതൻമാർ بِالْبَيِّنَاتِ തെളിവുകളുമായി فَرِحُوا അവർ തൃപ്തിയടഞ്ഞു, സന്തോഷപ്പെട്ടു بِمَا عِندَهُم തങ്ങളുടെ പക്കലുള്ളതുകൊണ്ട് مِّنَ الْعِلْمِ അറിവിൽ നിന്ന് وَحَاقَ بِهِم അവ രിൽ വലയം ചെയ്ക (വരുക)യും ചെയ്തു مَّا യാതൊന്ന് كَانُوا بِهِ അതിനെപ്പറ്റി അവ രായിരുന്നു يَسْتَهْزِئُونَ പരിഹാസം കൊള്ളും.

പ്രവാചകൻമാർ മതിയായ തെളിവുകൾ സഹിതം ചെന്നപ്പോൾ, അവയെപ്പറ്റി ചിന്തിക്കുകയോ, അവയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട സത്യങ്ങളെ സ്വീകരിക്കുകയോ ചെയ്യുന്നതിന് പകരം, തങ്ങളുടെ പരമ്പരാഗതമായ അറിവുകൾകൊണ്ട് സംതൃപ്തരാകുകയും, അതിനെതിരായിക്കണ്ട എല്ലാ ഉപദേശങ്ങളെയും, താക്കീതുകളെയും പരിഹാസപൂർവ്വം പുറംതള്ളുകയുമായിരുന്നു അവർ ചെയ്തത്. ഇതാണവർ അല്ലാഹുവിങ്കൽനിന്നുള്ള ശിക്ഷക്ക് പാത്രമാകുവാൻ കാരണമെന്ന് സാരം. സ്വീകാര്യമായ തെളിവുകൾസഹിതം സത്യോപദേശം ചെയ്യപ്പെടുമ്പോൾ, അവയെപ്പറ്റി ശ്രദ്ധിക്കാതെ, തങ്ങൾ മുമ്പ് പഠിച്ചതിനും, മനസ്സിലാക്കിയതിനും അപ്പുറം യാതൊന്നും ചിന്തിക്കാതെ മറുത്ത് നിൽക്കുന്നവർ ഈ വചനം പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നു.

فَلَمَّا رَأَوْا بَأْسَنَا قَالُوا آمَنَّا بِاللَّهِ وَحْدَهُ وَكَفَرْنَا بِمَا كُنَّا بِهِ مُشْرِكِينَ ﴿٨٤﴾

﴾84﴿ അങ്ങനെ, നമ്മുടെ ദണ്ഡന [ശിക്ഷ] കണ്ടപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിൽ-അവൻ ഏകനായിക്കൊണ്ട് (തന്നെ) - ഞങ്ങൾ വിശ്വസിച്ചു; അവനോട് ഞങ്ങൾ ഏതൊന്നിനെ പങ്കുചേർക്കുന്നവരായിരുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

﴾84﴿ فَلَمَّا رَأَوْا അങ്ങനെ അവർ കണ്ടപ്പോൾ بَأْسَنَا നമ്മുടെ ദണ്ഡനം, ശിക്ഷ قَالُوا അവർ പറഞ്ഞു آمَنَّا ഞങ്ങൾ വിശ്വസിച്ചു بِاللَّهِ അല്ലാഹുവിൽ وَحْدَهُ അവൻ ഏകനായ നിലയിൽ وَكَفَرْنَا ഞങ്ങൾ അവിശ്വസിക്കുകയും ചെയ്തു بِمَا كُنَّا ഞങ്ങളായിരുന്നതിൽ بِهِ مُشْرِكِينَ അവനോട് പങ്ക് ചേർക്കുന്നവർ

فَلَمْ يَكُ يَنفَعُهُمْ إِيمَـٰنُهُمْ لَمَّا رَأَوْا۟ بَأْسَنَا ۖ

سُنَّتَ ٱللَّهِ ٱلَّتِى قَدْ خَلَتْ فِى عِبَادِهِۦ ۖ وَخَسِرَ هُنَالِكَ ٱلْكَـٰفِرُونَ ﴿٨٥﴾

﴿85﴾ എന്നാൽ, നമ്മുടെ ദണ്ഡന [ശിക്ഷ] കണ്ടപ്പോഴത്തെ അവരുടെ (ആ) വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയില്ല.

(അതെ) അല്ലാഹുവിന്റെ അടിയാൻമാരിൽ (മുമ്പ്) കഴിഞ്ഞുപോയിട്ടുള്ള അവന്റെ അതേ നടപടി ക്രമം തന്നെ ! അവിടെ വെച്ച് അവിശ്വാസികൾ നഷ്ടമടയുകയും ചെയ്തു.

﴿85﴾ فَلَمْ يَكُ എന്നാൽ ആയില്ല, ഉണ്ടായില്ല يَنْفَعُهُمْ അവർക്ക് പ്രയോജനം ചെയ്യുക إِيمَانُهُمْ അവരുടെ വിശ്വാസം لَمَّا رَأَوْا അവർ കണ്ടപ്പോഴുള്ള بَأْسَنَا നമ്മുടെ ദണ്ഡനം, ശിക്ഷ سُنَّةَ اللَّهِ അല്ലാഹുവിന്റെ നടപടിക്രമം الَّتِي قَدْ خَلَتْ (മുൻ) കഴിഞ്ഞുപോയിട്ടുള്ളതായ فِي عِبَادِهِ അവന്റെ അടിയാൻമാരിൽ وَخَسِرَ നഷ്ടമടയുകയും ചെയ്തു, നഷ്ടമടഞ്ഞതുമായ هُنَالِكَ അവിടെവെച്ചു الْكَافِرُونَ അവിശ്വാസികൾ

മരണവേളയിൽ മനുഷ്യന്റെ ഇച്ഛാ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോകുന്നു. അതുകൊണ്ട് അപ്പോഴുണ്ടാകുന്ന വിശ്വാസവും, പശ്ചാത്താപവും അല്ലാഹുവിങ്കൽ സ്വീകാര്യമായിരിക്കയില്ല. അല്ലാഹു പറയുന്നു :

وَلَيْسَتِ التَّوْبَةُ لِلَّذِينَ يَعْمَلُونَ السَّيِّئَاتِ حَتَّى إِذَا حَضَرَ أَحَدَهُمُ الْمَوْتُ قَالَ إِنِّي تُبْتُ الآنَ وَلاَ الَّذِينَ يَمُوتُونَ وَهُمْ كُفَّارٌ – النساء : 18

(സാരം : ഒരാൾക്ക് മരണം ആസന്നമാകുന്ന സന്ദർഭത്തിൽ ഞാൻ ഇപ്പോൾ പശ്ചാത്തപിച്ചിരിക്കുന്നുവെന്ന് പറഞ്ഞേക്കുമാറ് അതുവരെ തിൻമകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കും. അവിശ്വാസികളായിക്കൊണ്ട് മൃതിഅടയുന്നവർക്കും അല്ല, പശ്ചാത്താപം നിശ്ചയിച്ചിരിക്കുന്നത്) നബിﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു: ان الله يقبل توبة العبد مالم يغرغر–الترمذي و ابن ماجه (മരണം തൊണ്ടക്കുഴിയിലെത്താത്തപ്പോൾ അല്ലാഹു അടിയാന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. (തി. ജ)

മരണത്തിന് മുമ്പായി എല്ലാ പാപങ്ങളിൽ നിന്നും പശ്ചാതപിച്ചു മടങ്ങുകയും, സത്യവിശ്വാസിയായിക്കൊണ്ട് മരണമടയുകയും ചെയ്യുന്ന നല്ല അടിയാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

ولله الحمد والمنة